## നിയമനിർമ്മാണ കാര്യം

മി. സ്പീക്കർ: ഇവിടെ നമ്മൾ ലിസ്റ്റ് ചെയ്തിരിക്കുന്നതിൽ ആദ്യത്തേത് 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലാണ്. എന്നാൽ ഇവിടെ ചർച്ചയില്ലാത്ത 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ ആദ്യം എടുക്കുന്നതിനായി സഭയുടെ അനുവാദം വേണം.

### (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പുസ്തകങ്ങൾ വാങ്ങുന്നതിന് ഒരുവർഷം ഈ സഭയിലെ അംഗങ്ങൾക്ക് 15000 രൂപ വീതം നൽകുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ്. അങ്ങ് മുമ്പോട്ടുവച്ച ഈ ആശയം ബിസിനസ് അഡ്വൈസറി യോഗം ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുള്ളതുമാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 -ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

**2-ാം വകുപ്പ്.**

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

മി. സ്പീക്കർ: 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: പുതുതായി മൂന്ന് സെക്ഷനുകൾ വരുന്നുണ്ട്. അതിൽ 26(എ) സംരക്ഷണസേന രൂപീകരിക്കണമെന്നുള്ളതാണ്. സംരക്ഷണസേന പുതിയതായി രൂപീകരിക്കുവാൻ ഫിനാൻഷ്യൽ എക്സ്പെന്റീച്ചർ വരുന്ന കാര്യം പറയുന്നില്ല. ഫിനാൻഷ്യൽ മെമ്മോറാണ്ടം ബില്ലിന്റെ കൂട്ടത്തിൽ ഇല്ല. അങ്ങനെ പേറ്റന്റായിട്ടുള്ള തെറ്റ് ഈ ബില്ലിൽ കടന്നുകൂടിയിട്ടുണ്ട്. ഈ തെറ്റുവച്ച് ബിൽ പാസ്സാക്കുവാൻ കഴിയില്ല.

മി. സ്പീക്കർ: അങ്ങ് ഇത് ഇപ്പോഴല്ല പറയേണ്ടിയിരുന്നത്. ഒബ്ജക്ഷൻ പറയേണ്ടുന്നത് ബില്ല് അയയ്ക്കുന്ന സന്ദർഭത്തിലാണ്. പ്ലീസ്...... അതിന് സമയമുണ്ട്. നോ...... അത് ശരിയല്ല. ഓരോന്നിനും ഓരോ സമയമുണ്ട്. നമ്മൾ ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷനിലേയ്ക്ക് പോവുകയാണ്. അതൊന്നും അവകാശമൊന്നുമല്ല. പ്ലീസ് സുരേഷ് കുറുപ്പ്, പ്ലീസ് സിറ്റ് ഡൗൺ. നോ... നോ... അതൊന്നും സാധ്യമല്ല. അത് ശരിയല്ല.

അങ്ങനെയൊന്നും ശ്രദ്ധ പിടിച്ചെടുക്കണ്ട. പ്ലീസ്.... അങ്ങനെ പറയുവാൻ കഴിയില്ല. ഇത് സഭയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബില്ലിന്റെ ഇൻട്രോഡക്ഷൻ സ്റ്റേജിലാണ് ഒബ്ജക്ഷൻസ് പറയുന്നത്. മെമ്മോറാണ്ടം ഇല്ലാ എന്ന് പറയേണ്ടത് അപ്പോഴാണ്.

മി. സ്പീക്കർ: നമുക്ക് അറിയാവുന്ന കാര്യങ്ങളെല്ലാം എപ്പോഴും കയറി പറയുന്നതല്ല നിയമസഭ. മിനിസ്റ്റർ..... മിനിസ്റ്റർ.... നോ...... ശ്രീ. സുരേഷ് കുറുപ്പ് പ്ലീസ്...... ഇത് എന്തിനാണെന്ന് എനിക്കറിയാം. അതൊന്നും വേണ്ട. ഇത്രയും ചട്ടവും റൂളും പറയുന്ന ആളിന് അറിയില്ലേ ഒരു ബിൽ എപ്പോഴാണ് ഒബ്ജക്ട് ചെയ്യേണ്ടതെന്ന്? മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, സംസാരിക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലാണ് ഇപ്പോൾ സഭ പരിഗണിക്കുന്നത്. സബ്ജക്ട് കമ്മിറ്റി II, ഭൂനികുതിയും ദേവസ്വവും കഴിഞ്ഞ ദിവസം കൂടുകയും ബില്ലിനെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തുകയും ചെയ്തു. ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ചില ഭേദഗതികൾ വരുത്തിയ ബില്ലാണ് ഇപ്പോൾ സഭയുടെ മുമ്പാകെ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. രണ്ടാംഘട്ടത്തിൽ, (i)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (എ) ഖണ്ഡത്തിൽ ''നിയമിക്കുന്ന'' എന്ന വാക്കിനുപകരം ''ചുമതലപ്പെടുത്തുന്ന'' എന്ന വാക്ക് ചേർക്കുന്നു. ഈ ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി പ്രത്യേക ഒരു തസ്തിക സൃഷ്ടിക്കുന്നതിനെ ഒഴിവാക്കുന്നതിനായി നിലവിലെ ഏതെങ്കിലും

ജോയിന്റ് കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 2-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതിയുടെ കൺവീനർ ലാന്റ് റവന്യൂ കമ്മീഷണറായിരുന്നു. സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടക്കണമെങ്കിൽ റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിതന്നെ കൺവീനർ ആയിരിക്കണമെന്ന് കമ്മിറ്റി വിലയിരുത്തുകയും അപ്രകാരമുള്ള ഒരു ഭേദഗതി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാന ആക്ടിലെ 5-ാം വകുപ്പ് അനുസരിച്ച് ജില്ലാ വിദഗ്ധ സമിതിയിലെയും കടവുകമ്മിറ്റിയിലെയും അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 3 വർഷം ആയിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. സമാനമായ ഒരു വ്യവസ്ഥ പുതിയതായി ചേർത്ത് 2 (എ) വകുപ്പ് പ്രകാരം രൂപീകരിക്കുവാൻ പോകുന്ന സംസ്ഥാന ഉന്നതതല സമിതിയിലെ അനൗദ്യോഗിക അംഗങ്ങൾക്കും ബാധകമാക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. 4-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്ടിന്റെ 3 - ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിച്ചിരുന്ന ഈ ഖണ്ഡത്തിൽ നിന്ന് ''സബ് കളക്ടർ'' എന്ന പ്രയോഗം ഒഴിവാക്കിയിട്ടുണ്ട്. സബ് കളക്ടറും റവന്യൂ ഡിവിഷണൽ ഓഫീസറും ഒരേ ഗ്രേഡ് ആയതുകൊണ്ടാണ് അങ്ങനെ ഒരു ഭേദഗതി ഉൾപ്പെടുത്താൻ തീരുമാനിച്ചത്. അതുപോലെ (ക്യൂ) ഖണ്ഡത്തിലും 5-ാം ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്ടിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ

ചേർക്കാൻ ഉദ്ദേശിക്കുന്ന (ജെ) ഖണ്ഡത്തിലും കുറച്ചുകൂടി ആധികാരിക സ്വഭാവം നൽകുന്നതിനായി ''രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ'' എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രധാന ആക്ടിലെ 12 - ാം വകുപ്പിൽ 4 - ാം ഉപവകുപ്പ് അനുസരിച്ച് നദീതീരത്ത് 10 മീറ്ററിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്. നിയമം കൂടുതൽ കർക്കശമാക്കേണ്ടിയിരിക്കുന്നു. നിയമം കൂടുതൽ കർക്കശമാക്കേണ്ടതിന്റെ ആവശ്യകത കമ്മിറ്റി വിലയിരുത്തുകയും 15 മീറ്ററിനുള്ളിൽ യാതൊരുവിധ മണൽവാരൽ പ്രവർത്തനവും അനുവദിക്കാതിരിക്കാൻ വേണ്ടി ഭേദഗതി ബില്ലിലെ 7-ാം ഖണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ പുതിയതായി 5-ാം ഉപവകുപ്പിന് പകരം ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർത്ത് ഉപവകുപ്പിൽ വേണ്ട ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്നതിനെ സംബന്ധിച്ചോ ഏത് രീതിയിൽ വിനിയോഗിക്കണമെന്നതിനെ സംബന്ധിച്ചോ യാതൊരു വ്യവസ്ഥയുമില്ലായിരുന്നു. എല്ലാ ജില്ലകളിലും റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കാതെ കിടക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടി ഫണ്ട് ഉപയോഗിക്കണമെന്ന് ചട്ടങ്ങൾമൂലം നിർണ്ണയിക്കാമെന്ന് ബില്ലിലെ 9-ാം ഖണ്ഡപ്രകാരം 17-ാം വകുപ്പിൽ പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 6-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നതോടെ ഫണ്ട് ചെലവഴിക്കാനും

നദീതീരങ്ങൾ സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

<u>മി. സ്പീക്കർ:</u> ഒരുമിനിറ്റ്, അവിടെ വളഞ്ഞുകൂടി നിൽക്കുന്നവർ ഒന്ന് ശ്രദ്ധിക്കണം; ഒരുമിനിറ്റ്. രണ്ട് ബില്ലുകൂടി ഇനി വരാനുണ്ട്. ഇപ്പോൾ നടന്നത് ഇനി ആവർത്തിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് ചെയർ ഇത് പറയുന്നത്. അല്ലാതെ നിങ്ങൾക്കാർക്കും ഇത് അറിയാത്ത ഒരു കാര്യമല്ല. ബില്ലിന്റെ ഇൻട്രോഡക്ഷൻ സ്റ്റേജിലാണ് ഏത് ഒബ്ജക്ഷനും റെയ്സ് ചെയ്യേണ്ടത്; സബ്ജക്ട് കമ്മിറ്റിക്ക് പോയശേഷം അത് മടങ്ങി വന്നിട്ട് പിന്നെ ഡിസെന്റ് രേഖപ്പെടുത്തിയവർക്കും ഭേദഗതിയുള്ളവർക്കും സംസാരിക്കുവാൻ വേണ്ടിയുള്ളതാണ്. അതിനുശേഷമാണ് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ വരുന്നത്. ഇതാണ് അതിന്റെ സിസ്റ്റം. എപ്പോഴും അങ്ങനെയാണ്. അഥവാ ഏതെങ്കിലും ഒരുകാര്യം പറയുവാനുണ്ടെങ്കിൽ അത് ചെയറിന് എഴുതി തരണം. ചെയർ അത് വായിച്ചിട്ട് എന്താണെന്ന് നോക്കിയിട്ട് അതിന് സംസാരിക്കേണ്ട മന്ത്രിക്ക് അത് പാസ്സ് ചെയ്യണം. രണ്ടാമത് പറയുവാനുള്ള കാര്യം എനിക്ക് നേരത്തെ വകുപ്പുമന്ത്രിക്ക് അത് കൊടുക്കണ്ടേ? അപ്പോൾ എല്ലാത്തിനും ഒരു സിസ്റ്റമുണ്ട്. അതുകൊണ്ട് ആ സിസ്റ്റം വിട്ട് നമ്മൾ അങ്ങനെ പോയിട്ട് കാര്യമില്ല. ഞാൻ പറഞ്ഞെന്നു മാത്രമേയുള്ളൂ. വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നതിന്.......... ശ്രീ. എ. പ്രദീപ് കുമാർ......... ശ്രീ. പ്രദീപ്കുമാർ സംസാരിക്കൂ.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: പോയിന്റ് ഓഫ് ഓർഡർ

<u>മി. സ്പീക്കർ</u> : നോ........

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: പോയിന്റ് ഓഫ് ഓർഡർ നേരത്തെ എഴുതി തരേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറൊന്നും ഇവിടെ ഇല്ല. ഇതിലില്ല. പ്ലീസ്.... ശ്രീ. സുരേഷ് കുറുപ്പ്....... പ്ലീസ്........ ശ്രീ. സുരേഷ് കുറുപ്പ് ഇരിക്കില്ലെന്ന് വന്നാൽ ഞാൻ എന്ത് ചെയ്യാനാണ്. ശ്രീ. പ്രദീപ്കുമാർ അങ്ങ് സംസാരിക്കുന്നുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ഞാൻ സംസാരിക്കാം സർ.

<u>മി. സ്പീക്കർ</u>: പിന്നെ സംസാരിക്കൂ. നോ..... അതുപറ്റില്ല. നിങ്ങൾ സംസാരിക്കില്ലേ? പ്ലീസ്.......

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ഭേദഗതി ബില്ലിനോടുള്ള വിയോജനക്കുറിപ്പ് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ രേഖപ്പെടുത്തിയതാണ്. അത് ഞാനിവിടെ ആവർത്തിക്കുകയാണ്. ഇതിന് വിയോജനക്കുറിപ്പ് പറയുവാനുള്ള കാരണം നദികൾ സംരക്ഷിക്കുകയെന്നുള്ളത് ഏതൊരു സർക്കാരിന്റെയും ഏറ്റവും അനിവാര്യമായിട്ടുള്ള ഉത്തരവാദിത്തമാണ്. അത് ഭരണഘടനയുടെ 48 (എ) 51(എ)(ജി) വകുപ്പ് പ്രകാരം നദീസംരക്ഷണം സർക്കാരുകളുടെ ചുമതലയിൽപ്പെടുന്നതാണ്. പിന്നീട് പഞ്ചായത്ത്രാജ് നിയമം വന്നു. അതിൽ 218-ാം വകുപ്പനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് അതിന്റെ ഉത്തരവാദിത്തമുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം സഭയിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ള ബിൽ ഭരണഘടന വിഭാവനം ചെയ്യുന്ന നിലയിൽ നദികളുടെ സംരക്ഷണത്തിന് ഒട്ടും പര്യാപ്തമല്ലാത്തതുകൊണ്ടാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ നമ്മുടെ ഭരണഘടനയോട് നീതി

പുലർത്തുന്നില്ല. നമ്മൾ ഉദ്ദേശിക്കുന്നത് തീരങ്ങളുടെ സംരക്ഷണമോ അല്ലെങ്കിൽ മണൽവാരലിന്റെ നിയന്ത്രണമോ അല്ല. നദിയുടെ സംരക്ഷണമാണ്. അതിന് ഇത് ഉപയുക്തമല്ല. ഈ ബില്ലിനകത്ത് 7-ാം ഖണ്ഡം 1-ാം ഉപഖണ്ഡം - ഒരു നദിയുടെ ഇരുകരകളിൽ നിന്നും 25 മീറ്റർ അകലത്തിൽ മാത്രമേ മണൽ ഖനനം പാടുള്ളൂ എന്ന അഭിപ്രായം ഞങ്ങൾ സമർപ്പിച്ചിരുന്നതാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് 2001-ൽ നിയമം കൊണ്ടുവന്ന സമയത്ത് അന്നത്തെ സാഹചര്യംവച്ച് ഇരുകരകളിൽ നിന്നും 10 മീറ്റർ അകലത്തിൽ മണൽ വാരാം. ഇപ്പോൾ അത് 15 മീറ്റർ എന്ന നിലയിൽ വരുന്നുണ്ട്. ഒരു നദിയുടെ കരയിൽ നിന്ന് 15 മീറ്ററെന്നു പറഞ്ഞാൽ എത്ര ദൂരമാണന്ന് നമുക്ക് സങ്കല്പിക്കാവുന്നതേയുള്ളൂ. 25 മീറ്ററും പോര. പക്ഷേ ഇന്നത്തെ സ്ഥിതിവച്ച് ഇരുകരകളിൽ നിന്നും 25 മീറ്ററെങ്കിലും അകലത്തിൽ മാത്രമേ മണൽവാരൽ അനുവദിക്കാവൂ എന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. എങ്കിലെ നദി സംരക്ഷിക്കപ്പെടുകയുള്ളൂ. പത്തോപതിനഞ്ചോ മീറ്റർ അകലത്തിൽ നിന്ന് മുഴുവൻ മണലും വാരിക്കൊണ്ടുപോയാൽ പിന്നെ അത് നദിയായി നിൽക്കില്ല. നദികൾ ഉണ്ടാകുന്നത് മലനിരകളിൽ നിന്ന് മഴത്തുള്ളികൾ ഒഴുകിവന്ന് ചാലുകളായും അരുവികളായും മാറി; അരുവികൾ ഒഴുകിവന്ന് പുഴയായി മാറുകയാണ്. അങ്ങനെ വരുന്ന ഒരു നദിയുടെ മജ്ജയുംമാംസവും മണലാണ്. മണലില്ലാത്ത ഒരു ജലസ്രോതസ്സിനെ ആരും നദിയെന്നോ പുഴയെന്നോ വിളിക്കാറില്ല. അത് വെറും തോടാണ്. അല്ലെങ്കിൽ കനാലാണ്. മണലില്ലാതാകുന്നതോടുകൂടി നദിയും ഇല്ലാതാകുന്നു. അതുകൊണ്ട്

മണലുകളാൽ സമ്പന്നമാകണം നദി. അതിനകത്ത് മനുഷ്യന്റെ ആവശ്യത്തിന് പരിമിതമായ നിലയിൽ നദിയുടെ ആരോഗ്യത്തിന് ഹാനികരമാകാത്ത നിലയിൽ മണൽ ഖനനം ആകാം. അതിനാണ് നമ്മൾ നിയന്ത്രണം കൊണ്ടുവരുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്)

ശ്രീ. സാജു പോൾ: സർ, പുഴമണൽ വാരൽ സംബന്ധിച്ചുള്ള പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പുഴമണൽ, കര മണൽ, ക്രഷർ മണൽ - ഈ മൂന്നുതരം മണലിനെക്കുറിച്ചേ നമ്മൾ കേട്ടിട്ടുള്ളൂ. പക്ഷേ ഇപ്പോൾ ഞങ്ങളുടെ നാട്ടിൽ കരിങ്കൽ ക്വാറികളിൽ നിന്ന് മണ്ണ് മാറ്റുമ്പോൾ കിട്ടുന്ന ഒരുതരം മഞ്ഞക്കല്ല്, മട്ടിക്കല്ലെന്നാണ് അതിനെ പറയുന്നത്. ആ മട്ടിക്കല്ല് പൊടിച്ച് മട്ടിമണലുണ്ടാക്കി തെക്കൻ ജില്ലകളിലേയ്ക്ക്, പ്രത്യേകിച്ച് ആലപ്പുഴ, ചെങ്ങന്നൂർ പ്രദേശങ്ങളിലേയ്ക്ക് വ്യാപകമായി കൊണ്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. പോലീസ് സ്റ്റേഷനുകളുടെ മുന്നിൽക്കൂടിയാണ് ഈ മട്ടിമണൽ കൊണ്ടുപോകുന്നത്. മട്ടിമണൽ എന്നുപറയുന്ന സാധനത്തെ മൈനിംഗ് & ജിയോളജി വകുപ്പ് തടയുന്നില്ല, പോലീസ് അധികൃതർ തടയുന്നില്ല, ഇതിനെതിരെ റവന്യൂ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ല. വ്യാപകമായി ഇത് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ മട്ടിമണൽ തന്നെ കരമണലായും പുഴമണലായും തെറ്റിദ്ധരിപ്പിച്ചാണ് തെക്കൻ മേഖലകളിൽ കൊണ്ടുപോയി വിറ്റഴിക്കുന്നത്. ഇത് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഭാവിയിൽ തീർച്ചയായും തകർന്നുവീഴുമെന്നുള്ള കാര്യത്തിൽ ഒരുതർക്കവുമില്ല. ഇത് സംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, മട്ടിമണൽ മാത്രമല്ല, തുറമുഖ വകുപ്പിന്റെ അധീനതയിൽ അഴിമുഖങ്ങളിൽ നിന്ന് ഉപ്പുരസം കലർന്ന മണലും വലിയ അളവിൽ കോരിക്കൊണ്ട് പോകുന്നു. ഉപ്പുരസം കലർന്ന മണലാണ് ഇതെന്ന് പല ആളുകളും അറിയുന്നില്ല. മണൽ മാഫിയകൾ കൃത്രിമമായി പല സൊസൈറ്റികളും തട്ടിക്കൂട്ടിയുണ്ടാക്കി മണൽ വിൽപ്പന നടത്തുന്നു. അത് ഉപയോഗിച്ചുകൊണ്ട് ഇവിടെ വലിയ അംബരചുംബികളായിട്ടുള്ള വലിയ സൗധങ്ങൾ പണിതുയർത്തുന്നു. ഇതെല്ലാം അങ്ങേയറ്റം അപകടകരമായ കാര്യമാണ്. ഉപ്പുരസമുള്ള ഈ മണൽ ചേർത്ത് കെട്ടിടമുണ്ടാക്കിയാൽ അപകടമുണ്ടാകും.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: റവന്യൂ വകുപ്പിന്റെ ഭാഗമായിട്ടുള്ള മണലിനെ സംബന്ധിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. തുറമുഖ വകുപ്പിന് യഥാർത്ഥത്തിൽ മണൽ ഡ്രെഡ്ജ് ചെയ്യേണ്ട അവകാശമില്ല. കപ്പലിന്റെ യാനങ്ങൾ തടസ്സപ്പെടുത്താതിരിക്കുവാനുള്ള നീക്കം നടത്താൻവേണ്ടിയാണ് ഡ്രെഡ്ജിംഗ് നടത്തുന്നത്. പക്ഷേ ആ ഡ്രെഡ്ജിംഗിന്റെ മറവിൽ ഉപ്പുകലർന്ന മണൽ ഖനനം ചെയ്തെടുത്ത് കേരളത്തിലെ വിവിധ മേഖലകളിൽ യാതൊരു നിയന്ത്രണവുമില്ലാതെ കൊണ്ടുപോയി വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ കേരളത്തിൽ ഇനി ഉയരാൻ പോകുന്ന കെട്ടിടങ്ങളിൽ ബഹുഭൂരിപക്ഷവും ഉപ്പുമണൽ കൊണ്ട് നിർമ്മിച്ചുണ്ടാക്കുന്ന പ്രത്യാഘാതങ്ങളിലേയ്ക്ക് പോകുകയാണ്. ഈ ബിൽ ചർച്ച ചെയ്യുമ്പോൾ ആ മേഖലയെ സംബന്ധിച്ച ഒന്നുപോലും ഇതിൽ പരിശോധിക്കപ്പെട്ടിട്ടില്ല. റവന്യൂ കടവുകളുടെ കൂട്ടത്തിൽ പോർട്ടിന്റെ നിയന്ത്രണത്തിലുള്ള കടവുകളെ നിയന്ത്രിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉണ്ടോ; അതുമായി ബന്ധപ്പെട്ടത് അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഈ ബില്ലിന്റെ ഭാഗമായിട്ട് അതില്ല. ബഹുമാനപ്പെട്ട മറ്റ് അംഗങ്ങൾ ആ കാര്യത്തിൽ വിയോജനക്കുറിപ്പ് കൊടുത്തിട്ടുണ്ട്. മണൽവാരൽ നിയന്ത്രണമെന്ന് പറയുമ്പോൾ മണലിന്റെ പേരിൽ നടക്കുന്ന കബളിപ്പിക്കലുകളും തട്ടിപ്പുമെല്ലാം നിയന്ത്രിക്കാൻ കൂടി പര്യാപ്തമാകേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മെമ്പർ സാജു പോൾ പറഞ്ഞതുപോലെ, മണലുമായി ബന്ധപ്പെട്ട ഇടപാടുകളിൽ നടക്കുന്ന അധാർമ്മിക പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുള്ള ഫലപ്രദമായ നിർദ്ദേശവും ഈ ബില്ലിന്റെ ഭാഗമായി ഇതുവരെ വന്നിട്ടില്ല. മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ പരാതിപ്പെട്ടുകഴിഞ്ഞാൽ നിയമനടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഇതിനകത്ത് പറയുന്നുണ്ട്. സി.ആർ.പി.സി. യുടെ 173-ാം വകുപ്പുപ്രകാരം അത് വിചാരണയ്ക്കെടുക്കാമെന്ന് മജിസ്ട്രേറ്റ് കോടതിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, ഇതിന്റെ കമ്മിറ്റിയിൽ പറയുന്ന ഉദ്യോഗസ്ഥന്മാർ, മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥന്മാർ എന്നിവർക്ക് പരാതി കൊടുക്കാം. അത് ഇത്ര സമയത്തിനകം കൊടുത്തിരിക്കണമെന്ന് പറയുന്നു. പക്ഷേ ഇതിന്റെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമൊക്കെ രൂപീകരിക്കപ്പെടുന്ന കമ്മിറ്റിയിൽ മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിയിട്ടില്ല. ആധികാരികതയോടെ ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ പറയേണ്ട ആൾക്കാരാണ് അവർ. അങ്ങനെയുള്ള ധാരാളം ന്യൂനതകളാൽ സമ്പന്നമാണ് ഈ ബിൽ. അതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതോടൊപ്പംതന്നെ ഇപ്പോൾ പുതിയ ഒരു പ്രശ്നം ബഹുമാനപ്പെട്ട അംഗം കെ. സുരേഷ് കുറുപ്പ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതിൽ

ഉൾപ്പെടുത്തിയിട്ടില്ല. ഇതിന് നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം 26 (എ) വകുപ്പ് പറയുന്നു. ആ പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണത്തെ സംബന്ധിച്ച് ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത് വളരെ അവ്യക്തമാണ്. ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുംവേണ്ടി സർക്കാർ ഒരു പ്രത്യേക സംരക്ഷണസേന രൂപീകരിക്കേണ്ടതാണ്. പ്രത്യേക സംരക്ഷണസേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്. വർഷങ്ങൾക്കുമുമ്പ് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾക്ക് ഇതുവരെ ചട്ടമുണ്ടാക്കാത്ത പ്രശ്നം നേരത്തെ ഇവിടെ ചർച്ച ചെയ്തു. അങ്ങനെയാകുമ്പോൾ ഈ ആക്ടിൽപ്പോലും അവ്യക്തമായിട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അതിദുർബലമായ ഒരു ബില്ലാണ് ഇത്. അതിനോടൊപ്പംതന്നെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട അംഗം സുരേഷ് കുറുപ്പ് ഇവിടെ ഉന്നയിച്ചത്, ഈ പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണമെന്ന് പറഞ്ഞാൽ, സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുന്നതാണ്. അതുകൊണ്ട് അതിന് ഉപയുക്തമായ നിലയിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. അത് ശരിയായ വിമർശനമായിരുന്നു. അങ്ങനെയൊരു ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ലാതെ എങ്ങനെ ഈ ബിൽ പ്രാവർത്തികമാക്കും; അതുസംബന്ധിച്ച് നേരത്തെ ചെയറിൽ നിന്നുണ്ടായിട്ടുള്ള പരാമർശം പോലും ഖേദകരമാണ്. ഒരു ബിൽ നിയമനിർമ്മാണ

ത്തിലേയ്ക്ക് പോകുന്ന സമയത്ത് ആ നിയമനിർമ്മാണം പ്രാവർത്തികമാകണം. അതിന് പ്രതിബന്ധമാകുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം ഉന്നയിച്ചപ്പോൾ അത് ഇവിടെ പരിഹരിക്കപ്പെട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അത് സംബന്ധിച്ച് എന്താണെന്നുള്ളത് വ്യക്തമാക്കേണ്ടതാണ്. അതായത് ഇതിനകത്ത് പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം സംബന്ധിച്ചുള്ള ഫിനാൻഷ്യൽ മെമ്മോറാണ്ടം ഉണ്ടായിട്ടില്ല, സാമ്പത്തികബാദ്ധ്യത വരുന്ന കാര്യമാണ്. ബഹുമാനപ്പെട്ട അംഗം സുരേഷ് കുറുപ്പ് നേരത്തെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്, 1967-ൽ Essential Commodities Act –ന്റെ ചർച്ച ലോക്സഭയിൽ നടന്ന കാലത്ത് ഇതേ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിന്റെ അഭാവം അതിനകത്തുണ്ടായപ്പോൾ അതവിടെ ഗൗരവമായി ചർച്ച ചെയ്യപ്പെടുകയും പിന്നീട് അത് ഉൾപ്പെടുത്തിക്കൊണ്ട് ബിൽ വീണ്ടും കൊണ്ടുവരുന്നതിനായി റൂളിംഗ് ഉണ്ടാകുകയും അതിന്റെ ഭാഗമായി അംഗങ്ങൾക്കെല്ലാം ഫിനാൻഷ്യൽ മെമ്മോറാണ്ടം പ്രത്യേകമായി സർക്കുലേറ്റ് ചെയ്ത് അത് ഉൾപ്പെടുത്തിക്കൊണ്ട് പിന്നീട് അവതരിപ്പിച്ച് അത് പാസ്സാക്കുകയും ചെയ്തിട്ടുള്ള നിയമസഭയുടെ അനുഭവമാണ് അദ്ദേഹം ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചത്. പക്ഷേ നേരത്തെ അത് ചെയറിൽ നിന്ന് പൂർണ്ണമായി അവതരിപ്പിക്കാൻ അനുമതി വരാത്തതുകൊണ്ട് അത് പൂർണ്ണമായി ഇവിടെ പറഞ്ഞില്ല. ഞാൻ അദ്ദേഹത്തോട് ചോദിച്ച് മനസ്സിലാക്കിയതാണ്. അതുസംബന്ധിച്ച് എന്താണെന്നുവച്ചാൽ ചെയർ റൂളിംഗ് തരണം, വ്യക്തത വരുത്തിത്തരണമെന്നാണ് ബഹുമാനപ്പെട്ട ചെയറിനോട് പറയാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 12-ാം കേരള നിയമസഭയിൽ പ്രസിദ്ധീകരിച്ച 395-ാം നമ്പർ ബില്ലിൽത്തന്നെ

സംരക്ഷണസേന രൂപീകരിക്കുന്ന വ്യവസ്ഥയുണ്ടായിരുന്നു. ആ ബില്ലിലും ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവില്ലെന്നാണ് കാണിച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസിദ്ധീകരിച്ചതാണ്. അതുതന്നെയാണ് ഇപ്പോൾ വീണ്ടും കൊണ്ടുവന്നിട്ടുള്ളത്. അല്ലാതെ പുതിയതായി കൊണ്ടുവന്നിട്ടുള്ള കാര്യങ്ങളല്ല. ഇപ്പോൾ വ്യക്തമായിക്കാണുമല്ലോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2001-ലും പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം പറഞ്ഞുവെന്നാണല്ലോ അങ്ങ് പറയുന്നത്? അത് ഇന്നു വരെ പ്രാവർത്തികമായിട്ടില്ല. ഇപ്പോഴും പ്രത്യേക സംരക്ഷണസേനാ രൂപീകരണം പറയുന്നു. അത് പ്രാവർത്തികമാകണമെങ്കിൽ അതിനാവശ്യമായിട്ടുള്ള പണം വകയിരുത്തണം. അതിനുള്ള വ്യവസ്ഥ ഈ ബില്ലിലുണ്ടാകണം. അതിന് ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതിന്റെ ഭാഗമായി വരണം. നിങ്ങൾ ഇത് വെറുതെ വാചകമടിക്കാൻ പറയുകയാണെങ്കിൽ, ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഇങ്ങനെയൊക്കെ പറഞ്ഞാൽ മതി. എന്നുപറഞ്ഞാൽ, ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളോട് ഗവൺമെന്റിന് ഒരു ആത്മാർത്ഥതയുമില്ല, ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നില്ല എന്നല്ലേ അതിനർത്ഥം? എങ്ങനെയാണ് അങ്ങ് വിശദീകരിച്ചുതരേണ്ടത്? ഇതിനകത്ത് ഒരു പണവും നീക്കിവയ്ക്കാതെ പ്രത്യേക സംരക്ഷണസേനാ രൂപീകരണം നിയമത്തിന്റെ ഭാഗമായി യാഥാർത്ഥ്യമാക്കാൻ പോകുന്നത് എങ്ങനെയാണ്; അത് പറയണ്ടേ? അതാണ് ആ കാര്യത്തിനത്ത് എനിക്കത് സംബന്ധിച്ച് പറയാനുള്ളത്. ആ കാര്യമാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്, ചെയർ വ്യക്തമാക്കേണ്ടത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കാര്യങ്ങൾ വിശദീകരിക്കുമ്പോൾ അനിവാര്യമായും അത്തരമൊരു സേന വേണമെന്ന അഭിപ്രായമുള്ള ചർച്ച നേരത്തെ ഇവിടെ നടന്നിരുന്നു. ഇപ്പോൾ മണൽമാഫിയയെ സഹായിക്കുന്ന തരത്തിൽ പോലീസിലെയും റവന്യൂ വകുപ്പിലേയും ഉദ്യോഗസ്ഥർ കൂട്ടുചേർന്നുകൊണ്ടാണ് വ്യാപകമായ അത്തരം പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് കോഴിക്കോട് ജില്ലക്കാരായ നമുക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. കളക്ടർക്കുപോലും പോലീസിനെ വിശ്വാസമില്ലാത്ത സാഹചര്യത്തിലാണ് നേരിട്ട് പരിശോധന നടത്താൻ പോയപ്പോൾ മാഫിയാസംഘം അദ്ദേഹത്തെ വധിക്കാനുള്ള ഗൂഢപദ്ധതി ആവിഷ്ക്കരിക്കുകയും തലനാരിഴ വ്യത്യാസത്തിൽ അദ്ദേഹം രക്ഷപ്പെടുകയും ചെയ്തത്. തീർച്ചയായും അത്തരമൊരു സേനയുടെ അനിവാര്യതയാണ് ബോധ്യപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ നേരത്തെ ഉൾപ്പെടുത്തിയില്ലായെന്ന പിശക് തിരുത്തുവാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് അത്തരമൊരു സേനയുടെ ആവശ്യമുണ്ടെന്ന് സഭയ്ക്ക് ഉറപ്പുനൽകേണ്ടതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പറയണമെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ആ കാര്യം തന്നെയാണ് പറഞ്ഞത്. പ്രത്യേക സംരക്ഷണസേനയുടെ രൂപീകരണം സംബന്ധിച്ച് നിയമസഭ വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന, പാസ്സാക്കാനുദ്ദേശിക്കുന്ന ഈ ബില്ലിനകത്ത് പറയുകയും അത് യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം സംബന്ധിച്ച് ഒന്നും പറയാതിരിക്കുകയും ചെയ്യാം. അത് മുമ്പും അങ്ങനെയായിരുന്നു. മുമ്പുള്ള ന്യൂനതകൾ പരിഹരിക്കാനാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. ആ ന്യൂനതയാണ് നേരത്തെ ബഹുമാനപ്പെട്ട

അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിന്റെ അഭാവത്തോടുകൂടി ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിക്കുന്നതിന്റേയും പാസ്സാക്കുന്നതിന്റേയും സാംഗത്യമാണ് ഇവിടെ ചോദിച്ചത്. ഇത് ഈ സഭാ വൃഥാവ്യായാമം നടത്തുന്നതായിക്കൂടാ. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കണം.

മണൽ മാഫിയയുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാൻ ഉതകുന്ന വ്യവസ്ഥകളുണ്ടെന്ന വ്യാജേനയാണ് ഇപ്പോൾ ഈ ബിൽ മുന്നോട്ടുവച്ചത്. അതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥതയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ പാസ്സാക്കാനുദ്ദേശിക്കുന്ന, ഇവിടെ ചർച്ച ചെയ്യുന്ന ബില്ലിൽ കുറ്റവാളികൾക്കെതിരായി നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളൊക്കെ അതീവദുർബലമാണ്. അതാണ് ഇപ്പോൾ പറഞ്ഞത്. അതുപോലെതന്നെ, കുറ്റങ്ങൾ വിചാരണയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കമ്മിറ്റിയിലില്ലാത്തത് അവർക്ക് ശുപാർശ കൊടുക്കാമെന്നൊക്കെ പറയുന്നുണ്ടെങ്കിലും അവർ ഇതിനകത്ത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന കമ്മിറ്റിക്കകത്ത് ഇല്ലാത്ത ന്യൂനതകളെല്ലാം ബില്ലിനകത്തുണ്ട്. മറ്റൊന്ന് സി.ആർ.പി.സി.-യുടെ 173-ാം വകുപ്പുപ്രകാരമുള്ള പോലീസ് റിപ്പോർട്ടിനകത്ത് കുറ്റം വിചാരണയ്ക്ക് എടുക്കാവുന്നതാണെന്ന് പറയുന്നുണ്ട്. ഞാൻ നേരത്തെ സബ്മിഷനായി ഉന്നയിച്ച വിഷയമുൾപ്പെടെ ഗൗരവമുള്ളതാണ്. നിലവിൽ ഇന്നത്തെ ഗവൺമെന്റും പോലീസ് വകുപ്പും സ്വീകരിക്കുന്ന സമീപനം വച്ചുകൊണ്ട് റവന്യൂ വകുപ്പ് എത്ര നല്ല നിയമമുണ്ടാക്കിയാലും ഈ ഗവൺമെന്റിന്റെ പോലീസ് വകുപ്പ് ഉള്ളിടത്തോളംകാലം കുറ്റവാളികൾക്കെതിരായി നടപടി

സ്വീകരിക്കാനാവില്ല. പ്രത്യേകിച്ചും പ്രകൃതിവിഭവങ്ങൾക്കുനേരെയുള്ള കയ്യേറ്റവും കൊള്ളയും അതിക്രമങ്ങളുമുൾപ്പെടെയുള്ള കാര്യങ്ങളിൽ, അവർക്കെല്ലാം കൂട്ടുനിൽക്കുന്ന നിലപാടാണ് മറ്റ് പല കാര്യങ്ങളിലെന്നപോലെതന്നെ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള ഒരു പ്രശ്നമാണ് നേരത്തെ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് പറഞ്ഞത്. കോഴിക്കോട് കളക്ടറേറ്റിലെ ലക്ഷക്കണക്കിന് രൂപ വരുന്ന മരമാണ് മുറിച്ച് വിറ്റത്.  മഹാഗണി ഉൾപ്പെടെയുള്ള ലക്ഷങ്ങൾ വിലമതിക്കുന്ന മരമാണ് മുറിച്ചുകടത്തിയത്.  പരിസ്ഥിതി പ്രവർത്തകരും കളക്ടറേറ്റിലെ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ളവർ പോയി തിട്ടപ്പെടുത്തിയതാണ്. എന്നിട്ട് നാല് പൂമരങ്ങൾമാത്രം മുറിച്ചുവിറ്റു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മഹാഗണി പൂമരമാണോ? അത് വിലിപിടിപ്പുള്ള ഒരു മരമാണ്. അതുൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുകൊണ്ടുപോയി വിൽക്കുകയാണ്. അതിനെതിരെയാരാണ് പരാതി കൊടുത്തത്? റവന്യൂ ഉദ്യോഗസ്ഥൻമാരാണ് പരാതി കൊടുത്തത്. വേങ്ങേരി വില്ലേജ് ഓഫീസർ പരാതി കൊടുത്തു. റവന്യൂ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കേണ്ടതാണ്. അങ്ങ് സംരക്ഷിക്കേണ്ടതാണ്. റന്യൂ വകുപ്പുമന്ത്രി പരാതി കൊടുത്തു. പക്ഷെ, ആഭ്യന്തര വകുപ്പുമന്ത്രി നടപടിയെടുത്തില്ലായെന്ന നിലയിൽ കണ്ടാൽ മതി. റവന്യൂ ഉദ്യോഗസ്ഥൻമാർ പരാതി കൊടുത്തു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എന്താണ്? കളക്ടറേറ്റിലെ മരത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ഒരു സംശയമുണ്ട്, ഒരു തർക്കമുണ്ട്, അത് തീർക്കണമെന്നാണ്. ഡിസ്ട്രിക്ട് വുമൺസ് കൗൺസിൽ അവിടെയൊരു ഹോസ്റ്റൽ നടത്തുന്നുണ്ട്. ഹോസ്റ്റൽ അവർക്ക് ലീസിന് നടത്താൻ കൊടുത്തതാണ്. അത് കളക്ടറേറ്റ് കോമ്പൗണ്ടിലാണ്. ആ കോമ്പൗ

ണ്ടിലെ മരമാണ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മുറിച്ചുകൊണ്ടുപോകുന്നത്. എനിക്ക് രേഖാമൂലം തന്ന മറുപടിയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി പറഞ്ഞത്, പി.ഡി.പി.പി. ഉൾപ്പെടെ, പൊതുമുതൽ നശിപ്പി ക്കുന്നതിനെതിരെ എടുക്കുന്ന വകുപ്പ് ഉൾപ്പെടെ ചേർത്തുകൊണ്ട് ഈ ഹോസ്റ്റലിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അഡ്വക്കേറ്റ് ആനന്ദകനക ത്തിനെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് പറഞ്ഞു. പക്ഷേ എന്തുകൊണ്ട് അറസ്റ്റ് ചെയ്യുന്നില്ലായെന്നുള്ള പ്രശ്നമാണ് സബ്മിഷനിൽ ഉന്നയിച്ചിരുന്നത്. ആ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് സിവിൽകേസിന്റെ സ്വഭാവത്തിൽ വന്നി ട്ടുണ്ട്. അവർ ചില പരാതികൾ അവരുടേതാണെന്നുപറഞ്ഞ് കൊടുത്തിട്ടുണ്ട്. അവർ പത്രസമ്മേളനം നടത്തി ഇത് ഞങ്ങളുടെ സ്ഥലമാണെന്ന് പറഞ്ഞു. ജില്ലാ കളക്ടർ പത്രസമ്മേളനം നടത്തി ഇത് റവന്യൂ ഭൂമിയാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ വനസംരക്ഷണനിയമമനുസരിച്ച് ക്രിമിനൽ കുറ്റമാണ് ഇവർ ചെയ്തതെന്ന് പറഞ്ഞു. എന്നിട്ടും പോലീസ് നടപടിയെടുത്തില്ല. പോലീസ് ഉദ്യോഗസ്ഥൻമാരോടും കളക്ടറോടും ഞങ്ങളൊക്കെ മാറിമാറി സംസാരിച്ചതാണ്. ശക്തമായ നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടു ണ്ടെന്ന് കളക്ടർ പറഞ്ഞു. എ.ഡി.എം.-ഉം അത് പറയുന്നു. എ.ഡി.എം.-ന്റെ റിപ്പോർട്ടുണ്ട്. വില്ലേജാഫീസറുടെ പരാതിയുണ്ട്. എന്നിട്ട് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറോ നടക്കാവ് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെ ക്ടറോ സർക്കിൾ ഇൻസ്പെക്ടറോ ഇതിനകത്ത് നടപടി സ്വീകരിക്കുന്നില്ല. അവരുമായിട്ടുള്ള സംഭാഷണത്തിൽനിന്നുതന്നെ അവരുടെ നിവൃത്തികേട് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. രാഷ്ട്രീയമായ ഇടപെടലാണ് കാരണം. പ്രതിക്കുള്ള കോൺഗ്രസ് ബന്ധമാണ് ആ ക്രിമിനലിനെ പി.ഡി.പി.പി കേസ്സെടുത്തിട്ടുപോലും അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണം. ഇങ്ങനെ

യാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്. ഇത് കോഴിക്കോട് മാത്രമല്ല, എല്ലാ സ്ഥാലത്തും നടക്കുന്ന കാര്യങ്ങളാണ്. നാട്ടുകാരൊന്നുമല്ല പരാതിക്കാർ. പരാതി കൊടുത്തത് ജില്ലാ കളക്ടറാണ്, എ.ഡി.എം. ആണ്, വില്ലേജാഫീസ റാണ്. നേരത്തെ മന്ത്രി അക്കമിട്ട് കാര്യങ്ങൾ നിരത്തി. ഈ കളക്ടറേറ്റിന്റെ ഉടമസ്ഥത ആർക്കാണെന്ന് വില്ലേജ് ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചോദിച്ചു. എ.ഡി.എം.-നോടും കളക്ടറോടും റിപ്പോർട്ട് ചോദിച്ചു. ആ റിപ്പോർട്ട് കിട്ടാ ത്തതുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്നാണ് പറയുന്നത്. പിന്നെ എന്തു കൊണ്ടാണ് പി.ഡി.പി.പി. അനുസരിച്ച് കേസ് എടുത്തത്; എന്നാൽ കള്ളക്കേ സല്ലേ അത്? സത്യസന്ധമല്ലാത്ത കേസ്സാണെന്നാണ് ഞങ്ങൾ മനസ്സിലാക്കു ന്നത്. രേഖാമൂലം തന്ന മറുപടിയിൽ ആനന്ദകനകത്തിനെതിരായി ക്രിമിനൽ കേസ്സെടുത്തിട്ടുണ്ട്. പക്ഷേ അറസ്റ്റ് ചെയ്യാത്തത് ഈ രേഖ വെരിഫൈ ചെയ്യാൻവേണ്ടിയാണ്. രേഖ വെരിഫൈ ചെയ്യേണ്ടത് കോടതിയല്ലേ? അറസ്റ്റ് ചെയ്തിട്ട് കോടതിയിൽ കൊടുക്കുകയല്ലേ ചെയ്യേണ്ടത്. അപ്പോൾ കോടതി യുടെ പണി തങ്ങളുടെ രാഷ്ട്രീയ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പോലിസി നെക്കൊണ്ട് ചെയ്യിക്കുന്നുവെന്നുള്ളതാണ് ഇവിടെ ആഭ്യന്തര വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, അങ്ങ യുടെ വകുപ്പിലെ ഉദ്യോഗസ്ഥർ അനുഭവിക്കുന്നതാണിത്. ആഭ്യന്തര വകു പ്പിന്റെ രാഷ്ട്രീയമായ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പോലീസിനെ ഉപയോ ഗിക്കുന്നതിന്റെ ദുരന്തം അനുഭവിക്കുന്നത് പ്രതിപക്ഷത്തിരിക്കുന്നവർ മാത്ര മല്ല, അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും അനുഭവിക്കുകയാണ്. അങ്ങ് എത്ര മികച്ച നിയമം ഇവിടെയുണ്ടാക്കിയാലും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്നിടത്തോളം കാലം

ഇവിടെ എന്തെങ്കിലും നീതി നടപ്പാകുമോ? നീതി നടപ്പാകുമെന്ന് അങ്ങ് പ്രതീക്ഷിക്കേണ്ട കാര്യമില്ല.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, എന്റെ മണ്ഡലത്തിൽ മാവേലിക്കര സർക്കിൾ ഓഫീസ് പരിധിയിൽപ്പെടുന്ന സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. ശിവസുന്ദരൻപിള്ള എന്ന പോലീസ് ഉദ്യോഗസ്ഥൻ അടക്കമുള്ള 23 പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മണ്ണ്-മണൽ മാഫിയയുമായി ബന്ധമുണ്ടെന്ന പോലീസ്-ഇന്റലിജൻസ് റിപ്പോർട്ടുണ്ട്. റിപ്പോർട്ടിലുള്ള സി.ഐ. ആയിട്ടുള്ള ശ്രീ. ശിവസുന്ദരൻ പിള്ളയെ, മണ്ണ്-മണൽ മാഫിയയുമായി ബന്ധമുണ്ടെന്ന് പറയുന്ന സി.ഐ.-യെ ഇപ്പോൾ ഡിവൈ.എസ്.പി. ആക്കി കൊല്ലം ജില്ലയിലേയ്ക്ക് പ്രൊമോഷൻ കൊടുത്തിരിക്കുകയാണ്. 22 പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചു. എന്നാൽ ഈ ഒരാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. അത് നൂറനാട് പോലീസ് സ്റ്റേഷനിലെ ശ്രീ. അൻവർ സാദ് എന്ന പോലീസ് ഉദ്യോഗസ്ഥനാണ്. അയാൾക്കെതിരെ നടപടി സ്വീകരിക്കാത്തത് അയാൾ പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാനലിൽ മത്സരിച്ച് ജയിച്ച ആളാണെന്ന ഒറ്റ കാരണംകൊണ്ടാണ്. മണ്ണ്-മണൽ മാഫിയയുമായി ബന്ധമുണ്ടെന്ന പോലീസിന്റെ ഇന്റലിജൻസ് റിപ്പോർട്ട് അടക്കമുള്ളപ്പോൾ, ആ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പ് തയ്യാറാകുന്നില്ല. ഇത്തരം വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, അതല്ലേ ഞാൻ പറഞ്ഞുവരുന്നത് ആഭ്യന്തര വകുപ്പിന്റെ മുഖമുദ്രയാണിത്. ഇവിടെ മണൽ മാഫിയയുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചില്ല എന്നുള്ളതല്ലേ പറഞ്ഞത്. കണ്ണൂരിൽ നിന്നും നടപടി സ്വീകരിച്ച ഉദ്യോഗസ്ഥനെ സ്ഥലം മാറ്റി

യില്ലേ? കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരനും ഈ സഭയിലെ ഒരു എം. എൽ.എ.-യും കൂടി ചേർന്നിട്ടല്ലേ അവിടെ ചെന്ന് ആ പോലീസ് ഉദ്യോഗ സ്ഥനെ കഴുത്തിന് കുത്തിപ്പിടിച്ച് അശ്ലീലം പറയുകയും ഭീഷണിപ്പെടുത്തു കയും ചെയ്തത്. അങ്ങനെ ഭീഷണിപ്പെടുത്തിയിട്ടുള്ള എം.പി.-യ്ക്കെതിരെ, ഈ സഭയിലെ എം.എൽ.എ.-യ്ക്കെതിരെ എന്തെങ്കിലും കേസ് എടുത്തോ? അതിനുപകരം ആ ഉദ്യോഗസ്ഥനെ കണ്ണൂരിൽ നിന്നും ഞങ്ങളുടെ ജില്ലയി ലേയ്ക്ക് സ്ഥലം മാറ്റി. ഇതാണ് ആഭ്യന്തര വകുപ്പിന്റെ മുഖമുദ്ര.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പറയുന്നതുകേട്ടാൽ ഇതൊക്കെ ആദ്യമായി കേരളത്തിൽ നടക്കുന്ന കാര്യമാണെന്ന് തോന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇരുന്ന കാലത്ത് എങ്ങനെയായിരുന്നു? ഇതിൽ മാറ്റമുണ്ടായിരുന്നോ? ഇപ്പോൾ കേരള സംസ്ഥാനത്തെ മന്ത്രിമാരിൽ ഏറ്റവും പ്രമുഖനെന്ന് ജനം അംഗീകരി ച്ചുകഴിഞ്ഞ ഒരു മന്ത്രിയാണ് പ്രിയങ്കരനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ. അദ്ദേഹത്തെ ഇങ്ങനെ വ്യക്തിപരമായി എന്തെങ്കിലും പിണക്കം വച്ച് സഭ യിൽ ആക്രമിക്കുന്നത് ശരിയാണോ? ആഭ്യന്തര വകുപ്പിൽ യൂണിയനുണ്ട്. ഇതൊക്കെ സത്യം സത്യമല്ലേ? നമുക്കെല്ലാവർക്കും അറിയാം. സ്വാഭാവിക മായി ഉണ്ടാകുന്ന കാര്യങ്ങളാണ്. അങ്ങനെയെങ്കിൽ ഞാൻ ചോദിക്കുന്നു, വർക്കലയിൽ ഒരു പാവപ്പെട്ട എക്സ് ആർമിക്കാരനെ കൊന്നിട്ട് ഇവിടെയിരു ന്നുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃ ഷ്ണൻ എന്താണ് പറഞ്ഞത്? കൊന്നത് ഡി.എച്ച്.ആർ. ആണെന്നാണ്. ഡി.എ ച്ച്.ആർ.-ന് എന്ത് കാര്യം? ഞാൻ അന്വേഷിച്ചപ്പോൾ ഡി.എച്ച്.ആർ. എന്ന സംഘടനയ്ക്ക് ആ കൊലപാതകവുമായി ഒരു ബന്ധവുമില്ല. അവിടത്തെ മണൽ മാഫിയ മനപ്പൂർവ്വമാണ് നടക്കാൻ പോയപ്പോൾ ആ മനുഷ്യനെ തല്ലി

ക്കൊന്നത്. എന്ത് ചെയ്യാൻ കഴിഞ്ഞു? പാവപ്പെട്ട എഴുപതോളം പട്ടികജാതിക്കാരെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസ് മൃഗീയമായി മർദ്ദിച്ച് അതിലെ ദാസ് എന്ന് പറയുന്ന ഒരു ചെറുപ്പക്കാരനെ ഒന്നാം പ്രതിയാക്കി. അയാൾ കല്ല്യാണം കഴിഞ്ഞിട്ട് രണ്ട് മാസം മാത്രമേ ആയുള്ളു. ദാസിന്റെ ജനനേന്ദ്രീയംപോലും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസ് ചവിട്ടിക്കളഞ്ഞു. വിവാഹം കഴിഞ്ഞിട്ട് രണ്ട് മാസമായ മനുഷ്യനാണ്. അത്രയും ക്രൂരത കാണിച്ച പോലീസ് നയമുണ്ടായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പാർട്ടിക്കാരനായ അങ്ങ് മാന്യമായി പോലീസ് ഭരണം നടത്തുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഇതുപോലെ ആക്രമിക്കുന്നത് മര്യാദയാണോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : എന്തായാലും ബഹുമാന്യനായ പി. സി. ജോർജിൽ നിന്നും മര്യാദ പഠിക്കേണ്ട ഒരു അവസ്ഥയിലേയ്ക്ക് ഞാൻ എത്തിയിട്ടില്ല. അത്തരം ഒരു ഗതികേടിലേയ്ക്ക് എത്തിയിട്ടില്ല. ഞാൻ മാത്രമല്ല, ആരും എത്തിയിട്ടില്ല. പിന്നെ അദ്ദേഹം ഇവിടെ പറഞ്ഞത് പട്ടികജാതിക്കാരനെതിരെ ആക്രമണം നടന്നുവെന്ന്. ആ കാലത്ത് കേരളത്തിലെ പോലീസ് ഏതെങ്കിലും ഒരു ലോക്കപ്പ് മർദ്ദനം നടത്തി ആളുകളെ കൊന്നതിന്റെ ഉദാഹരണമുണ്ടോ? കഴിഞ്ഞ യു.ഡി.എഫ്.- സർക്കാരിന്റെ കാലത്ത് ഉദയകുമാർ ഉൾപ്പെടെ എത്ര ആളുകളെ ലോക്കപ്പ് മർദ്ദനത്തിന് വിധേയരാക്കി കൊല ചെയ്തു. മുത്തങ്ങയിൽ ജോഗി എന്ന ആദിവാസിയെ വെടിവച്ചുകൊന്നതും ആദിവാസികളെ ഒന്നായി ക്രൂരമായ മർദ്ദനത്തിന് ഇരയാക്കിയതും യു.ഡി.എഫ്. ഗവൺമെന്റാണ്. കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെയും ആന്റണി ഗവൺമെന്റിന്റെയും കാലത്താണ്. അതൊക്കെ ചെയ്തിട്ടുളള പോലീസാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലത്ത്

മണൽ മാഫിയയ്ക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുകയോ മണൽമാഫിയ പോലെ ഏതെങ്കിലും മാഫിയ സംഘത്തിനെതിരായി നിലപാട് സ്വീകരിച്ച ഉദ്യോഗസ്ഥന്മാരെ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്തിട്ടില്ല. ഞങ്ങ ളുടെ ഒരു എം.എൽ.എ.-യും ജനപ്രതിനിധിയും പോലീസ് സ്റ്റേഷനിൽ കടന്നുചെന്ന് മാഫിയാ സംഘത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെ ടുത്തിയ സാഹചര്യം ഉണ്ടായിട്ടില്ല. അതെല്ലാം യു.ഡി.എഫ്.-ന്റെ കാലത്തു ണ്ടായതാണ്. ആ നേതാക്കന്മാരുടെ കാലത്തുണ്ടായതാണ്. അതാണ് ഇപ്പോൾ ശ്രീ. കെസുധാകരന്റെയും കാര്യത്തിൽ കണ്ടത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞ പ്രകാരമായിരുന്നു ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭരണമെങ്കിൽ എന്തി നായിരുന്നു കേന്ദ്ര സർക്കാർ നിരവധി പ്രാവശ്യം ഇന്ത്യയിലെ ഏറ്റവും നല്ല പോലീസ് സംവിധാനത്തിനുള്ള അവാർഡ് ശ്രീ. കോടിയേരി ബാലകൃഷ്ണന് കൊടുത്തത്? ഒരു പ്രാവശ്യമല്ല. മൂന്ന് പ്രാവശ്യമാണ് കൊടുത്തത്.

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്)</u> : ശ്രീ. കോടിയേരി ബാലകൃഷ്ണന് അവാർഡ് കൊടുത്തില്ല. കേരളത്തിലെ പോലീസിന്റെ കഴിവ് അംഗീകരിച്ച് ആ പോലീസുകാരെ ബഹുമാനിച്ചു; പോലീസിന് അവാർഡ് കൊടുത്തു. ടൈംസ് ഓഫ് ഇന്ത്യ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവാർഡ് കൊടു ത്തിരിക്കുകയല്ലേ? കേരളത്തിലെ പോലീസ് സ്കോട്ട്ലന്റ് യാർഡിനെക്കാൾ നല്ല പോലീസാണ്. ആർക്കാണ് സംശയം? പക്ഷേ നമ്മുടെ രാഷ്ട്രീയ നേതൃ ത്വം പോലീസിനെ ദുഷിപ്പിക്കുകയാണ്. അത് മനസ്സിലാക്കണം. നിങ്ങൾ പാവ പ്പെട്ടവരുടെ കാര്യം പറയുന്നുണ്ടല്ലോ; ജോഗിയെ കൊന്നത് പറയുന്നുണ്ടല്ലോ. ഞാൻ ചോദിക്കട്ടെ ചെങ്ങറ സമരം നടന്നപ്പോൾ ആറായിരത്തോളം വരുന്ന പട്ടികവർഗ്ഗക്കാർ അവിടെ സമരം നടത്തിക്കൊണ്ടിരുന്നപ്പോൾ പട്ടിണി കിടന്ന

ആ മനുഷ്യരെ നോക്കി മോഷ്ടാക്കൾ എന്ന് വിളിച്ചത് നിങ്ങളുടെ മുഖ്യമ ന്ത്രിയാണ്, നിങ്ങളുടെ ആഭ്യന്തര വകുപ്പുമന്ത്രിയാണ്, നിങ്ങളുടെ പാർട്ടിയുടെ നേതാക്കന്മാരാണ്. അതിനെപ്പറ്റി എന്താണ് മിണ്ടാത്തത്?

ശ്രീ. എ. പ്രദീപ്കുമാർ : ക്രമസമാധാന പാലനത്തിനുള്ള അവാർഡ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇന്നത്തെ ഇന്ത്യൻ പ്രസിഡന്റ്, അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ പ്രണബ്കുമാർ മുഖർജിയുടെ കൈയിൽ നിന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വാങ്ങിയത്. ഇപ്പോൾ മികച്ച മന്ത്രിയ്ക്കുള്ള ഏഷ്യാനെറ്റിന്റെ അവാർഡ് നമ്മുടെ ആഭ്യന്തര വകുപ്പു മന്ത്രിയ്ക്ക് ലഭിച്ചല്ലോ; ******** ******** *********[1] മികച്ച മന്ത്രിപദം കിട്ടേണ്ട ഗതികേടൊന്നും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായി ട്ടില്ല.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഒരടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾ ശ്രീ. എ. പ്രദീപ്കുമാർ ഉന്നയിക്കുകയാണ്. നേരത്തെ ആഭ്യന്തര വകുപ്പുമന്ത്രി ക്കെതിരെ ഉന്നയിച്ചു. ഈ **** ****ശ്രീ. എ. പ്രദീപ്കുമാറിന് കൊടുത്തത്? മന്ത്രിമാരെക്കുറിച്ച് ഇത്തരത്തിൽ നിരുത്തരവാദപരമായ ആരോപണം ഉന്ന യിച്ചത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ : പരിശോധിച്ച് ചട്ടങ്ങൾക്കെതിരാണെങ്കിൽ രേഖയിൽ നിന്നും നീക്കം ചെയ്യാം.

ശ്രീ. ജോസഫ് വാഴക്കൻ : ശ്രീ. പി.റ്റി.എ. റഹീം....................(മൈക്ക് ഓഫ്).................

ശ്രീ. എ. പ്രദീപ്കുമാർ : സർ, അത് വേറെ സന്ദർഭത്തിലാണ്. ഇതി പ്പോൾ കഴിഞ്ഞ ഗവൺമെന്റ് ക്രമസമാധാന പാലനത്തിന് ദേശീയതലത്തിൽ

---

[1] സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു

അവാർഡ് നേടിയതിനെ അധിക്ഷേപിച്ചുകൊണ്ട് നിങ്ങളുടെ ചീഫ് വിപ്പ് പറഞ്ഞപ്പോൾ നിർവ്വാഹമില്ലാതെ എന്നെക്കൊണ്ട് പറയിപ്പിച്ചതാണ്. അല്ലാതെ ഞാൻ നേരത്തെ ഇത് പറയാൻ തീരുമാനിച്ചതൊന്നുമല്ല. എന്നെ പറയിപ്പിച്ചതാണ്. ചീഫ് വിപ്പാണ് നിങ്ങൾക്ക് ഓരോ ഘട്ടത്തിലും പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തോട് മിണ്ടാതിരിക്കാൻ പറഞ്ഞാൽ ഒരു പ്രശ്നവുമില്ല.

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, എന്റെ പേര് ഇവിടെ പരാമർശിച്ചതുകൊണ്ടാണ് പറയുന്നത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയുടെ കാര്യത്തിൽ അങ്ങനെയല്ല പറഞ്ഞത്. ഈ ഒരു ചാനൽ അദ്ദേഹത്തെ ബെസ്റ്റ് മിനിസ്റ്ററായി തെരഞ്ഞെടുത്തു. എന്നാൽ കെ.പി.സി.സി.-യുടെ ഇവാലുവേഷനിൽ അദ്ദേഹം ഏറ്റവും പിന്നിൽ പോയി എന്നാണ് ഞാൻ അന്ന് പറഞ്ഞത്. അത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : ബെസ്റ്റ് മിനിസ്റ്റർ **** ഘടകമായിരുന്നുവെന്നുള്ളതാണ്. അത് എങ്ങനെയൊക്കെയാണെന്നുള്ളത് ആർക്കറിയാം? ആ വിഷയം ഇപ്പോഴുള്ള പ്രധാനപ്പെട്ട പ്രശ്നമല്ല. ഞാനിവിടെ പറഞ്ഞത് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെ അടിസ്ഥാനരഹിതമായ കാര്യമല്ല. അടിസ്ഥാനമുള്ള കാര്യമാണ്. ഞാൻ പറഞ്ഞ വസ്തുത ഇന്ന് രാവിലെപോലും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് നിഷേധിക്കാനായിട്ടില്ല. അതിന് അദ്ദേഹം ഇന്നല്ലെങ്കിൽ നാളെ ഇവിടെ മറുപടി പറഞ്ഞേ പറ്റൂ. ഇന്ന് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടി അദ്ദേഹം പറഞ്ഞിട്ടുണ്ട്. പിന്നീട് വിവരങ്ങൾ ഞങ്ങൾ അന്വേഷിച്ചു. ജില്ലാ കളക്ടറും എ.ഡി.എം.-ഉം വില്ലേജ് ഓഫീസറും ഒന്നും തന്നെ പോലീസിന് റിപ്പോർട്ട് കൊടുക്കാത്തതിന്റെ ഭാഗമായിട്ടാണ് പ്രതിയെ അറസ്റ്റ് ചെയ്യാത്തത് എന്ന് പറഞ്ഞല്ലോ? അത് വസ്തുതയുമായിട്ട്

ഒരു ബന്ധവുമില്ലാത്ത, ശുദ്ധ അടിസ്ഥാനരഹിതമായിട്ടുള്ള കാര്യമാണ്. റിപ്പോർട്ട് നേരത്തേ കൊടുത്തു. **** ***** ***** ***** [2] അതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഞാൻ ആരോപണമായി തന്നെ ഉന്നയി ക്കുകയാണ്. അങ്ങനെയല്ലായെന്ന് നിങ്ങൾ തെളിയിക്കൂ.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ശ്രീ. എ. പ്രദീപ്കുമാർ ഇപ്പോൾ പറഞ്ഞ കാര്യം. ആഭ്യന്തര വകുപ്പുമന്ത്രിയ്ക്കെതിരെ, ആ വകുപ്പിനെതിരെ ആരോപണമായി ഉന്നയിക്കുന്നുവെന്ന് പറയുമ്പോൾ അത് നേരത്തെ എഴുതി ക്കൊടുക്കേണ്ടതാണ്. അങ്ങനെ കൊടുത്തിട്ടില്ല. കൊടുത്തിട്ടുണ്ടോയെന്ന് ചെയർ പരിശോധിക്കണം. അങ്ങനെയാണെങ്കിൽ സെക്കന്റുകൾകൊണ്ട് നീക്കം ചെയ്യാവുന്നതേയുള്ളൂ. കുറച്ച് സമയമെടുത്ത് നീക്കം ചെയ്യേണ്ട ഒരു കാര്യമാണ് ആദ്യം പറഞ്ഞത്. അത്തരം ഒരാരോപണം രാവിലെ ഉന്നയിക്കു കയും അത് മന്ത്രി നിഷേധിക്കുകയും ചെയ്ത സാഹചര്യത്തിൽ ആ ആക്ഷേപം വീണ്ടും ഉന്നയിക്കുന്നത് ഓർഡറിലാണോ? രണ്ടാമത്തെ കാര്യ ത്തിൽ അടിയന്തരമായിതന്നെ ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ട താണ്. എഴുതിത്തന്നിട്ടുണ്ടോ ഇല്ലയോ എന്ന് ചെയർ റൂൾ ചെയ്താൽ മതി.

മി. ചെയർമാൻ: ശ്രീ. എ. പ്രദീപ്കുമാർ ചെയറിന് എഴുതിത്തന്നി ട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: അഴിമതിയാരോപണമുണ്ടെങ്കിലാണ് എഴുതി ത്തരേണ്ടത്. ആരോപണമെന്നോ ആക്ഷേപമെന്നോ എങ്ങനെ വേണമെങ്കിലും അതിനെ ക്ലാസിഫൈ ചെയ്തുകൊള്ളൂ. അത് രാഷ്ട്രീയമായി........

മി. ചെയർമാൻ: ചെയറിന് ഇത് എഴുതിത്തന്നിട്ടുണ്ടോ? എഴുതിത്തന്നി ട്ടില്ലെങ്കിൽ ആ ഭാഗം നീക്കം ചെയ്യും.

[2] ബഹു.സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതെന്തിനാണ്? അഴിമതി ആരോപണമല്ല, കൈക്കൂലി വാങ്ങിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. .....(ബഹളം)..... ആരോപണമെന്ന വാക്ക് ഉപയോഗിക്കാൻ പാടില്ലേ; ഏത് നിയമസഭാ നടപടിച്ചട്ടത്തിലാണ് ആരോപണമെന്ന വാക്ക് പാടില്ല എന്നു പറഞ്ഞിട്ടുള്ളത്? ഞാൻ പറഞ്ഞത് മന്ത്രി കൈക്കൂലി വാങ്ങിയെന്നല്ല. **** ****** എന്നാണ് ഞാൻ പറഞ്ഞത്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ പറയാൻ കാരണം റവന്യൂ വകുപ്പ് കൊടുത്ത പരാതിയാണ്, ജില്ലാ കളക്ടർ കൊടുത്ത പരാതിയാണ്. **** **** ***[3], അതിന്റെ ഭാഗമായിട്ടാണെന്നാണ് ഞാൻ പറഞ്ഞത്. എന്തിനാണ് അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യുന്നത്; എന്തിനാണ് നിങ്ങൾ അസ്വസ്ഥരാകുന്നത്. രാവിലെ ഇവിടെ ഉന്നയിച്ചത് വീണ്ടും പറയുന്നതെന്തിനെന്ന് ശ്രീ. പി.സി. വിഷ്ണുനാഥ് ചോദിച്ചില്ലേ. രാവിലെ ഉന്നയിച്ചതിന് മന്ത്രി പറഞ്ഞ മറുപടി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഇനി എങ്ങനെയാണ് അതിന്റെ നടപടികൾ സ്വീകരിക്കേണ്ടതെന്നുള്ളത് ഞങ്ങൾ ആലോചിച്ച് സ്വീകരിക്കാം. അത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്.

ചീഫ് വിപ്പ്(ശ്രീ. പി. സി. ജോർജ്): മന്ത്രി, സഭയെ തെറ്റിദ്ധരിപ്പിച്ചെങ്കിൽ നിങ്ങൾക്ക് പ്രിവിലേജ് മൂവ് ചെയ്യാം.

ശ്രീ. എ. പ്രദീപ്കുമാർ: തീർച്ചയായും പ്രിവിലേജ് മൂവ് ചെയ്യാം. അതിന്റെ വിശദാംശങ്ങൾ ഞങ്ങൾ എടുക്കുകയാണ്. പ്രധാനപ്പെട്ട ഒരു ഇഷ്യൂവാണ് ഞാൻ പറഞ്ഞത്. അത് ഞങ്ങൾ മൂവ് ചെയ്തുകൊള്ളാം. ചീഫ് വിപ്പിന്റെ ക്ലാസ് വേണ്ട.

ശ്രീ. പി. സി. ജോർജ്: സർ, സഭയിൽ ഒരംഗം സബ്മിഷൻ ഉന്നയിക്കുമ്പോൾ സത്യവിരുദ്ധമായിട്ടാണ് മറുപടി പറഞ്ഞതെങ്കിൽ എത്രയോ നടപടിക്ര

---

[3] ബഹു.സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.

മങ്ങളുണ്ട്. അങ്ങ് അതിലേയ്ക്ക് പോകുന്നതിനുപകരം റവന്യൂവുമായി ബന്ധപ്പെട്ട ബില്ലിൽ ഇത് ചർച്ചയാക്കണോ; നമുക്ക് മണലിന്റെ കാര്യത്തിലേയ്ക്ക് പോകാം. അതല്ലേ കുറച്ചുകൂടി നല്ലത്. അങ്ങേയ്ക്ക് പ്രിവിലേജ് മൂവ് ചെയ്യാം. നമുക്ക് അങ്ങനെയൊരു കോംപ്രമൈസിലെത്താം.

ശ്രീ. എ. പ്രദീപ്കുമാർ: എന്തിനുവേണ്ടിയാണ് കോംപ്രമൈസ്? ചീഫ് വിപ്പ് കോംപ്രമൈസ് പറയുന്നത് ഒരു വലിയ **** **** പ്രശ്നവുമായി ബന്ധപ്പെട്ടാണ്. ആ വിഷയമാണ് ഞാൻ ഇവിടെ ഉന്നയിച്ചത്. പ്രിവിലേജിന്റെ കാര്യം വേറെ ആലോചിക്കാം. പക്ഷേ, ഈ ബിൽ മൂവ് ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ, അവർ ഒരു നടപടി സ്വീകരിക്കുന്നത് ഈ ഗവൺമെന്റിന്റെ താല്പര്യത്തിന് വിധേയമായിട്ടായിരിക്കുമല്ലോ; ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവരുടെ പരാതിയുടെ മേൽ ഒരു നടപടിയും സ്വീകരിക്കാതെ ഗവൺമെന്റ് *** ***** എന്നുള്ളത് സത്യമാണ്, വസ്തുതയാണ്. അത് ഇവിടെയല്ലാതെ എവിടെയാണ് പറയുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, കളക്ടർ പറഞ്ഞത് പോലീസ് കേട്ടില്ലെങ്കിൽ കളക്ടറാണ് അതിന് ആരോപണമുന്നയിക്കേണ്ടത്, ശ്രീ. പ്രദീപ്കുമാറല്ല. കളക്ടർ അത്തരത്തിലുള്ള ആരോപണം ഉന്നയിച്ചിട്ടില്ല.

ശ്രീ. എ. പ്രദീപ്കുമാർ: ജില്ലാ കളക്ടർ ഇവിടെയില്ല. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഗവൺമെന്റ് പ്രോപ്പർട്ടി, ലക്ഷക്കണക്കിന് രൂപ വരുന്ന മരം മുറിച്ച് കൊണ്ടുപോയി കച്ചവടമടിച്ച കേസ്സാണിത്. ആ കേസ്സിനകത്ത് പരാതി കൊടുക്കേണ്ടത് അവിടത്തെ ഉദ്യോഗസ്ഥനാണ്. വില്ലേജ് ഓഫീസർ പരാതി കൊടുത്തു, ഫലമില്ലാത്തതുകൊണ്ട് എ.ഡി.എം. കൊടുത്തു, പിന്നീട് കളക്ടർ പത്രസമ്മേളനം നടത്തി ഇത് റവന്യൂ ഭൂമിയാണെന്ന്

പറഞ്ഞു. നിങ്ങൾ പറയുന്നതുപോലെ ഡിസ്പ്യൂട്ടഡ് സ്ഥലമല്ല. വനസംരക്ഷണ നിയമമനുസരിച്ച് ക്രിമിനൽ കുറ്റമാണ് ഈ പ്രതി ചെയ്തതെന്നു പറഞ്ഞു. ആ പ്രതിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തുവെന്ന് മന്ത്രിക്ക് സമ്മതിക്കേണ്ടിവന്നു. പക്ഷേ അറസ്റ്റ് ചെയ്യാത്തത് സിവിൽ സ്വഭാവത്തിലുള്ള ഒരു ഡിസ്പ്യൂട്ട് വന്നിട്ടുണ്ട്. അതായത് കളക്ടറേറ്റിന്റെ കോമ്പൗണ്ടിന്റെ ഉടമസ്ഥത സംബന്ധിച്ച വ്യക്തമായ ഒരുത്തരം കളക്ടറിൽനിന്നോ എ.ഡി.എം.-ൽ നിന്നോ വില്ലേജ് ഓഫീസറിൽ നിന്നോ കിട്ടിയില്ല എന്നാണ് പറഞ്ഞത്. ഞങ്ങൾ അന്വേഷിച്ചപ്പോൾ അറിഞ്ഞത് നേരത്തെ എല്ലാ ഡോക്യുമെന്റുകളും കൊടുത്തിട്ടുണ്ടെന്നാണ്.. കളക്ടർ പത്രസമ്മേളനം നടത്തി പറഞ്ഞിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഞാനൊരു ദിവസം പോയി 10 സെന്റ് സ്ഥലം എന്റേതാണെന്നു പറഞ്ഞ് മരം മുറിച്ചുവിറ്റാൽ നിങ്ങൾ അതിന് രേഖ ചോദിക്കുമോ?

ഇനി മണലിലേയ്ക്ക് വരാം. ഞാൻ പറഞ്ഞുവന്നത് മണലുൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ കൊള്ള ചെയ്യുന്ന, കവർച്ച ചെയ്യുന്ന ആളുകളോട് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനമാണ്. റവന്യൂ മന്ത്രി എത്ര ആത്മാർത്ഥമായി നിയമം കൊണ്ടുവന്നാലും ആ നിയമം പാലിക്കേണ്ട, സംരക്ഷിക്കേണ്ട ആഭ്യന്തര വകുപ്പിന്റെ പോലീസ് **** ****** മണൽ കടത്തുകാരെ, മണൽ മാഫിയയെ സംരക്ഷിച്ചതിന്റെ അനുഭവം ഇവിടെ പറഞ്ഞു. ഗവൺമെന്റ് ഭൂമിയിലുള്ള, കളക്ടറേറ്റ് കോമ്പൗണ്ടിലുള്ള **** **** കാര്യമാണ് ഇപ്പോൾ പറഞ്ഞത്. പറഞ്ഞ സമയത്ത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രികൂടി ഇവിടെയുണ്ടാകേണ്ടതായിരുന്നു. കോഴിക്കോട്ടുകാരുടെ

വികാരം എന്താണെന്ന് അദ്ദേഹംകൂടി അറിയേണ്ടിയിരുന്നു. നിങ്ങൾ ശ്രദ്ധിച്ചില്ലെങ്കിലും ഇതൊന്നും നിസ്സാരമായ സംഭവമല്ല. ഒരു പ്രമാദമായ പ്രശ്നമാണ്.

മി. ചെയർമാൻ: അങ്ങ് ഇനി എത്ര സമയം കൂടിയെടുക്കും?

ശ്രീ. എ. പ്രദീപ്കുമാർ: സർ, എനിക്ക് ഒരുപാട് സമയമൊന്നും വേണ്ട. ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന ഈയൊരു ശ്രമം........

മി. ചെയർമാൻ: ഇനി രണ്ട് ബില്ലുകൾ കൂടിയുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നത് വൃഥാവ്യായാമമാണെന്ന് പറയുകയാണ്, കാരണം ഈ നിയമമൊന്നുംതന്നെ നടപ്പാക്കാൻ ഇപ്പോഴുള്ള ഗവൺമെന്റ് സംവിധാനവും പോലീസ് നയവും അനുസരിച്ച് സാധ്യമല്ല. ഇതൊന്നും സംരക്ഷിക്കാനാവില്ല. നിയമം പാസ്സാക്കിയിടാം. പക്ഷെ ആ നിയമത്തിനകത്തുള്ള ചില ന്യൂനതകൾ, ഇതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ലാത്ത പ്രശ്നം, അതുപോലെ പുഴയുടെ ഇരുകരകളിൽ നിന്നും ഏറ്റവും ചുരുങ്ങിയത് 25 മീറ്ററെങ്കിലും വിട്ടുമാത്രമേ മണൽഖനനം അനുവദിക്കാവൂ എന്ന പ്രശ്നം ഉൾപ്പെടുത്താൻ സന്നദ്ധമാകാത്ത കാര്യം, ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ഉൾപ്പെടെ വിയോജനക്കുറിപ്പായി ഞങ്ങൾ നേരത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള ചർച്ച നടത്തി ഈ ബില്ല് പാസ്സാക്കുന്നതിനിടയിൽ ഈ പറയുന്ന ന്യൂനതകൾകൂടി പരിഹരിച്ചില്ലെങ്കിൽ, ഇപ്പോൾ ചെയറിലിരിക്കുന്ന അങ്ങ് സൂചിപ്പിച്ചിട്ടുള്ള ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിന്റെ കാര്യത്തിലുണ്ടായ ദൗർബല്യമുൾപ്പെടെ പരിഹരിച്ചുകൊണ്ട് ഇത് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ ബിൽകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകില്ല. അതുകൊണ്ട് ഇവിടെ ഞങ്ങൾ ഉന്നയി

ച്ചിട്ടുള്ള വിയോജനക്കുറിപ്പിന്റെ ഉള്ളടക്കം മനസ്സിലാക്കി, അത് ഈ ബില്ലിനെ ശക്തിപ്പെടുത്താൻ സഹായകരമാകുമെന്നുള്ളതുകൊണ്ട് ആ കാര്യങ്ങൾകൂടി പരിഗണിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഈ നിലയിൽ, അങ്ങ് അവതരിപ്പിച്ച നിലയിൽ ഈ ബിൽ സ്വീകരിക്കാൻ നിർവ്വാഹമില്ല, അതിനുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞങ്ങളുടെ വിയോജനക്കുറിപ്പുകൾ പലതും അംഗീകരിക്കപ്പെടാതെ പോകുകയാണ് ചെയ്തത്. ഞങ്ങൾ പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങൾ, ഓരോ കടവിൽ നിന്നും ഒരു ശാസ്ത്രീയതയുമില്ലാതെ മണൽ വാരിയതുമൂലം പല നദികളും ആഴത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അവിടെ വാരാൻ കഴിയുന്ന മണലിന്റെ അളവ് നിശ്ചയിക്കാൻ അധികാരപ്പെടുത്തിയ കടവ് കമ്മിറ്റിയുണ്ട്. അതിന്റെ സംസ്ഥാന തലമേൽനോട്ടത്തിനായി രൂപീകരിക്കുന്ന സംസ്ഥാനതല സമിതിയിൽ മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പ്രാതിനിധ്യം ഈ ബിൽ മുഖേന കൊടുത്തിട്ടില്ല. അത് കൊടുക്കണമെന്നാണ് ഒരു ആവശ്യമുള്ളത്. അതുപോലെ കടവു കമ്മിറ്റിയിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് നിർണ്ണായകമായ അധികാരം നൽകിയിട്ടില്ല, ആ കാര്യം പരിഗണിക്കണമെന്നാണ് ഞങ്ങൾ വീണ്ടും ആവശ്യപ്പെടുന്നത്. നിയമലംഘകർക്ക് കർശനമായ ശിക്ഷ ഇപ്പോഴും ഈ ബില്ലിൽ ഉറപ്പാക്കിയിട്ടില്ല. പ്രത്യേക സംരക്ഷണ സേനയുടെ കാര്യം ഇവിടെ ചർച്ച ചെയ്തതാണ്. ഞാൻ അതിലേയ്ക്ക് വീണ്ടും വരുന്നില്ല. അതിന്റെ ഘടന, അധികാരങ്ങൾ, അവർക്ക് ശമ്പളം ആര് കൊടുക്കും, അതിനുള്ള പണമെവിടെ തുടങ്ങിയ കാര്യങ്ങളൊന്നുംതന്നെ ഈ ബില്ലിൽ പറയുന്നില്ല. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഇതിന്റെ പൂർവ്വ ബില്ലിൽ നദിയിൽ

നിന്നും ഇരുകരകളിൽ നിന്നും 10 മീറ്റർ വിട്ടതിനുശേഷം മാത്രമേ മണലെടുക്കാവൂ എന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ അത് 15 മീറ്റർ എന്നാണ് നിശ്ചയിക്കപ്പെടാൻ പോകുന്നത്. 10 മീറ്റർ നിശ്ചയിക്കുന്ന കാലത്തെ പുഴയും ഇന്നത്തെ പുഴയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. നിറഞ്ഞ് കവിഞ്ഞൊഴുകിയിരുന്ന പുഴകൾ, ധാരാളം മണലുണ്ടായിരുന്ന ഒരു സാഹചര്യം, ആ സാഹചര്യങ്ങളൊക്കെ വച്ചുകൊണ്ടാണ് രണ്ടുകരകളിൽ നിന്നും കേവലം 10 മീറ്റർ എന്ന് അന്നത്തെ കാലത്ത് നിശ്ചയിച്ചത്. ഇപ്പോൾ സാഹചര്യമൊക്കെ മാറി. ഇപ്പോൾ വെള്ളമില്ല, നദി വറ്റിവരണ്ട് കിടക്കുന്നു. അത്തരം പ്രത്യേക സാഹചര്യത്തിൽ ഒരു കാരണവശാലും 15 മീറ്റർ മാത്രം വിട്ട് അതിനപ്പുറം മണലെടുക്കുക എന്നു പറയുന്നത് നമ്മൾ പ്രകൃതിയോടും വരാനിരിക്കുന്ന തലമുറയോടുമൊക്കെ ചെയ്യുന്ന മഹാപാതകമാണ്. 50 മീറ്ററെങ്കിലും വിട്ടുവേണം മണലെടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. പക്ഷേ, ചുരുങ്ങിയത് 25 മീറ്ററെങ്കിലും രണ്ടു കരകളിൽ നിന്നും വിട്ട് മാത്രമേ മണലെടുക്കാവൂ എന്ന വിയോജനക്കുറിപ്പ് ഞങ്ങൾ അവതരിപ്പിക്കുകയാണ്. അത് അംഗീകരിക്കപ്പെട്ട് വരാനുണ്ട്. അതിന് തയ്യാറാകുന്നില്ല എന്നത് വളരെ വിഷമമുള്ള കാര്യമാണ്. പുഴകളുടെയും നദികളുടെയും വീതി ഇപ്പോൾ കണ്ടാൽ മനസ്സിനകത്ത് കാരുണ്യത്തിന്റെ ഒരംശമെങ്കിലുമുള്ള ആളുകൾക്ക് സഹിക്കാൻ കഴിയില്ല. ഭാരതപ്പുഴ കണ്ടുവളർന്ന ആളാണ് ഞാൻ. പക്ഷേ ഇപ്പോൾ ഭാരതപ്പുഴയുടെ സ്ഥിതി കണ്ടാൽ, വളരെക്കുറച്ച് ഭാഗത്തുമാത്രം വെള്ളവും ബാക്കിയെല്ലാ സ്ഥലത്തും പുല്ലും മരങ്ങളുമൊക്കെ വളർന്നു നിൽക്കുന്ന സ്ഥിതി കാണാൻ കഴിയും. ഓരോ നദിയുടെയും കൃത്യമായ വീതി എത്രയാണെന്നതിനെ സംബന്ധിച്ച് സർക്കാരിന്റെ കൈയിൽ എന്തെങ്കിലും കണക്കുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ടുതന്നെ നദികളുടെ രണ്ടു കരകളിലും വ്യാപകമായ കയ്യേറ്റങ്ങൾ നട

ന്നുകൊണ്ടിരിക്കുകയാണ്. കയ്യേറ്റങ്ങളെന്നു പറയുമ്പോൾ അവിടെ വലിയ കെട്ടിടങ്ങൾ വരുന്നു, ചിലയിടങ്ങളിൽ റിസോർട്ടുകൾ വരുന്നു. പുഴയുടെ കരയിലാണ് റിസോർട്ട് എന്ന് പ്രചരിപ്പിക്കുന്നതിനും പരസ്യം ചെയ്യുന്നതിനു മൊക്കെവേണ്ടി കേരളത്തിൽ നദികളുടെ തീരങ്ങളിൽ ഇപ്പോൾ വ്യാപകമായ കയ്യേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശങ്ങളെ സംബന്ധിച്ചു പറയുന്നുണ്ട്. സംസ്ഥാനതലത്തിൽ ഒരു ഉന്നതതല സമിതി ഇതിന് നേരത്തെയുണ്ടായിരുന്നില്ല. അങ്ങനെയൊരു സമിതി ഉണ്ടാക്കുമ്പോൾ അതിലേയ്ക്ക് തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്ന ഒരു സംവി ധാനം ഇതിനകത്ത് ഉണ്ടാവുകയാണ്. തൊഴിലാളികൾ എന്നു പറയുന്നത് തൊഴിലാളി പ്രതിനിധികൾ എന്ന രീതിയിൽ മാറ്റം വരുത്തുകയാണ്. അനധി കൃതമായി മണൽ കടത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങളെ സംബന്ധിച്ച് ഒരു കൃത്യത ഇല്ല. ആ കൃത്യത ഉണ്ടാകണം. പിടിച്ചെടുക്കുന്ന വാഹനങ്ങളെ സംബന്ധിച്ച് നിയമത്തിന്റെ പിൻബലമില്ലെങ്കിൽ പല സ്ഥലത്തും ഇപ്പോൾ സംഭവിക്കുന്നതുപോലെ പോലീസും ബന്ധപ്പെട്ട ആളുകളുമൊക്കെ തന്നെ നിസ്സഹായരായി നോക്കിനിൽക്കേണ്ട സ്ഥിതി വന്നുചേരും..

ഇതിന്റെ സംരക്ഷണ സേനയെക്കുറിച്ച് ഒരു വ്യക്തതയുമില്ലെന്ന് നേരത്തെ സൂചിപ്പിച്ചതാണ്. സംരക്ഷണസേന രൂപീകരിക്കണമെന്ന് വെറുംവാക്കിൽ പറഞ്ഞുപോകുകയല്ലാതെ അത് എങ്ങനെയാണ് രൂപീകരിക്കുക, അതിന്റെ നിലനിൽപ്പ് എങ്ങനെയാണ്, അതിൽ റിക്രൂട്ട്മെന്റ് എങ്ങനെയാണ്, ആരാണ് ശമ്പളം കൊടുക്കുന്നത്, പണത്തിന്റെ സോഴ്സ് എവിടെയാണ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചൊന്നും ഇതിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണ ത്തിൽ പറയുന്നില്ല. പല പ്രാവശ്യം ഓർഡിനൻസ് കൊണ്ടുവന്ന് നീട്ടിവച്ച ഒരു നിയമമാണിത്. അതുകൊണ്ട് കുറവുകളെല്ലാം നികത്തിക്കൊണ്ടുള്ള,

ആക്ഷേപങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു ബില്ലായിരുന്നു വരേണ്ടിയിരുന്നത്. അങ്ങനെ വന്നിട്ടില്ല. മണൽ വാരാൻ അനുവാദം കൊടുക്കുമ്പോൾ, അതിനുവേണ്ടി കൊണ്ടു വരുന്ന വാഹനങ്ങളും മണലെടുത്തുകൊണ്ടു പോകുന്ന വാഹനങ്ങളും അധികൃതമാണോ അനധികൃതമാണോ എന്നറിയുന്നതിന് അവയ്ക്ക് ഓരോ തിരിച്ചറിയൽ നമ്പർ കൊടുക്കണം. മണൽ എടുക്കുന്ന സ്ഥലം കൃത്യമായി വേർതിരിച്ചതിനുശേഷം പ്രസ്തുത സ്ഥലത്തുനിന്നുമാത്രം മണലെടുക്കണമെന്ന് വ്യവസ്ഥ ചെയ്യണം. ഇത്തരം കാര്യങ്ങളിലൊന്നും വ്യക്തത വരുത്തിക്കൊണ്ടല്ല ഈ നിയമം ഇപ്പോൾ പാസ്സാക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട സംഗതിയാണ് റിവർ മാനേജുമെന്റ് ഫണ്ട്. അതു വളരെ ഗൗരവമുള്ളതാണ്. എത്ര കോടി രൂപ സർക്കാരിന്റെ കയ്യിൽ ഇപ്പോൾ...

<u>ശ്രീ. സി. പി. മുഹമ്മദ്</u>: റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പത്ത് പതിനഞ്ച് വർഷത്തെ പ്രവർത്തനം പരിസ്ഥിതി കമ്മിറ്റി പരിശോധിച്ചു. ഒരുപാട് കെടുകാര്യസ്ഥത അവരുടെ പ്രവർത്തനത്തിലുണ്ട്. അതിൽ ഗവൺമെന്റുകൾ തമ്മിൽ വ്യത്യാസങ്ങളൊന്നുമില്ല. വണ്ടി റിപ്പയറിംഗ്, റെയ്ഡ് നടത്തൽ തുടങ്ങിയ കാര്യങ്ങൾക്ക് കോടിക്കണക്കിന് രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. നദിയെ സംരക്ഷിക്കുന്നതിനുവേണ്ടി റിവർ മാനേജുമെന്റ് ഫണ്ട് പലപ്പോഴും വിനിയോഗിക്കപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത. താങ്കൾ ഇവിടെ പറഞ്ഞ കാര്യത്തിൽ പുഴയുടെ അതിർത്തി ഏതാണെന്ന് ഇപ്പോൾ നിശ്ചയിക്കാൻ സാധിക്കുന്നില്ല, അതിർത്തി നിശ്ചയിക്കണം, സെസ്സുകാർ വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച കടവുകളിൽ നിന്നാണ് മണലെടുക്കുന്നത്. മണലിനെ സംബന്ധിച്ച് ഒരു ഓഡിറ്റ് നടത്തണം. കടവുകൾ നിശ്ചയിച്ചു കൊടുക്കുക എന്നത് മുൻപ് സെസ്സുകാരുടെ പരമാധികാരമായിരുന്നു. അവരെ സ്വാധീനിക്കാൻ

കഴിഞ്ഞാൽ പ്രസ്തുത കടവുകളിൽ നിന്ന് ലോഡ് കണക്കിന് മണൽ എടുക്കാൻ അനുവാദം കൊടുക്കുമായിരുന്നു. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ബാബു എം പാലിശ്ശേരി: സർ, തീർച്ചയായും സാമാന്യം ഭേദപ്പെട്ട പഠനത്തോടുകൂടി കമ്മിറ്റി വച്ച നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്. റിവർ മാനേജുമെന്റ് ഫണ്ടിൽ എത്ര രൂപയുണ്ട്. 50 ശതമാനം റിവർ മാനേജുമെന്റ് ഫണ്ടിലേയക്കും 50 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിക്കുന്ന ഒരു രീതിയാണല്ലോ അതിൽ സ്വീകരിച്ചിട്ടുള്ളത്. അതെങ്ങനെയാണ് ചെലവഴിക്കുന്നത്? അങ്ങനെ കൊടുക്കുന്ന 50 ശതമാനം തുക ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നതെന്ന കാര്യത്തെ സംബന്ധിച്ച്. . . . ., നദിയുടെ സംരക്ഷണത്തിനുവേണ്ടി തുക ചെലവഴിക്കണം എന്നു പറയുന്നുണ്ട്. അങ്ങനെ ചെലവഴിക്കുന്നുണ്ടോ? അതോ ഈ തുക വേറെ എന്തെങ്കിലും കാര്യങ്ങൾക്കുവേണ്ടിയാണോ ഉപയോഗിക്കുന്നത്? നദിയുടെ മലിനീകരണം ഇല്ലാതാക്കുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഇതിലൊന്നിലും കാലങ്ങളായി ഒരു പരിശോധനയും നടക്കുന്നില്ല. റിവർ മാനേജുമെന്റ് ഫണ്ടിലേയ്ക്ക് വരുന്ന 50 ശതമാനം പണം എന്താണ് ചെയ്യുന്നത്? ആ പണം ചെലവഴിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തത ആർക്കെങ്കിലുമുണ്ടോ. റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ച് പ്രാവർത്തികമാക്കാവുന്ന പദ്ധതികൾക്ക് രൂപം നൽകുന്നത് ആരാണ്? അതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ? പരിസ്ഥിതി കമ്മിറ്റി അതു സംബന്ധിച്ച് പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ, ആ റിപ്പോർട്ടിനെ ഗൗരവത്തിൽ ഈ ഗവൺമെന്റ് കണ്ടിട്ടില്ല. തദ്ദേശസ്വയംഭ

രണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനം ഇന്ന് നമ്മുടെ മുൻപിലില്ല. ആക്ടു പ്രകാരം കടവോ തീരമോ മാത്രം സംരക്ഷിക്കുന്നതിനുവേണ്ടി റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്യുന്നു. കടവുകളും തീരങ്ങളുംമാത്രം സംരക്ഷിച്ചാൽ മതിയാകുകയില്ല. നദിയിലേയ്ക്കും ഇപ്പോൾ മാലിന്യങ്ങൾ ഒഴുക്കിവിടുന്നുണ്ട്. രണ്ടുമൂന്നു കൊല്ലംമുമ്പ് പ്രകൃതി ചികിത്സയുടെ ഭാഗ മായി ഞാൻ കുറച്ചുകാലം നദിയുടെ കരയിലുള്ള ഒരു സ്ഥലത്ത് ചികി ത്സയ്ക്ക് പോയി. അവിടത്തെ പ്രത്യേകത എന്നു പറയുന്നത് ഈ നദിയിൽ രാവിലെയും വൈകുന്നേരവും നീന്തിക്കുളിക്കാം. നമ്മുടെയൊക്കെ വീട്ടിന ടുത്ത് പുഴയില്ലാത്തതുകൊണ്ട് നീന്തിക്കുളിക്കുക പ്രയാസമാണ്. അതുകൊണ്ടാണ് ഞാൻ പോയത്. രണ്ടു മൂന്നു ദിവസത്തെ കുളി കഴിഞ്ഞ പ്പോഴാണ് ഞെട്ടിക്കുന്ന ഒരു വസ്തുത അറിയാൻ കഴിഞ്ഞത്. ആ പുഴയുടെ രണ്ട് വശത്തും ഒരുപാട് വീടുകളുണ്ട്. ആ വീടുകൾക്ക് സെപ്റ്റിക് ടാങ്കി ല്ലാത്തതുകൊണ്ട് ഒരു കുഴൽ വച്ച് ഈ പുഴയിലേയ്ക്കാണ് മാലിന്യങ്ങൾ ഒഴു ക്കിവിടുന്നത്. അത് എത്രയോ കാലമായി തുടരുന്നതാണ്. ഈ കുഴലിലൂടെ വരുന്ന മലം ഈ പുഴയിൽ കൂടി ഒഴുകിയാണ് പോകുകയാണ്. ഒരു പക്ഷേ, കേരളത്തിലെ മിക്കവാറും പുഴകളിലേയും സ്ഥിതി ഇതുതന്നെയായിരിക്കും. ഫാക്ടറികളിൽ നിന്നു വരുന്ന മാലിന്യത്തെ സംബന്ധിച്ച് നമുക്കറിയാം. മാവൂർ കമ്പനിയിൽ നടന്ന സംഭവം കേട്ട് നമ്മൾ ഞെട്ടിത്തരിച്ചു പോയതാ ണ്. അത്രയ്ക്ക് ഭീകരമായ വിഷമാണ് ചാലിയാർ പുഴയിലൂടെ ഒഴുകിയിരുന്ന ത്. തൽഫലമായി അവിടെ എന്തൊക്കെയാണ് സംഭവിച്ചതെന്ന് നമ്മൾ കേട്ട താണ്. ആ കാര്യത്തെ സംബന്ധിച്ച് പിന്നീട് അന്വേഷണമൊന്നും ഉണ്ടായിട്ടി ല്ല. റിവർ മാനേജുമെന്റ് ഫണ്ട് മാലിന്യ സംസ്ക്കരണത്തിനുംകൂടി ഉപയോഗി

ക്കണമെന്നൊരു നിർദ്ദേശമൊന്നും എവിടെയും കൊടുത്തിട്ടില്ല. ഈ പണം അവിടെ ശേഖരിച്ച് വയ്ക്കുകയല്ലാതെ മറ്റെന്തെങ്കിലും ചെയ്യുന്നുണ്ടോ? ചില ചർച്ചകളിലൊക്കെ പറയുന്നുണ്ട്. ഈ റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി നദികൾക്ക് സംരക്ഷണഭിത്തികൾ ഉണ്ടാക്കണം. അതും ശാസ്ത്രീയമായി പൂർണ്ണമായും ശരിയാണോ എന്ന് അന്വേഷിക്കണം. അങ്ങനെ കരിങ്കൽ ഭിത്തികൾ പുഴയുടെ രണ്ടു ഭാഗത്തും ഉണ്ടായി കഴിഞ്ഞാൽ അത് പിന്നെ പുഴയാവില്ല.

ശ്രീ. സി. പി. മുഹമ്മദ്: കരിങ്കൽ ഭിത്തികൾ കെട്ടിയാൽ അതിനെ നദിയെന്ന് പറയാൻ പറ്റില്ല. അതിനെ കനാലെന്നേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. ബാബു എം. പാലിശ്ശേരി: അത് പൂർണ്ണമായി കെട്ടുമ്പോഴാണ് കനാലായി മാറുന്നത്. പുഴകളെ സംരക്ഷിക്കാൻ വേറെ ഒരുപാട് മാർഗ്ഗങ്ങളുണ്ട്. അതായത് മുള, ഈറ, രാമച്ചം തുടങ്ങിയവയും കണ്ടൽകാടുകളും വച്ചുപിടിപ്പിക്കാം. അങ്ങനെ ഒരു ശ്രമവും നമ്മുടെ ഗവൺമെന്റുകളുടെ ഭാഗത്തുനിന്ന് വന്നിട്ടില്ല. അതിനൊരു നിർദ്ദേശം കൊടുക്കുവാൻ ഒരു സംവിധാനവും ഇവിടെ കാണുന്നില്ല. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഗവൺമെന്റിന്റെ പണം എങ്ങനെയാണ് ചെലവഴിക്കുന്നതെന്നും ചെലവഴിച്ചത് ശരിയായ രീതിയിലാണോ എന്നുള്ളതിനെക്കുറിച്ചുമൊക്കെ അന്വേഷിക്കാൻ നമുക്ക് ചില സംവിധാനങ്ങളുണ്ട്. സർക്കാരിന്റെ ഓഡിറ്റ് സംവിധാനങ്ങളും സി & എ. ജി അടക്കമുള്ള സംവിധാനങ്ങളും ഉണ്ട്. എന്നാൽ റിവർ മാനേജുമെന്റ് ഫണ്ടിന്റെ കോടിക്കണക്കിന് രൂപ മാത്രം ഓഡിറ്റ് ചെയ്യാൻ സർക്കാരിന്റെ സംവിധാനങ്ങളല്ല മറിച്ച് പ്രൈവറ്റ് ചാർട്ടേഡ് അക്കൗണ്ടന്റുകളാണ് ഉള്ളത്. അതിനെ സംബന്ധിച്ചൊന്നും ബില്ലിൽ പറയുന്നില്ല. ഇത് ശരിയാണോ? എത്ര രൂപയുണ്ട് എന്നതിനെ സംബന്ധിച്ച് ഒരു വ്യക്തതയുമില്ല.

കോടിക്കണക്കിന് രൂപയുണ്ട്. പക്ഷേ, അത് എങ്ങനെയാണ് ചെലവഴിക്കുന്നതെന്നതിന് വ്യക്തതയില്ല. നേരത്തെ ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെ നിരവധി കാര്യങ്ങൾ ഉണ്ട്. വാഹനങ്ങൾ റെയ്ഡ് ചെയ്യാൻ പോകുമ്പോൾ സ്വകാര്യ വാഹനങ്ങളെയാണ് വിളിക്കുന്നത്. റെയ്ഡ് ചെയ്യാൻ പോകാനായി സ്വകാര്യ വാഹനങ്ങളെ വിളിച്ചാൽ റെയ്ഡ് ചെയ്യപ്പെടുന്ന സ്ഥലത്ത് ആ വിവരം എത്താൻ എത്ര സമയം വേണ്ടിവരും? ഈ സ്വകാര്യ വാഹനങ്ങളെല്ലാം പോലീസ് സംവിധാനത്തിന്റെ ഭാഗമാണോ? എന്തെല്ലാം പേരിലാണ് ചെലവുകൾ എഴുതിയിട്ടുള്ളതെന്ന് പറയാനാവില്ല. അപ്പോൾ അതിന്റെ മുകളിൽ ഇത് ഓഡിറ്റ് ചെയ്യുന്ന പണി സർക്കാർ......

ശ്രീ. എസ്. രാജേന്ദ്രൻ: അങ്ങ് റെയ്ഡ് നടത്തുന്നതുമായി ബന്ധപ്പെട്ടാണ് പറഞ്ഞുവരുന്നത്. റിവർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ടുള്ള ഫണ്ട് ഒരുവശത്തിരിക്കെ ഇതിനെക്കാൾ അമിതമായ തുകയാണ് റെയ്ഡ് നടത്താൻ പോകുന്നവർ വാങ്ങിച്ചെടുക്കുന്നത്. ഏതെല്ലാം സമയത്താണ് റെയ്ഡ് നടത്തേണ്ടതെന്നും ഏതെല്ലാം സമയത്താണ് മണൽ കൊണ്ടുപോകേണ്ടതെന്നുമുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ കാശ് നിശ്ചയിക്കപ്പെടുന്നതെന്നും ഖജനാവിൽ വരുന്നതിനെക്കാൾ കൂടുതൽ കാശാണ് ഇങ്ങനെ പോകുന്നതെന്നും ഇതിനെ ഏകോപിച്ച് എല്ലാവരും മണൽ പിടിക്കാൻ പോകാതെ ഒരു സ്ക്വാഡിനെ പ്രത്യേകം രൂപീകരിക്കണം. പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ടൂറിസം, ട്രാഫിക് എന്നിങ്ങനെ നിശ്ചയിക്കുന്നതുപോലെ ഒരു പ്രത്യേക വിഭാഗത്തിൽ ഇവരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി: ഇതെല്ലാം പരിഗണിക്കാവുന്ന കാര്യങ്ങളാണ്. ഒരു പക്ഷേ, പ്രത്യേക സേന എന്നൊക്കെ പറയുന്നതുതന്നെ

അങ്ങനെ ഉദ്ദേശിച്ചുകൊണ്ടായിരിക്കും ബില്ലിൽ വിവക്ഷ ചെയ്തിട്ടുള്ളത്. പക്ഷേ, അതല്ല. അത് എന്ത് സേനയായാലും ആരായാലും റെയ്ഡ് നടത്താൻ വേണ്ടി പോകുന്നത് സ്വകാര്യ ......

ശ്രീ. എം. ഹംസ: സർ, കടവുകളും അതിന്റെ കണക്കിലുള്ള അഴിമതികളെക്കുറിച്ചുമാണ് അങ്ങ് പറയുന്നത്. ഈ കടവുകൾ ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ ഇപ്പോഴുള്ളതിനെക്കാളും കുറച്ചുകൂടി സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കാൻ കഴിയില്ലേ; മണൽ ലേലവും വിതരണവും ത്രിതല പഞ്ചായത്തുകളെ ഏൽപ്പിക്കുകയും അതിന്റെ 50 ശതമാനം തുക റവന്യൂ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്താൽ കുറച്ചുകൂടി ചിട്ടയായ, അഴിമതിരഹിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയില്ലേ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, കഴിയുമോ എന്നുള്ളത് പരിശോധിക്കാവുന്ന കാര്യമാണ്. പെട്ടെന്ന് അതിനെക്കുറിച്ച് പറയാനാവില്ലെങ്കിലും നല്ലൊരു സജഷനാണ് വച്ചിട്ടുള്ളത്. ഇവിടെ ഇതിനുമുമ്പും മണൽ എടുത്തിരുന്നു. ഇത്രയും നിയന്ത്രണമില്ലാതെ എടുത്തിരുന്ന ഒരു കാലവുമുണ്ടായിരുന്നു. അന്നൊന്നും ഇത്ര വലിയ കൊള്ള നടന്നിരുന്നില്ല. അന്ന് ഇത്ര വലിയ മണൽ മാഫിയകളുണ്ടായിരുന്നതായി കേട്ടിട്ടില്ല. അതുകൊണ്ട് ഇത് ആലോചിക്കാവുന്ന കാര്യമാണ്. കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു സർക്കാർ സംവിധാനംതന്നെ ഉണ്ടാകണം. ഇപ്പോൾ മണലെടുക്കുന്നത് ശാസ്ത്രീയമായ രീതിയിലല്ല. മണൽ പുഴയുടെ എല്ലാ ഭാഗത്തും ഇല്ലല്ലോ. എവിടെ നിന്ന് മണൽ എടുക്കാൻ കഴിയും; എത്രത്തോളം മണലുണ്ട് എന്ന കാര്യമൊക്കെ അന്വേഷിക്കുന്നതിനുവേണ്ടി സാൻഡ് ആഡിറ്റ് ഉണ്ടാക്കാൻ കഴിയി

ല്ലേ; പുഴയ്ക്കും പ്രകൃതിക്കും കുഴപ്പമുണ്ടാകുന്ന വിധത്തിലുള്ള ഒരു മണലെടുപ്പ് നടക്കുന്നില്ല എന്ന കാര്യം ഉറപ്പുവരുത്താൻ ഈ ആഡിറ്റ് സഹായിക്കില്ലേ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അങ്ങിവിടെ സൂചിപ്പിച്ച സാൻഡ് ആഡിറ്റ് എത്രയോ വർഷങ്ങൾക്കുമുമ്പ് നടന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ അന്നുണ്ടായ കടവുകളിലാണ് ഇപ്പോൾ മണലെടുപ്പ് നടന്നുകൊണ്ടിരിക്കുന്നത്. ശാസ്ത്രീയമായി മണലെടുക്കാത്തതാണ് ഇപ്പോൾ നദികൾക്ക് വന്നിരിക്കുന്ന ദുന്തങ്ങൾക്ക് കാരണം. പക്ഷേ വിദഗ്ദ്ധന്മാർ പറയുന്നത് കേരളത്തിനാവശ്യമായ മണൽ ഇപ്പോഴും നമ്മുടെ നദികളിലുണ്ടെന്നാണ്. പക്ഷെ സാൻഡ് ആഡിറ്റ് നടപ്പാക്കി എവിടെനിന്ന് മണലെടുക്കണമെന്ന് പറഞ്ഞാൽ, അവിടെനിന്നും ശാസ്ത്രീയമായി മണലെടുക്കുകയും എടുക്കുന്ന മണൽ തോന്നിയതുപോലെ ഉപയോഗിക്കുന്നതിനുപകരം 50 കിലോ ചാക്കുകളിലാക്കി ആവശ്യത്തിനനുസൃതമായി ഉപയോഗപ്പെടുത്തുകയും ചെയ്യണം. ചെറിയൊരു ലാട്രിൻ ഉണ്ടാക്കണമെങ്കിൽ അതിനാവശ്യമായ മണലിന് ഒരു തോതുണ്ട്. പക്ഷെ കക്കൂസ് നിർമ്മിക്കുന്നതിനും ഒന്നോ രണ്ടോ ലോഡ് മണലടിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. അതിനുപകരം 50 കിലോയുടെ ചാക്കുകളിലാക്കി സിമന്റുപോലെ തന്നെ മണലും വില്പന നടത്തുന്ന വിധം സർക്കാർ ഒരു ക്രമീകരണം നടത്തുന്നത് കൂടുതൽ ഗുണകരമാകുമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, പല ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള ഈ നിർദ്ദേശം തള്ളിക്കളയേണ്ട ഒന്നല്ല. കാരണം മണൽ ആവശ്യത്തിനുമാത്രം ഉപയോഗപ്പെടുത്തുക, മണലിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരിക

എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പലപ്പോഴും ഉയർന്നുവരുന്ന നിർദ്ദേശങ്ങളിലൊന്നാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി നിർദ്ദേശിച്ചിട്ടുള്ള കാര്യം. സാൻഡ് ആഡിറ്റ് വളരെ പ്രധാനപ്പെട്ടതാണ്. ശാസ്ത്രീയമായി നിശ്ചയിക്കപ്പെട്ട സ്ഥലത്തുനിന്നാണോ മണലെടുക്കുന്നത് എന്ന കാര്യം ഉറപ്പുവരുത്താത്ത ഉദ്യോഗസ്ഥന്മാരുടെ പേരിലും ഈ മണൽക്കൊള്ള നടത്തുന്ന ആളുകളുടെ പേരിലെന്നപോലെ നടപടിയെടുക്കണം. അത് മൈനിംഗ് & ജിയോളജി വിഭാഗമാണെങ്കിലും മറ്റാരാണെങ്കിലും അക്കാര്യം ഉറപ്പുവരുത്തേണ്ട ബാധ്യത ഉദ്യോഗസ്ഥർക്കുണ്ട്. ഇപ്പോൾ അവരുടെ ഉത്തരവാദിത്വത്തിൽനിന്ന് മാറിനിന്നിട്ട് എവിടെനിന്നാണെങ്കിലും മണൽ എടുക്കുക എന്നു പറയുന്ന രീതിയാണ് ഇപ്പോഴുള്ളത്.

ശ്രീ. സി.കെ. നാണു: സർ, നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും, ഉദാഹരണത്തിന് വടകരയിൽ പാതിരാത്രിയിൽ കുറെ തോണികളിൽവന്ന് മണലെടുത്ത് കടത്തിക്കൊണ്ടുപോകുകയാണ്. അത് ഗവൺമെന്റിന് ലഭിക്കുന്നില്ല. അതേയവസരം മാഹി പുഴയിൽനിന്നും മണലെടുക്കുന്നതിന്റെ ഫലമായി പുഴയുടെ  കര താഴ്ന്നു പോകുന്നതുകൊണ്ട് തീരങ്ങളിലുള്ള വീടുകൾ വളരെ ഭീഷണിയിലാണ്. ഇത് പരിഹരിക്കാൻ താങ്കളുടെ അഭിപ്രായം എന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അങ്ങ് പറയുമ്പോൾ ഞാൻ ശ്രദ്ധിച്ചിരുന്നില്ല.

ശ്രീ. സി.കെ. നാണു: സർ, പണം ലഭിക്കുന്നതിനുവേണ്ടി മണൽക്കൊള്ള എന്ന നിലയിൽ കുറെ ആളുകൾ പാതിരാത്രിയിൽ തോണിയുമായി വരികയാണ്. നാട്ടുകാർക്ക് ഒറ്റയ്ക്കുപോയി അതിനെ നേരിടാൻ സാധിക്കില്ല. മർദ്ദനമേറ്റ് നാട്ടുകാർക്ക് ആശുപത്രിയിൽ കിടക്കേണ്ടിവരും. ഈ

മണൽ ഗവൺമെന്റിന് ലഭിക്കുന്നില്ല. അപ്പോൾ കുറെ ആളുകൾ മണൽ കൊള്ളയടിക്കുകയാണ്. അതിനെ നേരിടാനാവശ്യമായ സംവിധാനങ്ങൾ ശക്തമാക്കിയില്ലെങ്കിൽ നമ്മുടെ നദികൾ തകർന്നുപോകുമെന്നുള്ളത് മാത്ര മല്ല സമീപത്തുള്ള വീടുകളിൽ ആളുകൾക്ക് താമസിക്കാൻ സാധിക്കാതെ വരികയും ചെയ്യും. അതിനെക്കുറിച്ചാണ് പറഞ്ഞത്.

ശ്രീ. പി.കെ. ബഷീർ: സർ, അനധികൃതമായ മണൽക്കടത്ത് നിയന്ത്രി ച്ചാൽ ഇക്കാര്യങ്ങളൊക്കെ ഭംഗിയായി നടക്കും. ഒരു മാസം ഒരു കട വിൽനിന്ന് ഇത്ര ക്വാണ്ടിറ്റി മണലെടുക്കാം എന്നാണ് നിലവിലുള്ള നിയമം. മണൽ കടത്തിക്കൊണ്ടുപോകുന്നതാണ് ഇപ്പോഴുള്ള പ്രധാന പ്രശ്നം. മണൽ നിറച്ച ഒരു വണ്ടി പോലീസ് സ്റ്റേഷനിൽ പിടിച്ചുവച്ചാൽ ആറുമാസം കഴിഞ്ഞ് ആ വണ്ടി ദ്രവിച്ചുപോകുമ്പോൾ അതിലുള്ള മണലും നശിക്കുകയാണ്. നേരെമറിച്ച് അത് ലേലം ചെയ്തുവിറ്റാൽ ഇങ്ങനെയുള്ള കുറെ പ്രശ്നങ്ങൾ അവസാനിക്കും. അതിനുള്ള ശക്തമായ നിയമമാണ് വേണ്ടത്. അല്ലാതെ തൊഴിലാളികളെ പറഞ്ഞിട്ട് കാര്യമില്ല. ഒരു മാസം ഒരു കടവിൽനിന്ന് 300 ടൺ അല്ലെങ്കിൽ 30 ലോഡ് മണൽ മാത്രമേ എടുക്കാൻ പാടുള്ളൂ എന്നുള്ള നിയന്ത്രണം വയ്ക്കുകയാണ്. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളുണ്ടാകുന്ന തെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ശ്രീ. സി.കെ. നാണു പറഞ്ഞ കാര്യത്തിലേയ്ക്ക് ഞാൻ വരുന്നുണ്ട്. അതിനെക്കുറിച്ചുള്ള എന്റെ അഭിപ്രായം ഞാൻ പറയുന്നുണ്ട്. ശ്രീ. പി.കെ. ബഷീർ പറഞ്ഞ അഭിപ്രായ ത്തോട് എനിക്ക് യോജിപ്പാണുള്ളത്. അതിനാവശ്യമായ നിയമനിർമ്മാണമു ണ്ടാകണം. മിക്കവാറും പോലീസ് സ്റ്റേഷനുകളുടെ മുൻപിൽ ട്രാഫിക്കിന്

തടസ്സമായി നിരവധി മണൽ ലോറികൾ കിടക്കുന്നുണ്ട്. കുന്നംകുളം പോലീസ് സ്റ്റേഷന്റെ നേരെ മുമ്പിൽ പിടിച്ചിട്ടിരുന്ന ഒരു ലോറിയിൽ നിന്ന് മണൽ കളവുപോയി. മികച്ച പോലീസുള്ള കേരളത്തിലെ അനുഭവമാണ് പറയുന്നത്. ഇതൊരു നാഷണൽ വേസ്റ്റാകാതിരിക്കാൻവേണ്ടി ഇങ്ങനെ പിടിച്ചുകൊണ്ടുവരുന്ന മണൽ എത്രയാണെന്ന് രേഖപ്പെടുത്തി അതിന്റെ വില കണക്കാക്കി എത്രയുംവേഗം ലേലം വിളിച്ച് കൊടുക്കുക, മണൽ കടത്തിയവരുടെ മേൽ നടപടി സ്വീകരിക്കുക എന്ന കാര്യവും നിർബന്ധമായും ഉണ്ടാകുന്നത് നല്ലതാണ്. രണ്ടാമത്തേത് ഇതുമായി ബന്ധപ്പെട്ട കാര്യമല്ല എങ്കിൽപ്പോലും പോലീസ് സ്റ്റേഷനുകളുടെ മുമ്പിൽ ട്രാഫിക് ഉൾപ്പെടെ എല്ലാവർക്കും തടസ്സമാകുന്ന രീതിയിൽ വണ്ടികൾ കൂന്നുകൂടുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താനാവശ്യമായ നിയമത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. അത്രയധികം ദേശീയ നഷ്ടമാണ് ഇത്തരത്തിൽ പിടിച്ചുകൊണ്ടുവരുന്ന വാഹനങ്ങൾ തുരുമ്പുപിടിച്ച് നശിച്ചുപോകുന്നതുവഴി നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സാജു പോൾ: സർ, സാൻഡ് ആഡിറ്റിംഗ് നടത്തണമെന്നും false scooping പാടില്ല എന്നുള്ളതും നിലവിലുള്ള ആക്ടിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ഏത് പ്രദേശത്ത് നോക്കിയാലും, പെരിയാറിലും മൂവാറ്റുപുഴയാറിലുമടക്കം തോട്ടി കുത്തിയാണ് മണൽ വാരുന്നത്. False scooping കർശനമായി തടഞ്ഞാൽ അല്ലെങ്കിൽ നിയമങ്ങൾ കർശനമായിനപാലിക്കപ്പെട്ടാൽത്തന്നെ അനധികൃത മണൽ ഖനനം പൂർണ്ണമായും അവസാനിക്കാൻ കഴിയും. പോലീസ് സ്റ്റേഷനിൽ മണൽ വാരൽ കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റുചെയ്ത രണ്ടുപേരെ അടിവസ്ത്രം മാത്രം ധരിപ്പിച്ച് നിറുത്തി എന്നുപറ

ഞ്ഞ് പ്രശ്നമുണ്ടാക്കിയത് ഒരു ഭരണകക്ഷി എം.പി തന്നെയാണ്. മണൽ വാരാൻ പോകുന്നവർ ജീൻസുമിട്ടാണോ പോകുന്നത്? പല രാഷ്ട്രീയ നേതാക്കളും ഇക്കാര്യം ചോദിച്ചിട്ടുണ്ട്. അപ്പോൾ രാഷ്ട്രീയ തണൽ തന്നെയാണ് ഈ നദികളെയെല്ലാം അന്യാധീനമാക്കിക്കൊണ്ടിരിക്കുന്നത്. പർവ്വത നിരയുടെ പനിനീരായിരുന്ന പെരിയാറുൾപ്പെടെയുള്ള നദികളുടെ അവസ്ഥ എന്താണ്? ഇപ്പോൾ കടവുകമ്മിറ്റികൾ പരാതി കൊടുത്താൽ മാത്രമേ കേസ് രജിസ്റ്റർ ചെയ്യുകയുള്ളൂ എന്നാണ് പറയുന്നത്. എവിടെയെങ്കിലും കടവുകമ്മിറ്റികളുണ്ടോ? ആക്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ആക്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ആരാണ് തടസ്സമെന്നുചോദിച്ചാൽ രാഷ്ട്രീയ പാർട്ടിയിലെ ചില പ്രവർത്തകർ തന്നെയാണ്. ഒരു സംശയവുമില്ല. നമ്മളാണല്ലോ ഇതൊക്കെ കൈകാര്യം ചെയ്യുന്നത്. നമ്മൾ വളരെ കൃത്യമായ സ്റ്റാന്റെടുത്തിട്ടുണ്ടെങ്കിൽ ഈ മണൽ മാഫിയകളൊന്നും വളരില്ലല്ലോ. ആവശ്യത്തിനുള്ള നിയമങ്ങളെല്ലാം കടലാസ്സിലുണ്ട്. ആ നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട ആളുകൾ ശ്രമിക്കുമ്പോൾ അതിന് തടസ്സമുണ്ടാക്കാൻ ശ്രമിക്കുന്നത് ആരാണ്? ഞാൻ ഇന്നയിന്ന ആളുകളാണെന്ന് പറയുന്നില്ല. അത് രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട, അധികാരമുള്ള, സ്വാധീനമുള്ള ആളുകൾ തന്നെയാണ്. അത് അതാത് രാഷ്ട്രീയ പാർട്ടികൾ പരിഗണിക്കേണ്ട വിഷയമാണ്. ഇതൊക്കെ ജനങ്ങൾ കാണുന്നുണ്ട് എന്ന വസ്തുത രാഷ്ട്രീയ പാർട്ടികൾ പരിഗണിക്കുന്നത് നല്ലതാണ്. ഇതൊക്കെ ജനങ്ങൾ വീരസാഹസിക കഥകൾ പോലെയാണ് കാണുന്നതെന്ന് കരുതിയാൽ കുറച്ചുകഴിയുമ്പോൾ അതാത് ആളുകൾക്ക് മനസ്സിലായിക്കൊള്ളും എന്നുമാത്രമേ

ഞാനിപ്പോൾ പറയുന്നുള്ളൂ. നേരത്തെ സൂചിപ്പിച്ച റിവർ മാനേജുമെന്റ് ഫണ്ടിന്റെ വിനിയോഗത്തിനുവേണ്ടി ഒരു സംവിധാനമുണ്ടാക്കണം.

റവന്യൂ വകുപ്പ്, ഇറിഗേഷൻ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പരിസ്ഥിതി വകുപ്പ് ഇതെല്ലാം കൂടിച്ചേർന്ന ഒരു കൺസോർഷ്യം പോലെയാണ് അതിപ്പോൾ കൈകാര്യം ചെയ്യുന്നതെന്നാണ് തോന്നുന്നത്. ചർച്ചയിൽ പങ്കെടുക്കുന്ന എന്റെ സുഹൃത്ത് ശ്രീ. വി.എസ്. സുനിൽ കുമാർ അതിനെക്കുറിച്ചുള്ള വിശദാംശങ്ങളെല്ലാം പറയും. പക്ഷെ പുഴയിൽ നിന്നും നദിയിൽ നിന്നും മാത്രമല്ലല്ലോ മണൽ എടുക്കുന്നത്. കായലിൽ നിന്നും മണലെടുക്കുന്നുണ്ട്. അഴിമുഖത്ത് നിന്ന് മണ്ണ് എടുക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. അതാണ് അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പ്. പക്ഷേ ഉപ്പില്ലാത്ത മണലും കായലിൽ നിന്ന് എടുക്കുന്നുണ്ട്. അതിന്റെ സംവിധാനമെവിടെയാണ്? അത് എങ്ങനെയാണ് കൺട്രോൾ ചെയ്യപ്പെടുന്നത്? എവിടെയും ഇല്ല. അതുകൂടി ഇതിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ഒരു വ്യവസ്ഥയെ സംബന്ധിച്ച് ആലോചിക്കണം. ഒരു സ്റ്റേറ്റ് റിവർ വെറ്റ് ലാന്റ് അതോറിറ്റി എന്ന പേരിലോ അല്ലെങ്കിൽ കായലിലും പുഴയിലും നദിയിലും നിന്നൊക്കെ എടുക്കുന്ന മണലിന്റെ ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടത് നല്ലതാണ്. ഇവിടെ നേരത്തെ ശ്രീ. സി.കെ. നാണു പറഞ്ഞു. സെസ്സ് ഓഡിറ്റ് നടത്തി കണക്കാക്കപ്പെടുന്ന മണലിനേക്കാൾ എത്രയോ കൂടുതൽ മണൽ എടുത്തുകൊണ്ട് പോകുന്നു എന്ന്. അതൊരു പ്രശ്നം തന്നെയാണ്. മണൽ വാരൽ നിയന്ത്രണത്തെ സംബന്ധിച്ച് ഗവൺമെന്റ് ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ അല്ലെങ്കിൽ കൊടുത്ത ഉത്തരവ് 14 ജില്ലയ്ക്കും ഒരുപോലെ ബാധകമാകണ്ടേ? 14 ജില്ലകളിലും ഒരു പോലെ ബാധകമാകേണ്ട മണൽ വാരൽ നിയമങ്ങൾ പല രീതിയിലായാൽ

എങ്ങനെയാണ് അത് ശരിയാകുന്നത്? തൃശ്ശൂർ ജില്ലയിലും മലപ്പുറം ജില്ലയിലും ലോറി പുഴയിലേയ്ക്ക് ഇറക്കാൻ പാടില്ല. ബാക്കി എല്ലാസ്ഥലത്തും ഇറക്കാം. എന്താണ് ഇതിന്റെ ഫലം? ഞാൻ ഒരു ഉദാഹരണം പറയാം. പുഴയിൽ എല്ലായിടത്തും മണൽ ഇല്ല. ഒരു സ്ഥലത്താണ് കടവ് എന്ന് വയ്ക്കുക. ആ കടവിൽ നിന്ന് ഇറങ്ങിയ വഴിക്ക് മണൽ ഇല്ല. അവിടെനിന്ന് ഒന്നര രണ്ട് കിലോമീറ്ററിനപ്പുറത്താണ് മണൽ എടുക്കാൻ പറ്റുന്ന ഒരു സംവിധാനമുള്ളത്. അവിടെനിന്നേ മണൽ കിട്ടുകയുള്ളു. അതിന്റെ തൊട്ടടുത്ത് കടവില്ല. കടവ് നിശ്ചയിക്കുന്നത് ജില്ലാഭരണകൂടവും ഗവൺമെന്റുമാണ്. ആ നിശ്ചയിക്കപ്പെട്ട കടവിൽ നിന്ന് മണലെടുത്ത് ഒന്നര കിലോമീറ്ററോ രണ്ട് കിലോമീറ്ററോ നടന്ന് കടവത്ത് വന്ന് മണൽ കയറ്റേണ്ട നിരവധി കേന്ദ്രങ്ങൾ ഉണ്ട്. എന്റെ കൂടെ വന്നാൽ ഞാൻ കാണിച്ചുതരാം. അവിടെ എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? തൃശ്ശൂർ, മലപ്പുറം ജില്ലയിലെ തൊഴിലാളികൾ അവിടെ നിന്ന് ഒരു ചാക്ക് മണലേറ്റി രണ്ടര കിലോമീറ്റർ നടന്ന് വന്ന് ലോറിയിൽ കയറ്റണം. ആ ലോറി മണലിന് എന്തായിരിക്കും വില? എത്ര രൂപ കൂലി കൊടുക്കണം? നദിയിലേയ്ക്ക് ലോറി ഇറങ്ങിച്ചെന്ന് മണലെടുക്കാൻ പാടില്ല എന്ന് പറഞ്ഞ് ഒരു നിയന്ത്രണം ഈ ജില്ലകളിൽ മാത്രം കൊണ്ടുവന്നാൽ ആർക്കാണ് ഗുണം? നിയന്ത്രണം വേണമെന്ന് പറയുന്നവർ ആർക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നത്? തൃശ്ശൂർ ജില്ലയിൽ 45,000- 50,000 രൂപ ഒരു ലോറി മണലിന് കൊടുത്ത് ഏത് പാവപ്പെട്ടവനാണ് വീട് ഉണ്ടാക്കാൻ പറ്റുന്നത്. അങ്ങനെ ഈ നിയന്ത്രണം കൊണ്ടുവന്നപ്പോൾ ആർക്കാണ് ഗുണമുണ്ടായത്? കൃത്രിമമണൽ ഉണ്ടാക്കുന്നവർ, എം. സാന്റുകാർ അങ്ങനെയൊക്കെയുള്ള ആളുകൾ വിറ്റിരുന്ന മണലിന്റെ വില മൂന്നിരട്ടിയായി കൂടി. എന്റെ മണ്ഡലത്തിലെ തലപ്പള്ളി താലൂക്കിൽ കഴിഞ്ഞ ആറ് മാസമായി മുഴു

വൻ പണവും തഹസീൽദാറുടെ അടുത്ത് അടച്ച് മണലിനുവേണ്ടി കാത്തിരിക്കുന്ന ഒരാൾക്കുപോലും മണൽ കിട്ടിയിട്ടില്ല. അതുപോലെ ഭാരതപ്പുഴയുടെ ഒരു സൈഡ് ശ്രീ. കെ. രാധാകൃഷ്ണന്റെ മണ്ഡലമായ ചേലക്കരയും മറു സൈഡ് പാലക്കാടുമാണ്. ഈ സൈഡിലുള്ളവർ ചുമന്ന് മണൽകൊണ്ടുപോകുകയും ആ സൈഡിലുള്ളവർ ലോറിയിൽ കയറ്റികൊണ്ട് പോകുകയും ചെയ്യുന്നു. രണ്ട് മണലിനും രണ്ട് വിലയാണ്. നിയമമുണ്ടാക്കുമ്പോൾ എന്ത് നോക്കിയിട്ടാണ് ചെയ്യുന്നത്? ആർക്കുവേണ്ടിയാണ് നിങ്ങൾ ചെയ്യുന്നത്? പ്രതിഷേധം ഉയർത്തുന്ന ****************[4] ആർക്ക് വേണ്ടിയാണ് സംസാരിക്കുന്നത്? ആർക്കാണ് ലാഭമുണ്ടാകുന്നത്? ആർക്കാണ് നഷ്ടമുണ്ടാകുന്നത്? പാവപ്പെട്ട ആളുകൾ എവിടെനിന്നെങ്കിലും കടം വാങ്ങി ഒരു വീട് വയ്ക്കാൻ വേണ്ടി ശ്രമിക്കുമ്പോൾ, അതിന് 45,000-50,000 രൂപ കൊടുത്ത് മണൽ വാങ്ങണമെന്ന് പറഞ്ഞാൽ എങ്ങനെ സാധിക്കും?

ശ്രീ. സി.പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ബാബു എം. പാലിശ്ശേരി: ഇതൊന്ന് പറഞ്ഞ് തീർക്കട്ടെ. പോയിന്റ് ഓഫ് ഓർഡർ ആണെങ്കിൽ പോയിന്റ് പറയണം.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഇവിടെ******************* ആരെയാണ് സഹായിക്കുന്നത് എന്നുള്ള ചോദ്യം ദുരുപധിഷ്ഠമാണ്. തൃശ്ശൂർ ജില്ലാ കളക്ടർ യോഗം വിളിച്ചുകൂട്ടി പുഴയിലേയ്ക്ക് വാഹനമിറക്കണമെന്ന് തീരുമാനിച്ചു. നിലവിലുള്ള നിയമമനുസരിച്ച് പുഴയിലേയ്ക്ക് വാഹനമിറക്കാൻ പാടില്ല. ഇവിടെ വാഹനങ്ങൾ പുഴയിലേയ്ക്ക് ഇറക്കി അവശേഷിക്കുന്ന മണൽ കൂടി എടുത്തു കൊണ്ടുപോകുക എന്നു പറയുന്നത് . . ., സെസ്സ് നിശ്ചയിച്ച കടവിൽനിന്ന് മണൽ കൊണ്ടുപോകാമെന്നല്ലാതെ, ഭാരത

---

[4] ********************** സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

പ്പുഴയിൽ അല്ലെങ്കിൽ മറ്റു നദികളിലെ അവശേഷിച്ച മണൽ മുഴുവൻ വാഹന ങ്ങളിറക്കി കൊണ്ടുപോകണമെന്ന് പറയുന്നത്.... ഒരു ഭാഗത്ത് മണൽ മാഫിയ യ്ക്കെതിരെ പ്രസംഗിക്കുക, മറുഭാഗത്ത് അവരെ സഹായിക്കാനല്ലേ എന്നു ള്ള കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുമുമ്പ് അദ്ദേഹം ******************** [5]ആരോപണമുന്നയിച്ചത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിച്ചിട്ട് ചെയ്യാം.

ശ്രീ. ബാബു എം. പാലിശ്ശേരി: നിങ്ങൾ ഏത് വകുപ്പനുസരിച്ചാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്? ഞാൻ കള്ള പരിസ്ഥിതി വാദികളെക്കു റിച്ചാണ് പറഞ്ഞത്. പരിസ്ഥിതി വാദികളെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്. മേധാപട്കറെ പോലെയുള്ള പരിസ്ഥിതി വാദികളെ ഞങ്ങൾ എല്ലാവരും ബഹുമാനിക്കുന്നു. ഈ നാടിനുവേണ്ടി പ്രവർത്തിക്കുന്ന നിരവധി പരിസ്ഥിതി വാദികളുണ്ട്. അവരെയെല്ലാം ഞങ്ങൾ ബഹുമാനിക്കുന്നു. ഈ മണൽ മാഫി യയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന കള്ള പരിസ്ഥിതി വാദികൾ. . . . ., ഒരു പ്രതിനിധി സംഘത്തെ അയച്ചാൽ ഞാൻ കാണിച്ചുതരാം. രണ്ടര കിലോമീറ്റർ ദൂരം തൊഴിലാളികൾ തലയിൽ ചുമന്ന് ഒരു ചാക്ക് മണൽ കൊണ്ടുവന്ന് ഗവൺമെന്റ് അംഗീകരിച്ച കടവിൽ നിറുത്തിയിരിക്കുന്ന ലോറിയിൽ കയറ്റി കൊണ്ടുപോകണമെന്ന് നിഷ്കർഷിക്കുന്ന ആ മണൽ, അവിടെ നിന്ന് ചെറിയ ഒരു ഇടവഴിയുണ്ടാക്കി ഈ മണൽ മാഫിയ ശ്രീ.സി.കെ. നാണു പറ ഞ്ഞതുപോലെ പാതിരാസമയത്ത് കൊണ്ടുപോയി ലക്ഷക്കണക്കിന് രൂപ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടത് നഷ്ടപ്പെടുത്തുന്ന കാഴ്ചകൾ നാട്ടിൽ കാണാൻ സാധിക്കുന്നുണ്ട്. ഇത് തടയാൻ ഇപ്പോഴത്തെ ഗവൺമെന്റിന്റെ

---

[5]***************** സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

ഭാഗത്ത് ഒരു സംവിധാനവുമില്ല. മറ്റുള്ളവർക്കുവേണ്ടി വെറുതെ വാദിക്കരുത്? ഞങ്ങളൊക്കെ പരിസ്ഥിതി വാദികളാണ്. ഒരിക്കലും ഈ നാട് നശിക്കണമെന്ന് ആഗ്രഹിക്കുന്നവരല്ല. അപ്പോൾ വേറെ വല്ലതിന്റെയും മറവിൽ നിന്നുകൊണ്ട് ആ വർത്തമാനം പറയുന്നത് ശരിയല്ല. മണൽ മാഫിയ പല രൂപത്തിലാണ്. ആ മണൽ മാഫിയ പലതരം കുപ്പായമിട്ടുകൊണ്ട് വരും. ഇങ്ങനെ കുറേ ആളുകളുണ്ട്. മണൽ മാഫിയയാണ് കേരളം ഭരിക്കുന്നത് എന്ന് പറഞ്ഞത് ശ്രീ. ബാബു എം. പാലിശ്ശേരിയല്ലല്ലോ; എന്റെ പാർട്ടിയുടെ നേതാക്കന്മാരല്ലല്ലോ? അത് പറഞ്ഞത് ശ്രീ. വി.എം. സുധീരനാണ്. ശ്രീ. വി. എം. സുധീരൻ ഗവൺമെന്റിനുനേരെ വിരൽ ചൂണ്ടി പറഞ്ഞതല്ലേ? ഇത് മണൽ മാഫിയയുടെ ഭരണം, ഇത് ഗുണ്ടാ രാജിന്റെ ഭരണം, ഇത് തസ്ക്കര രാജിന്റെ ഭരണം. ഞാനാണോ പറഞ്ഞത്? ഞാൻ ഇതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. പക്ഷെ പറയിപ്പിക്കുകയാണെങ്കിൽ എന്ത് ചെയ്യാൻ പറ്റും? ഗ്രൂപ്പ് ഒന്നും എനിക്കറിയില്ല. പക്ഷെ ശ്രീ. വി.എം. സുധീരനാണ് മൈക്ക് കിട്ടിയാൽ നാടുനീളെ പ്രസംഗിച്ച് കൊണ്ട് നടക്കുന്നത്. ഞങ്ങളുടെ നാട്ടിൽ മണലിന്റെ പേരിൽ അറിയപ്പെടുന്ന ഉന്നതരായ നേതാക്കന്മാരുണ്ട്. മണൽ കൊണ്ട് കോടാനുകോടീശ്വരന്മാരായ ആളുകൾ ഞങ്ങളുടെ നാട്ടിലുണ്ട്. രാഷ്ട്രീയ രംഗത്തും അവരുണ്ട്. ആര്യാടൻ മുഹമ്മദ് എന്നൊക്കെ പറയുന്നതുപോലെ ഞങ്ങളുടെ നാട്ടിൽ മണൽ ഡാഷ് എന്ന് പറയുന്ന നേതാക്കന്മാരുണ്ട്. അവർ അറിയപ്പെടുന്നത് മണലിന്റെ പേര് പറഞ്ഞാണ്. വേറെ ഏത് പേര് പറഞ്ഞാലും അറിയില്ല. അവർ വലിയ കമ്പനികളിലെ ചെയർമാന്മാരായിരിക്കുന്നുണ്ട്. അവർ മണൽ കൊണ്ടാണ് ജീവിക്കുന്നത്. ഏത് രാഷ്ട്രീയപാർട്ടിയാണെങ്കിലും അത്തരം ആളുകൾക്ക് പിന്തുണ കൊടുക്കരുത്. മണൽ മാഫിയയുടെ മുമ്പിലും പിന്നിലും കാവൽ നിന്നു

കൊണ്ട് പോയ ഡിവൈ.എസ്.പി. വളരെ വേഗത്തിൽ എസ്.പി. ആയി. ഇപ്പോൾപത്രത്തിൽ കണ്ടത് ഒരു ഡിവൈ.എസ്.പി.യെ ഐ.പി.എസ്-ന് പരിഗണിക്കുന്നൂവെന്നാണ്. മണൽ മാഫിയയുടെ സ്വാധീനം ചെറുതൊന്നുമല്ല. മണൽ മാഫിയ ഈ നാട്ടിൽ വിലസുകയാണ്. അതുകൊണ്ടാണ് അവരാണ് ഈ നാട് ഭരിക്കുന്നതെന്ന് ശ്രീ. വി.എം. സുധീരനെപ്പോലെയുള്ള ആളുകൾക്ക് പറയേണ്ടി വന്നത്. കോടീശ്വരന്മാരായ പോലീസ് ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കന്മാരുണ്ട്. മണൽ മാഫിയയുടെ മുന്നിൽ അകമ്പടി ജീപ്പുമായി പോകാൻ ഒരു മടിയുമില്ലാത്ത ആളുകളുടെ ലിസ്റ്റ് ഈ ഗവൺമെന്റ് ആവശ്യപ്പെട്ടാൽ, അന്വേഷിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ ഞാൻ കൊടുക്കാം. ഈ നാടിനെ കുട്ടിച്ചോറാക്കുന്നതും നാളേയ്ക്ക് വേണ്ടി ഒന്നും കരുതി വയ്ക്കാതെ ഈ നാട്ടിനെ നശിപ്പിക്കുന്നതും ആരാണ്? അവർക്ക് ആരാണ് പിന്തുണ കൊടുക്കുന്നത്? ഓരോ ജില്ലയ്ക്കും ഓരോ മണൽ നിയമമായാൽ പറ്റില്ല. ഞാൻ പറഞ്ഞല്ലോ അതിന്റെ ഗുണം കിട്ടുന്നത് വേറെചില ആളുകൾക്കാണ്. മണൽ മാഫിയ ഗുണ്ടകളാണ് ഈ നാട് ഭരിക്കുന്നത്. എം.എൽ.എ. ഫണ്ട് കൊണ്ട് ഉണ്ടാക്കിയ ഒരു റോഡ് ഉദ്ഘാടനം ചെയ്യാൻ പോകാൻ ഈ കേരളത്തിലെ എം.എൽ.എ.യ്ക്ക് പറ്റില്ല. നാൽപ്പത് കേസുകളിലെ പ്രതിയായി മാസങ്ങളായി ജയിലിൽക്കിടന്ന ഗുണ്ട പുറത്തേയ്ക്ക് വന്ന് ആഴ്ചകൾക്കുള്ളിൽ ഈ റോഡ് ഉദ്ഘാടനം ചെയ്യാൻ പോയ ശ്രീ. കെ.വി. അബ്ദുൾ ഖാദറിനെ ആക്രമിക്കാൻ ചെന്നു, അത് ഇവിടെ ചർച്ച ചെയ്തതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ ഗുണ്ട ഇപ്പോഴും ചാവക്കാട് ടൗണിൽ നെഞ്ച് വിരിച്ച് ഇരിപ്പുണ്ട്. ഒരു പോറലു പോലും പറ്റിയിട്ടില്ല. അവരാണ് നാട് ഭരിക്കുന്നത്. അതാണ് ഇവിടെ നടക്കുന്നത്. ഗുണ്ടാരാജ്, തസ്ക്കര രാജ്, അഴിമതി രാജ് ഇങ്ങനെയൊക്കെയാ

ണ്.... ഞാൻ ഇതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. വളരെ വേഗത്തിൽ പ്രസംഗം നിറുത്താൻ ഉദ്ദേശിച്ചതാണ്. മണലിന്റെ പേരിൽ അറിയപ്പെടുന്നതുപോലെ തന്നെ നമ്മുടെ നാട്ടിലെ ജനപ്രതിനിധികളും ഇപ്പോൾ പല നിറത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്. ആൾക്കാരുടെ സംസാരമാണ് ഞാൻ പറയുന്നത്. ചിലതൊക്കെ പത്രങ്ങളിലും വരുന്നുണ്ട്, ചിലതൊക്കെ ആൾക്കാരുടെ ഇടയിൽ നിന്നുമുള്ള സംസാരവുമാണ്. ഹരിത എം.എൽ.എ. മാരുണ്ട്. മഞ്ഞ എം.എൽ.എ. മാരുണ്ട്. ജാതിമത സംഘടനകളുടെ പ്രതിനിധികളാണ് തങ്ങൾ എന്ന് അഭിമാനിക്കുന്ന കുറേ ആളുകളെ നാട്ടുകാർ വിളിക്കുന്ന പേര് മഞ്ഞ എം.എൽ.എ. എന്നാണ്. ചുവപ്പ് എം.എൽ.എ.മാരുമുണ്ട്. കടുംപച്ച എം.എൽ. എ.മാരുണ്ട്. ഗാന്ധി എം.എൽ.എ.മാരുണ്ട്. **************** എം.എൽ.എ.മാർ ഉണ്ട്. ഇത്തരം പേരുകൾ ജനങ്ങൾ കൊടുത്ത പേരാണ്. *************** എം.എൽ.എ.മാരുണ്ട്. രാഷ്ട്രപതി പ്രസംഗിക്കാൻ വന്നാൽ പോലും ഒരു മടിയും കൂടാതെ *************** എം.എൽ.എ.മാർ നമ്മുടെ കൂട്ടത്തിലുണ്ട്. നീല എം.എൽ.എ.മാരുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ജനപ്രതിനിധികളെക്കുറിച്ച് ഇങ്ങനെയുള്ള പേരുകൾ പറഞ്ഞത് ശരിയാണോ? സ്വയം നമ്മളെ ജനങ്ങളുടെ മുമ്പാകെ ഇങ്ങനെ അപഹസിക്കുകയാണോ? *********************[6] എന്ന് പറയുന്നത് ഓർഡറിലാണോ? അങ്ങനെ പറയാമോ?

<u>മി. ചെയർമാൻ</u>: ഒരു പ്രത്യേക വ്യക്തിയെക്കുറിച്ചല്ല പറഞ്ഞത്. അത് പൊതുവേ പരാമർശിച്ചതാണ്.

തുടരും..... ശ്രീ. ബെന്നി ബെഹനാൻ )

---

[6] ********************* സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

18-02-2013 AS-JG-III
2.30-2.40

(തുടർച്ച ...... ശ്രീ. ബാബു. എം. പാലിശ്ശേരി)

ശ്രീ. ബെന്നി ബെഹനാൻ: സർ, ഒരു വ്യക്തിയെക്കുറിച്ചല്ല പറഞ്ഞതെങ്കിലും അങ്ങനെ പറയുന്നത് ശരിയാണോ? ഗാന്ധി എം.എൽ.എ മാർ, xxxxxxxxxxxxx[7] അതിന്റെ പിന്നാലെ പോകുന്ന എം.എൽ.എ മാർ എന്ന പരാമർശം...... അത്തരം പദപ്രയോഗങ്ങൾ നമുക്ക് ........

ശ്രീ. ബാബു എം. പാലിശ്ശേരി: സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ പറയാം. ഉറങ്ങുന്ന എം.എൽ.എ മാർ എന്നും മറ്റും പറഞ്ഞത് ഇന്ന എം. എൽ.എ എന്ന് ഞാൻ പറഞ്ഞിട്ടില്ല. എം.എൽ.എ-മാരുടെ മുഖത്തുനോക്കി തെണ്ടികൾ എന്നു വിളിച്ചപ്പോൾ നിങ്ങൾ മിണ്ടിയോ? അപ്പോൾ എം.എൽ.എ-മാരുടെ അഭിമാനം എവിടെപ്പോയി? ഞങ്ങളെ തെണ്ടികൾ എന്ന് ശ്രീ. പി.സി. ജോർജ് ടി.വി യുടെ മുന്നിൽവച്ച് വിളിച്ചില്ലേ? ഞാൻ ഓർഡറിലല്ലാത്ത എന്തെങ്കിലും കാര്യം പറഞ്ഞാൽ അങ്ങ് അത് ഒഴിവാക്കിക്കൊള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാനപ്പെട്ട പി.സി. ജോർജിന്റെ ഒരു പരാമർശത്തെക്കുറിച്ച് ശ്രീ. ബാബു.എം. പാലിശ്ശേരി ഞാനിത് പറഞ്ഞപ്പോൾ സൂചിപ്പിച്ചു. ശ്രീ. പി.സി. ജോർജിന്റെ പരാമർശം സഭയ്ക്ക് പുറത്തായിട്ടുപോലും ആ പരാമർശം ഒഴിവാക്കേണ്ടതായിരുന്നു എന്ന് സ്പീക്കർ റൂളിംഗ് നൽകി. ഇതിനെക്കുറിച്ച് അങ്ങ് റൂളിംഗ് നൽകണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. എം.എൽ.എമാരുടെ വിലയിടിയത്തക്ക രീതിയിലുള്ള പെരുമാറ്റമോ സംസാരമോ ഉണ്ടാകരുതെന്ന് പറഞ്ഞു. ഇവിടെ

[7] പരിശോധിച്ച് നീക്കം ചെയ്യാവുന്നതാണ്.

ബഹുമാനപ്പെട്ട ബാബു.എം. പാലിശ്ശേരി എം.എൽ.എ. മാരുടെ പേര് പറഞ്ഞിട്ടില്ലെങ്കിലും എം.എൽ.എ. മാർ എന്ന മുഴുവൻ വർഗ്ഗത്തെക്കുറിച്ചും ആക്ഷേപിക്കത്തക്കതരത്തിൽ XXXXXXXXXXX[8] എം.എൽ.എ മാർ എന്ന പദപ്രയോഗം അങ്ങേയ്ക്കും ഭൂഷണമല്ല. എം.എൽ.എ എന്ന പദവിയോട് അങ്ങേയ്ക്ക് മാന്യത പുലർത്താൻ കഴിയുമെങ്കിൽ അങ്ങത് പിൻവലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ബാബു.എം. പാലിശ്ശേരിയോട് പറയുന്നു.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, ഞാൻ ഒരു എം.എൽ.എ യുടെയും പേര് പറഞ്ഞിട്ടില്ല. ..... (ബഹളം) ........ ജനങ്ങൾക്കിടയിൽ സംസാരമുള്ള വിഷയങ്ങളാണ് ഞാൻ പറഞ്ഞത്. ഞാൻ നിങ്ങളെക്കുറിച്ച് പറഞ്ഞില്ല. നിങ്ങൾ ഞാൻ ഇന്നതാണ് എന്ന് സ്വയം പറഞ്ഞാൽ ഞാൻ ഉത്തരവാദിയല്ല. ഞാൻ നിങ്ങളുടെ ആരുടെയും പേര് പറഞ്ഞിട്ടില്ല. നിങ്ങൾ ഏതെങ്കിലും കാറ്റഗറിയിൽപ്പെടുമെന്ന് പറഞ്ഞാൽ ഞാൻ ഉത്തരവാദിയല്ല.

മി. ചെയർമാൻ: അത് പരിശോധിച്ച് ചട്ടവിരുദ്ധമാണെങ്കിൽ പിൻവലിക്കും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, എം.എൽ.എ മാർ നിയമസഭയ്ക്കുള്ളിൽ എം.എൽ.എ മാരെക്കുറിച്ച് ഇങ്ങനെയാണ് പറയുന്നതെങ്കിൽ ........ എന്നിട്ട് ഞാൻ ആരുടെയും പേര് പറഞ്ഞില്ല എന്നുപറയുന്നു.........എന്തിനാണ് പേര് പറയുന്നത്; ........... ആരുടെ പേരാണ് പറയുന്നത്?

മി. ചെയർമാൻ: ചെയർ പറയട്ടെ.... പരിശോധിച്ചിട്ട് രേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതാണെങ്കിൽ നീക്കം ചെയ്യും. മി. കെ. ശിവദാസൻ നായർ, ദയവായി ഇരിക്കണം.

---

[8] പരിശോധിച്ച് നീക്കം ചെയ്യാവുന്നതാണ്.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, ഞാൻ എന്തെങ്കിലും ദുരുദ്ദേശത്തോടെയോ ആർക്കെങ്കിലും വേദനിക്കാൻവേണ്ടിയോ പറഞ്ഞതല്ല. ആളുകൾക്കിടയിൽ സംസാരമുള്ള വിഷയങ്ങളാണ് ഞാൻ പറഞ്ഞത്. ഇവിടെയിരിക്കുന്ന ഏതെങ്കിലും എം.എൽ.എ മാർ, നമ്മളെല്ലാവരും പരിശുദ്ധരാണ് എന്ന അർത്ഥത്തിൽ സ്വയം കാണണ്ട. എന്തെങ്കിലും കുറ്റവും കുറവുകളുമൊക്കെയുണ്ടെങ്കിൽ അത് ജനങ്ങൾ പറയുന്നതാണ്. അത് നമ്മൾ തിരുത്തണം. അതാണ് വേണ്ടത്. അതിനപ്പുറത്ത് ഒന്നും വേണ്ട. നിങ്ങൾ ഇന്നതാണ് എന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ നിങ്ങൾ സ്വയം അങ്ങനെ വാദിച്ചാൽ എനിക്ക് നിവൃത്തിയില്ല. ദയവു ചെയ്ത് ഞാൻ നിങ്ങളെ ആരെയും പറഞ്ഞില്ല. ഇതൊക്കെയുള്ളതാണ്. ............ എടാ, പോടാ എന്ന് വിളിക്കുന്നതാണ് നിങ്ങളുടെ മാന്യതയെങ്കിൽ, ആ മാന്യത നിങ്ങൾ പിൻവലിക്കണ്ട, മാറ്റിവയ്ക്കണ്ട, റിക്കോർഡിൽ അങ്ങനെ തന്നെ രേഖപ്പെടുത്തട്ടെ.

മി. ചെയർമാൻ: ശ്രീ. സി.പി. മുഹമ്മദ്, ദയവായി ഇരിക്കണം. ശ്രീ. ബാബു എം. പാലിശ്ശേരി, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, വിഷമിക്കുമ്പോഴാണ് എന്തോ സംശയം ആൾക്കാർ കരുതുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, ഞാൻ മാത്രമല്ല പറയുന്നത്, പത്രക്കാർവരെ പറയുന്നില്ലേ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..... ചർച്ച വേണ്ട.

ശ്രീ. ബാബു. എം. പാലിശ്ശേരി: രണ്ട് ദിവസംമുമ്പ് ഹിന്ദു പത്രത്തിൽ ഒരു വാർത്ത വന്നു. അതിനെ ചീത്ത അർത്ഥത്തിൽ കാണുന്നതെന്തിനാണ്?

കളർ ഷർട്ടിടുന്ന എം.എൽ.എ മാർ എന്നുപറഞ്ഞുകൊണ്ട് ഒരു വാർത്ത വന്നില്ലേ; നല്ല ഷർട്ടിടുന്ന എം.എൽ.എ മാർ .......

മി. ചെയർമാൻ: ശ്രീ. ബാബു എം. പാലിശ്ശേരി, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, ഞാൻ ചുരുക്കുകയാണ്. ഇക്കാര്യത്തിൽ ആർക്കെങ്കിലും പ്രകോപനമുണ്ടായെങ്കിൽ, വിഷമമുണ്ടായെങ്കിൽ ദയവായി നിങ്ങൾ ക്ഷമിക്കണമെന്ന് ഞാൻ പറയുകയാണ്. ഇത് പറയുമ്പോൾ ഒരു ചീത്ത ഉദ്ദേശം ഞാൻ ഉദ്ദേശിച്ചിട്ടില്ല. യാതൊരു അർത്ഥത്തിലും ഞാൻ ഉദ്ദേശിച്ചിട്ടില്ല. ഒരു തെറ്റിദ്ധാരണയും ആർക്കും വേണ്ട. എന്റെ മുന്നിലിരിക്കുന്ന ഭരണപക്ഷ എം.എൽ.എ മാരെ ഉദ്ദേശിച്ചോ അല്ലെങ്കിൽ അത്തരം ആൾക്കാരെ ഉദ്ദേശിച്ചോ പറഞ്ഞതല്ല. പക്ഷേ ഇത് ആ അർത്ഥത്തിലൊക്കെയുണ്ട് എന്ന് മനസ്സിലാക്കാൻവേണ്ടി പറഞ്ഞതാണ്. അത് നിങ്ങൾക്കെല്ലാവർക്കും വിഷമമായെങ്കിൽ ആ അർത്ഥത്തിൽ അതെടുക്കേണ്ടതില്ല എന്ന് ഞാൻ വിനയപൂർവം നിങ്ങളോട് പറയുന്നു. പക്ഷേ നിങ്ങൾ ഓർക്കേണ്ടത് ആ രീതിയിലും ചില പരാമർശങ്ങൾ വരുന്നുണ്ട്. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. നമ്മുടെ പ്രകൃതി വളരെ അപകടാവസ്ഥയിലാണ്. ...........അതിന് ഒരു പരിസമാപ്തിയുണ്ടായല്ലോ? ഒരു നല്ല പദപ്രയോഗം നമുക്കിവിടെ കിട്ടിയല്ലോ, ഞാൻ അതുകൊണ്ടാണ് പറഞ്ഞത് അത് നീക്കം ചെയ്യണ്ട, അത് മാറ്റണ്ട, പിൻവലിക്കണ്ട, ഒന്നുംവേണ്ട, അത് അവിടെ കിടന്നോട്ടെ എന്ന്. അഞ്ച് വർഷം കഴിഞ്ഞാൽ കേരളം മരുഭൂമിയാകുമെന്നല്ല, ആ കാലയളവിനുള്ളിൽ മരുഭൂമിയാകുന്ന പ്രക്രിയയിലേയ്ക്ക് പോകുമെന്ന് കേരളത്തെ സംബന്ധിച്ചുള്ള ഒരു പഠനത്തിൽ വ്യക്തമാകുന്നു. അതിഭീകരമായ കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ വരാൻപോകുന്നു എന്ന സൂചനയുണ്ട്. എല്ലാവരും ആശങ്കപ്പെടുകയും ഒരു പ്രതിവിധി കണ്ടെത്താൻവേണ്ടി ശ്രമിക്കുകയുമൊക്കെ

ചെയ്യേണ്ട കാലമാണ്. ഞാറ്റുവേലകൾ, മഴ, പുഴ ഇവയൊക്കെ നഷ്ടമായി, ചുടുകാറ്റാണ് വീശുന്നത്, വെയിലത്ത് പുറത്തിറങ്ങി നിൽക്കാൻപോലും കഴി യാത്ത സ്ഥിതിയാണുള്ളത്. ഒരിക്കലും ഉണങ്ങുമെന്ന് കരുതാത്ത മര ങ്ങൾപോലും ഉണങ്ങിത്തുടങ്ങി. അപകടകരമായ സ്ഥിതിയിലേയ്ക്ക് കേരളം പോകുകയാണ്. ഇവയ്ക്കൊക്കെ ആക്കം കൂട്ടുന്ന നിയമങ്ങളും ഉത്തരവുകളു മാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. അത് ദു:ഖകരമായ സ്ഥിതി യാണ്. പ്രകൃതിയെയും പരിസ്ഥിതിയെയുമാകെ തകർക്കുന്ന തരത്തിലുള്ള നിയമങ്ങൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നു. മണലിന്റെയും നദി യുടെയും വിഷയം മാത്രമല്ല, 2005-നുശേഷം കൃഷി ചെയ്യാത്ത പാട ങ്ങളെല്ലാം നികത്താൻകഴിയും എന്ന രീതിയിലുള്ള പ്രതീക്ഷ ജനങ്ങൾക്കിട യിൽ ഇപ്പോഴുണ്ട്. നികത്താൻ കഴിയുമെന്ന് കരുതി കഴുകനെപ്പോലെ കാത്തി രിക്കുന്ന ആളുകൾ വരമ്പത്ത് തയ്യാറായി നിൽക്കുന്നുണ്ട്. അങ്ങനെ വന്നാ ലുള്ള സ്ഥിതിയെപ്പറ്റി ആലോചിച്ചുനോക്കണം. 2005-നുശേഷം നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട് കൃഷി ചെയ്യാൻ പണമില്ലാത്ത ആളുകളുടെ കൈവശമുള്ള ഭൂമി നികത്താൻ കഴിയുമെന്ന അവസ്ഥ വന്നാൽ അതെല്ലാം ഭൂ മാഫിയകളുടെ കൈയിലേയ്ക്ക് എത്തിപ്പെട്ടാൽ കേരളം എവിടേയ്ക്കായി രിക്കും പോകുന്നത്. 150 പറങ്കിമാവിൻ തൈ നട്ടുപിടിപ്പിച്ചാൽ ആയിരക്കണ ക്കിന് ഏക്കർ ഭൂമിപോലും വാങ്ങാം, അത് പറങ്കിമാവിൻതോട്ടമായി പരിഗണി ക്കപ്പെടും എന്ന നിയമം വന്നാൽ ........ ഞാൻ ഒരിക്കൽ നിയമസഭയിൽ പറഞ്ഞതാണ്, അതുണ്ടാക്കുന്ന ഭവിഷ്യത്ത് കേരളത്തിന്റെ പരിസ്ഥിതിയെ മാത്രം ബാധിക്കുന്നതല്ല. കേരളത്തിലെ മനുഷ്യരുടെ സ്വപ്നങ്ങളെക്കൂടി ബാധിക്കുന്നതാണ്. കാരണം 15 ഏക്കറിൽ കൂടുതൽ ഭൂമി ആർക്കും

വാങ്ങാൻ പറ്റില്ല എന്നൊരു നിയമമുള്ളതുകൊണ്ട് ബാക്കിയുള്ള ഭൂമിയിൽനിന്നും നാളെ രണ്ടോ മൂന്നോ സെന്റ് വാങ്ങാം എന്ന പ്രതീക്ഷ യിലാണ് ഭൂമിയും വീടുമില്ലാത്ത ആളുകൾ ഇന്ന് ജീവിക്കുന്നത്. ഈ ഭൂമി നാലോ അഞ്ചോ പേർക്ക് വാങ്ങാൻ പറ്റും എന്ന നിയമമുണ്ടായാൽ അവരി തെല്ലാം വാങ്ങും. അവരുടെ കൈയിൽ ആവശ്യമുള്ള പണമുണ്ട്. അങ്ങനെ വാങ്ങാൻവേണ്ടി നിയമമുണ്ടായാൽ പാവപ്പെട്ടവൻ എവിടേയ്ക്ക് പോകും? ഒരു കൂര വച്ച് താമസിക്കാമെന്ന് സ്വപ്നം പോലും കാണാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് കേരളം പോകുകയാണ്. മറ്റ് എസ്റ്റേറ്റുകളിലും ഇതുത ന്നെയാണ്. സ്ഥിതി. ഇങ്ങനെ വാങ്ങിക്കൂട്ടുന്ന മറ്റ് എസ്റ്റേറ്റുകളിലും 5 ശത മാനം വീതം കെട്ടിടങ്ങളുണ്ടാക്കാൻവേണ്ടി ചെലവഴിക്കാം എന്നുപറഞ്ഞാൽ പരിസ്ഥിതിയുടെ സ്ഥിതി എന്തായിരിക്കും. പരിസ്ഥിതിയെല്ലാം വലിയ അപക ടാവസ്ഥയിലേയ്ക്ക് പോകുകയാണ്. കേരളം ഉണങ്ങുകയാണ്, ദാരിദ്ര്യത്തി ലേയ്ക്ക് കുതിക്കുകയാണ്. യഥാർത്ഥമായ ഹരിത ഉത്തരവ് ഇവിടെയുണ്ടാക ണം. എനിക്ക് വളരെ സന്തോഷമുണ്ട്. ഇന്ന് തേജസ് പത്രത്തിൽ, തേജസ് പത്രത്തിൽ മാത്രം ആ വാർത്ത വന്നതെന്തുകൊണ്ടാണെന്ന് അറിയില്ല, ബഹു മാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവാണെന്നാണ് ഞാൻ മനസ്സി ലാക്കുന്നത്. നിലം നികത്തിവച്ച വീടുകളുടെ വിൽപ്പന തടഞ്ഞുകൊണ്ടുള്ള ഉത്തരവാണ്. പത്ത് വർഷത്തേയ്ക്ക് വീട് വിൽക്കാൻ പാടില്ല. ഡോ. എം.കെ. മുനീർ സാഹിബിന്റെ വകുപ്പാണോയെന്ന് എനിക്ക് അറിയില്ല. തദ്ദേശസ്വ യംഭരണ സ്ഥാപനത്തിന്റെ വകുപ്പ് എന്ന് മാത്രമേ ഇതിൽ പറയുന്നുള്ളൂ. നിക ത്തിക്കഴിഞ്ഞ പാടം 10 വർഷത്തേയ്ക്ക് വിൽക്കാൻ പാടില്ലെന്ന ഒരു ഉത്തരവ് ഇറങ്ങിയിരിക്കുന്നു. അത് അവകാശിക്ക് കൈമാറ്റം ചെയ്യാം. പക്ഷേ ആ അവ

കാശിയും പത്ത് വർഷത്തേയ്ക്ക് അത് കൈമാറാൻ പാടില്ല എന്നു പറഞ്ഞ ഉത്തരവ് ഏറ്റവും മാതൃകാപരമാണ്. അങ്ങേയറ്റം പ്രതികൂല അവസ്ഥ യിൽപ്പോലും വലിയ പ്രതീക്ഷ നൽകുന്ന ഒരു ഉത്തരവാണിത്. മണൽ മാഫിയ കേരളത്തെയാകെ വിഴുങ്ങുന്നതിനുമുമ്പ് കേരളത്തിലെ പരിസ്ഥിതി വിരുദ്ധർ പല വേഷം കെട്ടിയാടുന്നവരാണ്. ഞാൻ ആ പോയിന്റിൽനിന്ന് ഒരിഞ്ച് പിറകിലേയ്ക്ക് പോകില്ല. പലതരം വേഷം കെട്ടിയാടുന്ന ആളുകളു ണ്ട്. മനുഷ്യാവകാശത്തിന്റെ കുപ്പായമിട്ട് വരുന്നവരുണ്ട്. പലതരം ആളുകളെ ടാർജറ്റ് ചെയ്തുവരുന്ന ആളുകളുണ്ട്. പരിസ്ഥിതിയുടെ മുകളിലും വേഷംകെട്ടി വരുന്ന കള്ള നാണയങ്ങളുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. അവരെല്ലാംകൂടി കേരളത്തെ നശിപ്പിക്കാൻവേണ്ടി ശ്രമിക്കുന്ന സമയത്ത് ഇങ്ങനെയൊരു ബിൽ കൊണ്ടുവരുമ്പോൾ അത് സമഗ്രമാകണം എന്ന ഉദ്ദേ ശത്തോടുകൂടിയാണ് ഇത് സൂചിപ്പിച്ചത്. എന്തായാലും ഗവൺമെന്റിന്റെ ഭാഗ ത്തുനിന്ന് ഇതന്റെ സമഗ്രമായ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉത്തരവും തീരുമാ നവുമുണ്ടായാൽ ആ പിന്തുണ എല്ലാ ഭാഗത്തുനിന്നുമുണ്ടാകും. കേരളത്തെ രക്ഷിക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പി ക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖാമൂലം രേഖപ്പെടുത്തിയിട്ടുണ്ട്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം നിയന്ത്രിക്കാൻ കഴിയാതെ വന്നതും അതിന്റെ പ്രായോഗികമായ പ്രശ്നങ്ങളുംകൊണ്ടാണ് പുതിയ ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്. 2001

-ലെ ഒറിജിനൽ നിയമമുണ്ടായിട്ടും നമ്മുടെ സംസ്ഥാനത്തെ മണൽ വാരൽ നിയന്ത്രിക്കുന്നതിനോ നമ്മുടെ നദികളെ സംരക്ഷിക്കുന്നതിനോ നമുക്ക് സാധിച്ചിട്ടില്ല. മാത്രമല്ല, ഈ നിയമത്തിൽ പുതിയ ഭേദഗതി കൊണ്ടുവന്നിട്ടും സംസ്ഥാനത്തെ മണൽ മാഫിയകളെ നിയന്ത്രിക്കുന്നതിനോ നമ്മുടെ നദീതീര ങ്ങൾ സംരക്ഷിക്കുന്നതിനോ അനധികൃതമായ മണൽ വാരൽ നിയന്ത്രിക്കു ന്നതിനോ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. കാരണം ഇപ്പോഴും നിയ ന്ത്രണങ്ങൾക്ക് വിധേയമാകാത്ത, ഈ നിയമത്തിന്റെ പരിധിയിൽപ്പെടാത്ത ധാരാളം മേഖലകൾ ഇനിയും ബാക്കിയുണ്ട്. നിയമത്തിന്റെ പരിധിയിൽപ്പെ ടുന്ന സ്ഥലത്തുതന്നെ എങ്ങനെ ചെയ്യാൻ കഴിയുമെന്ന കാര്യത്തെക്കുറി ച്ചുള്ള ഒരു നിബന്ധനയും പാലിക്കപ്പെടുമെന്നുള്ള വിശ്വാസമെനിക്കില്ല. ചർച്ച നടക്കുമ്പോൾ ഞാൻ നോക്കിയത്, ഭരണപക്ഷത്തുള്ള ഹരിത എം.എൽ.എ. മാരെയാണ്. നദീതീരങ്ങൾ സംരക്ഷിക്കാൻ വേണ്ടി യാത്ര നടത്തിയ ഒരു എം. എൽ.എ. യും ഈ ചർച്ചയുടെ സമയത്തില്ലാത്തത് അവർ ബഹിഷ്ക്കരിച്ചതാ ണോയെന്ന് എനിക്കറിയില്ല. ഹരിത എം.എൽ.എ. മാരെ ഞങ്ങൾ കുറ്റപ്പെടു ത്തുന്നില്ല. എനിക്ക് ഇടതുപക്ഷ(സി.പി.ഐ.) എം.എൽ.എ. എന്നുപറയാൻ അഭിമാനമുണ്ട്. കോൺഗ്രസ് എം.എൽ.എ. എന്നുപറയാൻ അഭിമാനമില്ലാത്ത തുകൊണ്ടായിരിക്കാം ഒരുപക്ഷേ ഹരിത എം.എൽ.എ. മാർ എന്നുപറഞ്ഞ് തടിതപ്പുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അല്ലാതെ ഹരിത എം.എൽ.എ. മാരായതുകൊണ്ടല്ല. അവർ ഒറിജിനൽ ഹരിത എം.എൽ.എ. മാരായിരുന്നെ ങ്കിൽ, നദീതീരങ്ങൾ സംരക്ഷിക്കാൻ വേണ്ടി രാജ്യവ്യാപകമായി മാർച്ചും ജാഥയുമൊക്കെ നടത്തിയ ആ ആളുകൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഇതിൽ ഇടപെടണ്ടേ; ഈ ബില്ലിൽ പങ്കെടുക്കണ്ടേ. അവരാരേയും ഇവിടെ കാണുന്നില്ല. നദീതീരം സംരക്ഷിക്കാൻ വേണ്ടി ഇവിടെ ഒരു ബിൽ വരു

മ്പോൾ ആ ബില്ലിൽ പങ്കെടുത്ത് ചർച്ച ചെയ്യേണ്ട എല്ലാ ഹരിതവാദി എം.എൽ.എ.മാരും ഒറ്റക്കെട്ടായി മുങ്ങിയത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഈ ബില്ലിനോട് വിശ്വാസമില്ലാത്തതുകൊണ്ടാണോ? ബില്ലിനോട് ഗവൺമെന്റിന്റെ ഹരിതവാദി എം.എൽ.എ. മാർക്കുപോലും ........ ഹരിതവാദി വിരുദ്ധരായിട്ടുള്ള ആളുകളാണ്. ഞാൻ വഴങ്ങിക്കൊടുക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഹരിതവാദി വിരുദ്ധരായിട്ടുള്ള എം.എൽ. എ. മാർ കേരളത്തിലുള്ളതായി നമുക്കാർക്കും അറിയില്ല. ശ്രീ. വി.എസ്. സുനിൽ കുമാർ ആരെയെങ്കിലും മനസ്സിൽ വച്ചുകൊണ്ട് ഹരിതവാദി എന്നു പറഞ്ഞാൽ, അതാരാണ്; കേരളത്തിലെ മുഴുവൻ എം.എൽ.എ. മാരും ഹരിത വാദികളാണ്; ആരാണ് അല്ലാത്തത്. എല്ലാവരും പ്രകൃതി സംരക്ഷിക്കപ്പെടണ മെന്ന് ആവശ്യപ്പെടുന്നവരാണ്. കേരളത്തിൽ 29 ശതമാനം വനഭൂമിയുണ്ട്. സ്വാതന്ത്ര്യം കിട്ടുമ്പോൾ അതെത്ര ശതമാനമായിരുന്നു? ഇൻഡ്യയിൽ ശരാ ശരി 19 ശതമാനമാണ് വനമുള്ളത്. ഇപ്പോൾ കേരളത്തിൽ 29 ശതമാനം വന മുണ്ട്. കൃഷിക്കാരൻ വനം സംരക്ഷിക്കാൻ തയ്യാറല്ലാതാകുമോ; ഹരിതവാദി എന്നുപറഞ്ഞ് ചില ആളുകളെ മാത്രം റൗണ്ട് ചെയ്ത് അപമാനിക്കുന്ന പരിപാടി ശ്രീ. വി.എസ്. സുനിൽകുമാർ നിറുത്തണം.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഞാൻ ആരേയും അപമാനി ക്കാൻ പറഞ്ഞതല്ല. ശ്രീ. പി.സി. ജോർജിന്റെ പത്രസമ്മേളനം ഞാൻ കേട്ടി ട്ടുണ്ട്. അദ്ദേഹം നെല്ലിയാമ്പതിയിലെ വനംകൊള്ളക്കാരുടെ കൂടെ നിന്ന പ്പോൾ കുറച്ചാളുകൾ അപ്പുറത്തുനിന്നും എതിർത്തു. കൊള്ളമുതൽ പങ്കുവ യ്ക്കുന്നതിനുള്ള തർക്കമല്ലാതെ യാതൊരു പ്രശ്നവുമില്ല. വാസ്തവത്തിൽ ഹരിതവാദികളാണെങ്കിലും അത് എതിർക്കുന്നവരാണെങ്കിലും പങ്കുവെയ്പു

മായി ബന്ധപ്പെട്ട തർക്കമാണോയെന്നാണ് സംശയം. ഞാൻ ആരേയും വേദനിപ്പിക്കാൻ വേണ്ടി പറയുന്നതല്ല. ബഹുമാനപ്പെട്ട പി.സി ജോർജ് അങ്ങ്........

ശ്രീ. പി. സി. ജോർജ് : ശ്രീ. വി. എസ്. സുനിൽകുമാറിന് മാന്യതയുണ്ടെങ്കിൽ ആ പറഞ്ഞത് പിൻവലിക്കണം. വീതംവയ്പ്പൊക്കെ ശ്രീ. വി.എസ്. സുനിൽകുമാറിന്റെ പാർട്ടിയിലായിരിക്കും. അതിനെക്കുറിച്ച് എനിക്കറിയില്ല. ഞാൻ നിങ്ങളുടെ പാർട്ടിയിൽ ഉണ്ടെന്ന് പറയുന്നില്ല. ഞാൻ എവിടെയെങ്കിലും വീതം വയ്ക്കാൻ കൂടിയതായി താങ്കൾക്ക് പറയാനുണ്ടോ? ഇത്രയും മോശമായ ഭാഷ എന്നെക്കുറിച്ച് താങ്കൾ പറയരുത്.

ശ്രീ. വി. എസ്. സുനിൽകുമാർ : എന്നെക്കണ്ടാൽ കിണ്ണം കട്ടത് പോലെയുണ്ടോയെന്ന് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. ഞാൻ അദ്ദേഹത്തെ ഉദ്ദേശിച്ചിട്ടില്ല. ഞാൻ ഉദ്ദേശിച്ചത് ഇത്രയേയുള്ളു.

മി. ചെയർമാൻ : ശ്രീ. വി. എസ്. സുനിൽ കുമാർ, ബില്ലിലേയ്ക്ക് വരൂ.

ശ്രീ. വി. എസ്. സുനിൽകുമാർ : ബില്ലുമായി ബന്ധപ്പെട്ട് വരുമ്പോൾ ഒരു വഴി വേണ്ടേ; അതിനുള്ള വഴി തുറന്നതാണ്. ശ്രീ. പി. സി. ജോർജ് പങ്കുവയ്ക്കുന്നവനാണെന്ന് ഒരിക്കലും ഞാൻ പറയില്ല; ജനസംസാരമാണ്. കാരണം ഇവർ തമ്മിലുള്ള ചക്കളത്തിപോരാട്ടം കാണുമ്പോൾ നമുക്ക് തോന്നിയ സംശയം ജനപ്രതിനിധി ആയതുകൊണ്ട് ജനങ്ങൾക്ക് വേണ്ടി ഇവിടെ അവതരിപ്പിച്ചു. അങ്ങയെ വേദനിപ്പിച്ചെങ്കിൽ ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങ് ഞങ്ങളെ തെണ്ടിയെന്ന് വിളിച്ചപ്പോൾ ഞങ്ങൾ അങ്ങയെ കൈകാര്യം ചെയ്യാൻ വന്നിട്ടില്ല. ഞങ്ങളത് മാന്യമായ രീതിയിൽ കൈകാര്യം ചെയ്തു. അങ്ങ് ഈ നാട്ടിലെ എല്ലാ എം.എൽ.എ. മാരേയും തെണ്ടിയെന്ന് വിളിച്ച് ആക്ഷേപിച്ച ആളാണ്. പക്ഷേ, തെണ്ടികളെ എം.എൽ.

എ. മാർ എന്നുവിളിക്കാമോ എന്ന ചോദ്യം ഞാൻ ചോദിക്കുന്നില്ല. എം.എൽ. എ. മാരെ തെണ്ടികളെന്ന് വിളിക്കാൻ പാടില്ലെന്നുണ്ടെങ്കിൽ തെണ്ടികളെ എം. എൽ.എ. മാർ എന്നുവിളിക്കാമോ? അങ്ങനെയാണെങ്കിൽ ആരെങ്കിലും എം.എൽ.എ. മാരെന്ന് വിളിക്കുമോ? ഞാൻ അതൊന്നുമിവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. നമ്മൾ പരസ്പര ബഹുമാനത്തോടുകൂടി തന്നെ യാണ് ചർച്ച ചെയ്യുന്നത്. ജനങ്ങൾക്കിടയിലുള്ള സംസാരത്തെക്കുറിച്ച് പറഞ്ഞെന്നേയുള്ളു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : അങ്ങ് ഹരിത രാഷ്ട്രീയത്തെക്കുറിച്ചാണ് പറയുന്നത്. യഥാർത്ഥത്തിൽ അധികാരമെന്ന് പറഞ്ഞാൽ എന്താണ്? ജൈവ സമ്പത്തിന്റെ മുകളിലുള്ള അധികാരമാണ് രാഷ്ട്രീയാധികാരമെന്ന് പറയു ന്നത്. ജൈവസമ്പത്ത് മുഴുവൻ കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും കൈമാറുന്ന രാഷ്ട്രീയത്തിന്റെ കൂടെ നിന്നിട്ട് നമ്മൾ ഹരിതവാദികളാണെന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്. 'കണ്ണീർ കായലിലേതോ കടലാ സ്സിന്റെ തോണി' എന്നൊരു പാട്ട് കേട്ടിട്ടുണ്ട്. നെയ്യാർഡാമിൽ പോയി കട ലാസ് തോണി ഒഴുക്കലാണോ യഥാർത്ഥത്തിൽ ജൈവ രാഷ്ട്രീയം. അധികാ രമെന്ന് പറയുന്നത് ജൈവസമ്പത്തിന്റെ മുകളിലുള്ള അധികാരമാണ്. ആ അധികാരം കയ്യടക്കുന്ന രാഷ്ട്രീയത്തിന്റെ കൂടെ നിന്നിട്ട് ഇത്തരം നിലപാട് സ്വീകരിക്കുന്നത് ആത്മാർത്ഥമാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഈ സഭയിൽ ഏതാനും ദിവസം മുമ്പ് ബഹുമാന്യനായ ചീഫ് വിപ്പ് ഒരു പരാമർശം നടത്തുകയും ആ പരാമർശം സഭ ഏറെനേരം ചർച്ച ചെയ്യുകയും അതിന് അദ്ദേഹം സഭയിൽ വച്ച് ഖേദം പ്രകടിപ്പിക്കുകയും ചെയ്തതിനുശേഷം നിരന്തരമായി എല്ലാ

പ്രസംഗങ്ങളിലും അത് പരാമർശിച്ചുകൊണ്ട് ഈ സഭയുടെ അന്തസ്സ് കെടുത്തുന്ന രീതിയിലുള്ള പരാമർശങ്ങൾ അവസാനിപ്പിക്കാൻ നടപടി ഉണ്ടാകുമോ? .............(ബഹളം)................

<u>മി. ചെയർമാൻ</u> : യെസ്.......പ്ലീസ്..............

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : സർ, അങ്ങ് റൂളിംഗ് നൽകുകയുണ്ടായി. ഒരു ചാനലുകാരും ശ്രീ. പി. സി. ജോർജ് പറഞ്ഞത് ഇപ്പോഴും പിൻവലിച്ചിട്ടില്ല. എനിക്ക് ജ്യേഷ്ഠസഹോദരനെപ്പോലെയുള്ള ശ്രീ. പി. സി. ജോർജ് പറഞ്ഞ കാര്യം ഈ സഭയിൽ പിൻവലിച്ചാലും എല്ലാ ചാനലുകാരും അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് അറിയാമോ, നമ്മൾ ടി.വി. വച്ചുകഴിഞ്ഞാൽ എല്ലാ ചാനലുകാരും ഇപ്പോഴും അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ആരുവിചാരിച്ചാലും, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ വാവിട്ടുപോയ വാക്കാണ്, അത് പിൻവലിക്കാൻ കഴിയില്ല. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ ഈ ബില്ലിലേയ്ക്ക് വരികയാണ്. 2001-ലെ നദീതട സംരക്ഷണ നിയമത്തിലുള്ള വളരെ പ്രധാനപ്പെട്ട ന്യൂനത ഞാൻ എന്റെ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിവിടെ പല ആളുകളും സൂചിപ്പിച്ചതാണ്. ഇവിടെ നമ്മുടെ നദികളെല്ലാം സംരക്ഷിക്കപ്പെടണം. നമ്മുടെ സംസ്ഥാനത്ത് ആവശ്യകതയനുസരിച്ച് അനിയന്ത്രിതമായ മണൽവാരലാണ് നടക്കുന്നത്. കേരളത്തെ രൂക്ഷമായ ജലക്ഷാമത്തിലേയ്ക്കാണ് തള്ളിവിടുന്നത്. ശുദ്ധജലത്തിന്റെ ലഭ്യത നമ്മുടെ നാട്ടിൽ അനുദിനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുപോലെ വെള്ളത്തിന്റെ ഗുണനിലവാരം വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. മണൽവാരലും

മലിനീകരണവും മൂലം ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ റിപ്പോർട്ടിൽ പറയുന്നത്, കേരളത്തിലെ പുഴകളുടെ അടിത്തട്ട് താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണെന്നാണ്. പുഴകളുടെ ഒഴുക്ക് കുറഞ്ഞുകൊണ്ടും മലിനപ്പെട്ടുകൊണ്ടുമിരിക്കുകയാണ്. കായലുകളിൽനിന്നും കടലിൽനിന്നുമുള്ള ഉപ്പുവെള്ളം പുഴയിലേയ്ക്ക് വരികയാണ്. പുഴയിലേയ്ക്ക് ഉപ്പുവെള്ളം വരുന്നതിന്റെ ഭാഗമായി പല കുടിവെള്ള പദ്ധതികളും ഉൾപ്പെടെ ഉപ്പുകലർന്നുകൊണ്ടിരിക്കുകയാണ്. ടാപ്പുകളിൽകൂടി കിട്ടിക്കൊണ്ടിരിക്കുന്ന ജലത്തിൽപോലും ഉപ്പിന്റെ അംശം വ്യാപകമായിക്കൊണ്ടിരിക്കുന്നുവെന്ന കണ്ടെത്തലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പുഴകളെ സംരക്ഷിക്കാൻവേണ്ടി മണൽവാരൽ നിയന്ത്രണമാണ് പറയുന്നത്. വാസ്തവത്തിൽ മണൽവാരൽ പൂർണ്ണമായും നിയന്ത്രിക്കുകയാണോ നിരോധിക്കുകയാണോ വേണ്ടതെന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ട സമയമായി. നാം വെറുതെ ഒരു നിയമമുണ്ടാക്കി മണൽവാരൽ നിയന്ത്രിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യകതയ്ക്കനുസരിച്ച് മണൽ കൊടുക്കാൻ കഴിയുന്നില്ല. ഇവിടെ കെട്ടിടനിർമ്മാണ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരിക്കുകയും ധാരാളം കെട്ടിടങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയുമാണ്. ഈ കെട്ടിടങ്ങൾക്ക് ആവശ്യമായ ഏറ്റവും പ്രധാനപ്പെട്ട നിർമ്മാണസാമഗ്രികളിൽ ഒന്നാണ് മണൽ. മണലിന്റെ ആവശ്യകത വർദ്ധിക്കുന്നതുകൊണ്ട് മണൽവാരൽ നിയന്ത്രണം വളരെ അനിവാര്യമായിരിക്കുന്നു. മണൽവാരൽ നിയന്ത്രണം കൊണ്ടുവരിക എന്നൊരു പരിപാടി ചെയ്യുന്നതോടൊപ്പം നമ്മുടെ ആവശ്യകതയ്ക്കനുസരിച്ച് മണലിന് പകരമായി എന്ത് കൊടുക്കാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള പഠനവും അതിനനുസരിച്ചുള്ള ചില തീരുമാനങ്ങളും പ്രവർത്തികളുമായി

മുന്നോട്ട് പോയില്ലെങ്കിൽ നമ്മുടെ മണൽവാരൽ നിയന്ത്രണ നിയമംകൊണ്ട് ഒരു രീതിയിലും മുന്നോട്ട് പോകാൻ സാധിക്കില്ല. അതുകൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കാരണം ജനങ്ങളുടെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് കെട്ടിട നിർമ്മാണ ചട്ടം ഭേദഗതി വരുത്തി. ആ ഭേദഗതി അനുസരിച്ചാണെങ്കിൽ എന്താണ് സ്ഥിതി? ഇപ്പോൾ ഇടവഴികളിൽപ്പോലും കെട്ടിടം കെട്ടിപ്പൊക്കാൻ കഴിയും. അത് സാധാരണക്കാരന് വേണ്ടിയല്ല, വലിയ മാഫിയയ്ക്ക് വേണ്ടി ചെയത്താണ്. കെട്ടിടം കെട്ടിപ്പൊക്കാൻ ആഗ്രഹിക്കുന്ന വമ്പന്മാരായ കെട്ടിടനിർമ്മാണ ലോബികൾ പണവുമായി കാത്തിരിക്കുകയാണ്. അവർക്കുവേണ്ടി കെട്ടിട നിർമ്മാണ ചട്ടവും നമ്മൾ ഭേദഗതി ചെയ്തുകൊടുത്തു. എന്തുവേണമെങ്കിലും ചെയ്യാൻവേണ്ടി ഭേദഗതി ചെയ്തുകൊടുത്തു. അപ്പോൾ ആ ഭേദഗതിയോടുകൂടി കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിലുണ്ടായിരുന്ന എല്ലാ ചട്ടങ്ങളും ലംഘിക്കപ്പെടുകയാണ്. എന്നുമാത്രമല്ല, കെട്ടിടം നമുക്കാവശ്യമുണ്ടോ; നമ്മുടെ പഠന റിപ്പോർട്ടുകൾ പറയുന്നതെന്താണ്? നമ്മുടെ കേരളത്തിൽ 18 ലക്ഷത്തോളംവരുന്ന വീടുകൾ ആരും താമസിക്കാതെ അടച്ചുപൂട്ടി കിടക്കുകയാണ്. കേരളത്തിൽ ആവശ്യകതയ്ക്കനുസരിച്ചാണോ വീടുകൾ നിർമ്മിക്കുന്നത്; രണ്ട് അംഗങ്ങളുള്ള ആളുകൾതന്നെ വമ്പൻ വീടുകൾ ഉണ്ടാക്കുകയാണ്. കാശുള്ളവർക്കൊക്കെ വീടുണ്ടാക്കാം. അതിന് ആരും തടസ്സമല്ല. പക്ഷേ നമ്മുടെ ആവശ്യകതയ്ക്കനുസരിച്ചാണോ? കെട്ടിട നിർമ്മാണ ചട്ടം ഭേദഗതി വരുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്ത് പ്രകൃതിക്കിണങ്ങുന്ന വിധത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. ഇവിടെ അസംസ്കൃത വസ്തുക്കൾ ലഭ്യമാണോ? അതിനനുസരിച്ച് വീടുവ

യ്ക്കണമെന്ന കാര്യത്തെക്കുറിച്ചൊന്നും പറയുന്നില്ല. അതെല്ലാംതന്നെ ഇപ്പോൾ യാതൊരുവിധത്തിലുള്ള തടസ്സങ്ങളുമില്ലാതെ നിർബാധം പോകുകയാണ്. എന്നാൽ അതേസമയത്ത് മണൽവാരലിന് നിയന്ത്രണവും വരുന്നു. അങ്ങനെ നിയന്ത്രണം വരുമ്പോൾ ആ നിയന്ത്രണം പ്രാബല്യത്തിൽ വരുത്താൻ നമുക്ക് സാധിക്കില്ല. ശക്തമായ ലോബി വളരുകയാണ്. സംസ്ഥാനത്ത് മണൽ മാഫിയ വളരുന്നതിന്റെ പ്രധാനപ്പെട്ട കാര്യവും ഇതുതന്നെയാണ്. മണലിന്റെ ആവശ്യകതയ്ക്കനുസരിച്ചത് ലഭ്യമാകാതെ വരുമ്പോൾ, അതിന്റെ ആവശ്യകത വർദ്ധിക്കുമ്പോൾ, അതിനുവേണ്ടി എന്തുംകൊടുക്കാൻ ആളുകൾ തയ്യാറാകുമ്പോൾ അതിന്റെ ഭാഗമായി ഒരു മണൽ മാഫിയ ഇവിടെ രൂപപ്പെടുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങ് പറഞ്ഞത് വളരെ നല്ല ഒരുകാര്യമാണ്. ജപ്പാൻ അടക്കം ലോകത്തുള്ള പല രാജ്യങ്ങളും രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞപ്പോൾ അവരുടെ വീടു നിർമ്മാണ രീതികളിലും ജീവിത രീതികളിലും വളരെ വലിയ മാറ്റങ്ങൾ വരുത്തി. ഇവിടെ നമ്മുടെ രാജ്യത്തുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾക്കൊക്കെ ഒരു കാലഹരണമുണ്ട്. അൻപതോ അറുപതോ കൊല്ലം കഴിഞ്ഞാൽ അത് പൊളിച്ചുകളയേണ്ടിവരും. അന്ന് ഈ ഭാരതപ്പുഴ അടക്കമുള്ള മുഴുവൻ നദികളിലെയും മുഴുവൻ മണലും എടുക്കാൻ നമുക്കുണ്ടാവില്ല. കാരണം തീരെ മണലുണ്ടാവില്ല. അപ്പോൾ നമ്മൾ കെട്ടിട നിർമ്മാണത്തിന് വേറെ വഴി കണ്ടെത്തേണ്ടിവരും. ഏതൊരു ഗവൺമെന്റും ഒരു അൻപതുകൊല്ലം അപ്പുറത്തേയ്ക്ക് കാണുന്ന സമീപനത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. അങ്ങിവിടെ പറഞ്ഞത് വളരെ പ്രസക്തമാണ്. നമ്മുടെ രാജ്യത്തെ ഈ ഭീകരാവസ്ഥ, പാലക്കാട് പച്ചമരങ്ങൾ കത്തുകയാണ്. തമിഴ്നാട്ടിൽ നിന്നുവരുന്ന കാറ്റ് അറബിക്കടലിൽ നിന്നുവരുന്ന

കാറ്റിനെ പ്രതിരോധിക്കുന്നുവെന്നാണ് ഇന്നലെ വാർത്താ മാധ്യമങ്ങളിൽ കണ്ടത്. അതിനെ കപട പരിസ്ഥിതിയെന്ന് കളിയാക്കിയതുകൊണ്ട് കാര്യമില്ല, പരിസ്ഥിതിവാദികളിലും നല്ലവരും ചീത്തയുമുണ്ടാകാം. അങ്ങ് ഇവിടെ പറഞ്ഞ കാര്യത്തിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, അങ്ങ് പറഞ്ഞത്, പരിസ്ഥിതി വാദികളെ ആരും കുറ്റം പറയില്ല. അതേസമയത്ത് കപട പരിസ്ഥിത വാദിയെ അങ്ങ് തന്നെ ഈ നിയമസഭയിൽ ചൂണ്ടിക്കാണിച്ച് ചോദ്യം ചെയ്തത് എനിക്കറിയാം. നമ്മളാരും അങ്ങോട്ടുമിങ്ങോട്ടും തർക്കിക്കേണ്ട പ്രശ്നമല്ല. പരിസ്ഥിതി വളരെ ഗൗരവമേറിയ പ്രശ്നമാണ്. നമ്മൾ മണൽവാരൽ നിയന്ത്രണ നിയമം ഉണ്ടാക്കുമ്പോൾ അതിന് ബദലായി ഒരു സംവിധാനം കൂടി കാണാതെ നിയന്ത്രണ നിയമം ഉണ്ടാക്കുന്നതിന്റെ പ്രസക്തിയില്ലായ്മയാണ് ഞാൻ പറയുന്നത്. മണൽ ആവശ്യമാണ്. പക്ഷെ ഞാൻ ഇവിടെ നമ്മുടെ ഇന്നത്തെ സ്ഥിതിയാണ് സൂചിപ്പിച്ചത്. നമ്മുടെ നാടിന്റെ എല്ലാ നദികളും വറ്റി വരളുകയാണ്. നദികളിലേയ്ക്ക് മണൽ വരണമെങ്കിൽ എന്തു വേണം; നദികളിലേയ്ക്ക് വരുന്ന ചെറിയ ചാലുകൾ, ചെറിയ ചെറിയ പുഴകളെല്ലാം നികത്തിക്കൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട നദികളിലേയ്ക്കു വരുന്ന എല്ലാ പുഴകളും എല്ലാ തോടുകളും, ചെറിയ ചെറിയ തോടുകൾ അത് രൂപപ്പെട്ട് വലിയ തോടുകളായി, നദികളായി മാറുന്ന ഒരു പ്രക്രിയയുണ്ടായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഓരോ മുക്കിലും മൂലിയിലൂടെയും ഒഴുകിക്കൊണ്ടിരുന്ന ചെറിയ ചെറിയ ചാലുകൾ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ, പഞ്ചായത്തിന്റെ, അല്ലെങ്കിൽ സ്വകാര്യ വ്യക്തികളുടെ അങ്ങനെ പലപല രൂപത്തിലുണ്ടായിരുന്ന എല്ലാ ചാലുകളും ഒരു ആസൂത്രണവുമില്ലാതെ നാഥനില്ലാത്ത കളരിയായി മാറിയിരിക്കുകയാണ്. ഇറിഗേഷൻ

ഡിപ്പാർട്ടുമെന്റ് എന്നുപറയുന്ന ഡിപ്പാർട്ടുമെന്റുതന്നെ അസ്ഥാനത്തായിരിക്കുകയാണ്. അവരെക്കൊണ്ട് ഒരു കാര്യവുമില്ല. ഈ നാട്ടിലെ ചാലുകളും നീർച്ചാലുകളും സംരക്ഷിക്കാനുള്ള സംവിധാനങ്ങളും പുതിയ പ്രോജക്ടുകളും ഒന്നുംതന്നെ അവരുടെ കൈയിലില്ല. നദികളെ ശക്തിപ്പെടുത്തുന്ന ഈ നീർച്ചാലുകളെല്ലാം പതുക്കെ പതുക്കെ ഇല്ലാതായി പുഴകൾ നശിക്കുകയാണ്. പുഴകളിലെ മണൽ എടുത്ത് അത് താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഒഴുക്ക് നിലയ്ക്കുന്നു. അത് മലിനമായ ജലമാക്കപ്പെടുന്നു. അവിടെയ്ക്ക് ഉപ്പുവരുന്നു. അത് മലിനമാകുന്നതോടുകൂടി നമ്മുടെ ആവാസ വ്യവസ്ഥ പൂർണ്ണമായും തകരുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവമായ നിയമനിർമ്മാണമാണ് വേണ്ടത്. പക്ഷെ ഇതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇപ്പോൾ ഇത് ഞാനിവിടെ പറയാൻ കാരണം, ഇവിടെയിപ്പോൾ മണൽവാരൽ നിയന്ത്രണത്തിന്റെ ഭാഗമായി വരുന്ന കാര്യത്തിനപ്പുറത്ത് ഇവിടെ പലരും സൂചിപ്പിച്ചതാണ്. നമ്മുടെ അഴിമുഖങ്ങളിൽ നിന്നും മണൽ വാരുന്നുണ്ട്. ആരാണ് നിയന്ത്രിക്കുന്നത്; ആരാണ് അതിന് ഉത്തരവാദി? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, അങ്ങ് കേൾക്കാൻ വേണ്ടി പറയുകയാണ്. അങ്ങേയ്ക്ക് ഈ പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള മണൽവാരൽ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നിയമം നടപ്പാക്കാൻ കഴിയുന്നുണ്ടോ? പുഴ പോർട്ട് ഡിപ്പാർട്ടുമെന്റിന്റെയാണോ; തുറമുഖ വകുപ്പിന് നേരത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ അവരുടെ യാനങ്ങളും കപ്പലുകളും കടന്നുപോകാൻ വേണ്ടിയിട്ടുള്ള ചാലുകൾ, അതിൽ നിന്നും മണ്ണ് ഡ്രെഡ്ജ് ചെയ്തെടുത്ത് കടലിലേയ്ക്ക് കൊണ്ടിടാം. അല്ലെങ്കിൽ, അവർക്ക് അത് മാറ്റിയെടുക്കാം. അതിനുവേണ്ടിയുള്ള അനുമതി അവർക്കുണ്ട്. പക്ഷെ, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണ്;

നമ്മുടെ കേരളത്തിലെ കണ്ണൂർ, കോഴിക്കോട്, പൊന്നാനി, കൊടുങ്ങല്ലൂർ, എന്റെ മണ്ഡലംപെടുന്ന പ്രദേശം ഉൾപ്പെടുന്ന സ്ഥലങ്ങൾ, എറണാകുളം ജില്ലയിലെ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നൂറുകണക്കിന് കടവുകൾ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിലല്ല. പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിലെ കടവുകൾ എന്നുപറയുന്നത് വർഷത്തിൽ ഇന്ന സമയത്തുമാത്രമെ ഖനനം ചെയ്യാവൂവെന്ന നോട്ടിഫിക്കേഷൻ ഇറക്കും. ആ സമയത്തല്ലാതെ ഖനനം ചെയ്യാൻ പറ്റില്ല. പക്ഷെ ഇവിടെ 365 ദിവസവും ഖനനം നടക്കുകയാണ്. കപ്പൽ ചാലിനുവേണ്ടിയാണ് അത്. എന്റെ മണ്ഡലത്തിനടത്തുകൂടി ഒരു കപ്പലും പോകുന്നില്ല. ബോട്ടുകൾ പോകുന്നുണ്ട്. പക്ഷെ, ദിനംപ്രതി അവിടെ ഡ്രെഡ്ജിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ആ ഡ്രെഡ്ജിംഗിന്റെ പിന്നിൽ എന്തു താൽപ്പര്യമാണുള്ളത്; ഏതെങ്കിലും പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ? പരിസ്ഥിതി ആഘാത പഠനം നടത്തിയതിനുശേഷം മാത്രമെ ഇനി ഖനനം നടത്താൻ പാടുള്ളൂവെന്ന്, ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെയില്ല, അദ്ദേഹമടക്കമുള്ള ആളുകൾ ചേർന്നിരുന്ന് ഞങ്ങൾ തീരുമാനിച്ചു. സി.ഡബ്ല്യൂ.ആർ.ഡി.എം.നെ ചുമതലപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചു. ആരുടെയും പഠന റിപ്പോർട്ടില്ലാതെ പോർട്ട് ഡിപ്പാർട്ടുമെന്റ് ഏകപക്ഷീയമായി അവിടെ ഖനനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ പഞ്ചായത്തിനോ മറ്റേതെങ്കിലും ഏജൻസിക്കോ യാതൊരു ബന്ധവുമില്ല. സൊസൈറ്റികളെ ഏൽപ്പിച്ചിരിക്കുകയാണ്. ഒരു സൊസൈറ്റി ഒരു ലോഡ് മണലിന് വാങ്ങുന്നത് 6,000 രൂപയാണ്. 6,000 രൂപയ്ക്ക് കിട്ടില്ല, അത് 10,000 മുതൽ 15,000 രൂപവരെ കിട്ടും. ആ മണൽ ഇവിടെ നേരത്തെ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതുപോലെ സാധാരണ മണലല്ല, ഉപ്പുകലർന്ന മണലാണ്. ഉപ്പുകലർന്ന മണൽ ഒരു കാരണവശാലും കെട്ടിട നിർമ്മാണത്തിന് ഉപ

യോഗിക്കാൻ പാടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളുണ്ടാക്കിയ അഞ്ചാം മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെയിരിക്കുന്നുണ്ടല്ലോ, ഞാൻ അങ്ങയോട് ചോദിക്കുന്നു, അങ്ങയുടെ ഗവൺമെന്റ് ഇത് പരിശോധിക്കണ്ടെ; കെട്ടിടങ്ങൾ സുരക്ഷിതമായിരിക്കണം എന്ന് ഉറപ്പുണ്ടാക്കേണ്ടത് സ്റ്റേറ്റല്ലേ. ആ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഒത്താശയോടുകൂടി ഈ ഉപ്പുമണൽ വിൽക്കാൻ നിങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി കൊടുക്കുന്നത്?. മണലിനകത്ത് ഉപ്പുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ? കൊടുങ്ങല്ലൂരിലെ ഉപ്പുമണൽ കോട്ടയത്തുകൊണ്ടുപോയി വിറ്റാൽ ഇത് എവിടത്തെ മണലാണെന്ന് ആർക്കെങ്കിലും അറിയാൻ പറ്റുമോ; ഒരു കാരണവശാലും ഉപ്പുമണൽ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന് ഉത്തരവിറക്കാൻ ഈ ഗവൺമെന്റിന് കഴിയുമോ; കഴിയില്ല, ഉപ്പുമണലിറക്കുകയാണ്. ബഹുമാനപ്പെട്ട സി.എൻ. ബാലകൃഷ്ണൻ അവിടെയിരുപ്പുണ്ട്, സൊസൈറ്റികളാണ് അങ്ങേയ്ക്ക് അറിയില്ലേ; കൊടുങ്ങല്ലൂരിൽ ഏഴ് സൊസൈറ്റികളുണ്ട്. ഏഴ് സൊസൈറ്റികളും ഭരിക്കുന്നത് ഏത് രാഷ്ട്രീയ പാർട്ടിയാണെന്ന് ഞാൻ പറയുന്നില്ല. മിക്കവാറും ഒരുപാട് രാഷ്ട്രീയ പാർട്ടികളുണ്ടാവാം. പക്ഷെ ഒരു കാര്യം പറയാം ഒരു സൊസൈറ്റിക്ക് രണ്ടായിരം മുതൽ അയ്യായിരം ടൺ വരെ മണൽ ഒരു മാസം എടുക്കാൻ അനുമതിയുണ്ട്. ഒരു ടൺ മണലിൽനിന്നും ഒരു സൊസൈറ്റിക്ക് ഏറ്റവും ചുരുങ്ങിയത് 1500 രൂപയാണ് ലാഭം കിട്ടുന്നത്. ഔദ്യോഗികമായി രേഖാപ്രകാരം അവർക്ക് കിട്ടുന്ന പ്രോഫിറ്റ് ഒരു ടണ്ണിൽ 1500 രൂപയാണ്. 5000 ടൺ ഒരു മാസം പോയിക്കഴിഞ്ഞാൽ എത്ര ലക്ഷം രൂപ കിട്ടും; ആവറേജ് ഒരു സൊസൈറ്റി ഒരു വർഷം 4, 5 കോടിയോളം രൂപ ലാഭം കൊയ്യുകയാണ്. അവർ മാഫിയ രൂപീകരിക്കുകയാണ്. ഈ പറയുന്ന കാര്യങ്ങൾക്ക് ഏതെ

ങ്കിലും ഒരംഗത്തിന് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ഇവിടെ പറയണം. ഇവിടെ മാഫിയ സംഘങ്ങൾ 365 ദിവസവും ഈ പറയുന്ന ഒരു നിയമങ്ങളും ബാധകമല്ലാതെ കേരളത്തിന്റെ തുറമുഖങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് അഴി മുഖങ്ങളിലെ ഈ പറയുന്ന പ്രദേശങ്ങളിലെല്ലാം നിർബാധം മണൽ എടുപ്പ് നടത്തിവരികയാണ്. തൃശ്ശൂർ ജില്ലയിലെ കളക്ടർ നിയന്ത്രണമേർപ്പെടുത്തി. അതിനെതിരായി അവർ കോടതിയിൽപ്പോയി സ്റ്റേ സമ്പാദിച്ചു. ഇഷ്ടംപോലെ അവർ മണൽ എടുത്തുകൊണ്ടിരിക്കുകയാണ്. മണൽ എടു ക്കട്ടെ, അവിടെയിപ്പോൾ സിന്ധുരാജ് എന്നുപറയുന്ന ഒരു കപ്പൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട കെ.ബാബു ഇവിടെ ഉണ്ടാകേണ്ടതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സിന്ധുരാജ് കപ്പലവിടെ വന്ന് കപ്പൽ ചാലിലെ മണ്ണെടുത്ത് കടലിൽ കൊണ്ടുപോയി തള്ളുകയാണ്. എന്തുകൊണ്ടാണ് കടലിൽ കൊണ്ടുപോയി തള്ളുന്നത്; അത് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കേണ്ട തല്ല. എന്നാൽ ഈ വഞ്ചികളിൽ കൊണ്ടുവരുന്ന മണൽ കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കൊടുക്കുകയാണ്. എന്താണ് കാര്യം, ഇവിടെ ഭാരതപ്പുഴയിൽ മണൽ കിട്ടാനില്ല. നല്ല മണൽ കിട്ടാനില്ലാത്ത തുകൊണ്ട് ആ സാഹചര്യം ഉപയോഗപ്പെടുത്തി ഇവർ മണൽ വിൽക്കുകയാ ണ്. എന്നാൽ ഇവർ വിൽക്കുന്ന മണൽ കെട്ടിടത്തിന്റെ തകർച്ചയ്ക്ക് ഇടവ രുത്തും എന്ന് മനസ്സിലാക്കേണ്ടത് ഗവൺമെന്റാണ്. ആ ഗവൺമെന്റ് കണ്ണട യ്ക്കുകയാണ്. ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന സൊസൈറ്റിയാണ് ഇത് കൊടുക്കുന്നത്. ഇത് ഗവൺമെന്റിന്റെ സ്പോൺസർഷിപ്പിൽ നടക്കുന്ന ഒരു ക്രിമിനൽ കുറ്റമാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, പോർട്ടിന്റെ നേതൃത്വത്തിലുള്ള മണൽ ഉപ്പ് കലർന്നതാണെന്നും ആ ഉപ്പ് നിറഞ്ഞ മണൽ അങ്ങനെകൊടു

ത്താൽ കെട്ടിടങ്ങൾ താഴെപ്പോകുമെന്നും ഇക്കാര്യത്തിൽ സർക്കാർ ഇടപെടണമെന്നും ലോകത്തിന്റെ പല ഭാഗങ്ങളിലും ഉപ്പുമണലുകൾ റിഫൈൻ ചെയ്യുന്ന ടെക്നോളജിയുണ്ടെന്നും ആ ടെക്നോളജിയെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണമെന്നും ഒരു ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ഞാനിവിടെ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി അത് പരിശോധിക്കാമെന്ന് പറഞ്ഞിട്ട് 4 മാസം കഴിഞ്ഞു. അതിപ്പോഴും നിർബാധം തുടരുകയാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഈ നിയമത്തിന്റെ ഭാഗമായി എന്തുകൊണ്ട് പോർട്ട് ഡിപ്പാർട്ട്മെന്റിനെ ഉൾപ്പെടുത്തുന്നില്ല എന്ന് ഞാൻ എന്റെ വിയോജനക്കുറിപ്പിൽ മന്ത്രിയോട് ചോദിച്ചിട്ടുണ്ട്. പോർട്ടിന് നൂറുകണക്കിന് കടവുകളുണ്ട്. ആ കടവുകൾ ഈ നിയമത്തിൽ വരുന്നുണ്ടോ; നിങ്ങൾ തീരം സംരക്ഷിക്കാനാണെങ്കിൽ, മണൽവാരൽ നിയന്ത്രിക്കാനാണെങ്കിൽ നിങ്ങളെന്തുകൊണ്ട് ഇതിൽ ഉൾപ്പെടുത്തുന്നില്ല? ഇത് അഴിമതിയാണ്. കാരണം ഈ മാഫിയയെ ഈ ഗവൺമെന്റ് സംരക്ഷിക്കുകയാണ്. ഈ ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ പറയുന്ന പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ അഴിമതിയെ ചോദ്യം ചെയ്യാൻവേണ്ടി ഈ നിയമത്തിന്റെ കീഴിൽ നിയന്ത്രണത്തിനു വിധേയമാക്കാൻ എന്തുകൊണ്ട് ഒരു വകുപ്പ് കൊണ്ടുവന്നില്ല? അവർ പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ല. അങ്ങ് എന്തുമറുപടി പറഞ്ഞാലും ശരി, അങ്ങ് ഒരുപക്ഷേ നിയമ വകുപ്പും റവന്യൂവകുപ്പും എഴുതിത്തരുന്ന പല മറുപടിയും ഇവിടെ പറയും. പക്ഷെ അങ്ങ് എന്ത് മറുപടി പറഞ്ഞാലും ശരി, അങ്ങ് പറയുന്നത് സത്യമാണെന്ന് നെഞ്ചത്ത് കൈവച്ച് അങ്ങേയ്ക്ക് പറയാൻ പറ്റില്ല. ഞാനീപറയുന്ന വസ്തുതകൾ അങ്ങേയ്ക്കറിയാവുന്നതാണ്. റവന്യൂവകുപ്പ് മന്ത്രിക്ക് അറിയാവുന്നതാ

ണ്. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട സി.എൻ. ബാലകൃഷ്ണന് അറിയാവുന്നതാണ്. തൃശ്ശൂർ ജില്ലയിൽ നടക്കുന്ന ഈ മാഫിയ സംഘങ്ങൾ കോടികൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പിന്നിലെല്ലാം ഭരണകക്ഷിയിൽപ്പെട്ട ഒരുപാട് രാഷ്ട്രീയ നേതാക്കന്മാർ തിന്നുകൊഴുക്കുകയാണ്. ശ്രീ. റ്റി.എൻ. പ്രതാപൻ ഇവിടെയുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം പറയുമായിരുന്നു. ആരാണ് അതിന്റെ പിന്നിലെന്ന കാര്യം അദ്ദേഹത്തിനറിയാം. ഗ്രൂപ്പിന്റെ അടിസ്ഥാനത്തിൽ എതിർക്കുന്നതാണോയെന്ന് എനിക്കറിയില്ല, പക്ഷെ തൃശ്ശൂരിൽ ആരാണ് ഇത് നടത്തുന്നതെന്ന കാര്യം ശ്രീ. റ്റി.എൻ. പ്രതാപനറിയാം. എല്ലാ ജില്ലകളിലുമുണ്ട്. ഞാനൊരു രാഷ്ട്രീയ പാർട്ടിയെയും കുറ്റപ്പെടുത്താൻവേണ്ടി പറയുകയല്ല.

ശ്രീ.ജോസഫ് വാഴക്കൻ: സർ, ശ്രീ. വി.എസ്. സുനിൽ കുമാർ ഈ പറഞ്ഞ കാര്യം, ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം തുടങ്ങിയതാണോ, അതല്ല അതിനുമുമ്പ് തുടങ്ങിയതാണോ? കണ്ണൂരിലെ സൊസൈറ്റികൾ ഒട്ടുമിക്കതും നടത്തുന്നത് സി.പി.ഐ.(എം.) ആണ്, അതുമായി ബന്ധപ്പെട്ടിട്ടുള്ളതുകൊണ്ട് എനിക്കറിയാവുന്ന കാര്യമാണ്. അപ്പോൾ ഇത് ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമുള്ളതല്ലല്ലോ; പിന്നെന്തിനാണ് ഈ ഗവൺമെന്റിനെ മാത്രം ആക്ഷേപിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 2001-ൽ ഈ നിയമം കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. 2013-ൽ ഈ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നതും യു.ഡി.എഫ് ഗവൺമെന്റാണ്. ആ ഗവൺമെന്റിന്റെ കാലത്തുള്ള ഒരു എം.എൽ.എ. ആയിട്ടാണ് ഞാനിവിടെ നിൽക്കുന്നത്. അതുകൊണ്ട് ഇവിടെ ഈ വിഷയം ഉന്നയിക്കാൻ ഞാൻ ബാധ്യതപ്പെട്ടിരിക്കുന്നു. ഞാൻ ഒരു രാഷ്ട്രീയപാർട്ടിയേയും കുറ്റപ്പെടുത്താൻ പറഞ്ഞതല്ല. ഒരു

ഗവൺമെന്റ് കൊണ്ടുവന്നതുകൊണ്ട് ഇത് ശരിയാണെന്നുപറയണമെന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഒരു നിയന്ത്രണവുമില്ലാതെ ലക്കും ലഗാനുമില്ലാതെ നൂറുകണക്കിന് സൊസൈറ്റികൾക്ക് അനുവാദം കൊടുത്തുകൊണ്ടിരിക്കുന്നത് ഈ ഗവൺമെന്റാണ്. അദ്ധ്യാപക സഹകരണ സംഘം, കയർത്തൊഴിലാളി സഹകരണ സംഘ എന്നിങ്ങനെ ഈ മേഖലയുമായി ഒരു ബന്ധവുമില്ലാത്ത സഹകരണ സംഘങ്ങൾ അപേക്ഷ കൊടുക്കുകയാണ്. ഒരു പരിശോധനയും കൂടാതെ 24 മണിക്കൂറും മണൽ ഖനനം ചെയ്തെടുക്കുകയും ഒരു ക്ലീനിംഗുമില്ലാതെ രാജ്യത്ത് എവിടേയും കൊണ്ടുപോയി വിൽക്കുകയും ചെയ്യാമെന്ന അവസ്ഥയുണ്ട്. അതിപ്പോൾ ആരംഭിച്ചതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഇവിടെ ഇരിക്കുന്നുണ്ടല്ലോ. ഞാൻ അങ്ങയോട് ചോദിക്കട്ടെ, അങ്ങയുടെ ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷൻ കൊടുത്തിരിക്കുന്ന ഈ സൊസൈറ്റി കടലാസ് സൊസൈറ്റിയാണെന്ന് ഞാൻ പറഞ്ഞാൽ അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? ആ സൊസറ്റിയുടെ ആക്ടിവിറ്റീസ് എന്താണ്; അതിന്റെ ഓഫീസ് എവിടെയാണ്; ആരാണ് ഇതിന്റെ ആളുകൾ; ഏത് തൊഴിലാളിക്കാണ് ഇതുമായി ബന്ധം? പോലീസിന്റെ വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡിവൈ.എസ്.പി.യുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പരിശോധിക്കണം. ഈ പ്രദേശത്തെ മണൽ മാഫിയയുമായി ബന്ധപ്പെട്ടുകൊണ്ട് രൂപീകരിക്കപ്പെടുന്ന സൊസൈറ്റികളെല്ലാം കടലാസുസൊസൈറ്റിയാണെന്നും....

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സൊസൈറ്റികൾ

സ്ഥിതിചെയ്യുന്ന സ്ഥലം പരിശോധിച്ച് അതിന് അവിടെ അർഹതയുണ്ടോ എന്ന് നോക്കിയിട്ടാണ് രജിസ്ട്രേഷൻ കൊടുക്കുന്നത്. അല്ലാതെ ഈ പറയു ന്നത് ശരിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറയുന്നത് നിയമമാണ്. ഞാൻ പറയുന്നത് നടന്നുകൊണ്ടിരിക്കുന്ന കാര്യമാണ്. അങ്ങനെയേ അങ്ങേയ്ക്ക് പറയാൻ കഴിയൂ. അങ്ങയുടെ നിസ്സഹായവസ്ഥ മറ്റാരെക്കാളും കൂടുതൽ എനിക്കറിയാം. സഹകരണമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് നന്നായി അറിയാവുന്നതുകൊണ്ട് മറ്റാരെക്കാളും അങ്ങയുടെ നിസ്സ ഹായവസ്ഥ അറിയാവുന്ന ആളാണ് ഞാൻ. അങ്ങയുടെ ഡിപ്പാർട്ട്മെന്റ് ഈ സൊസൈറ്റികളുടെ പ്രവർത്തനത്തെക്കുറിച്ച് ഒരു ആഡിറ്റ് നടത്താൻ അല്ലെ ങ്കിൽ ഒരന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: തയ്യാറായിട്ടുണ്ട്. അതുകൊണ്ടാണ് ബില്ല് പാസ്സാക്കിയത്. എന്റെ നിസ്സഹായാവസ്ഥയെ സംബന്ധിച്ച് അങ്ങ് വിഷമിക്കുകയൊന്നും വേണ്ട, അതൊക്കെ ഞാൻ തന്നെ നോക്കിക്കൊള്ളാം. ഞാനിപ്പോൾ ഇവിടെ നല്ല അവസ്ഥയിലാണ് നിൽക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങ് നല്ല അവസ്ഥയിലാണെന്ന് എനിക്കറിയാം. പക്ഷെ അങ്ങയുടെ നിസ്സഹായവസ്ഥയും എനിക്കറിയാം. അവിടത്തെ സൊസൈറ്റികൾ ഏതൊക്കെയാണെന്നും ആരൊക്കെയാണ് കൊണ്ടുനടക്കുന്നതെന്നുമുള്ള കാര്യം ഇവിടെ പറയേണ്ടതില്ലല്ലോ. കയർ സംഘങ്ങൾക്കെന്താണ് മണലുമായി ബന്ധം? കടലും കടലാടിയും തമ്മി ലുള്ള ബന്ധം പോലുമില്ലാത്ത ആളുകൾ മണലെടുക്കുകയാണ്. അതു കൊണ്ട് ഈ നിയമംകൊണ്ട് യാതൊരു ഗുണവുമുണ്ടാകാൻ പോകുന്നില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങ് ഇവിടെ ഫിഷറീസ് ഹാർബറുകളിലെ മണ്ണ് മാറ്റുന്നതിനെക്കുറിച്ച് പറഞ്ഞു. ഫിഷറീസ് ഹാർബറുകളിലെ മണ്ണ് മാറ്റേണ്ടത് അവിടെ അടുക്കുന്ന ബോട്ടുകൾക്ക് ആവശ്യമാണ്. ആ മണ്ണ് ഡിപ്പാർട്ട്മെന്റ് ലേലം ചെയ്ത് കൊടുക്കുകയല്ല, എടുത്ത് മാറ്റുകയാണ് ചെയ്യുന്നത്. കൊച്ചിൻ പോർട്ടിൽ 365 ദിവസവും ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്. അത് കടലിൽ കൊണ്ടുപോയി കളയുകയാണ്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ഒരു സൊസൈറ്റിക്കും മണൽ എടുക്കാൻ അനുമതി കൊടുത്തിട്ടില്ല എന്നാണ് എന്റെ അറിവ്. അങ്ങ് പറഞ്ഞതൊന്ന് പരിശോധിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: അത് അങ്ങേയ്ക്ക് അറിയാത്തതുകൊണ്ടാണ്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റല്ല, പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ കാര്യമാണ് പറഞ്ഞത്. അങ്ങ് പറയുന്നതും ഞാൻ പറയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഹാർബർ എൻഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് ഇതുമായി ഒരു ബന്ധവുമില്ല. ഇതിന് പാസ് കൊടുക്കുന്നത് പോർട്ട് ഡിപ്പാർട്ട്മെന്റാണ്. അതുകൊണ്ടാണ് പോർട്ട് ഡയറക്ടറെ സംസ്ഥാന സമിതിയിൽ അംഗമാക്കണമെന്ന് ഞാൻ ഈ ബില്ലിന്റെ അമെന്റ്മെന്റിൽ പറയാൻ കാരണം. ഇതിൽ റവന്യൂ ഡിപ്പാർട്ട്മെന്റിനോ ഗവൺമെന്റിനോ ഒരു നിയന്ത്രണവുമില്ല. പോർട്ട് ഡിപ്പാർട്ട്മെന്റ് പറയുന്നത് അവർക്കിത് ആവശ്യമാണെന്നാണ്. പക്ഷെ ഇത് പരിശോധിച്ചിട്ടുണ്ടോ; പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ? ഞാൻ ഈ പറഞ്ഞ കാര്യങ്ങളൊന്നും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കെതിരായ ആരോപണമല്ല. നടന്നുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. അതിൽ കൈയിട്ട് വാരുന്നവർ ആരാണെങ്കിലും അവർ മാത്രം ഇതിനെക്കുറിച്ച് ചിന്തിച്ചാൽ മതി. അല്ലാത്തവർ അതിനെക്കുറിച്ച് ചിന്തി

ക്കേണ്ട കാര്യമില്ല. ഈ മാഫിയ സംഘത്തെ കൊണ്ടുനടക്കുന്നത് ഒരു രാഷ്ട്രീയ പാർട്ടിക്കും ഭൂഷണമല്ല. ഈ നിയമത്തിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയില്ലായെങ്കിൽ പോലും, പോർട്ട് ഡിപ്പാർട്ട്മെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ഈ മണൽക്കൊള്ള തടയുന്നതിനുള്ള ഒരു നിയന്ത്രണ നിയമം, ഒരു ഉത്തരവ് ഗവൺമെന്റ് ഇറക്കണം. ഇവിടെ സഹകരണ ഡിപ്പാർട്ട്മെന്റുണ്ടാക്കിയിരിക്കുന്നത് ആളുകളെ സേവിക്കാൻ വേണ്ടിയാണ്. എന്നാൽ ഒരു സേവനവും അവിടെയില്ല. തൃശ്ശൂരിൽ 7 സൊസൈറ്റിയുണ്ട് - 5 എണ്ണം തൃശ്ശൂരും 2 എണ്ണം എറണാകുളത്തും രജിസ്റ്റർ ചെയ്തതാണ്. ഒരു തൊഴിലാളി പോലും ആ സൊസൈറ്റികളിൽ അംഗമല്ല. മണൽവാരൽ തൊഴിലാളികളുടെ പേരിൽ ഒരു സൊസൈറ്റി ഉണ്ടാക്കി അവർ നിർബാധം മണലൂറ്റിക്കൊണ്ടിരിക്കുകയാണ്. അതിലെ ആളുകളെ കണ്ടാലറിയാം, നല്ല തടിച്ച മിടുക്കന്മാരായ ആളുകൾ എല്ലാ കാര്യങ്ങൾക്കും മുമ്പിലായി നിൽക്കുകയാണ്. എന്റെ മണ്ഡലത്തിൽവച്ചു നടന്ന പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ ഒരു പരിപാടിയിലും മുന്നിൽ നിന്നത് അവരാണ്. അവിടെ വലിയൊരു നെക്സസ് രൂപപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടാണ്, ഈ നിയമത്തിന്റെ ഭാഗമായി ഇതിന് നിയന്ത്രണം കൊണ്ടുവന്നില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് മണൽ മാഫിയയെ തടയാൻ കഴിയില്ലെന്ന് ഞാൻ ഈ വിയോജനക്കുറിപ്പിൽ വളരെ വ്യക്തമായി പറഞ്ഞത്. അതിനേക്കാളുപരിയായി, കെട്ടിട നിർമ്മാണത്തിനുതകാത്ത ഈ മണൽ കൊടുക്കുന്ന സംവിധാനം അവസാനിപ്പിച്ചില്ലെങ്കിൽ നാലഞ്ചു വർഷത്തിനുള്ളിൽ കോട്ടയം, പത്തനംതിട്ട തുടങ്ങിയ ജില്ലകളിലെ കെട്ടിടങ്ങൾ ഇടിഞ്ഞുവീഴും. തൃശ്ശൂർക്കാരുടെ കെട്ടിടങ്ങൾ ഇടിയില്ല. കാരണം അത് ഉപ്പുമണലാണെന്നറിയാവുന്നതുകൊണ്ട് തൃശ്ശൂർക്കാരാരും

വാങ്ങാറില്ല. ഈ ബില്ലിൽ പ്രത്യേക സേനയുടെ രൂപീകരണത്തെക്കുറിച്ച് പറയുന്നുണ്ട്. നിലവിൽ ഒരു സേനയുണ്ടായിരുന്നിട്ടും നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. തിരുവനന്തപുരത്തെ മാവിള മണ്ണടിപ്പുഴയിലെ ഒരു തൊഴിലാളിയായിരുന്ന വിജയൻ മണൽ മാഫിയയുമായി ബന്ധപ്പെട്ട തർക്കത്തിൽ മുങ്ങിമരിച്ചു.. ആ കേസിലെ പ്രതികൾ മുൻകൂർ ജാമ്യാപേക്ഷയ്ക്ക് പോയപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് പോലീസും മണൽ മാഫിയകളും തമ്മിൽ കൈകോർക്കുന്നുവെന്നാണ്. ഒന്നാംതരം പോലീസ് സംവിധാനമുള്ള സ്ഥലമാണ് കേരളം. എന്നാൽ മണൽ മാഫിയയുമായി ഏറ്റവും കൂടുതൽ ബന്ധമുള്ളത് കേരളത്തിലെ പോലീസിനാണ്. പോലീസിന്റെ അനുമതിയില്ലാതെ ഒരു ലോഡ് മണ്ണ് കൊണ്ടുപോകാൻ കഴിയില്ല. പോലീസിന്റെ പൂർണ്ണമായ ഒത്താശയോടുകൂടിയാണ് ഈ മണൽ മാഫിയകളെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തടയണം എന്ന് തീരുമാനിച്ച സ്ഥലങ്ങളിൽ പോലീസ് മണൽ മാഫിയയെ തടഞ്ഞിട്ടുണ്ട് പക്ഷെ, 48 മണിക്കൂറിനുള്ളിൽ തടഞ്ഞ പോലീസ് ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. പോലീസിനുപോലും കഴിയാത്ത ഒരു കാര്യം ചെയ്യുന്നതിനുവേണ്ടി ഇനിയിപ്പോൾ സി.ആർ.പി.എഫ്.നെക്കാളും വലിയൊരു സേന, അതായത് അതിർത്തിസംരക്ഷണ സേനയെപ്പോലൊരു സേന കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? ഈ മണൽ കൊള്ള തടയാൻ വേണ്ടി എന്ത് സേനയെയാണ് വിന്യസിക്കാൻ പോകുന്നത്? ഇവിടെ ശ്രീ. സുരേഷ് കുറുപ്പ് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ മറുപടി പറഞ്ഞില്ല. മണൽ മാഫിയയെ തടയാൻ വേണ്ടി, പുഴയെ സംരക്ഷിക്കാൻ വേണ്ടി സേനയെ എങ്ങനെ രൂപീകരിക്കും, അതിന് 10 നയാപൈസ മാറ്റിവച്ചിട്ടില്ല. ഇത് സർക്കസിലെ അടിയാണോ; ഒറിജിനൽ

അടി അടിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ? ഒറിജിനൽ അടി അടിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങ് ഇത് പറയരുതായിരുന്നു. പക്ഷെ ഈ സേനയെക്കുറിച്ച് അങ്ങ് പറയുന്നുണ്ടെന്നല്ലാതെ ഒരു സേനയും ഇവിടെ വരാൻ പോകുന്നില്ല. കേരളത്തില പോലീസ് സേനയ്ക്ക് നടത്താൻ കഴിയാത്ത കാര്യം അതിനപ്പുറത്തൊരു സേനയുണ്ടാക്കി നടത്താൻ കഴിയുമെന്ന വിശ്വാസം ഞങ്ങൾക്കില്ല. അങ്ങ്, ആളുകളെ പേടിപ്പിക്കാൻ വേണ്ടി സേന വരാൻ പോകുന്നു എന്നു പറയുകയല്ലാതെ ഒരു സേനയും ഇവിടെ വരാൻ പോകുന്നില്ല. ഈ നിയമത്തിനകത്ത് എല്ലാ പഴുതും ഉണ്ടാക്കിവച്ചിരിക്കുകയാണ്. ഏത് രൂപത്തിലും മുന്നോട്ട് പോകാൻ കഴിയുന്ന പഴുതുകൾ ഈ നിയമത്തിലുണ്ട്. മണലിന്റെ വില നിയന്ത്രിക്കാനാവശ്യമായ ഒരു കാര്യവും ഈ നിയമത്തിൽ പറയുന്നില്ല. മണൽ വില ആരാണ് നിശ്ചയിക്കുന്നത്; മണലിന്റെ വില നിശ്ചയിക്കാൻ എന്ത് മാനദണ്ഡമാണുള്ളത്? തൃശ്ശൂർ ജില്ലാ കളക്ടർ നേരത്തേ ഒരു ലോഡ് മണലിന് 2000/- രൂപ നിരക്കിലാണ് പാസ് കൊടുത്തിരുന്നത്. 2000/- രൂപയ്ക്ക് ഒരു ലോഡ് മണലിനുള്ള പാസ് എന്ന സംവിധാനം ആദ്യമായി ഏർപ്പെടുത്തിയത് തൃശ്ശൂർ ജില്ലയിലാണ്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം പ്ലാൻ കൊടുത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അവർക്ക് 2-4 ലോഡ് മണൽ കൊടുക്കുന്ന സംവിധാനം തൃശ്ശൂർ ജില്ലയിലും പാലക്കാട് ജില്ലയിലുമുണ്ട്. 2000/- രൂപയാണ് വില. അത് ഗവൺമെന്റ് നിശ്ചയിച്ച വിലയാണ്. ആ മണൽ കിട്ടാനില്ല. നേരത്തേ ഞാൻ പറഞ്ഞ പോർട്ടിലെ മണലിന്റെ വില 6000/- രൂപയാണ്. അത് ആര് നിശ്ചയിച്ചതാണ്; സർക്കാർ നിശ്ചയിച്ചതാണോ? ആരും നിശ്ചയിച്ചതല്ല. ഇവിടെ എം-സാൻഡി

നെക്കുറിച്ച് പറഞ്ഞു. വാസ്തവത്തിൽ ഇവിടെ മണലിന്റെ ലഭ്യതക്കുറവുണ്ടാക്കുന്നതിന്റെ പിന്നിൽ വളരെ ശക്തമായി പ്രവർത്തിക്കുന്നത് എം-സാൻഡ് ലോബിയാണ്. കാരണം എം-സാൻഡ് ലോബിയുടെ മണലിന്റെ വില രണ്ടു മൂന്ന് കൊല്ലംകൊണ്ട് അഞ്ചിരട്ടിയായി വർദ്ധിച്ചു. ആരാണ് ഈ വില നിശ്ചയിക്കുന്നത്; ഒരു ലോഡ് എം-സാൻഡിന്റെ വില എത്രയാണ്? ശുദ്ധമായ മണലിനേക്കാൾ ഉറപ്പുള്ള മണൽ ഞങ്ങളുടേതാണെന്ന് പറഞ്ഞ് അവർ വ്യാപകമായി പത്രങ്ങളിലൂടെ പരസ്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. അവർ മണൽ എടുക്കുന്നത് എവിടെനിന്നാണ്? കരിങ്കൽ പൊടിച്ചുണ്ടാക്കുന്ന മണലാണത്. കരിങ്കല്ല് എവിടെനിന്നാണ് ഖനനം ചെയ്യുന്നത്? എല്ലാവിധത്തിലുള്ള ഫോറസ്റ്റ് നിയമങ്ങളും ലംഘിച്ചുകൊണ്ട് നമ്മുടെ കിഴക്കൻ മേഖലയിലെ എല്ലാ ക്വാറികളിലും നടത്തിക്കൊണ്ടിരിക്കുന്ന ഖനനം......, അത് ഉപയോഗിച്ചുകൊണ്ടുണ്ടാക്കുന്ന എം-സാൻഡ് ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്. ആ എം-സാൻഡ് ലോബി ഇവിടെ ശക്തമായി നിലകൊണ്ടുകൊണ്ട്............., അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ കൊണ്ടുവരാൻ തീരുമാനിച്ചു - കാവേരി മണൽ കൊണ്ടുവരാൻ തീരുമാനിച്ചു, തമിഴ്നാട് മണൽ കൊണ്ടുവരാൻ തീരുമാനിച്ചു. ഇവിടേയ്ക്കെത്തിയോ? എല്ലാം പോലീസിനെ വിട്ട് പിടിപ്പിച്ചില്ലേ? ഗുജറാത്തിൽ നിന്നും കപ്പൽ വഴി മണൽ കൊണ്ടുവരാൻ തീരുമാനിച്ചു. ഇവിടെ എത്തിയോ; ആരാണ് തടയുന്നത്? ബഹുമാനപ്പെട്ട മാണി സാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കടലിൽ നിന്നും ഖനനം ചെയ്ത് മണലെടുക്കണമെന്ന് പറഞ്ഞു. അത് പരിശോധിക്കേണ്ട കാര്യമാണ്. കടലിൽ നിന്നും മണലെടുക്കാമോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? അതിനുപകരം ഇവിടെ സ്വകാര്യ ലോബികൾക്ക് വിട്ടുകൊടുത്തിരിക്കുകയല്ലേ? വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുനടത്തിയ,

പഞ്ചവത്സര പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. കേരളത്തിന്റെ ഭാവി വികസനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ വലിയൊരു സെമിനാർ നടത്തി. അവിടെ എല്ലാ രാഷ്ട്രീയപ്പാർട്ടി നേതാക്കന്മാരും വന്നു. പക്ഷെ, അഞ്ച് മന്ത്രിമാരേ വന്നുള്ളൂ. കേരളത്തിന്റെ ഭാവി വികസനത്തിൽ ഇവിടത്തെ മന്ത്രിമാർക്ക് എത്രമാത്രം താൽപ്പര്യമുണ്ടെന്ന് മനസ്സിലാക്കണമെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ സഭയുടെ 125-ാം വാർഷികവുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയ സെമിനാറിൽ ഈ ഇരിക്കുന്ന മന്ത്രിമാരിൽ എത്രപേർ പങ്കെടുത്തുവെന്നത് നോക്കിയാൽ മാത്രം മതി. അഞ്ച് മന്ത്രിമാർ പങ്കെടുത്തു, അവരും യോഗത്തിൽ പൂർണ്ണമായി ഇരുന്നില്ല. വികസനത്തെക്കുറിച്ച് ഈ ഗവൺമെന്റിന് ഒരു കാഴ്ച്ചപ്പാടുമില്ല. നിയമം പാസ്സാക്കണമെന്നുമില്ല. നിയമം ഉണ്ടാക്കണമെന്നു മാത്രമേയുള്ളൂ. കഴിഞ്ഞ തവണ നിയമം ഉണ്ടാക്കിയതെങ്ങനെയാണ്? കഴിഞ്ഞ തവണ നിയമമുണ്ടാക്കിയപ്പോൾ അതിൽ ഗവർണറെക്കൊണ്ട് ഒപ്പിടുവിക്കാൻവേണ്ടി അപ്പോൾത്തന്നെ ബാംഗ്ലൂരിലേക്ക് പോയി. ഞാൻ ചോദിക്കട്ടെ, ഒന്നര വർഷമായി നമ്മുടെ സംസ്ഥാനത്ത് ഒരു ഗവർണറുണ്ടോ; രണ്ടു ദിവസം പോലും ഗവർണർ നമ്മുടെ നാട്ടിൽ താമസിക്കുന്നുണ്ടോ? കർണ്ണാടകയിലെ ഗവർണർ ഇവിടേയ്ക്ക് വരണം. അത് അദ്ദേഹത്തിന്റെ ഡ്യൂട്ടിയാണ്. എല്ലാ ദിവസവും വിമാനത്തിനുവേണ്ടി മുടക്കുന്ന പണം....., ബഹുമാനപ്പെട്ട സി. പി. മുഹമ്മദ്, അങ്ങ് എല്ലാത്തിനേയും ചോദ്യം ചെയ്യുന്ന ആളാണല്ലോ. കേരളത്തിനൊരു ഗവർണർ ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കാൻ, കർണ്ണാടക ഗവർണ്ണർ ബാംഗ്ലൂരിൽനിന്ന് വന്ന് പോകുന്നതിനായി വിമാനത്തിനുവേണ്ടി ചെലവാക്കുന്ന പണം നമ്മുടെ ഖജനാവിലെ പണമല്ലേ? ഒരു ഗവർണറെ നിയമിക്കണമെന്ന കാര്യം സംസ്ഥാന ഗവൺമെന്റ് രാഷ്ട്രപതി

യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? ഒന്നരക്കൊല്ലമായി ഗവർണറില്ലാത്ത ഒരു സംസ്ഥാനമായി............

ശ്രീ. സാജു പോൾ: സർ, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ എങ്ങനെയെങ്കിലും നന്നാക്കിയെടുക്കണമെന്നുള്ള ആത്മാർത്ഥതയോടുകൂടിയാണ് ബഹുമാന്യനായ വി. എസ്. സുനിൽ കുമാർ സംസാരിക്കുന്നത്. അടുത്ത കാലത്ത് ഈ സർക്കാരിലെ ഒരു ഉന്നതനായിട്ടുള്ള ആൾ - ആളെപ്പറയാം ഗവൺമെന്റ് ചീഫ് വിപ്പ് - അദ്ദേഹം കേരളത്തിലെ ഏറ്റവും സുപ്രസിദ്ധമായ ഒരു നാഗക്ഷേത്ര്ത്തിൽപ്പോയി തുലാഭാരം നടത്തി. അദ്ദേഹം മത്സ്യ-മാംസാദികളെല്ലാം നന്നായി കഴിക്കുന്ന ആളാണ്. നാഗക്ഷേത്രത്തിൽപ്പോയി അദ്ദേഹം തുലാഭാരം നടത്തിയതിനെത്തുടർന്ന് നാഗരാജാക്കന്മാർ യോഗം ചേർന്ന് അദ്ദേഹത്തെ ശരിപ്പെടുത്തണമെന്ന തീരുമാനത്തോടുകൂടി ഒരു മൂർഖൻ പാമ്പിനെ അനന്തപുരിയിലേക്ക് അയച്ചു. ആ പാമ്പാണ് നിയമസഭാ ലൈബ്രറിയിൽ നിന്ന് അടുത്തകാലത്ത് പിടിക്കപ്പെട്ടതെന്നും അങ്ങനെ നാഗരാജാക്കന്മാരുടെയടക്കം കോപത്തിന് ഇരയായിട്ടുള്ള ഭരണമാണ് ഇവിടെ നടക്കുന്നതെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാഗശാപം മാത്രമല്ല, തുലാഭാരത്തിനുശേഷം ശ്രീ. പി. സി. ജോർജിന് അദ്ദേഹത്തിന്റെ വീടുതന്നെ മാറേണ്ടി വന്നിരിക്കുകയാണ്. ആരോട് കളിച്ചാലും നാഗത്തോട് കളിക്കുമ്പോൾ ശ്രദ്ധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അസംബ്ലിക്ക് നാഗശാപം വരുത്തരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് അസംബ്ലിയെക്കൂടി ബാധിച്ചിരിക്കുകയാണ്. *ചാണകം ചാരിയാൽ ചാണകം മണക്കും, ചന്ദനം ചാരിയാൽ ചന്ദനം മണക്കും* എന്ന് പറയുന്നതുപോലെ ചില ആളുകൾ ഇതിനക

ത്തിരുന്നാൽ അത് നമ്മളെയും ബാധിക്കുന്ന നിലയിലേക്ക് വരും. അതാണ് ശ്രീ. സാജു പോൾ സൂചിപ്പിച്ചത്. ഇവിടെയിനി രാജവെമ്പാല വരുമോ എന്നു കൂടി നമ്മൾ കാത്തിരിക്കണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഗവർണറുടെ പോസ്റ്റ് ആവശ്യമി ല്ലെന്നും ആ പോസ്റ്റ് അബോളിഷ് ചെയ്യണമെന്നും ഇടതുപാർട്ടികൾ പല പ്പോഴും പറയാറുണ്ട്. ഏതായാലും ഗവർണർ, കർണാടകത്തിന്റെയും കേരള ത്തിന്റെയും ചാർജ്ജ് ഒരുമിച്ച് വഹിച്ചതുകൊണ്ട് കേരളത്തിലെ ഭരണത്തിന് ഒരു കുഴപ്പവുമില്ലെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടില്ലേ; അത് അങ്ങേയ്ക്ക് അറി യാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നിങ്ങളെ സംബന്ധിച്ചിടത്തോളം ഗവർണർ ഉള്ളതും ഇല്ലാത്തതും ഒരുപോലെയാണ്. പക്ഷെ ഞങ്ങളെ സംബ ന്ധിച്ച് അങ്ങനെയല്ല, ഞങ്ങൾ ഉത്തരവാദിത്വമുള്ളതുകൊണ്ട് പറയുകയാണ്. ഞാൻ അങ്ങയോട് ചോദിക്കട്ടെ, ഒന്നരക്കൊല്ലമായി ഗവർണറില്ലായെന്ന തോന്നൽ നിങ്ങൾക്കുണ്ടായോ; എന്തുകൊണ്ടാണ് ഇല്ലാത്തത്; അതിനുവേണ്ടി ഖജനാവിലെ പണം എത്രയാണ് ഒഴുകിക്കൊണ്ടിരിക്കുന്നത്; എന്ത് ഒപ്പിടണമെ ങ്കിലും ബാംഗ്ലൂരിലേക്ക് വിമാനത്തിൽ പോകേണ്ടേ; വിമാനത്തിൽ പോകുന്ന തിനുള്ള പണം ഗവർണറുടെ വീട്ടിൽ നിന്നും തരുമോ; നമ്മുടെ നികുതിപ്പണ മല്ലേ? ഗവർണറെ നിയമിക്കണമെന്ന കാര്യം ഈ ഗവൺമെന്റ് രാഷ്ട്രപ തിയെ അറിയിച്ചിട്ടുണ്ടോ; അറിയിച്ചിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇവിടെയൊരു ഗവർണർ പ്രത്യേകമായി വേണമെന്ന് ശ്രീ. വി. എസ്. സുനിൽ കുമാറിന് എന്താണിത്ര നിർബന്ധം; ഗവർണറേ ഇല്ലാതിരിക്കുന്നതിനെപ്പറ്റിയല്ലേ നമ്മൾ പറയേണ്ടത്; എന്തിനാണ് ഈ ഗവർണർ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഗവൺമെന്റ് തന്നെ പോക ണമെന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. എനിക്കുവേണ്ടിയല്ല, ഈ രാജ്യത്തെ ജനങ്ങളുടെ ആഗ്രഹം പ്രകടിപ്പിച്ചതാണ്. ഈ രാജ്യത്തെ ഗവൺമെന്റ് തന്നെ പോകണമെന്ന് ആഗ്രഹിക്കുന്നവരാണ് ഈ രാജ്യത്തെ സർവ്വവിധ ആളുകളും. കാരണമെന്താണെന്നുവച്ചാൽ അവർ പൊറുതിമുട്ടി യിരിക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചയ്ക്കിടയിൽ രാഷ്ട്രീയം പറഞ്ഞാൽ കുഴപ്പമാകുമെന്നുവച്ചാണ് ഞാൻ പറയാത്തത്. പറഞ്ഞാൽ അങ്ങ് നിയ ന്ത്രിക്കും. ഇവിടെ രാജ്യംതന്നെ മുടിഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനോട് അനുബന്ധിച്ചുതന്നെ പറയുന്നതാണ്, ഗവർണർ സ്ഥാനം തന്നെ അജഗളസ്തനമാണ് എന്ന അഭിപ്രായം പൊതുവെയുണ്ട്. ഗവർണർ സ്ഥാനമേ വേണ്ട, കോൺസ്റ്റിറ്റ്യൂഷനിൽ നിന്ന് അത് എടുത്തുകളയണമെന്ന രീതിയിലുള്ള ഒരു ചർച്ച ഇന്ത്യയൊട്ടാകെ നടന്ന കാര്യം അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതുമാത്രമല്ല............

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ അങ്ങ് പ്രസംഗം തുടങ്ങിയിട്ട് 35 മിനിട്ടായി. ഇപ്പോൾ നിൽക്കുന്നത് ഗവർണ റിലാണ്. അങ്ങ് ബില്ലിലേയ്ക്ക് വരണം. വിഷയത്തിലേയ്ക്ക് മടങ്ങി വരണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ നിയമം ഒപ്പിടണമെങ്കിൽ ഗവർണർ വേണം. അദ്ദേഹം ഇവിടെയില്ല. അദ്ദേഹം ബാംഗ്ലൂരാണ്. ഞാൻ ആ ചെലവിന്റെ കൂടി കാര്യം പറഞ്ഞതാണ്. ഈ ബിൽ ബാംഗ്ലൂരിലേക്ക് കൊണ്ടുപോകേണ്ടിവരുന്ന ചെലവുകൂടി ഉദ്ദേശിച്ച് പറഞ്ഞതാണ്. ഓരോ

ബില്ല് പാസ്സാക്കുമ്പോഴും ജനങ്ങളുടെ ചങ്കിടിക്കുകയാണ്. നികുതിപ്പണമാണല്ലോ ബാംഗ്ലൂരിലേയ്ക്കുള്ള വിമാനച്ചാർജ്ജായി പോകുന്നതെന്ന ജനങ്ങളുടെ ചങ്കിടിപ്പ് ഇവിടെ പ്രകടിപ്പിച്ചതാണ്. ഓരോ നിയമം പാസ്സാക്കുമ്പോഴും ഗവർണർ ഇരിക്കുന്ന സ്ഥലത്തേക്ക് പോകുന്നതിനുപകരം..........., നമ്മളിപ്പോൾ അഞ്ചെട്ട് ബില്ലുകൾ പാസ്സാക്കി. ഓരോ ബില്ലുകളും ലീഗൽ സ്ക്രൂട്ടിനിക്കുവേണ്ടി ഗവർണറുടെ വസതിയിലേക്ക്, ബാംഗ്ലൂരിലേക്ക് കൊണ്ടുപോകേണ്ട ഗതികേട് ആലോചിച്ച് പറഞ്ഞതാണ്. ഞാൻ ചുരുക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് എം-സാൻഡ് ലോബി വ്യാപകമായി ഇടപെട്ടുകൊണ്ടുകൂടിയാണ് മണലിന്റെ വില നിശ്ചയിക്കുന്നത് എന്നാണ്. കെട്ടിടനിർമ്മാണ ആവശ്യങ്ങൾക്കുവേണ്ടിവരുന്ന പ്രധാനപ്പെട്ട ഈ അസംസ്കൃത വസ്തുക്കൾ നമുക്ക് ലഭ്യമാക്കാൻവേണ്ടി എന്ത് സംവിധാനമുണ്ട്? ഇവിടെ മണൽ മാത്രമല്ല, നമുക്ക് ആവശ്യമായ കരിങ്കല്ല് ലഭിക്കുന്നില്ല. കരിങ്കല്ലും മണലും ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ വളരെ ആവശ്യമായി വരുമ്പോൾ ഉണ്ടാകുന്ന ദൗർലഭ്യത ചൂഷണം ചെയ്ത് വളരെ കൃത്രിമമായി മണൽ ക്ഷാമമുണ്ടാക്കുകയും ആ മണൽ...........

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാനില്ലാതിരുന്ന സമയത്ത് തുലാഭാരം നടത്തിയത് സംബന്ധിച്ച് എന്തോ പറഞ്ഞുവെന്ന് കേട്ടു, ശരിയാണോ? നാഗശാപം ഉണ്ടാകാതിരിക്കാനാണ് മണ്ണാറശ്ശാലയിൽ തുലാഭാരം നടത്തുന്നത്. നിങ്ങളെപ്പോലെയുള്ളവരെയെല്ലാം മര്യാദ പഠിപ്പിക്കാൻ ഒന്നാന്തരം മഞ്ഞൾ കൊണ്ടായിരുന്നു തുലാഭാരം. എനിക്ക് മനസ്സിലാകാത്ത കാര്യം, മധു എന്നു പറയുന്ന ഒരാളുടെ നേർച്ചപ്രകാരം ഞാനൊരു തുലാഭാരം നടത്തി. ഇപ്പോൾ കിടക്കപ്പൊറുതിയില്ലാതായിരിക്കുകയാണ്. ഇവിടെ ശ്രീ. കെ. സി. ജോസഫും

ശ്രീ. പി. ജെ. ജോസഫും തുലാഭാരം നടത്തി, ആർക്കും ഒരു വിമർശനവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. സി. ജോർജ്, കായുള്ള മരത്തിലേ കല്ലെറിയൂ.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഒരു വാക്ക് പറയട്ടെ, ആ തുലാഭാരം നടത്തിയതിൽ എനിക്ക് അഭിമാനമുണ്ട്. കാരണം, കേരളത്തിലെ അറിയപ്പെടുന്ന ഒരു ക്വട്ടേഷൻ സംഘത്തലവനായിരുന്നു മധു എന്നുപറയുന്ന ചെറുപ്പക്കാരൻ. അഞ്ച് വർഷം മുമ്പ് ഞാൻ അയാളുമായി സംസാരിക്കാനിടയായി. ഞാനുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ അയാളും സംഘവും വളരെ മര്യാദക്കാരായി മാറി. അയാളിപ്പോൾ മണ്ണാറശ്ശാലയിലെ സേവനവുമായി നടക്കുകയാണ്. ആ ചെറുപ്പക്കാരന്റെ നേർച്ചയായിരുന്നു അത്. അത് നടത്തിയതിൽ എന്താണ് ഇത്ര പാപം; അതിനെക്കുറിച്ച് ഇങ്ങനെ പറയാമോ; അത് ഇവിടെക്കൊണ്ടുവന്ന് ആരോപണമാക്കുന്നത് മോശമല്ലേ; മര്യാദകേടല്ലേ; ശ്രീ. കെ. സി. ജോസഫും ശ്രീ. പി. ജെ. ജോസഫും തുലാഭാരം നടത്തിയപ്പോൾ യാതൊരു കുഴപ്പവുമില്ലല്ലോ? എന്റെ മുതുകത്തേയ്ക്കുള്ള ഈ പ്രവേശം, ഈ പരകായപ്രവേശം നിങ്ങളൊന്ന് നിറുത്തണം.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് തുലാഭാരം നടത്തിയത് ഏകദേശം 95 കിലോ മഞ്ഞളുകൊണ്ടാണ്, ശത്രുസംഹാരത്തിന് വേണ്ടിയാണ്. അതിന് അദ്ദേഹം തെരഞ്ഞെടുത്തത് ഹരിപ്പാട് മണ്ഡലമാണെന്നറിയാമല്ലോ.

ശ്രീ. പി. സി. ജോർജ്: തുലാഭാര സമയത്ത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് മാത്രമല്ല കെ.പി.സി.സി. പ്രസിഡന്റായ ശ്രീ. രമേശ് ചെന്നിത്ത

ലയ്ക്കും ആയുസ്സും ആരോഗ്യവും നന്മയുമുണ്ടാകണമെന്ന് ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്, പേടിക്കേണ്ട.

ശ്രീ. സാജു പോൾ: സർ, സത്യ ക്രിസ്ത്യാനികളും കത്തോലിക്കസഭ വിശ്വാസികളുമായ മൂന്നുപേർ - ശ്രീ. പി. സി. ജോർജ്, ശ്രീ. കെ. സി.ജോസഫ്, ശ്രീ. പി. ജെ.ജോസഫ് ഇവർ തുലാഭാരം നടത്തിയെന്നാണ് പറയുന്നത്. ക്രിസ്ത്യാനികളുടെ വിശ്വാസമനുസരിച്ച് ഇങ്ങനെയൊരു വഴിപാട് കഴിക്കാൻ പാടില്ല. ഞാൻ പറഞ്ഞു വരുന്നത് അതല്ല. ബഹുമാന്യനായ ശ്രീ. പി. സി. ജോർജ് ഇവിടെ ഇത് ന്യായീകരിച്ചപ്പോൾ.........., ഞാനാണല്ലോ നാഗക്ഷേത്രത്തിൽ പോയ കാര്യം പറഞ്ഞത്. അദ്ദേഹം രഹസ്യമായിട്ട് എന്നോടൊരു കാര്യം പറഞ്ഞു. നിയമസഭയിൽ മൂർഖൻ പാമ്പ് വന്നതിന് ശേഷം അദ്ദേഹം ഗരുഡക്കൊടികൊണ്ടൊരു ഏലസ് കെട്ടിയിരിക്കുകയാണ് - പാമ്പുകൾ ആക്രമിക്കാതിരിക്കാൻ വേണ്ടി. ആ ശ്രീ. പി. സി. ജോർജാണ് തുലാഭാരം നടത്തിയത്. ഞാനിത് വെളിപ്പെടുത്തണ്ട എന്ന് വിചാരിച്ചിരുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: ഏലസ്സിന് നല്ല ബലം ഉണ്ട്. ശ്രീ. സാജുപോൾ സ്ഥിരം ആക്രമിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ.

ശ്രീ. വി. എസ്. സുനിൽകുമാർ: ഞാൻ ഹരിപ്പാടത്തെ കാര്യം പറയേണ്ടെന്നു വച്ചതാണ്. ഞാൻ ഇരിക്കുന്ന സീറ്റിന്റെ മുന്നിലാണ് ഹരിപ്പാടത്തെ അംഗം ഇരിക്കുന്നത്. എനിക്കദ്ദേഹത്തിന്റെ മുഖം നേരെ കാണാൻ കഴിയുന്നില്ല. അദ്ദേഹം അപ്പുറത്തിരുന്നാലേ എനിക്ക് അദ്ദേഹത്തിന്റെ മുഖം കാണാൻ കഴിയുകയുള്ളൂ. എന്റെ ആഗ്രഹം അദ്ദേഹം അവിടെയിരിക്കണമെന്നാണ്. അദ്ദേഹത്തിന്റെ മുഖം കാണാൻ വേണ്ടിയെങ്കിലും ബഹുമാനപ്പെട്ട ആളുകൾ അദ്ദേഹത്തെ അവിടെയിരുത്താമോ? ശ്രീ. പി.സി. ജോർജ് മഞ്ഞളുകൊണ്ടാണ് തുലാഭാരം നടത്തിയതെന്ന് ഇവിടെ പറഞ്ഞു. മഞ്ഞളിന്റെ

ഏറ്റവും വലിയ പ്രത്യേകത അതൊരു വിഷഹാരിയാണെന്നതാണ്. അദ്ദേഹത്തിന്റെ വിഷം മാറ്റാനായിരിക്കും തുലാഭാരത്തിന് മഞ്ഞൾ തന്നെ തിരഞ്ഞെടുത്തത്. അല്ലെങ്കിൽ എത്രയോ സാധനങ്ങളുണ്ടായിരുന്നിട്ടും മഞ്ഞൾ തന്നെ നിശ്ചയിച്ചതെന്തിനാണ്? വിഷഹാരിയായ മഞ്ഞൾകൊണ്ട് തുലാഭാരം നടത്തിയിട്ടും ശ്രീ. പി. സി. ജോർജിന്റെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട ശ്രീ. സുനിൽ മനസ്സിലാക്കേണ്ടത്, സർപ്പത്തിന് മഞ്ഞൾ കൊണ്ടാണ് തുലാഭാരം നടത്തേണ്ടത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർപ്പത്തിന് മഞ്ഞളും നൂറും പാലുമൊക്കെ നൽകുന്നത് മനസ്സിലാക്കാം. പക്ഷെ ശ്രീ. പി. സി ജോർജ് തന്നെ അവിടെ തുലാഭാരം നടത്താനും അത് മഞ്ഞളുകൊണ്ടുതന്നെയാക്കാനും തീരുമാനിച്ചതിന്റെ കാര്യത്തിൽ സംശയം ചോദിച്ചതാണ്. വിഷഹാരിയായ മഞ്ഞൾ കൊണ്ട് തുലാഭാരം നടത്തിയിട്ടും അങ്ങയുടെ വിഷം പൂർണ്ണമായും മാറിയോയെന്ന് ഞങ്ങൾക്ക് സംശയമാണ്. അദ്ദേഹം ഇവിടെ ഇരുന്നപ്പോൾ വിഷം ഉണ്ടായിരുന്നില്ല, അവിടെ പോയതിന് ശേഷമാണ് അദ്ദേഹത്തെ വിഷം തീണ്ടിയിരിക്കുന്നത്. ആ വിഷം തീണ്ടിയ അങ്ങ് അവിടെയിരുന്ന് മഞ്ഞൾകൊണ്ട് തുലാഭാരം നടത്തിയാലും ആ വിഷം മാറില്ല. അങ്ങ് ഇങ്ങോട്ട് വരണം. അങ്ങ് ഇങ്ങോട്ട് വന്നാലേ ആ വിഷം മാറുകയുള്ളൂ. അത് തുലാഭാരം നടത്തിയാൽ മാറുകയില്ല. .......(ബഹളം)...... ഞാൻ നേതൃത്വത്തിന്റെ അഭിപ്രായമറിയാതെ ഒരു അബദ്ധം പറഞ്ഞുപോയതാണ്. അതിന് ഇത്രയും ശക്തമായ എതിർപ്പുണ്ടാകുമെന്ന് പ്രതീക്ഷിച്ചതല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി.എസ്. സുനിൽ കുമാർ, അങ്ങ് കൂറ് മാറ്റത്തിന് പ്രേരിപ്പിക്കുകയാണോ?

ശ്രീ. പി. സി. ജോർജ്: സർ, എനിക്കത്ഭുതം തോന്നുന്നു. ചിലരെന്നെ രഹസ്യമായി വിളിച്ച് അങ്ങോട്ട് ചെല്ലാൻ പറയും. ഞാൻ ഐക്യജനാധിപത്യ മുന്നണിയുടെ ആളല്ലേ; നിങ്ങളെന്തിനാണ് അങ്ങനെ വഴക്കുണ്ടാക്കുന്നത്? ഞാൻ ഇന്നുവരെ കാലുവാരിയ ചരിത്രം ശ്രീ. വി. എസ്. സുനിൽ കുമാറിന റിയുമോ? ഞാൻ നിൽക്കുന്നിടത്ത് ആത്മാർത്ഥമായി നിന്ന ചരിത്രമല്ലാതെ ഏതെങ്കിലുമൊരു കാര്യം പറയാമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയെ 'എടുത്തോ, എടുത്തോ' എന്ന് പറയുകയാണ്. ഞങ്ങൾക്കൊരു കുഴപ്പവുമില്ല. അവിടെത്തന്നെയുള്ള ആളുകൾ പറയുകയാണ് എടുത്തോയെന്ന്. അങ്ങ് അവിടെത്തന്നെയിരിക്കണം. അങ്ങ് അവിടെത്തന്നെയിരുന്ന് നശിക്കട്ടെ. അങ്ങ് നശിക്കണമെന്ന് ഞങ്ങൾക്കാഗ്രഹമില്ല. ഈ ഗവൺമെന്റിന്റെ നാശ ത്തിന് അങ്ങ് ഒരു കാരണമാവുമെങ്കിൽ, അങ്ങ് ശാപമോചനത്തിനുള്ള ആളായി മാറും. നമ്മുടെ നാട്ടിൽ മണൽ മാഫിയകളെ നിയന്ത്രിക്കുന്നതിനു ള്ള സംവിധാനമില്ല. മണൽ വാരൽ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കൊണ്ടു വന്ന ഈ ബില്ലിന്മേലുള്ള വിയോജനക്കുറിപ്പിൽ, പുഴയുടെ ഇരു കരകളിൽ നിന്നും 25 മീറ്റർ മാറിവേണം ഖനനം ചെയ്യാൻ എന്ന് ഞാൻ നിർദ്ദേശിക്കുന്നുണ്ട്. കാരണം, എല്ലാ പുഴയിൽ നിന്നും ഖനനം നടത്താൻ പാടില്ല. ചെറിയ പുഴയിൽ നിന്നും വലിയ പുഴയിൽ നിന്നും ഒരു പോലെ ഖനനം നടത്താൻ പാടില്ല. പലപ്പോഴും ഖനനത്തിന്റെ ആഴം നിശ്ചയിക്കുന്ന തിന് യാതൊരു നിയന്ത്രണവുമില്ല. ചെറുപുഴകളിൽ ഇരുകരകളിൽ നിന്നും ചുരുങ്ങിയത് 25 മീറ്ററെങ്കിലും മാറിയല്ല മണൽ വാരുന്നതെങ്കിൽ കരകൾ ഇടി ഞ്ഞ് പുഴതന്നെ നഷ്ടപ്പെട്ടുപോകാൻ ഇടയുണ്ട്. അതുകൊണ്ട്, പുഴയെ

സംരക്ഷിക്കാനാണ് ഉദ്ദേശ്യമെങ്കിൽ കർക്കശമായും 25 മീറ്റർ എന്ന് പറയുന്ന നിർദ്ദേശം ഈ ഗവൺമെന്റ് അംഗീകരിക്കണം. പുഴയെ കൊല്ലാനാണെങ്കിൽ അംഗീകരിച്ചില്ലെങ്കിലും കുഴപ്പമില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത് പുഴകളിൽ നിന്ന് മണ്ണെടുക്കുന്നതുമായി ബന്ധപ്പെട്ടാണ്. നമ്മുടെ തുറമുഖ വകുപ്പ് ഇപ്പോഴും അത് തുടർന്ന് കൊണ്ടിരിക്കുകയാണ്. യാതൊരുകാരണവശാലും അത് തുടരാൻ പാടില്ല. അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: '*പൂരവും കഴിഞ്ഞ് ആനയും പോയിട്ടാണ് നമ്മുടെ മക്കൾ വരുന്നത്*' എന്ന് പറയുന്നതുപോലെ ഞങ്ങൾ അതൊക്കെ ചർച്ച ചെയ്തു കഴിഞ്ഞു. നദീതടം സംരക്ഷിക്കുന്നതിന് വേണ്ടി അങ്ങയെപ്പോലുള്ള പോരാളികളെവിടെയെന്ന് ഞാൻ നോക്കി. ആരെയും കണ്ടില്ല. ഹരിതവാദികളായ ആരെയും കണ്ടില്ല. ഞങ്ങൾ പ്രതീക്ഷിച്ചത് ഇതിന്റെ തുടക്കം മുതൽ അവസാനം വരെ, കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ നിങ്ങളുണ്ടാകുമെന്നാണ്. പക്ഷെ ആരെയും കണ്ടില്ല. ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ച കാര്യം വളരെ വിശദമായി ചർച്ച ചെയ്തു. ആ സമയത്ത് അങ്ങിവിടെയില്ലാത്തുകൊണ്ടാണ്.

ശ്രീ. വി. ഡി. സതീശൻ: നദീ സംരക്ഷണത്തിന് നിലകൊള്ളുന്ന ആരെയും ഇവിടെ കണ്ടില്ലെന്ന് അങ്ങ് പരാതിപ്പെട്ടു. ഞങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വിളിച്ച ഒരു യോഗത്തിൽ പങ്കെടുക്കാൻ വേണ്ടി പോയതാണ്. അങ്ങ് ഇത് പറയുന്നത് കേട്ടാണ് ഞാൻ ഓടി ഇവിടെ എത്തിയത്. അങ്ങ് ഡിസന്റ് നോട്ടിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് കരുതി അങ്ങയുടെ ഡിസന്റ്

നോട്ടും വായിച്ചു. പക്ഷെ, ഇവിടെ വന്നപ്പോഴാണ് അങ്ങ് ശ്രീ. പി. സി. ജോർജിനെക്കുറിച്ചും നാഗത്തെക്കുറിച്ചും തുലാഭാരത്തെക്കുറിച്ചുമാണ് പറഞ്ഞതെന്ന് മനസ്സിലായത്. അതുകൊണ്ട് ആ മീറ്റിംഗിൽ പോയതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. കാരണം ഇവിടെയിരുന്ന് വെറുതേ അങ്ങയുടെ പ്രസംഗം കേൾക്കേണ്ട ഗതികേട് വന്നില്ലല്ലോ.

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങയുടെ അഭിപ്രായം ഞാൻ വില വച്ചിരിക്കുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽകുമാർ 45 മിനിട്ടായി.....പ്ലീസ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ചുരുക്കുകയാണ്. നമ്മുടെ നദീതീരങ്ങൾ സംരക്ഷിക്കാൻ വേണ്ടി സേനയുണ്ടാക്കിയതു കൊണ്ടോ, നിങ്ങൾ ഈ നിയമം കൊണ്ടുവന്നതുകൊണ്ടോ മാത്രം സാധ്യമല്ല. അതിനാവശ്യമായ ഇച്ഛാശക്തി ഏത് ഗവൺമെന്റാണെങ്കിലും കാണിക്കണം. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തു മാത്രമാണ് ഇതൊക്കെ നടന്നതെന്ന് ഞാനൊരിക്കലും പറയില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കുറച്ച് കൂടു തൽ ഉണ്ടെന്ന് മാത്രമാണ് പറയുന്നത്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഒരു സാമഗ്രി എന്ന നിലയിലാണല്ലോ മണൽ ഉപയോഗിക്കുന്നത്. മണലിന്റെ ആവശ്യം ഉയർന്നു നിൽക്കുന്നിടത്തോളം കാലം ഈ മാഫിയകളുണ്ടാകും. മണലിന്റെ ആവശ്യകത കുറയ്ക്കാനുതകുന്ന നിലയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടെ, സമാന്തര നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഈ നിയമം സമഗ്രതയിൽ കൊണ്ടു വരണം. പോർട്ട് ഡിപ്പാർട്ടുമെന്റ് ഉൾപ്പെ ടെയുള്ള മേഖല നടത്തിക്കൊണ്ടിരിക്കുന്ന അനധികൃതവും അശാസ്ത്രീയ

മായ ഖനനവും ആ ഖനനത്തിലൂടെ ലഭിക്കുന്ന മണൽ ഉപയോഗിച്ചു കൊണ്ടുള്ള കെട്ടിടനിർമ്മാണവും തടയാനാവശ്യമായ കാര്യങ്ങളും ഈ ബില്ലിൽ ഉണ്ടാകണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് മണിക്കൂറായി ഇവിടെ ചർച്ച നടക്കുകയാണ്. സത്യത്തിൽ ഇത്രയും നേരം ചർച്ച ചെയ്തുവെങ്കിലും ഇതിന്റെ യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്ക് ആകെ പത്തോ പതിനഞ്ചോ മിനിട്ട് നേരമാണ് സംസാരിച്ചതെന്നാണ് എനിക്ക് തോന്നിയത്. അതുകൊണ്ട് ഞാൻ ദീർഘമായി കാടുകയറി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. പ്രധാനമായ ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കാനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വളരെ ആവശ്യമുള്ള കാര്യമാണ്. കഴിഞ്ഞ കുറേക്കാലമായി ഓർഡിനൻസായും കോടതി വിധിയായുമൊക്കെയായി ബന്ധപ്പെട്ട് 2010 മുതൽ ഈ നിയമം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. പക്ഷെ അതൊരു ബില്ലായി നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത് ആദ്യമാണെന്ന് തോന്നുന്നു. ഇതിനെക്കുറിച്ചൊരു സമഗ്രമായ ചർച്ച ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ നദീതീരങ്ങൾ സംരക്ഷിക്കണം, മണൽ വാരൽ

നിയന്ത്രിക്കണം. അല്ലെങ്കിൽ പുഴകളും കാണില്ല നാടും കാണില്ല, മൊത്തം കുത്തിവാരിക്കൊണ്ട് പോവുകയാണ്. പക്ഷേ മണലും പാറയുമെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായിട്ടുള്ള കാര്യങ്ങളാണ്. നിർമ്മാണ മേഖലയിൽ ഇതിനുള്ള ആൾട്ടർനേറ്റീവ് കണ്ടുപിടിക്കുകയും നിർദ്ദേശിക്കുകയും ചെയ്യാതെ ഈ ബില്ലുകൊണ്ടുമാത്രം ഇത് പരിഹരിക്കാൻ കഴിയില്ല എന്നത് ഒരു സത്യമാണ്. കല്ലും മണ്ണും ഉപയോഗിച്ചുകൊണ്ടുള്ള നിലവിലുള്ള കെട്ടിടനിർമ്മാണ രീതിക്ക് ഒരു ബദൽ നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന് മുന്നോട്ട് വയ്ക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. സർക്കാരിന്റെ തന്നെ വിവിധ പാർപ്പിട പദ്ധതികളുണ്ട്. ആ പദ്ധതികൾക്ക് 75,000 രൂപ വരെയായിരുന്നു ഗവൺമെന്റ് ധനസഹായം കൊടുത്തുകൊണ്ടിരുന്നത്. ഇപ്പോൾ അത് രണ്ടു ലക്ഷം രൂപയാക്കി മാറ്റി. പക്ഷേ, മണലിന്റെ വിലയിൽ വന്ന അന്തരം കേട്ടാൽ നമ്മൾ അത്ഭുതപ്പെട്ടുപോകും.

എന്റെ നിയോജകമണ്ഡലമായ മൂവാറ്റുപുഴ ഏറ്റവും കൂടുതൽ മണൽ ഖനനം ചെയ്യുന്ന പ്രദേശമാണ്. ഇതാണ് അവിടത്തെ മിക്ക പഞ്ചായത്തുകളുടെയും പ്രധാനപ്പെട്ട വരുമാനമാർഗ്ഗം. അവിടെ ഒരു ലോഡ് മണലിന്റെ വില 4500 രൂപയാണ്. എന്നാൽ തിരുവനന്തപുരത്ത് ഒരു ലോഡ് മണലിന്റെ വില 75000 രൂപ മുതൽ 90000 രൂപ വരെയാണ്. ഞങ്ങളുടെ മേഖലയിൽ 4500-5000 രൂപ വിലയുള്ള ഒരു ലോഡ് മണലിന് ഇവിടെ 75000 രൂപ മുതൽ 90000 വരെ കൊടുക്കണം. ഈ വലിയ അന്തരം നമ്മൾ ഓർക്കണം. രണ്ടുലക്ഷം രൂപയാണ് ഏറ്റവും അവസാനം സർക്കാർ ഭവനപദ്ധതികൾക്കായി ആവിഷ്ക്കരിച്ചത്. രണ്ടു ലോഡ് മണൽ വാങ്ങുമ്പോൾതന്നെ അനുവദിച്ച

രണ്ടുലക്ഷം രൂപയും തീരും. ഇത്രയും വലിയ ഒരു പ്രശ്നം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുമ്പോൾ ആ വിഷയം അഡ്രസ് ചെയ്യാതെ ഈ നിയമം കൊണ്ടുമാത്രം ഇത് പരിഹരിക്കാൻ കഴിയുമോ? സാമ്പത്തിക ശാസ്ത്രത്തിലെ ഡിമാന്റ്സ് സപ്ലൈ തിയറി അനുസരിച്ച് ഡിമാന്റ് കൂടുകയും സപ്ലൈ കുറയുകയും ചെയ്യുമ്പോൾ സ്വാഭാവികമായും സാധനങ്ങൾക്ക് വില കൂടും. ഇവിടെ വൻതുകയ്ക്ക് മണൽ വാങ്ങേണ്ടിവരുന്നതിന് എന്തു പരിഹാരമാണ് നമുക്ക് കാണാൻ കഴിയുന്നത്? എന്റെ അഭിപ്രായത്തിൽ കേരളത്തിൽ, ഈ മണൽ കച്ചവടത്തിന്റെ നിയന്ത്രണം സമ്പൂർണ്ണമായും ഗവൺമെന്റിന്റെ കസ്റ്റഡിയിൽ വരണം. ഇന്ന് അത് പഞ്ചായത്തുകൾക്കാണ്. പഞ്ചായത്തുകൾക്ക് കൊടുക്കണമെന്ന് ഇവിടെ പലരും പറഞ്ഞു. പഞ്ചായത്തുകളുടെ കാര്യം പറഞ്ഞാൽ, അതുമായി ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് വലിയ സന്തോഷമാണ്. പഞ്ചായത്ത് അംഗങ്ങളെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. എങ്കിൽപ്പോലും എല്ലാവർക്കും ആനന്ദമായ ഒരു കാര്യമാണ് മണലുമായി ബന്ധപ്പെട്ട കാര്യം. അത്ര വലിയ ഡിമാന്റാണിത്. ആ മേഖലയിൽ ശരിയല്ലാത്ത നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് അതാത് ജില്ലകളിൽ മണൽവാരുന്ന പഞ്ചായത്തുകൾ കളക്ട്രേറ്റിന് ഒരു തുക അടയ്ക്കണം, ബാക്കി പഞ്ചായത്തുകളുടെ വരുമാനമാണ്. ആ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ ആളുകൾക്കും അതിന്റെ പേരിൽ കൊയ്ത്താണ്. അതാണ് ഇപ്പോൾ ആ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ മണൽ ആർക്ക് കൊടുക്കുന്നുവെന്നത് സംബന്ധിച്ച് കൃത്യമായ ഒരു നിർദ്ദേശവുമില്ല. ഇപ്പോൾ ഓൺലൈനിൽ മണൽ കൊടുക്കുന്നതിന് വേണ്ടി ചില ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഒന്നോ രണ്ടോ പഞ്ചായത്തിൽ ഓൺലൈനായി കളക്ട്രേറ്റിൽ ബുക്ക്

ചെയ്താൽ അതനുസരിച്ച് മണൽ കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. പക്ഷേ മറ്റു പഞ്ചായത്തുകളിലൊന്നും വന്നിട്ടില്ല. അത് ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. മണൽ എടുക്കുന്ന കലവറയെക്കുറിച്ച് ഈ ബില്ലിനകത്ത് നിർദ്ദേശമുണ്ട്. എല്ലാ ജില്ലകളിലും കലവറയുണ്ടാക്കി അവിടേയ്ക്കായിരിക്കണം മണ്ണ് കൊടുക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം. നേരത്തെയുള്ള നിർദ്ദേശം പോലെ മണൽ ചാക്കിലോ വേറെയെതങ്കിലും രൂപത്തിലോ ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ എല്ലാ ഗുണഭോക്താക്കൾക്കും കിട്ടത്തക്ക രീതിയിലുള്ള ഒരു അറേഞ്ച്മെന്റ് ഉണ്ടാക്കിയാൽ മാത്രമേ ഇന്ന് ഈ മേഖലയിലുള്ള ഡിസ്പാരിറ്റി ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ഇവിടെ മണൽ വാരുന്ന എല്ലായിടത്തും നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഓരോ കമ്മിറ്റികൾ വയ്ക്കുന്നു, നിയന്ത്രണങ്ങൾ പറയുന്നു ഇതൊന്നും പ്രായോഗികമല്ല. കമ്മിറ്റികളിലൊക്കെ കാര്യങ്ങൾ വരും. അതുവഴി കുറേ നിയന്ത്രണങ്ങൾ കൊണ്ടുവരുവാനും കഴിയും. പക്ഷേ ഈ ആവശ്യം പരിഗണിക്കാതെ നമുക്ക് ഒരു കാരണവശാലും ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാൻ കഴിയില്ല. ഇടനാട്, തീരനാട്, മലനാട് ഇതാണ് നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് കേട്ടിട്ടുള്ള ഭൂപ്രകൃതിയുടെ സ്ഥിതി. ഇപ്പോൾ തീരനാടും ഇടനാടും ഏതാണ്ട് ഒരുപോലെയായിക്കൊണ്ടിരിക്കുകയാണ്. കാരണം, ഇടനാട്ടിൽ നിന്നുള്ള കല്ലും മറ്റ് മുഴുവൻ സാധനങ്ങളും കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട് തീരപ്രദേശങ്ങളിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തീരപ്രദേശവും ഇടനാടും ഏതാണ്ട് ഒരുപോലെയായി. മലനാടുകൾ അധികം പോയിട്ടില്ല, എന്നാലും പോകുന്നുണ്ട്. പോകാത്തതിനുകാരണം ഫോറസ്റ്റ് കൺസർവ്വേഷൻ ആക്ട് ഒക്കെ കുറച്ച് സജീവമായതുകൊണ്ട് പൂർണ്ണമായും ഇടിച്ച് കൊണ്ടുപോകാൻ കഴിയുന്നില്ല. ഫലത്തിൽ ഇപ്പോൾ നമുക്ക് മലനാടും തീരനാടും മാത്രമേയു

ള്ളൂ. ഇടനാട് എന്ന് പറയുന്നത് പൂർണ്ണമായും നികത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ നിന്നാണ് ഈ കല്ലും മണലും പാറകളുമൊക്കെ വരേണ്ടിയിരിക്കുന്നത്. ഒരു സുപ്രഭാതത്തിൽ ഇതിനകത്ത് പങ്കെടുക്കുന്ന ആളുകൾ മുഴുവൻ മാഫിയാ ആണെന്ന് പറയാൻ സാധിക്കുമോ? കേരളത്തിന്റെ കൺസ്ട്രക്ഷൻ മേഖലയിൽ പ്രത്യേകിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം വലിയ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിലും പൊതുമേഖലയിലും ധാരാളം നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിനാവശ്യമായ കല്ലും മണലും വേണം. അത്തരം സംവിധാനത്തെക്കുറിച്ച് ആലോചിക്കാതെ ഈ മേഖലയിലുള്ളവർ മുഴുവൻ കുഴപ്പക്കാരാണെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ഈ നാട് അംഗീകരിച്ചിരിക്കുന്ന നിയമ സംവിധാനം അനുസരിച്ചുതന്നെയാണ് പതിനായിരക്കണക്കിന് തൊഴിലാളികൾ ആ മേഖലയിൽ പണിയെടുക്കുന്നത്. പ്രൈവറ്റ് മേഖലയെ അനുവദിച്ചിരിക്കുന്ന ഒരു രാജ്യമായതുകൊണ്ടും ഈ രാജ്യത്തെ നിയമസംവിധാനം അതിന് അനുസൃതമായതുകൊണ്ടും ആ മേഖല ഇതിൽ പങ്കെടുക്കും. സ്വാഭാവികമായും അവർക്ക് ലാഭേച്ഛയുണ്ടാകും. ചില മേഖലകളിലെ ഉദ്യോഗസ്ഥന്മാരുടെ പ്രധാനപ്പെട്ട പണി ഈ വണ്ടി പിടിത്തവും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളുമാണ്. ടിപ്പർ ലോറി സമരം നടത്തിയത് ശരിയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ടിപ്പർ എന്ന വണ്ടി വഴിയിൽ കാണുന്നത് ചില മേഖലകളിലെ ഉദ്യോഗസ്ഥന്മാർക്ക് വലിയ സന്തോഷമാണ്. കണ്ടാൽ ആ സെക്കന്റിൽ പിടിച്ചിരിക്കും. അത് ന്യായമാണോ അല്ലയോ എന്നുപോലും പരിശോധിക്കാറില്ല. പക്ഷേ ന്യായവിരുദ്ധമായി പോകുന്ന ആളുകളെ പിടിക്കണം. നിയന്ത്രണം എവിടെവരുന്നോ അവിടെ അഴിമതിക്കുള്ള സാധ്യതകൾ ആരംഭിക്കുകയാണ്. അതുകൊണ്ട് നിയന്ത്രണങ്ങൾ വേണ്ട എന്ന് പറയുന്നില്ല. പക്ഷേ

ഈ നിയന്ത്രണങ്ങളുടെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന വൻകൊള്ളയ്ക്ക് പരിഹാരമുണ്ടാക്കാൻ വ്യക്തമായ ഓൾട്ടർനേറ്റീവ് നിർദ്ദേശങ്ങൾ വയ്ക്കണം. കേരളത്തിലെ വീടുകളും കെട്ടിടങ്ങളും പണിയുന്നതിന് കല്ലിനും മണലിനും പകരം വേറെ സംവിധാനങ്ങൾ ഉണ്ടല്ലോ; മറ്റു രാജ്യങ്ങളിൽ ഇതിനുള്ള സംവിധാനങ്ങളില്ലാത്ത രാജ്യങ്ങളിലൊക്കെ കടലിൽനിന്നും മണ്ണ് എടുത്ത് ശുദ്ധീകരിച്ച് ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ഇവിടെ കടലിൽ നിന്ന് മണ്ണെടുക്കുന്ന കാര്യം പറഞ്ഞാൽ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരും. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന പ്രദേ ശത്ത് വേണ്ട, അല്ലാത്ത പ്രദേശത്ത് നമുക്ക് ഇത് എടുക്കാൻ കഴിയുമല്ലോ. ആ ഒരു സാദ്ധ്യത നമ്മൾ ഉപയോഗിക്കണ്ടേ? ഉപ്പുരസമുള്ള മണ്ണ് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിന് പല രാജ്യങ്ങളിലും ടെക്നോളജി ഉണ്ടല്ലോ? ആ ഒരു മാർഗ്ഗം ആലോചിക്കണ്ടേ? ഇതൊന്നും ആലോചിക്കാതെ നിയമം മാത്രം ഉണ്ടാക്കിയതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ കഴിയുമെ ന്നുള്ള വിശ്വാസം എനിക്കില്ല. അതുപോലെ ആർ.എം.എഫ്. ഫണ്ട് എന്ന് പറഞ്ഞ് നമ്മുടെ കളക്ടറേറ്റുകളിലൊക്കെ ധാരാളം ഫണ്ട് വെറുതേ കിടപ്പു ണ്ട്. എറണാകുളം ജില്ലയിൽ എത്ര കോടി രൂപയാണ് ആർ.എം.എഫ്. ഫണ്ടിൽ കെട്ടിക്കിടപ്പുണ്ടെന്നുള്ളതിനെക്കുറിച്ച് ഇപ്പോഴും നിശ്ചയമില്ല. അത് പ്രയോജനപ്പെടുത്താനോ വിനിയോഗിക്കാനോ ഇവിടെ കഴിയുന്നില്ല എന്നു ള്ളതാണ് സത്യം. സംസ്ഥാനതല കമ്മിറ്റിയുടെ രൂപീകരണത്തിനു എന്തോ താമസം വന്നുവെന്ന ആരോപണം പറയുന്നതു കേട്ടു. ഏതായാലും ആർ. എം.എഫ്. ഫണ്ട് ഉപയോഗിക്കുന്നതിനെക്കുറിച്ച് വ്യക്തമായ ചില നിർദ്ദേശ ങ്ങൾ കൊണ്ടുവരുന്നു എന്ന് മന്ത്രി അദ്ദേഹത്തിന്റെ ആമുഖ പ്രസംഗ ത്തിലൂടെ സൂചിപ്പിക്കുകയുണ്ടായി. ആർ.എം.എഫ്. ഫണ്ട് എന്തിന് ഉപയോഗി

ക്കണം;. ഏത് കാര്യത്തിന് ഉപയോഗിക്കണം; ഏത് രീതിയിൽ ഉപയോഗി ക്കണം എന്നതിനെ സംബന്ധിച്ച്.......... ഇവിടെ നേരത്തെ പറഞ്ഞു, നദിക ളുടെ രണ്ടു സൈഡും കെട്ടിയാൽ അത് വെറും കനാലായി മാറുമെന്നും നദികളുടെ സ്വാഭാവികത നഷ്ടപ്പെട്ടുപോകുമെന്നും. തീർച്ചയായും അത് ശരി യാണ്. പക്ഷേ ചില മേഖലകളിൽ കെട്ടിയേ പറ്റൂ. നമ്മൾ പലപ്പോഴും പ്രായോ ഗികമായി തന്നെ ആലോചിക്കും. ചില മേഖലകളിൽ കെട്ടിയില്ലെങ്കിൽ അവിടത്തെ മണ്ണും ആ പ്രദേശവും വീടുകളും ഒന്നും കാണില്ല. ജലമേഖല കെട്ടി സംരക്ഷിക്കേണ്ട സ്ഥലത്ത്, കെട്ടിതന്നെ സംരക്ഷിക്കണം. അതല്ല അവിടെ കണ്ടൽക്കാടുകൾ വച്ചുകളയാം അതെല്ലെങ്കിൽ വേറെ ഏതെങ്കിലും മരങ്ങൾ വച്ചുകളയാം, അങ്ങനെ നമുക്ക് മണ്ണൊലിപ്പ് തടഞ്ഞ് ഭാവിയിൽ അവിടെ പൂർണ്ണമായും നിയന്ത്രിക്കാം എന്നൊന്നും വിചാരിച്ചാൽ ഇത് നടക്കി ല്ല. അതൊന്നും പ്രായോഗികമായി നടക്കുന്ന കാര്യങ്ങളല്ല. സൈഡ് കെട്ടി സംരക്ഷിക്കേണ്ട നദികൾ കെട്ടിത്തന്നെ സംരക്ഷിക്കണം. ഈ ഫണ്ട് ഉപയോ ഗിച്ച് ഏതൊക്കെ രീതിയിൽ ഈ നദികളെ ശുദ്ധീകരിക്കാൻ കഴിയുമോ അത് ചെയ്യണം. നദികളുമായി ബന്ധപ്പെട്ട് ഇന്ന് ധാരാളം പ്രശ്നങ്ങളുണ്ട്. നദിക ളുടെ സൈഡ് കെട്ടാനുള്ള ഫണ്ട് പലപ്പോഴും മേജർ ഇറിഗേഷനിലും മൈനർ ഇറിഗേഷനിലുമൊക്കെയാണ് കാണാറുള്ളത്. നിർഭാഗ്യവശാൽ മൈനർ-മേജർ ഇറിഗേഷൻ വഴി ഇന്ന് ആ മേഖലയിൽ കാര്യമായി പണി നട ക്കുന്നില്ല എന്ന് എനിക്ക് പറയേണ്ടി വരും. പലപ്പോഴും കോൺട്രാക്ടർമാർ നമ്മളെവന്ന് കണ്ട് കത്തെഴുതിപ്പിച്ച് വാങ്ങിക്കൊണ്ടുപോകുന്ന വർക്കുകൾ മാത്രം നടക്കും. അല്ലാതെ നമ്മൾ കൊടുക്കുന്ന ഒരു നിർദ്ദേശവും അനുസ രിച്ച് ഇന്നുവരെ ആ മേഖലയിൽ പണി നടക്കുന്നതായി ഞാൻ കണ്ടിട്ടില്ല. വളരെ ഗൗരവമായി നമുക്ക് ആലോചിക്കേണ്ട കാര്യമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: കേരളം രൂക്ഷമായ വരൾച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. വരൾച്ച വരുമ്പോഴാണ് വരൾച്ചയെക്കുറിച്ച് ചർച്ച ചെയ്യുന്നതും ആലോചിക്കുന്നതും. വരൾച്ച നേരിടുന്നതിനുവേണ്ടി സ്ഥിരമായി നദികളിലും വലിയ തോടുകളിലും പുഴകളിലുമൊക്കെ തടയണ കെട്ടുന്നതിനുവേണ്ടി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്? നിങ്ങൾ എറണാകുളം ജില്ലയുടെ കാര്യം പറഞ്ഞു. മലപ്പുറം ജില്ല ഉൾപ്പെടെ എല്ലാ ജില്ലകളിലും കോടിക്കണക്കിന് രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ കെട്ടികിടക്കുകയാണ്. ഇതുപയോഗപ്പെടുത്തി പരമാവധി നദികളിൽ തടയണ നിർമ്മിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: തീർച്ചയായും, നമ്മുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ, ജലസേചന പദ്ധതികളിൽ വെള്ളമുണ്ടാകാൻ ഏറ്റവും അഭികാമ്യമായിട്ടുള്ള കാര്യമാണ് തടയണകളുടെ നിർമ്മാണം. അതിനുവേണ്ടിയുള്ള പ്രഖ്യാപനങ്ങൾ പലതും നടക്കുന്നുണ്ടെങ്കിലും നിർഭാഗ്യവശാൽ നമ്മൾ വിചാരിക്കുന്ന രീതിയിൽ ആ മേഖലകളിൽ ഒരു മുന്നേറ്റവും ഉണ്ടാകുന്നില്ല. ഈ വർഷം കുടിവെള്ളത്തിനും ജലസേചനമേഖലയിലും അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട്, അത് ഈ വർഷത്തെ മഴയുടെ കുറവുകൊണ്ട് കൂടുതൽ അനുഭവിക്കുന്നു. ഇത് ഭാവിയിലും ഉണ്ടാകുന്ന രീതിയിലാണ് കാലാവസ്ഥയിലെ വ്യതിയാനങ്ങൾ സൂചിപ്പിക്കുന്നത്. അതിനുള്ള ഏക പരിഹാരമെന്നുള്ള നിലയിൽ ഇത്രയുമധികം നദികളുള്ള നമ്മുടെ സംസ്ഥാനത്ത്....... എന്റെ അഭിപ്രായത്തിൽ അടുത്ത വർഷം ഗവൺമെന്റിന്റെ ടോപ് പ്രയോറിറ്റി കൊടുക്കേണ്ടത് തടയണകൾ നിർമ്മിക്കുന്ന കാര്യത്തിനായി

രിക്കണം. അതിലൂടെ ചെറിയ തോതിലുള്ള വൈദ്യുതിയും നമുക്ക് ഉത്പാദിപ്പിക്കുവാൻ കഴിയും.

ശ്രീ. സി. പി. മുഹമ്മദ്: ഇതിനൊരു പോരായ്മ ഉണ്ട്. തടയണനികന്ന് മണൽ വന്ന് അടിഞ്ഞുകഴിഞ്ഞാൽ അതിന്റെ ആയുസ്സ് കൂടുന്നു. റെഗുലേറ്ററായി കഴിഞ്ഞാൽ പണം കുറച്ച് കൂടുമെങ്കിലും, ചമ്രവട്ടം റെഗുലേറ്റർ കിലോമീറ്ററുകളോളം വെള്ളം നിൽക്കുകയാണ്. വെള്ളിയാങ്കൽ റെഗുലേറ്റർ–തൃത്താലയിൽ നിന്ന് പട്ടാമ്പി പാലംവരെ സീറോ പോയിന്റാണെങ്കിലും തിരുമുറ്റക്കോട് അമ്പലം വരെ അനേകമടി ആഴത്തിൽ വെള്ളം നിൽക്കുകയാണ്. മെമ്പർ പറയുന്നതുപോലെ ജലവിഭവവകുപ്പ് ദീർഘകാല പദ്ധതികളൊന്നും ആസൂത്രണം ചെയ്യുന്നില്ലായെന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ട്. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കോടിക്കണക്കിന് രൂപ കെട്ടികിടക്കുകയാണ്. ഈ ഫണ്ട് ഉപയോഗിച്ച് പുഴയിലുള്ള മലിനീകരണം തടയാനോ, പുഴ വൃത്തിയാക്കാനോ നടപടികൾ സ്വീകരിക്കുന്നില്ല. പുഴയോട് ചേർന്നുള്ള വീടുകൾ ഇടിഞ്ഞുപോകുന്നിടത്ത് കരിങ്കല്ല് ഭിത്തികൾ കെട്ടുന്നതു നല്ലതാണ്. ബാക്കിയുള്ളിടത്ത് പുഴ പുഴയായി തോന്നണമെങ്കിൽ കണ്ടൽകാടുകളും മറ്റും വച്ചുപിടിപ്പിച്ച് മനോഹരമാക്കണം. അതിന് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കണം. ഈ ബില്ലിലുള്ള ഏറ്റവും വലിയ കാര്യമെന്ന് പറയുന്നത് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗമാണെന്ന് അങ്ങ് ആലോചിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: തീർച്ചയായും, ഞാൻ നേരത്തെ സംസാരിച്ചപ്പോൾ അതിനെ അഭിനന്ദിച്ചതാണ്. ആർ.എം.എഫ്. ഫണ്ട് എങ്ങനെ ഉപയോഗിക്കണമെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ ചില നിർദ്ദേശങ്ങൾ ഈ ബില്ലിലുണ്ടെന്നുള്ളത് ഏറ്റവും വലിയ പോസിറ്റീവായിട്ടുള്ള കാര്യമാണ്.

കാരണം, ഈ ഫണ്ട് എങ്ങനെ, എന്തിന് ഉപയോഗിക്കണമെന്നതിനെക്കുറിച്ച് ഇന്നലെ വരെ യാതൊരുവിധത്തിലുമുള്ള നിർദ്ദേശങ്ങളും ഉണ്ടായിരുന്നില്ല. ഈ മേഖലയിൽ ഒരാവശ്യവും ഇല്ലാത്ത കാര്യങ്ങൾക്കാണ് പലപ്പോഴും ഈ ഫണ്ട് വിനിയോഗിച്ചിരുന്നത്. നേരത്തെ ഇവിടെ സംസാരിച്ച ആളുകൾ സൂചി പ്പിച്ചതുപോലെ ഇതിനുവേണ്ടിയുള്ള ആർ.എം.എഫ്. ഫണ്ട് വളരെ ബാലിശ മായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് അനാവശ്യമായ കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചുകൊണ്ടിരുന്നതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് ഏറ്റവും പ്രായോ ഗികമായ രീതിയിൽ കൊണ്ടുവരണം. ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചതു പോലെ, തടയണകളിൽ മണൽ വന്നടിഞ്ഞ് ആഴം കുറഞ്ഞുപോകുന്നതുമൂല മുള്ള പ്രശ്നങ്ങൾ പല സ്ഥലത്തും പറയുന്നുണ്ടെങ്കിലും നമുക്ക് ഇപ്പോൾ........... പുതിയ റഗുലേറ്ററി സംവിധാനങ്ങളോടുകൂടിയ തടയണകൾ ഏർപ്പെടുത്തുന്നത് നല്ലതാണ്. പക്ഷേ ഇപ്പോൾ ഒരു നദിയിലും ഒരു കുടിവെള്ള സ്രോതസ്സിലും പമ്പ് ചെയ്യുവാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് വന്നിരിക്കുകയാണ്. കുടിവെള്ള സ്രോതസ്സുകൾ പലതും പ്രധാനപ്പെട്ട നമ്മുടെ ആറുകളിലും നദികളിലുമാണ്. ആ നദികളിലെല്ലാം വെള്ളം താഴ്ന്ന് ഒരു സ്ഥലത്തും പമ്പ് ചെയ്യുവാൻ കഴിയാത്ത വളരെ ഗുരുതരമായ സാഹ ചര്യത്തിൽ എത്തിയിരിക്കുകയാണ്. അവിടെയെല്ലാം നാട്ടുകാർ വലിയ പാറ കളിട്ടും മണൽ ചാക്കുകൾ നിറച്ചുവച്ചും താൽക്കാലിക തടയണകൾ നിർമ്മി ച്ച് കുടിവെള്ളം കൊണ്ടുപോവുകയാണ്. പലപ്പോഴും നാട്ടുകാർ ഇങ്ങനെ ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റിലാണെങ്കിലും........... അടുത്ത വർഷം നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രയോ റിറ്റിയോടുകൂടി ചെയ്യേണ്ട കാര്യമാണ് ഇതുപോലുള്ള തടയണ നിർമ്മാ ണമെന്ന് ഞാൻ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പല ആളു

കളും പല കാര്യങ്ങളും സംസാരിച്ചു. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. തോട്ടങ്ങളുടെ പരിധിയെക്കുറിച്ചും ഭൂമിയെ സംബന്ധിച്ചും ശ്രീ. ബാബു എം. പാലിശ്ശേരി സംസാരിച്ചപ്പോൾ, 15 ഏക്കറിൽക്കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ പാടില്ലാത്തതിനാൽ അവിടെ റബ്ബറും, കശുമാവും കൃഷി ചെയ്ത് അതെല്ലാം ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നുവെന്നാണ് പറഞ്ഞത്. തോട്ടങ്ങളെ ഒഴിവാക്കിയത് ഈ ഗവൺമെന്റല്ല. ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്ന കാലഘട്ടത്തിൽ, അന്നത്തെ നിയമവകുപ്പുമന്ത്രി വി. ആർ. കൃഷ്ണയ്യർ തോട്ടങ്ങളെല്ലാം ഭൂപരിധിയിൽ ഒഴിവാക്കി തോട്ടങ്ങൾക്ക് സംരക്ഷണം കൊടുക്കുകയാണ് ചെയ്തത്. അല്ലാതെ കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്നതല്ല. അത് പലയിടത്തും ദുരുപയോഗം ചെയ്യുന്നുവെന്നത് സത്യമാണ്. പക്ഷേ നമ്മളെ സംബന്ധിച്ചിടത്തോളം ഈ വക കാര്യങ്ങളിലൊക്കെ സമഗ്രമായ ഒരു സംവിധാനം ഉണ്ടാകണം.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: ശ്രീ. ജോസഫ് വാഴക്കനുൾപ്പെടെയുള്ള ആളുകൾ മണലിന്റെ പരിമിതിയെക്കുറിച്ചാണ് പറയുന്നത്. കരയിൽ നിന്ന് മണൽ കിട്ടിയില്ലെങ്കിൽ കടലിൽ നിന്ന് എടുക്കണമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ മണലിന്റെ കുറവ് മനസ്സിലാക്കികൊണ്ട് വികസിത രാജ്യങ്ങൾ കൺസ്ട്രക്ഷൻ തന്നെ കല്ലും മണലും സിമന്റും ഇല്ലാതെ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതായത് കോൺക്രീറ്റ് കൺസ്ട്രക്ഷന് പകരം സ്ട്രെക്ച്ചറൽ കൺസ്ട്രക്ഷനിലേയ്ക്ക് വരുകയാണ്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ദുബായിലെ ബുർജ് ഖലീഫ ഏതാണ്ട് 110 നിലയുള്ള ബിൽഡിംഗാണ്. അതിൽ കോൺക്രീറ്റും കല്ലും സിമന്റും മണലുമൊന്നും അധികം ഉപയോഗിച്ചിട്ടില്ല. സ്റ്റീലും ഗ്ലാസും പ്ലാസ്റ്റിക്കും മറ്റ് ബദൽ സാധന

ങ്ങളും ഉപയോഗിച്ചാണ് കൺസ്ട്രക്ഷൻ നടത്തിയിരിക്കുന്നത്. ഇത്തരം ബദൽ സംവിധാനങ്ങൾ നമ്മുടെ കൺസ്ട്രക്ഷൻ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനെക്കുറിച്ച് വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ടതാണ്.

ശ്രീ. ജോസഫ് വാഴക്കൻ: ഇക്കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. നമുക്ക് ആൾട്ടർനേറ്റീവ്സ് പറഞ്ഞുകൊടുക്കാതെ............ ഒരുപരിധിവരെ ചില നിയമനിർമ്മാണങ്ങൾ തന്നെ നടത്തേണ്ടി വരും. ഇത്ര നിലയുള്ള വലിയ കെട്ടിടങ്ങൾ പണിയുന്നതിന് ഇത്ര സിമന്റും കല്ലും മണലും ഉപയോഗിക്കുവാൻ പാടില്ല, അത് ഇന്ന രീതിയിലുള്ള കൺസ്ട്രക്ഷനായിരിക്കണമെന്ന് പറയേണ്ടതുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ ആ രീതിയിലുള്ള കൺസ്ട്രക്ഷൻ കൊണ്ട് വലിയ കെട്ടിടങ്ങൾ നിർമ്മിക്കാമെന്ന് പറയുന്നുണ്ട്. അത്തരമൊരു മാറ്റം വരുത്തിയിട്ടില്ലായെങ്കിൽ ഈ നിയമം ഉണ്ടാക്കിയതുകൊണ്ട് യാതൊരു കാര്യവുമില്ല. നമ്മുടെ നാട്ടിലെ എല്ലാ നദികളിൽനിന്ന് ഏതെങ്കിലും തരത്തിൽ മണൽ വാരി കൊണ്ടുപോകും. കാരണം സ്വർണ്ണത്തിന്റെ വിലയാണ് ഇന്ന് മണലിന്. വൈകുന്നേരം ഇറങ്ങി രണ്ടുകുട്ട മണൽവാരിയാൽ ഒരുമാസം ജീവിക്കാനുള്ള സംവിധാനം ഉണ്ടെന്ന് തോന്നിക്കഴിഞ്ഞാൽ ആളുകൾ അത് ചെയ്യും. അതിനെയൊന്നും ഒരു കാരണവശാലും നിയന്ത്രിക്കുവാൻ പറ്റാത്ത അവസ്ഥ വരും. പാതിരാത്രിയിൽ ഒളിച്ചുവന്ന് വാരിയാൽ ആരെങ്കിലും അറിയുന്നുണ്ടോ? രണ്ടുമൂന്ന് ചാക്ക് മണൽ ആവശ്യമുള്ള ചെറിയ കൺസ്ട്രക്ഷന് ഇതുകൊണ്ടുകൊടുത്താൽ കാശ് കിട്ടും. ഇത് നിയന്ത്രണങ്ങൾ ഉണ്ടായതിനെത്തുടർന്നുണ്ടായ വിഷയങ്ങളാണ്. ഈ നിയന്ത്രണം ഉണ്ടാകുന്നതിന് മുമ്പ് നമ്മുടെ നാട്ടിൽ ഒരുപാട് കൺസ്ട്രക്ഷൻ നടന്നിട്ടുണ്ട്, ഈ പറയുന്ന പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷേ ഓരോ നിയന്ത്രണങ്ങൾ വരുമ്പോഴും വലിയ തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നു,

അഴിമതി ഉണ്ടാകുന്നു. ഇന്നിപ്പോൾ മണൽവാരുന്ന പഞ്ചായത്തുകളിലെ എല്ലാ വകുപ്പുകളിലുമുള്ള ഉദ്യോഗസ്ഥരും സന്തോഷവാന്മാരാണ്, അതുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ ആളുകളും സന്തോഷവാന്മാരാണ്. ആ രീതിയി ലേയ്ക്ക് കാര്യങ്ങൾ പോകുന്നുവെന്നുള്ളത് ഗൗരവമായി മനസ്സിലാക്കണം. എനിക്ക് നിർദ്ദേശങ്ങൾ വയ്ക്കാനുള്ളത്, ഈ വകകാര്യങ്ങളിൽ കൃത്യമായ നിർദ്ദേശങ്ങളും പ്ലാനും പദ്ധതികളും ഉണ്ടാകണം. അതിലൊന്ന് ആൾട്ടർനേറ്റീവ് ഉണ്ടാകണം. കൺസ്ട്രക്ഷൻ മേഖലയിൽ കല്ലിനും മണ ലിനും പകരമുള്ള സംവിധാനമുണ്ടാക്കണം. ഇല്ലായെങ്കിൽ നമുക്ക് നിയന്ത്രി ക്കുവാൻ കഴിയില്ല. കാരണം കൺസ്ട്രക്ഷൻ മേഖലയെ മാത്രം ആശ്രയിച്ചു കൊണ്ടുപോകുമ്പോൾ ആളുകളെല്ലാം ഇത് ആഗ്രഹിക്കുന്നു. നിയമങ്ങളുടെ പേരിൽ ലക്ഷക്കണക്കിന് ആളുകൾ പണിയെടുക്കുന്ന ഈ ഒരു മേഖലയെ പൂർണ്ണമായും അടച്ചാക്ഷേപിക്കുവാനും പാടില്ല. ശ്രീ. ബാബു എം. പാലി ശ്ശേരി സംസാരിച്ചപ്പോൾ, മണൽ മാഫിയ പത്തിവിടർത്തി ആടുകയാണെന്ന് സൂചിപ്പിച്ചു. മണൽ മാഫിയായുമായി ബന്ധപ്പെട്ട് ഏതെങ്കിലും പാർട്ടിയെ ആക്ഷേപിക്കുന്നത് ശരിയായ കാര്യമല്ല. ഏരിയ കമ്മിറ്റി മുതലുള്ള ആളുകൾ കഴിഞ്ഞ നാലഞ്ച് കൊല്ലംകൊണ്ട് ഏതൊക്കെ നിലയിലെത്തിയെന്നുള്ളത് ഓരോ മേഖലയിലും പോയി അന്വേഷിച്ചാൽ മതി. ചില സ്ഥലങ്ങളിൽ പാർട്ടി യുടെ കമ്മിറ്റികളിൽ കത്തെഴുതി കൊടുത്താൽ മതി ബാക്കി അവിടെ എന്തു നടക്കുന്നതിനും ഒരു കുഴപ്പവുമില്ല. അത്തരമൊരു സംവിധാനമുള്ള പാർട്ടി യല്ല ഈ ഐക്യജനാധിപത്യമുന്നണി എന്ന കാര്യം ഞാൻ ഓർമിപ്പിക്കുകയാ ണ്. ഒരുപക്ഷേ വ്യക്തികളൊക്കെ കുറ്റങ്ങളും തെറ്റുകളുമൊക്കെ ചെയ്യുന്നവ രുണ്ടാകാം. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. കുറ്റങ്ങൾക്കും തെറ്റുകൾക്കും അതീതമാണ് ഐക്യജനാധിപത്യ മുന്നണിയിലെ എല്ലാ പ്രവർത്തകരു

മെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ സംഘടിതമായി പാർട്ടി തീരുമാനിച്ച് നടത്തുന്ന കൊള്ളകളൊന്നും നിങ്ങളൊക്കെ നടത്തുന്നതിന്റെ നൂറിലൊന്ന് പോലും നടത്തുന്ന പാർട്ടിയല്ല ഞങ്ങളെന്ന് നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഏതായാലും ഈ നിയമം കൊണ്ടുവന്നത് നല്ല കാര്യം. നമ്മുടെ നദികൾ നമുക്ക് സംരക്ഷിച്ചേ പറ്റൂ. നമ്മുടെ എല്ലാ ജലസ്രോതസ്സുക ളെയും സംരക്ഷിച്ചേ പറ്റൂ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ അതിനുള്ള ആൾട്ടർനേറ്റീവ് സംവിധാനങ്ങളുണ്ടാക്കുവാനും തടയണകൾ നിർമ്മിക്കുവാനും ഗവൺമെന്റ് മുൻകയ്യെടുക്കണം. ആർ.എം.എഫ്. ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം. മറ്റേതിനെക്കാളും ഇക്കാര്യത്തിന് ഈ ഗവൺമെന്റ് കൂടുതൽ പ്രയോറിറ്റി കൊടുക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതികൾ മൂവ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ, അങ്ങേയ്ക്ക് 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്ര ണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനകത്ത് ഒതുങ്ങിനിന്ന് സംസാരിക്കുവാനാണ് ശ്രമിക്കുന്നത്. ഒഴുകുന്ന ഒരു സംവിധാനത്തെ മാത്രമേ നദിയെന്നു പറയൂ. കേരളത്തിൽ നദിയെന്ന പേര് അന്വർത്ഥമാക്കുന്ന നദികൾ തീരെ കുറവാണ്. നമ്മുടെ നദികളിൽ പലതും വർഷത്തിൽ മൂന്നോ നാലോ മാസം ഒഴുകാതെ

മരിച്ച അവസ്ഥയിലാണ്. മണൽ ലോറിയിൽ കൊണ്ടുപോകുന്നതിനെക്കുറിച്ച് ഒരു കവി പറഞ്ഞത്, നദി ലോറിയിൽ കയറി പോകുന്നുവെന്നാണ്. സത്യത്തിൽ നദി ലോറിയിൽ ജഡമായി പൊയ്ക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് ഈ നിയമം ഇങ്ങനെ അവതരിപ്പിച്ചത്. കനാലിൽ വെള്ളം ഒഴുകുന്നുണ്ടെങ്കിലും കനാലിനെ ആരും നദിയെന്ന് വിളിക്കാറില്ല. പൈപ്പിൽ വെള്ളം ഒഴുകുന്നു. അതിനെയും ആരും നദിയെന്ന് വിളിക്കാറില്ല. അതെന്താ കാര്യം? മനുഷ്യന് ഒരു നദിയെ സൃഷ്ടിക്കുവാൻ കഴിയില്ല; വധിക്കാനൊക്കും. പ്രകൃതി സൃഷ്ടിച്ചിരിക്കുന്ന ഏത് സംവിധാനത്തെയും മനുഷ്യന് ഇല്ലാതാക്കാൻ കഴിയും. പക്ഷേ പ്രകൃതി സൃഷ്ടിച്ച ഒരു സംവിധാനത്തെപ്പോലെ മറ്റൊന്ന് മനുഷ്യന് സൃഷ്ടിക്കുവാൻ കഴിയില്ല. കേരളത്തിലെ നദികളെ സംബന്ധിച്ച് ഒരു കാര്യം എനിക്ക് തോന്നുന്നത്, ഞങ്ങൾ ശ്രീ. കെ. സി. ജോസഫിന്റെ നേതൃത്വത്തിൽ ചൈനയിൽ പോയി. അന്ന് കൂടെയുണ്ടായിരുന്ന ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെ ചിലരെല്ലാം ഇവിടെ ഇരിക്കുന്നുണ്ട്. ചൈനയിലെ രണ്ടാമത്തെ വലിയ നദിയാണ് മഞ്ഞനദി; 'ഹൊയാങ്ഹി' എന്നും അതിന് പേരുണ്ട്. 4700 കിലോമീറ്ററിലധികം നീളമുള്ള നദിയാണ്. കേരളത്തിലെ ഗംഗപോലുള്ള ഒരു നദിയാണ്. ആ നദി 1973-ൽ ആദ്യമായി കടലിൽ ഓടിയെത്തിയില്ല. ഇടയ്ക്ക് മൂന്നുമാസം ആ നദി പട്ടുപോയി. ചൈന വമ്പിച്ച തോതിൽ ആപത്ത് മുന്നിലുണ്ടെന്ന് മനസ്സിലാക്കി തിരുത്താൻ ശ്രമിച്ചതുവഴിയും ഇപ്പോഴും ആ നദി ചില വർഷങ്ങളിൽ ചില മാസങ്ങളിൽ കടലിൽ ഓടിയെത്തുന്നില്ല. ലോകത്ത് ഏറ്റവും കൂടുതൽ മരുഭൂമിവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലൊന്നാണ് ചൈന.

അവർ പച്ചപ്പ് സൃഷ്ടിച്ചും ഉള്ള ജലം സംരക്ഷിച്ചും............. ‘ജലം ഉപയോഗിക്കുമ്പോൾ നിങ്ങൾ ഇതിന്റെ സ്രോതസ്സിനെക്കൂടി ബഹുമാനിക്കുക’ എന്ന് അവിടെ ഓരോ ഹോട്ടലിലും എഴുതിവച്ചിട്ടുണ്ട്. സത്യത്തിൽ അതിനു മുമ്പേ അത് പാഠമാകേണ്ട ഇന്ത്യയിലെ ഒരിടം കേരളമാണ്. നദികൾ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ......, നദികളുടെ കരയും അവയുടെ പ്രത്യേകതയും ആ നദികൾക്കുവേണ്ടി പ്രകൃതി ഒരുക്കിക്കൊടുത്തതാണ്. മഹാത്മാഗാന്ധി പറഞ്ഞതുപോലെ പ്രകൃതിയുടെ എഞ്ചിനീയറാണ് നദി സൃഷ്ടിച്ചത്. പ്രകൃതിയുടെ എഞ്ചിനീയറാണ്, ഏറ്റവും നല്ല എഞ്ചിനീയർ. മലയും പാറയുമെല്ലാം സൃഷ്ടിച്ചത് പ്രകൃതിയാണ്. അതിനെ ഒരുപാട് നശിപ്പിക്കരുത്. പ്രകൃതിയിൽ നിന്ന് നമുക്കെടുക്കാം, പക്ഷേ പ്രകൃതിയെ കൊന്നെടുക്കരുത്. പ്രകൃതിയുടെ ആത്മാവും ജീവനും ശരീരവും നിലനിർത്തിക്കൊണ്ടുവേണം എടുക്കാൻ. ഭാരതപ്പുഴയുടെ സ്ഥിതി എന്താണ്? ഭാരതപ്പുഴയും പെരിയാറുമാണ് കേരളത്തിൽ ഏറ്റവും വലിയ നദികളെന്ന് പറയുന്നത്. ആ രണ്ട് നദികളുടെയും സ്ഥിതി ഭയാനകമാണെന്നുമാത്രമല്ല പശ്ചിമഘട്ടത്തിന്റെ നില ഇതുപോലെ നശിപ്പിച്ചുകൊണ്ടിരുന്നാൽ കേരളത്തിൽ ഒരു നദിയും കാണുകയില്ല. ഭാരതപ്പുഴയും പെരിയാറും ഭാവിയിൽ കാണുമെന്ന് ഉറപ്പിക്കാൻ കഴിയില്ല. അങ്ങനെവന്നാൽ പിന്നെ കേരളം ഉണ്ടാകില്ല. നദിയിൽ നിന്നും മണൽ വാരുന്നതിന് ശാസ്ത്രീയമായി എന്തെങ്കിലും പഠനമുണ്ടോ? ഞാനൊരു ഉദാഹരണം പറയാം, നദിയിൽ മണൽ മനുഷ്യർ കൊണ്ടുവരുന്നതല്ല, നദി കൊണ്ടുവരുന്നതാണ്. വെള്ളപ്പൊക്കം ഉണ്ടാകുന്ന കാലത്തും വെള്ളപ്പൊക്കമില്ലാത്ത കാലത്തും ഒരുപോലെയല്ല നദി മണൽ കൊണ്ടുവരുന്നത്. ഒരർത്ഥത്തിൽപ്പറഞ്ഞാൽ കഴിഞ്ഞ തുലാവർഷവും കാലവർഷവും ഇല്ലാത്ത ഈ വർഷം നമ്മുടെ നദികളിൽ വന്ന മണലിന്

വളരെ കുറവുണ്ടായി. നദികൾ മണൽ കൊണ്ടുവരുന്നത് അതിന്റെ ഒഴുക്കിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിലെ നദികളുടെ പ്രത്യേകത, നദികൾ ചെറുതാണെങ്കിലും കേരളത്തിന്റെ ഒരു ടെറൈൻ സിസ്റ്റമനുസരിച്ച് നദികൾക്ക് മണൽ കൊണ്ടുവരാനുള്ള ശേഷി കൂടുതലാണ്. ഗംഗയെപ്പോലെയോ സിന്ധുവിനെപ്പോലെയോ കാവേരിയെപ്പോലെയോ വലിയ നദിയല്ല കേരളത്തിലെ നദികളെങ്കിലും ഈ ടെറൈൻ സിസ്റ്റമനുസരിച്ചാണ് നദിക്ക് മണൽ കൊണ്ടുവരാനുള്ള ശേഷി കൂടുന്നത്. വെള്ളപ്പൊക്കം ഒരുപാടുണ്ടെങ്കിലും ഇല്ലെങ്കിലും മണൽ കൊണ്ടുവരുന്ന ഇടവും മാറും. നദിയുടെ വളവുംതിരിവും പ്രത്യേകതയുമനുസരിച്ച് നല്ല വെള്ളമുണ്ടെങ്കിൽ നദി കൊണ്ടുവരുന്ന മണൽ നിക്ഷേപിക്കുന്നതുപോലെയായിരിക്കില്ല ഒഴുക്ക് കുറവായാൽ നദി മണൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നത്. അപ്പോൾ ഇന്ന കടവ് മണൽ എടുക്കാവുന്ന കടവാണെന്ന് കൃത്യമായി ശാസ്ത്രീയമായി നിശ്ചയിക്കുവാൻ കഴിയില്ല. നിശ്ചയിക്കുവാൻ കഴിയാത്ത കാര്യം, ഓരോ വർഷത്തേയും വെള്ളപ്പൊക്കത്തിന്റെയും, ഒഴുക്കിന്റെയും, നദി കൊണ്ടുവരുന്ന വെള്ളത്തിന്റെയും, നദികൊണ്ടുവന്ന മണലിന്റെയും, നദിയിലേയ്ക്ക് കൊണ്ടുവരുന്ന ചെറിയ തോടിന്റെയുമെല്ലാം അടിസ്ഥാനത്തിലാണ് ഒരു നദിയിൽ എത്ര മണൽ വന്നിട്ടുണ്ടെന്നും അത് എവിടെ വന്നിട്ടുണ്ടെന്നും എവിടെ നിന്ന് എടുക്കാമെന്നും എവിടെ നിന്ന് എടുത്തുകൂടായെന്നും ശാസ്ത്രീയമായി നിശ്ചയിക്കുന്നത്. അങ്ങനെ ശാസ്ത്രീയമായി നിശ്ചയിക്കുവാൻ ഓരോ വർഷവും പഠനം വേണ്ടിവരും. ഓരോ വർഷത്തെ പഠനത്തിലും മണൽ എടുക്കാവുന്ന കടവും എടുത്തുകൂടാത്ത കടവും എങ്ങനെയാണ് നിശ്ചയിക്കുക? ലോകത്ത് ഈ ടെക്നോളജിയെല്ലാം

ഒരുപാട് വളർന്നു. നദിയെക്കുറിച്ചുള്ള പഠനവും ജലത്തെക്കുറിച്ചുള്ള പഠനവുമൊക്കെ വളർന്നു. ഞാൻ മനസ്സിലാക്കുന്നത് കേരളത്തിൽ അത്തരം ടെക്നോളജിയുടെയും ശാസ്ത്രീയമായ പഠനത്തിന്റെയൊന്നും അടിസ്ഥാനത്തിലല്ല ഈ കടവുകൾപോലും നിശ്ചയിക്കുന്നത്. ഇതിൽ അവതരിപ്പിച്ചിരിക്കുന്ന സംവിധാനമനുസരിച്ച് വളരെ ശാസ്ത്രീയമായി എത്രയെടുക്കാം എങ്ങനെ എടുക്കാം എന്നതിനെക്കുറിച്ച് ഇപ്പോൾ നിശ്ചയിക്കുന്നത് അപ്രായോഗ്യമായിരിക്കും. ഇത് നദിയെ സംരക്ഷിക്കുന്നതിന് ഉപകാരപ്രദമായിരിക്കുകയില്ല. അതുകൊണ്ട് സ്ഥിരമായി വാർഷികതലത്തിൽ കടവുകൾ നിശ്ചയിച്ച് ഒരു കടവിൽനിന്ന് എടുക്കാവുന്ന മണൽ അല്ലെങ്കിൽ വന്ന മണലിൽ, അതിൽ എടുക്കാവുന്നതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനവും അതിന്റെ അടിസ്ഥാനത്തിൽ മേൽനോട്ടവുമുണ്ടാകണം. രണ്ടാമത്തെ കാര്യം, നദിയിൽനിന്ന് മണൽ വാരുന്നതിന്റെ ദൂരം ഇവിടെ പറയുന്നുണ്ട്. ചില നദികളിൽ 15 മീറ്ററാക്കണ മെന്നും 25 മീറ്ററാക്കണമെന്നും 50 മീറ്ററാക്കണമെന്നും പറയുന്നുണ്ട്. അതും നിശ്ചയിക്കേണ്ടത് ശാസ്ത്രീയമായിട്ടായിരിക്കണം. കേരളത്തിലെ ചെറിയ തോടുപോലുള്ള നദികളിൽ നിന്നും മണൽ എടുക്കാൻ പാടില്ല. കാരണം, ഇവ ഒരു പ്രധാന നദിയിൽ വന്നുചേരുന്നുണ്ട്. കേരളത്തിൽ 44 നദികളെന്ന് പറയുമ്പോൾ, 44 നദികൾ ഉൾക്കൊള്ളുന്ന വലിയ ഒരു നദീതടപ്രദേശമാണ്. അത് ഒരുപാട് നദികളും തോടുകളും ചെറുതോടുകളും വയലുകളുമൊക്കെ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് ചില നദികളെ മണലെടുപ്പിൽ നിന്നും ഒഴിവാക്കണം. ഇപ്പോൾ കേരളത്തിലെ മണലിന്റെ വിലയുമായി ബന്ധപ്പെട്ട് ഒരു മണൽ മാഫിയ വളർന്നുവന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു

നക്സസ് കേരളത്തിലുണ്ട് - പോലീസും ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും ആ നാട്ടിലെ പ്രമാണിമാരുമെല്ലാം ചേർന്ന ഒരു നേതൃത്വമാണ്. അവിടെയാണ് പ്രത്യേക നദീസംരക്ഷണ സമിതിയെക്കുറിച്ചും സായുധസേനയെക്കുറിച്ചുമൊക്കെ പറയുന്നത്. അതിൽ എനിക്കൊരു വ്യത്യസ്ത അഭിപ്രായമുള്ളത് ഇവിടെ പൈസ വച്ചിട്ടില്ലെന്നുമാത്രമല്ല നദിയുടെ മുഖ്യ പരിപാലകർ, സംരക്ഷകർ ഏത് നിയമവും സമൂഹത്തിന്റെ മുമ്പിൽ ഒരു കവചവും കാവലും ആകണമെങ്കിൽ ആ നിയമം ജനങ്ങളുടെ മനസ്സിലുണ്ടാകണം. നദിയെ സംരക്ഷിക്കണമെന്ന് ബോധ്യമാകുന്ന മനുഷ്യർ ആ നദിയുടെ കരയിലുള്ളവരാണ്. കരയിൽ താമസിക്കുന്നവരും കരയിലെ സ്കൂളുകളും കോളേജുകളും സ്ഥാപനങ്ങളുമെല്ലാം ചേർന്ന് അവർക്കുകൂടി പങ്കാളിത്തമുള്ള അവർ കാവലാകുന്ന അവർകൂടി നമുക്ക് കവചമാകുന്ന ഒരു സംവിധാനമേ ഉണ്ടാകൂ. ഒരു നിയമം കാവലും കവചവും ആകുന്നത് അത് ജനത്തിന്റെ ബോധമണ്ഡലത്തിലേയ്ക്ക് എത്തുമ്പോഴാണ്. അങ്ങനെ ജനത്തിന്റെ ബോധമണ്ഡലത്തിലേയ്ക്ക് എത്തണമെങ്കിൽ.........., പമ്പ സംരക്ഷിക്കണമെന്ന് തിരുവനന്തപുരത്തുകാർക്ക് തോന്നുന്നതിനേക്കാൾ കൂടുതൽ ഉത്തരവാദിത്തം തോന്നുന്നത് പമ്പയുടെ കരയിൽ ജീവിക്കുന്ന മനുഷ്യർക്കും അവിടെയുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും കോളേജുകൾക്കും ആയിരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, താങ്കളുടെ പ്രസംഗത്തിന്റെ ആരംഭത്തിൽത്തന്നെ ചൈനയിലെ ഹൊയാങ്ഹോ നദിയെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. ചൈനയിൽ വെള്ളപ്പൊക്കത്തിന്റെ നദിയെന്ന് അറിയപ്പെടുന്നത് യാങ്ട്സി നദിയാണ് ഓരോ വർഷവും മിനിമം 12-13 ലക്ഷം ആൾക്കാരെ

കൊല്ലുന്ന നദിയാണ് ഇത്. ആ നദിയുടെ കുറുകെ ഒരു ഡാം കെട്ടി ഒരു ലക്ഷം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു മഹത്തായ ജലവൈദ്യുത പദ്ധതിക്ക് ചൈന രൂപം കൊടുത്തു. ത്രി ഗോർജസ് എന്നുപറയുന്ന ലോകത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയാണ് അത്. ഒരു ഡാം കെട്ടി കുറച്ച് വെള്ളം ഉപയോഗിച്ച് ഒരു ടർബൈൻ തിരിക്കാൻ പാടില്ലെന്ന് ഇവിടെ പറയുമ്പോൾ ചൈന ലോകത്തിന് മുമ്പിൽ ഏറ്റവും വലിയ സമ്പന്ന രാജ്യമാകുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയതാണ് ഈ ജലവൈദ്യുത പദ്ധതിയെന്നുള്ളത് ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ത്രിഗോർജ് ഡാം കമ്മിഷൻ ചെയ്തുകഴിഞ്ഞാൽ ഭൂമിയുടെ ആക്സിസ് ഒരു മില്ലീമീറ്റർ മാറുമെന്നുള്ള സംഗതി താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ മാറിക്കഴിഞ്ഞാൽ അതുകൊണ്ടുണ്ടാകുന്ന ആഘാതമെന്താണെന്ന് ആരെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, യാങ്ട്സി നദി ഏഷ്യയിലെ ഏറ്റവും വലുതും കൂടുതൽ ജലമുള്ളതുമായ നദിയാണ്. ഗംഗയെപ്പോലെ ഉത്ഭവിക്കുന്ന ചൈനയിലെ ആരാധനാർഹമായ ഒരു നദിയാണ് യാങ്ട്സി നദി. ഏഷ്യയിലെ ഏറ്റവും നീളമുള്ള നദിയും ജലമുള്ള നദിയും യാങ്ട്സി നദിയാണ്. ആ നദിയിൽ ഇതുപോലെ ഒരു അണക്കെട്ട് വരികയും അതിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. മറ്റ് കാര്യങ്ങളെല്ലാം തീർച്ചയായും പരിശോധിക്കേണ്ടതാണ്. ഓരോ നദിയിലും എന്തൊക്കെ ചെയ്യാം; എത്ര തടയണ ആകാം; എത്ര വലിയ അണക്കെട്ട് ആകാം; എത്ര ചെറിയ അണക്കെട്ട് ആകാം എന്നതെല്ലാം കാലാവസ്ഥാ വ്യതിയാനത്തിന്റെ സമയത്ത്കൂടി അതിന്റെ പ്രത്യേകതകൾ മനസ്സിലാക്കി നദിയെ പരിപാലിക്കു

കയും നിരീക്ഷിക്കുകയും നദികൊണ്ടുള്ള ഉപയോഗം ക്രമപ്പെടുത്തുകയും ചെയ്തില്ലെങ്കിൽ നദി ഒരു അനുഗ്രഹമാകുന്നതിനുപകരം നിഗ്രഹമാകാൻ സാദ്ധ്യതയുണ്ട്. സത്യത്തിൽ നദിയാണ് എല്ലാത്തിന്റെയും ഉറവിടം. നദിയും സൂര്യനും ചേർന്നാൽ എല്ലാമായി. എല്ലാത്തിന്റേയും അനുഗ്രഹം നദിയാണെങ്കിൽ കേരളത്തിന്റെ ഒരു വലിയ പ്രത്യേകതയായി എല്ലാവരും പറയുന്നത്, ഇൻഡ്യയിൽ ആകെയുള്ള ഭൂമിയുടെ ഒന്നേകാൽ ശതമാനവും ആകെയുള്ള ജനസംഖ്യയുടെ മൂന്നേകാൽ ശതമാനവും ആകെയുള്ള ശുദ്ധ ജലത്തിന്റെ 5 ശതമാനം കേരളത്തിലാണെന്നാണ്. നമ്മുടെ തോടുകളും നദികളും ഭൂഗർഭ ജലവും ചെറിയ കുളങ്ങൾ പോലും സംഭാവന ചെയ്യുന്ന ശുദ്ധജലം, ആ വെള്ളത്തിലുള്ള സ്വാശ്രയത്വമാണ് ഇൻഡ്യയ്ക്കുമുമ്പിൽ കേരളത്തിന് അഭിമാനിക്കാവുന്ന ഒരു കാര്യം. നദികൾ മൊത്തം സംരക്ഷിച്ചാൽ മറ്റുള്ളവർക്കുകൂടി കുടിക്കാനുള്ള ജലം കൊടുക്കാനുള്ള കരുത്താർജ്ജിക്കാൻ നമുക്ക് സാധിക്കും. നദികൾ നഷ്ടപ്പെടുമ്പോൾ വെള്ളത്തിലുള്ള സ്വാശ്രയത്വമാണ് നമുക്ക് നഷ്ടപ്പെടുന്നത്. നമ്മുടെ ഭൂഗർഭ ജലത്തിന്റെ അളവ് 3 മുതൽ 5 മീറ്റർ വരെ പലേടത്തും താഴോട്ട് പോയി എന്ന് മിക്കവാറും എല്ലാ പഠനത്തിലും വന്നുകഴിഞ്ഞു. താഴെയും വെള്ളമില്ല, മുകളിലും വെള്ളമില്ല, തണുത്ത കാറ്റ് വരാൻ പശ്ചിമഘട്ടത്തിൽ മരവുമില്ല, കടലിലെ കാറ്റിന് തണുപ്പുമില്ലാത്ത ഒരു അവസ്ഥ വന്നാൽ കേരളം നിന്ന് പൊരിയും. കേരളം പൊരിയുന്ന കാലത്താണ് നമ്മൾ ഈ ബിൽ ചർച്ച ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് അത്തരം കാര്യങ്ങളെല്ലാം ശാസ്ത്രീയമായി അറിയാൻ .........

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യനായ മെമ്പർ നദിയും പുഴയും സംരക്ഷിക്കണമെങ്കിൽ ജനകീയ പങ്കാളിത്തം അനിവാര്യമാണെന്ന് സൂചിപ്പിച്ചിരുന്നു. ഇപ്പോൾ ഒട്ടേറെ ദിനങ്ങൾ ആചരിക്കുകയാണ് നമ്മൾ. നദി-പുഴ സംരക്ഷണ ദിനം തീരുമാനിച്ച് ആബാലവൃദ്ധം ജനങ്ങളേയും അണിനിരത്തി പുഴയെ സംരക്ഷിക്കാൻ പരിശ്രമം നടത്തുന്നതോടൊപ്പം, കാശ്മീരിലൊക്കെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെത്തുന്ന സ്ഥലത്ത് ദിവസേനയെന്നോണം അതിനെ ശുദ്ധീകരിക്കാനുള്ള പ്രക്രിയ കൂടി നടക്കുന്നുണ്ട്. പുഴകളിലെയും നദികളിലെയും മലിനീകരണം തടയുവാൻ ബഹുജനപങ്കാളിത്തത്തോടെ പതിനായിരക്കണക്കിന് ജനങ്ങളെ അണിനിരത്തി ഓരോ പുഴയും ഓരോ നദിയും സംരക്ഷിക്കണമെന്ന ഒരു നിർദ്ദേശം അങ്ങയുടെ മനസ്സിലുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് തീർച്ചയായും നമ്മൾ ചെയ്യേണ്ടതാണ്. നദികളെ സംബന്ധിച്ച് കേരളത്തിനുള്ള ഒരു പ്രത്യേകത എന്താണെന്നുവച്ചാൽ അത് നമ്മുടെ ഒരു അനുഗ്രഹമാണ്. നമ്മുടെ നദികളിൽ മിക്കതും ഉത്ഭവിക്കുന്നതും ഒഴുകുന്നതും കേരളത്തിലൂടെത്തന്നെയാണ്. മറ്റ് പല സംസ്ഥാനങ്ങൾക്കുമുള്ള പ്രശ്നം അവരുടെ പ്രധാനപ്പെട്ട നദികളൊക്കെ ഉത്ഭവിക്കുന്നതും ഒഴുകുന്നതും അവരുടെ സംസ്ഥാനത്ത് മാത്രമല്ല. അതായത് ധാരാളം സംസ്ഥാനങ്ങളുടെ നിയമങ്ങൾ, പ്രത്യേകതകൾ, തർക്കങ്ങൾ-അത്തരം വലിയ നദികൾക്കുണ്ട്. നമ്മുടെ മൊത്തം ജലശേഖരത്തിന്റെ മുഖ്യപങ്കും ഉൾക്കൊള്ളുന്ന നദികളെ ഉത്ഭവം മുതൽ അവസാനം വരെ നമുക്ക് നിയന്ത്രിക്കാവുന്നതാണ്. നമ്മുടെ നദികളെ അതിന്റെ ഉത്ഭവസ്ഥാനം മുതൽ സംരക്ഷിക്കാൻ ശ്രമിച്ചില്ലെങ്കിൽ നമ്മുടെ നദികളിൽ ഭാവിയിൽ ജലമുണ്ടാകാൻ സാദ്ധ്യതയില്ല, നദിയുണ്ടാകാൻ സാദ്ധ്യതയില്ല.

ഉത്ഭവസ്ഥാനങ്ങൾ സംരക്ഷിക്കാത്തതുകൊണ്ടാണ് പല നദികളിലും ഇപ്പോൾ ജലമില്ലാത്തത്. പശ്ചിമഘട്ടത്തിലുള്ള നദികൾ കേന്ദ്ര വനം വകുപ്പിന്റെ നിയന്ത്രണത്തിലാണ്. അവിടെയും നദിക്ക് ദോഷമാകുന്ന, നദിയെ കൊല്ലുന്ന ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട്.......

ശ്രീ. സി. പി. മുഹമ്മദ്: സർ, പത്തുമുപ്പത് കൊല്ലം മുമ്പ് നമ്മുടെ നദികളിൽ ലിഫ്റ്റ് ഇറിഗേഷനുണ്ടായിരുന്നില്ല, മോട്ടോർ വച്ച് വെള്ളമടിച്ചിരുന്നില്ല. ഭൂഗർഭജലം കെട്ടിനിർത്തുന്നതിന് മണൽ വളരെയധികം സഹായിച്ചിരുന്നു. ഇപ്പോൾ മണൽ പോയി. ഓരോ കിലോമീറ്ററിനിടയ്ക്കും പത്തുംഇരുന്നൂറും മോട്ടോറുകളാണ് വെള്ളം പമ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. പരിധിയിലപ്പുറമുള്ള ചൂഷണത്തിന്റെ ഫലമായാണ്. നദി നശിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നദിയെ മാത്രമല്ല ചൂഷണം ചെയ്യുന്നത്. അതിൽ ഒരു ദർശനം എല്ലാവരും പറയുന്നുണ്ട്. നിങ്ങൾക്ക് പ്രകൃതിയിൽ ഒന്നിനെ മാത്രമായി ചൂഷണം ചെയ്യാൻ സാധിക്കുകയില്ല. പ്രകൃതിയിലെ ഏതെങ്കിലും ഒന്നിനെ ചൂഷണം ചെയ്യുന്നുവെങ്കിൽ ആ ജനത പ്രകൃതിയിലെ എല്ലാത്തിനെയും ചൂഷണം ചെയ്യുന്നുവെന്നാണ്. കേരളം നദിയെ ചൂഷണം ചെയ്യുന്നുവെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം, കേരളം എല്ലാ പ്രകൃതി വിഭവങ്ങളെയും ചൂഷണം ചെയ്യുന്നുവെന്നാണ്. അത് ലോകത്ത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ദർശനമാണ്. അതുകൊണ്ട് നദിയെ മാത്രം ചൂഷണം ചെയ്യാതെ വേറെ എല്ലാത്തിനെയും ചൂഷണം ചെയ്യാമെന്നല്ല പറയുന്നത്. ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞ ഒരു കാര്യം സത്യമാണ്. നമുക്ക് മണൽ വേണം, പാറ വേണം, മറ്റ് പലതും വേണം. എന്നാൽ കേരളത്തിൽ 5 ലക്ഷം കുടുംബങ്ങൾ വീടില്ലാതെ നിൽക്കുമ്പോൾ

കേരളത്തിലെ 10 ലക്ഷം വലിയ വീടുകൾ ആൾത്താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്നുവെന്നാണ് കണക്ക്. നമ്മുടെ വികസനത്തിൽ ഒരു കാഴ്ചപ്പാട് വേണ്ടേ? എല്ലാ മണലും കോരി, എല്ലാ പാറയും പൊട്ടിച്ച്, എല്ലാ തരത്തിലുള്ള പ്രകൃതി വിഭവങ്ങളെയും ചൂഷണം ചെയ്ത് - കേരളത്തിന്റെ വികസനം, അത് ഇങ്ങനെയാണോ പോകേണ്ടത് എന്നൊരു കാഴ്ചപ്പാട് വേണ്ടേ? കേരളത്തിൽ ഏറ്റവും പാവപ്പെട്ടവന് വീട് വയ്ക്കാനായി മണൽ സൗജന്യമായി കൊടുക്കണമെങ്കിൽപ്പോലും ഗവൺമെന്റ് കൊടുക്കണം. പക്ഷേ ഒന്നുരണ്ട് വീട് വച്ചതിനുശേഷം മൂന്നാമത് വീട് വയ്ക്കുന്നതിന് മണൽ കൊടുക്കണമോ? ഇവിടെ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി പറഞ്ഞതുപോലെ മണലും കമ്പിയും സിമന്റുമൊക്കെ കൊണ്ടുതന്നെ നമുക്ക് വികസനം നടത്തണമെന്നുവച്ചാൽ ലോകത്തിന്റെ കാഴ്ചപ്പാട് ധാരാളം മാറി. മഹാത്മാഗാന്ധിയും പറഞ്ഞതാണ്, പരിമിതമായ തരത്തിൽ പ്രകൃതി നിങ്ങളുടെ ആവശ്യത്തിന് വിഭവങ്ങൾ തരും. പക്ഷേ നിങ്ങൾക്ക് ആർഭാടപരമായി ജീവിക്കാനുള്ള അനാവശ്യമായി നിങ്ങൾ പൊതുമുതൽ അല്ലെങ്കിൽ പൊതുസമ്പത്ത് നശിപ്പിക്കാനുള്ള സംവിധാനത്തിലേയ്ക്ക് പോയാൽ നിങ്ങൾ പ്രകൃതിക്ക് കാവലല്ലെങ്കിൽ നമുക്ക് കാവലായി നിൽക്കാൻ പ്രകൃതിയുണ്ടാകുകയില്ല. അതുകൊണ്ട് ഈ നിയമത്തിനകത്ത് ശക്തിപ്പെടുത്തേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, കേരളത്തിന്റെ വികസന കാര്യം, അത് റവന്യൂ വകുപ്പു മന്ത്രി മാത്രം തീരുമാനിക്കേണ്ട കാര്യമല്ല. പക്ഷേ കേരളത്തിലെ എല്ലാ പഠനങ്ങളും പറയുന്നത്...........

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിൽ വീടുകൾ നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. അങ്ങയുടെ പ്രസംഗം തുടങ്ങി

യത് ചൈനയുടെ അനുഭവം വച്ചുകൊണ്ടാണ്. അവിടെ പലയിടത്തും നമുക്ക് കാണാൻ സാധിച്ചത്, ഓരോ പ്രത്യേകമായ മേഖലയിലും ചില പ്രവിശ്യകളിലുമൊക്കെ നിർമ്മിക്കുന്ന വീടുകൾ ഏത് രീതിയിലുള്ളതായിരിക്കണം, അതിന് എത്ര വിസ്തീർണ്ണമുണ്ടായിരിക്കണം, അത് ഏതൊക്കെ രീതിയിൽ നിർമ്മിച്ചിരിക്കണമെന്ന് കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിനനുസൃതമായി മാത്രമേ അവിടുത്തെ ലോക്കൽ ബോഡീസ് അതിന് അംഗീകാരം കൊടുക്കുന്നുള്ളൂ. എത്ര ധനാഢ്യനാണെങ്കിലും, എത്ര പാവപ്പെട്ടവനാണെങ്കിലും നിർമ്മിക്കുന്ന വീട് ഒരുപോലെയാണ്, ഒരേ മാതൃകയിലാണ്, അതുകൊണ്ട് മനുഷ്യർക്ക് വലിയ വീടുണ്ടാക്കാനുള്ള അഹന്ത അവിടെയുണ്ടാകുന്നില്ല. എല്ലാവരും സ്വന്തമായി നിർമ്മിക്കുന്ന വീട് ഒരേ രൂപത്തിലുള്ളതായതുകൊണ്ട് കൃത്യതയോടുകൂടി ഒരേ മാസ്റ്റർ പ്ലാനിൽ ഉണ്ടാക്കിയ ശൈലി നമുക്ക് കാണുവാൻ സാധിച്ചു. അത്തരമൊരു രീതി കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിന് ഉചിതമാകുമെന്ന അഭിപ്രായം അങ്ങേയ്ക്ക് ഉണ്ടോ?

<u>മി. സ്പീക്കർ</u>: ശ്രീ. മുല്ലക്കര രത്നാകരനോട് മാത്രം പറയാനുള്ളതല്ല. ബില്ലിൽ ഇടപെടുന്ന ഒരു ഘാതകനായിട്ട് ഇതിനെ എടുക്കരുത്. ബി.എ.സി. മൊത്തം മൂന്ന് ബില്ലുകൾക്കുംകൂടി അനുവദിച്ചിരിക്കുന്നത് മൂന്ന് മണിക്കൂറാണ്. ഒരു ബില്ലുപോലും കഴിഞ്ഞിട്ടില്ല. ആകാശത്തിനും ഭൂമിക്കും ഇടയിലുള്ള എല്ലാ വിഷയങ്ങളേയും......... അങ്ങല്ല, ഞാൻ എല്ലാവരുടേയും കാര്യമാണ് പറയുന്നത്. എല്ലാവർക്കും സംശയങ്ങളുണ്ട്. സംശയങ്ങളുണ്ടാകുന്നതാണ് നല്ലത്. ഉത്തരം തേടികൊണ്ടേയിരിക്കണം. നിങ്ങൾ ശക്തമായ നിലപാട് എടുക്കണമെങ്കിൽ..... എന്റെ പൂർവ്വികൻ ഇതിനകത്ത് വച്ചിരിക്കുന്നത് സഹിക്കാൻ വയ്യാതെ വന്നപ്പോൾ അവസാനം പത്ത് മിനിട്ടെന്ന് പറഞ്ഞു. ഡിസെന്റിംഗിന് പത്ത് മിനിട്ട്. ഡിസെന്റിംഗിന് പത്ത് മിനിട്ട്

എങ്ങനെ എടുക്കുമെന്നുള്ളത് ശ്രീ. എ. കെ. ബാലൻ സംസാരിക്കുമ്പോൾ അറിയാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ അഭിപ്രായം ശ്രദ്ധിക്കേണ്ടതാണ്.

മി. സ്പീക്കർ: അങ്ങയുടെ സമയത്ത് പറഞ്ഞതിൽ ക്ഷമിക്കണം. അത് താങ്കളെ ഉദ്ദേശിച്ചല്ല പറഞ്ഞത്. ഇതാണ് സ്ഥിതി.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത്, നമ്മളെല്ലാം ചൈനയെ ഒരുപോലെ ഉൾക്കൊള്ളാൻ ശ്രമിച്ചാൽ തീർച്ചയായും നല്ലതാണ്. ചൈനയിൽ എന്നല്ല ലോകത്തെ എല്ലാ 25 സെന്റ് ഭൂമിയിലും വലിയ വീടുവയ്ക്കാൻ അവകാശമുള്ള ഒരേ ഒരിടം കേരളമാണ്. കർണ്ണാടകത്തിൽ വയ്ക്കാൻ സാധിക്കുകയില്ല. അവിടെ കൃഷിഭൂമിയിൽ കൃഷി ചെയ്യാനേ പാടുള്ളൂ. ഇവിടെ എവിടെയും എന്തും ചെയ്യാം. എന്തും ചെയ്യുക മാത്രമല്ല, താമസിക്കാതിരിക്കുകയും ചെയ്യാം. അതുകൊണ്ടാണ് വികസനത്തിന്റെ കാഴ്ചപ്പാടിൽ കേരളത്തിൽ നമുക്ക് മണലും പാറയും ഒരു നദിയെ സംരക്ഷിക്കുന്ന ഘടകങ്ങളും ഇത്രയുണ്ടെന്ന് കണക്കുണ്ട്. ആ കണക്കിനനുസരിച്ച് ഇല്ലാത്തവന് ചിലത് ഉണ്ടാകാൻവേണ്ടിയുള്ള ചൂഷണം നടത്താം. പക്ഷേ ഉള്ളതെല്ലാം ഇല്ലാതാക്കാൻവേണ്ടി പ്രകൃതിയെ നശിപ്പിച്ച് നദിയും ജീവിതവും ഇല്ലാതാക്കാനുള്ള വികസനം നടത്തരുത്. നദിയെക്കുറിച്ച് അല്ലെങ്കിൽ ജലത്തെക്കുറിച്ച് ഒരു ഇന്ത്യൻ ദർശനമുണ്ട്. ആ ദർശനമനുസരിച്ച് മഴ പെയ്യുമ്പോൾ ഓടുന്ന ജലത്തെ നടത്തണമെന്നാണ്. നദിയും വളവും തോടും ചതുപ്പുമൊക്കെ അതിനാണ്. നടക്കുന്ന ജലത്തെ കിടത്തണമെന്നാണ്. അതാണ് ഭൂമിക്കടിയിലെ ജലം. കിടക്കുന്ന ജലം ഉണക്ക്

കാലത്ത് അമ്മ മുലപ്പാൽ തരുന്നതുപോലെ നമുക്ക് തരുമെന്നാണ്. അപ്പോൾ നദി, ഓടുന്ന ജലത്തെ നടത്താനും നടക്കുന്ന ജലത്തെ കിടത്താനും കിടക്കുന്ന ജലം നമുക്ക് മുലപ്പാൽപോലെ, അമൃതുപോലെ കുടിക്കാനുമാണ്. ഇവിടെ നദി മരിക്കുകയാണ്. അതുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്, ഇത് ഒരു വകുപ്പിന്റെമാത്രം പ്രശ്നമാകരുത്. ഇറിഗേഷനും വാട്ടർ അതോറിറ്റിയും സി.ഡബ്ല്യു.ആർ.ഡി.എം. പോലെയുള്ള ഗവേഷണ സ്ഥാപനങ്ങളുമെല്ലാം ചേർന്ന് ഒരു നദിയെ എങ്ങനെ സംരക്ഷി ക്കാമെന്ന ഒരു പദ്ധതിയുണ്ടാക്കണം. അത് ഓരോ നദിക്കും ഉണ്ടാകണം. ആ നദിയുടെ കരയിൽ താമസിക്കുന്ന മനുഷ്യർക്കും ആ നദിയുടെ ഗുണഭോ ക്താക്കൾക്കും അതിൽ മുഖ്യപങ്കുണ്ടാകണം. അവരുടെ സംരക്ഷണയിൽ ശാസ്ത്രീയമായി ഇവിടെനിന്നുമാത്രമേ വാരാവൂ, ഈ വർഷം ഇങ്ങനെ വാരാ വൂവെന്ന് തീരുമാനിച്ചാൽ അതിനൊരു പദ്ധതിയുണ്ടാകുകയും അത് നടപ്പാ ക്കുകയും അതിനുവേണ്ടി ഈ നിയമത്തിൽ വേണ്ട തരത്തിലുള്ള ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ വരികയും ആ നിയമം നദിക്ക് കവചവും കാവലുമാകണമെന്ന സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഡിസെന്റിംഗ് അവതരിപ്പിച്ച കൂട്ടത്തിൽ തുറമുഖ വകുപ്പിൽ മണൽകൊള്ള നടക്കുകയാണെന്ന് സൂചിപ്പിക്കുകയു ണ്ടായി. അതിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ ചുരുക്കിപ്പറയാം. 1999-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് സൊസൈറ്റികൾക്ക് മണൽ

കൊടുത്ത് തുടങ്ങിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 18-03-2010-ൽ ഇതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുകയും കൊടുങ്ങല്ലൂർ, പൊന്നാനി, കാസർഗോഡ്, ബേപ്പൂർ തുടങ്ങിയ തുറമുഖങ്ങളിൽ സൊസൈറ്റികൾ അനുവദിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി യാതൊരു മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടില്ല. അതോടൊപ്പംതന്നെ പുതുതായി ഒരു സൊസൈറ്റിക്കും കൊടുത്തിട്ടില്ല. ഇത് നിർത്തലാക്കാനായി ആലോചിച്ചപ്പോൾ എല്ലാ പാർട്ടിയിലുംപെട്ട ട്രേഡ് യൂണിയനുകൾ ഇത് നിർത്തരുത്, സൊസൈറ്റികൾക്ക് കൊടുക്കുന്നത് തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ ഒരു ആക്ഷേപം വന്ന സാഹചര്യത്തിൽ തീർച്ചയായും ഇത് പരിശോധിക്കുകയും ഇതിൽ അഴിമതിയുണ്ടെങ്കിൽ അഴിമതി ഒഴിവാക്കാനും പ്രായോഗികമായി എങ്ങനെ നടപ്പാക്കാൻ സാധിക്കുമെന്നും പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ? ഇല്ല, അങ്ങനെ ചോദ്യമില്ല. മന്ത്രി ആ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് പറഞ്ഞതല്ലേ. ശ്രീ. പി. ശ്രീരാമകൃഷ്ണൻ എല്ലാം പ്രധാനപ്പെട്ടതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇന്ന് ഈ ബില്ലിനോട് അനുബന്ധിച്ച് നടന്ന ചർച്ചയിൽ പങ്കെടുത്ത ഭരണപക്ഷവും പ്രതിപക്ഷവും വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് സഭയുടെ മുമ്പാകെ വച്ചിരിക്കുന്നത്. അതെല്ലാംതന്നെ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. ഇതിൽ പ്രധാനമായും എന്റെ സുഹൃത്ത് ശ്രീ. എ. പ്രദീപ്കുമാർ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും തുക

ചെലവായില്ലായെന്ന് പറഞ്ഞത് ശരിയല്ലായെന്ന് പറഞ്ഞിരിക്കുകയാണ്. എന്നാൽ ഈ ബിൽ ആദ്യമായി അവതരിപ്പിക്കുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010 ജൂൺ മാസത്തിലാണ് ഈ ഓർഡിനൻസ് ആദ്യമായി പുറപ്പെടുവിച്ചത്. അതിനുശേഷം നാലു പ്രാവശ്യം ഈ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിക്കുകയുണ്ടായി. ഈ ബിൽ ആദ്യമായി അവതരിപ്പിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണെ ങ്കിലും അന്നും ഈ ബില്ലിൽ പ്രത്യേക സംരക്ഷണസേനയുടെ രൂപീക രണത്തെ സംബന്ധിച്ച് വ്യവസ്ഥകളുണ്ടായിരുന്നു. അന്ന് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഇതുതന്നെയാണ് പറഞ്ഞിരുന്നത്. റിവർ മാനേജ്മെന്റ് ഫണ്ട് എങ്ങനെ വിനിയോഗിക്കണമെന്നതിനെക്കുറിച്ച് യാതൊന്നും പറയുന്നി ല്ലായെന്ന് ശ്രീ. ബാബു എം. പാലിശ്ശേരി ഇവിടെ സംസാരിക്കുകയുണ്ടായി. അത് ശരിയല്ല. അതിന് ചട്ടങ്ങൾ രൂപീകരിക്കുന്നുണ്ട്. ആ ചട്ടങ്ങളിൽ വളരെ വ്യക്തമായി ആ പണം എങ്ങനെയാണ് വിനിയോഗിക്കപ്പെടേണ്ടത് എന്നതിനെ ക്കുറിച്ച് വ്യവസ്ഥ ഉണ്ടാക്കുന്നതാണ്. ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നമാണ് മണൽക്ഷാമം. നിർമ്മാണ മേഖലയൊക്കെ പ്രതിസന്ധിയിലായിരിക്കുകയാണ്. ഉപ്പുരസമുള്ള മണ്ണ് സംഭരിച്ച് ഉപ്പുരസം മാറ്റിയതിനുശേഷം വിതരണം ചെയ്യുന്നതിനുള്ള നടപടികളെടുക്കണമെന്ന നിർദ്ദേശമൊക്കെയുണ്ടായി. തീർച്ചയായും ഇക്കാര്യങ്ങളൊക്കെ ഗൗരവമായി ആലോചിക്കേണ്ട കാര്യംതന്നെയാണ്. ഇന്ന് നിർമ്മാണ മേഖലയിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി അത്തരം കാര്യങ്ങൾ ആലോചി ക്കുന്നത് നല്ലതാണെന്ന അഭിപ്രായംതന്നെയാണ് വ്യക്തിപരമായി എന്നെ സംബന്ധിച്ചുള്ളത്. ഇന്ന് നദീതീര സംരക്ഷണവുമായുള്ള ഭേദഗതി

നിയമമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഏതായാലും എല്ലാ അംഗങ്ങളും നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

## 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

മി. സ്പീക്കർ : 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പുതിരിച്ചുളള പരിഗണന

## 2-ാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

106. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എ) യിൽ "സഹായിക്കുന്നതിനായി" എന്ന വാക്കിന് പകരം "സഹായിക്കുന്നതിനും അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രവർത്തിക്കുന്ന തിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എ) യിൽ "സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്ക് പകരം "തഹസിൽദാർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ഖണ്ഡം 2 (i) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (എ) യിൽ "ചുമതലപ്പെടുത്തുന്ന" എന്ന വാക്കിന് ശേഷം

"ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾ ചേർക്കുക.

109. ഖണ്ഡം 2 (i) പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (എ) യിൽ "ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ" എന്നതിനുശേഷം "അഥവാ ഉദ്യോഗസ്ഥർ " എന്നു കൂടി ചേർക്കുക.

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ 2 ബി വകുപ്പു പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ലാന്റ് റവന്യൂ കമ്മീഷണർ എന്നർത്ഥമാകുന്നു."

ഈ നിയമം നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിന് ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനുണ്ടായിരിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അത് വകുപ്പുമേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണർ തന്നെയാകണം. അദ്ദേഹത്തിന് പകരം ഒന്നിലധികം ആളുകളെ ചുമതലപ്പെടുത്താവുന്ന രൂപത്തിലാണ് ഈ ഭേദഗതി വരുന്നത്. അത് യഥാർത്ഥത്തിൽ ഗുണം ചെയ്യില്ല. മാത്രമല്ല ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ

ഉദ്യോഗസ്ഥർ ശ്രമിക്കും. അതുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറെ തന്നെ ചുമതലപ്പെടുത്തുന്നതായിരിക്കും നല്ലത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികളൊന്നും തന്നെ സ്വീകാര്യമല്ല. ശ്രീ. എ.കെ. ബാലൻ ഇവിടെ സൂചിപ്പിച്ച ലാന്റ് റവന്യൂ കമ്മീഷണർ  എന്ന് പറയുന്നിടത്ത് ലാന്റ് റവന്യൂ സെക്രട്ടറിയെയാണ് അതിന്റെ കൺവീനറായി ചുമതലപ്പെടുത്തിയത്.

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 108, 109 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(1)-ൽ ''അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി'' എന്നീ വാക്കുകൾക്കു ശേഷം ''റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുന്നതിനും'' എന്നീ വാക്കുകൾ ചേർക്കുക.

116 ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (2) ൽ ഇനം (vi) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

"(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന - സംസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് നദീതീര നിയോജകമണ്ഡലങ്ങളിൽപ്പെട്ട എം.എൽ.എ മാർ - അംഗങ്ങൾ"

129. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(3) ൽ, "രണ്ടുമാസത്തിൽ ഒരിക്കലെങ്കിലും" എന്നീ വാക്കുകൾക്കു പകരം "രണ്ടു മാസത്തിൽ ഒരിക്കൽ നിർബന്ധമായും" എന്നീ വാക്കുകൾ ചേർക്കുക.

133. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (4) ൽ " അഞ്ച്" എന്ന വാക്കിനു പകരം " ഏഴ്" എന്ന വാക്ക് ചേർക്കുക.

144 ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(6)-ൽ, "യുക്തമെന്ന് തോന്നുന്ന ഏതൊരു" എന്നീ വാക്കുകൾക്കു ശേഷം "നദീതട സംരക്ഷണ" എന്നീ വാക്കുകൾ ചേർക്കുക.

റിവർ മാനേജ്മെന്റ് ഫണ്ടിൽ ധാരാളം പണം വന്നുചേരുന്നുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് കൃത്യമായി സൂക്ഷ്മതയോടെയല്ല ഇപ്പോൾ കൈകാര്യം ചെയ്യുന്നത്. ഈ കമ്മിറ്റിയ്ക്ക് അതുകൂടി നോക്കാനുള്ള അനുവാദം കൊടുക്കുന്നത് നല്ലതായിരിക്കുമെന്നാണ് എന്റെ 114-ലെ നിർദ്ദേശം.

നദീതീരവുമായി ബന്ധമില്ലാത്ത എം.എൽ.എ.-മാരാണ് അതിൽ അംഗങ്ങളായിട്ടുള്ളത്. പ്രധാനപ്പെട്ട നദികളുടെ തീരവുമായി ബന്ധപ്പെട്ടു വരുന്ന നിയോജക മണ്ഡലങ്ങളിലെ രണ്ട് എം.എൽ.എ.-മാരെ കൂടി ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തണം എന്നതാണ് 116-ാം ഭേദഗതി

സംസ്ഥാനത്ത് ഉന്നതതല സമിതി രണ്ട് മാസത്തിലൊരിക്കൽ വേണമെങ്കിൽ കൂടിയാൽ മതിയെന്ന് പറയുന്ന സ്ഥാനത്ത് അത് നിർബന്ധമായും കൂടണമെന്നാണ് എന്റെ 129-ാം നമ്പർ ഭേദഗതിയിലൂടെ നിർദ്ദേശിക്കുന്നത്.

133-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് രണ്ട് എം.എൽ.എ.-മാരെ കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ കോറം തികയാൻ 5 പേർ എന്നുള്ളത് 7 പേർ വേണമെന്നുള്ളതാണ്.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ (2)ൽ "അടങ്ങിയതായിരിക്കേണ്ടതാണ്" എന്നതിന് പകരം, "ഉൾപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എം. ഷാജി</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(2)-ലെ ഇനം (vi) താഴെപ്പറയും പ്രകാരം മാറ്റുക

"(vi) ഭരണപരമായ ചുമതലയുള്ള പോലീസ് ആസ്ഥാനത്തെ അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ... അംഗം"

118. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(2)ലെ ഇനം (vii) താഴെപ്പറയും പ്രകാരം മാറ്റുക

"(vii) ജലസേചന വകുപ്പിൽ ഭരണചുമതലയുള്ള ചീഫ് എൻജിനീയർ ..... അംഗം"

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ഖണ്ഡം 3 പ്രകാരം  പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(2) ൽ താഴെപ്പറയുന്നത് ഇനം (viii) ആയി ചേർക്കുകയും ശേഷിക്കുന്നവ പുന:ക്രമീകരിക്കുകയും ചെയ്യുക.

"(viii) വനം വകുപ്പിന്റെ ആസ്ഥാനത്ത് സാമൂഹ്യവനവത്കരണത്തിന്റെ ചുമതലയുള്ള ചീഫ് കൺസർവേറ്റർ/കൺസർവേറ്റർ - അംഗം"

130. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(3) ൽ, "രണ്ടു മാസത്തിൽ" എന്നീ വാക്കുകൾക്കു പകരം "മൂന്നുമാസത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

151. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (7) താഴെപ്പറയും പ്രകാരം മാറ്റുക.

"(7) സംസ്ഥാന ഉന്നതതല സമിതിയിലെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അഞ്ചു വർഷമായിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു."

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ഖണ്ഡം 3 പ്രകാരം  പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(2) ലെ ഇനം (ix)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(x) സംസ്ഥാന പോർട്ട് ഡയറക്ടർ - അംഗം"

നേരത്തെ എന്റെ വിയോജനക്കുറുപ്പിൽ പറഞ്ഞതുപോലെ ഇതിന്റെ സംസ്ഥാനതല സമിതിയിൽ ഈ നിയമത്തിന്റെ ഭാഗമായിട്ട് പോർട്ട് ഡിപ്പാർട്ടുമെന്റ് കൂടി വന്നാൽ മാത്രമാണ് പോർട്ടുമായി ബന്ധപ്പെട്ട മേഖലയിലെ മണൽ ഖനനത്തിന്റെ കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളു. സംസ്ഥാന പോർട്ട് ഡയറക്ടറെ കൂടി അതിനകത്ത് അംഗമാക്കണമെന്ന് പറയുന്നതിന് കാരണം അതാണ്. ഇതിനകത്ത് പോർട്ടുമായിട്ട് യാതൊരു ബന്ധവുമില്ല. നിയമവുമായിട്ട് ഏതെങ്കിലും രൂപത്തിൽ പോർട്ട് ഡിപ്പാർട്ടുമെന്റിനെ കൂടി ബന്ധപ്പെടുത്തണമെങ്കിൽ ഈ സംസ്ഥാനതല സമിതിയിലും അതുപോലെ ബന്ധപ്പെട്ട എല്ലാ സമിതികളിലും പോർട്ടുമായി ബന്ധപ്പെട്ട ആളുകൾ ഉണ്ടാകണമെന്ന നിലയിലാണ് ഞാൻ സംസ്ഥാന പോർട്ട് ഡയറക്ടറുടെ പേര് നിർദ്ദേശിക്കുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (2) ലെ ഇനം (ix) നു ശേഷം താഴെപ്പറയുന്നത് ചേർക്കുക

"(x) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ സീനിയർ ജിയോളജിസ്റ്റ് റാങ്കിൽ കുറയാത്ത രണ്ട് ഉദ്യോഗസ്ഥർ-അംഗങ്ങൾ."

139. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 എ(5) ൽ "പാടുള്ളതല്ല" എന്നതിനുശേഷം

താഴെ പറയുന്നവ കൂട്ടിച്ചേർക്കുക "കടൽ തീരത്തോട് ചേർന്നുകിടക്കുന്ന നദികൾ, പുഴകൾ, കായലുകൾ എന്നിവിട ങ്ങളിൽ നിന്നും ഉപ്പുകലർന്ന മണൽ ഖനനം നടത്തുന്നി ല്ലെന്നും ഉണ്ടെങ്കിൽത്തന്നെ അത് സംസ്കരിക്കാതെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നില്ലെന്നും ജില്ലാ വിദഗ്ദ്ധ സമിതി ഉറപ്പാക്കേണ്ടതും, ഇത്തരം മണൽ ഖനനത്തിന് ഒരു സമിതിയും അനുമതി നൽകാൻ പാടില്ലാത്തതുമാകുന്നു."

സംസ്ഥാനതല വിദഗ്ദ്ധ സമിതിയ്ക്ക് വിദഗ്ദ്ധ സമിതിയായി ആക്ട് ചെയ്യാൻ കഴിയണമെങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ സീനിയർ ജിയോളജിസ്റ്റ് റാങ്കിലുള്ള രണ്ട് ഉദ്യോഗസ്ഥരെ കൂടി അതിൽ ഉൾപ്പെടുത്തണ മെന്നാണ് 121-ാം നമ്പർ ഭേദഗതി.

139-ാം നമ്പർ ഭേദഗതി സഭ ഇപ്പോൾ വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യുകയും പോർട്ട് മിനിസ്റ്റർ ഇപ്പോൾ സഭയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തിട്ടുള്ള വിഷയമാണ്. കടൽത്തീരത്തോട് ചേർന്നുകിടക്കുന്ന നദികൾ, പുഴകൾ, കായലുകൾ എന്നിവിടങ്ങളിൽ നിന്നും ഉപ്പ് കലർന്ന മണൽ ഖനനം നടത്തുന്നില്ലായെന്നും ഉണ്ടെങ്കിൽതന്നെ അത് സംസ്ക്കരിക്കാതെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നില്ലെന്നും ജില്ലാ വിദഗ്ദ്ധ സമിതി ഉറപ്പാക്ക ണമെന്ന് പറയുന്ന നിബന്ധനയാണ്. ഇപ്പോൾ നൽകിയ ഉറപ്പാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ട് ഭേദഗതികളും ഇതിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (2) ലെ ഇനം (ix) നു ശേഷം താഴെപ്പറയുന്നത് ചേർക്കുക

"(x) സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിൽ നിന്നുള്ള ഒരു ശാസ്ത്രജ്ഞൻ-അംഗം"

141. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(5)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

''എന്നാൽ ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതിക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരം സംബന്ധിച്ച തീരുമാനം ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത തീയതി മുതൽ മൂന്നു മാസത്തിനകം എടുക്കേണ്ടതാണ്''.

122-ാമത്തെ ഭേദഗതി സംസ്ഥാന ഉന്നതതല സമിതിയുടെ രൂപീകരണത്തിൽ അതിനുള്ളിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിൽ നിന്നുള്ള ഒരു ശാസ്ത്രജ്ഞൻ കൂടി അംഗമാകണം. കാരണം നമ്മുടെ നദികളെക്കുറിച്ചും ഇതിലെ പ്രശ്നങ്ങളെക്കുറിച്ചുമെല്ലാം ഏറ്റവും ആധികാരികമായും ശാസ്ത്രീയമായും പഠനം നടത്തിയിട്ടുള്ളതും നടത്തുന്നതുമായ ഒരു സ്ഥാപനമാണ്. അതിന് ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയറാണ് അതുമായി ബന്ധപ്പെട്ട ഒരാൾ ഇതിനകത്തുള്ളത്. പക്ഷേ

ഇത്തരം കാര്യങ്ങളെക്കുറിച്ചും കേരളത്തിലെ മൊത്തം നദികളെക്കുറിച്ചും നദികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും മനസ്സിലാക്കിയിട്ടുള്ള പഠിച്ചിട്ടുള്ള പഠിക്കുന്ന ഒരു സ്ഥാപനം എന്നുള്ള നിലയിൽ ഈ സ്ഥാപനത്തിന്റെ ഒരു പ്രതിനിധി ഇതിന്റെ വിദഗ്ദ്ധ സമിതിയിൽ അംഗം ആകണമെന്നുള്ളതാണ് എന്റെ ഒരു ഭേദഗതി.

141-ാമത്തെ ഭേദഗതി ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള യാതൊരു പദ്ധതിയ്ക്കും സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകിയിട്ടില്ലാത്തപക്ഷം ഭരണാനുമതി നൽകുവാൻ പാടുള്ളതല്ല എന്നുള്ളതിന്റെ കൂടെ ഒരു ക്ലിപ്ത നിബന്ധന - എന്നാൽ ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതിയ്ക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരം സംബന്ധിച്ച തീരുമാനം ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനകം എടുക്കണമെന്നുള്ളതാണ്. അപ്പോൾ അതിനൊരു പരിധി നിശ്ചയിക്കണം. അല്ലെങ്കിൽ ഇങ്ങനെയൊരു കാര്യം സംസ്ഥാന ഉപദേശക സമിതിയുടെ മുമ്പിൽ അനന്തമായി കിടക്കുകയും ഇത് കിട്ടുമോ കിട്ടുകയില്ലേ എന്ന് ആലോചിച്ചുകൊണ്ട് അപേക്ഷകർ കാത്തിരിക്കുകയും ചെയ്യുന്ന സ്ഥിതി വരരുത്. മൂന്ന് മാസത്തെ സമയപരിധി അതിന് വയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(2)-ലെ ഇനം (ix)-നുശേഷം x-ാം ഇനമായി താഴെപ്പറയുന്നത് ചേർക്കുക.

"(x) രണ്ട് നിയമസഭാംഗങ്ങൾ - അംഗങ്ങൾ"

127. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(3)-ൽ "രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും" എന്നീ വാക്കുകൾക്കു പകരം "ഒരു മാസത്തിൽ ഒരിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

149. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2എ(7)-ൽ "മൂന്ന്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

സംസ്ഥാനതല സമിതിയിൽ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് അംഗീകരിക്കാവുന്ന നിരുപദ്രവകരമായ ഒന്നാണ്. രണ്ട് എം.എൽ.എ.-മാരെ ഈ സമിതിയിൽ ഉൾപ്പെടുത്തണമെന്ന 123-ാമത്തെ ഭേദഗതി മൂവ് ചെയ്യുകയാണ്.

മി. സ്പീക്കർ : അത് ശ്രീ. കെ. രാധാകൃഷ്ണൻ മൂവ് ചെയ്തു.

ശ്രീ. എം. ഹംസ : ഞാൻ രണ്ട് എം.എൽ.എ. മാരെന്നാണ് പറഞ്ഞത്. രണ്ടാമത്, മാസത്തിൽ ഒരിക്കലെങ്കിലും ഈ സംസ്ഥാനതല സമിതി നിർബന്ധമായും കൂടണമെന്ന ഭേദഗതിയാണ്. മറ്റൊന്ന് കോറം 5 ആക്കി ഉയർത്തണമെന്നാണ്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124 ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(2)-ൽ ഇനം ix-നുശേഷം താഴെപ്പറയുന്ന ഇനങ്ങൾ കൂടി ചേർക്കുക.

"(x) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സാമൂഹ്യപ്രവർത്തകർ – അംഗങ്ങൾ".

"(xi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രജിസ്റ്റർ ചെയ്ത തൊഴിൽ സംഘടനാ പ്രതിനിധികൾ - അംഗങ്ങൾ"

രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞന്മാരും രണ്ട് പരിസ്ഥിതി പ്രവർത്തകരും സംസ്ഥാനതല കമ്മിറ്റിയിലുണ്ട്. അവിടെ ഒരു ട്രേഡ് യൂണിയൻ പ്രതിനിധി കൂടി ഉണ്ടാകുന്നത് നല്ലതാണ്. അതുപോലെ റെപ്യൂട്ടേഷനുള്ള ഒരു സാമൂഹ്യ പ്രവർത്തകൻ കൂടെയുണ്ടാകുന്നതും നല്ലതാണ്.

<u>മി. സ്പീക്കർ</u> : സാമൂഹ്യ പ്രവർത്തകൻ വേണോ, ട്രേഡ് യൂണിയൻ പ്രതിനിധി വേണോ?

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : രണ്ടും വേണം. രണ്ട് നിർദ്ദേശവുമുണ്ട്. കാരണം പരിസ്ഥിതിയുമായി ബന്ധപ്പെട്ട് രണ്ട് ശാസ്ത്രജ്ഞന്മാരും രണ്ട് പ്രതിനിധികളും കൂടെയുണ്ട്. നാലുപേർ ഉണ്ട്.

<u>മി. സ്പീക്കർ</u> : രണ്ടുപേരും ഉണ്ട്. സാമൂഹ്യ പ്രവർത്തകരും ഉണ്ട്. ട്രേഡ് യൂണിയന്റെ അംഗങ്ങളും ഉണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(2)-ലെ ഇനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റുക.

"(i) റവന്യൂ മന്ത്രി .. ചെയർമാൻ

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നിയമസഭാംഗങ്ങൾ, അതിൽ ഒരാളെങ്കിലും പ്രതിപക്ഷാംഗങ്ങളിൽ നിന്നായിരിക്കണം. .. അംഗങ്ങൾ

(iii) റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവ. സെക്രട്ടറി .. കൺവീനർ

(iv) നിയമവകുപ്പ് സെക്രട്ടറി .. അംഗം

(v) ലാന്റ് റവന്യൂ കമ്മീഷണർ .. അംഗം

(vi) ഭൗമശാസ്ത്രപഠന കേന്ദ്രത്തിന്റെ ഡയറക്ടർ .. അംഗം

(vii) ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി .. അംഗം

(viii) ഡയറക്ടർ, സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ .. അംഗം

(ix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ .. അംഗം

(x) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലസേചന .. അംഗം

വകുപ്പിലെ ചീഫ് എഞ്ചിനീയർ

(xi) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ .. അംഗങ്ങൾ"
നാമനിർദ്ദേശം ചെയ്യുന്ന 'സെസ്', CWRDM എന്നീ
സ്ഥാപനങ്ങളിലെ ഓരോ ശാസ്ത്രജ്ഞർ

**146.** ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(6)-ൽ "ഏതൊരു പദ്ധതിക്കും" എന്നതിനു പകരം "ഒന്നിലധികം ജില്ലകളിൽ വ്യാപിക്കുന്നതോ അല്ലാത്തതോ ആയ ഏതൊരു നദീതീര വികസന പദ്ധതിക്കും" എന്നീ വാക്കുകൾ ചേർക്കുക.

148. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 എ (7) ൽ "സംസ്ഥാന ഉന്നതതല സമിതിയിലെ" എന്നീ വാക്കുകൾക്ക് ശേഷമുള്ള ഭാഗം താഴെ പറയും വിധം മാറ്റുക.

"ഉദ്യോഗസ്ഥേതര അംഗങ്ങളുടെ കാലാവധി അവരുടെ പദവി ഉള്ളിടത്തോളം കാലവും നാമനിർദ്ദേശം ചെയ്യപ്പെട്ട ശാസ്ത്രജ്ഞരുടെ സമിതിയിലെ അംഗത്വം മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കേണ്ടതും ഇവർക്ക് പുനർ നാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്."

സർ, സംസ്ഥാനതല സമിതിയിൽ ചില പോരായ്മകളുണ്ട്. ഈ സമിതിയിൽ ജനപ്രതിനിധികൾക്ക് പ്രാതിനിധ്യമില്ല. മൂന്ന് എം.എൽ.എ.മാരെങ്കിലും ആ സമിതിയിൽ വേണം. അതിലൊന്ന് പ്രതിപക്ഷത്തു നിന്നുവേണം. അതുപോലെ ഈ നിയമം നടപ്പിലാക്കുമ്പോൾ അതിൽ ഏറ്റവും സാങ്കേതികവും ശാസ്ത്രീയവുമായ മേൽനോട്ടം വഹിക്കേണ്ട മൈനിംഗ് & ജിയോളജി, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ ആന്തരിക ഘടനയേയും സവിശേഷതകളെയുംകുറിച്ച് ആധികാരികമായി പറയാൻ കഴിയുന്ന CESS ഇതിലില്ല. ജലവിഭവത്തെക്കുറിച്ച് ആധികാരികമായി പഠനം നടത്താൻ കഴിയുന്ന CWRDM ഇതിലില്ല. പരിസ്ഥിതിയുടെ പേരിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന ചില ആളുകളുണ്ട്. അത് വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറയുന്നതുപോലെ ആകരുത്. ഇത് ഫൂൾപ്രൂഫ് ആകണമെങ്കിൽ ഈ രംഗവുമായി ബന്ധപ്പെട്ടുകൊണ്ട് നല്ല പരിജ്ഞാനമുള്ള ഡിപ്പാർട്ട്മെന്റിലെ പ്രത്യേകിച്ച് മൈനിംഗ് & ജിയോളജി, സോയിൽ കൺസർവേഷൻ അതുപോലെ CESS, CWRDM തുടങ്ങിയവയുടെ പ്രതിനിധികൾ ഈ സമിതിയിൽ വേണം. അതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(2)-നുശേഷം താഴെപ്പയുന്നത് 2 (എ)(3) ആയി ചേർത്ത് തുടർന്നുള്ള ഉപവകുപ്പുകൾ പുനരക്കം ചെയ്യുക.

"(3) (2)-ാം ഉപവകുപ്പുപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ, രണ്ട് പരിസ്ഥിതി പ്രവർത്തകർ എന്നിവരിൽ ഒരാളെങ്കിലും ഒരു വനിത ആയിരിക്കേണ്ടതാണ്".

സർ, വനിതകളുടെ പ്രാതിനിധ്യം എല്ലാ സമിതികളിലും ഉറപ്പു വരുത്തണം. ഇതിൽ രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ, രണ്ട് പരിസ്ഥിതി പ്രവർത്തകർ എന്നാണ് പറയുന്നത്. ഇതിലൊരാളെങ്കിലും വനിത ആയിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 എ(3) ൽ, "രണ്ടുമാസത്തിൽ ഒരിക്കലെങ്കിലും" എന്നീ വാക്കുകൾക്കു പകരം "മാസത്തിലൊരിക്കൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ: : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (4) ൽ "ക്വോറം അഞ്ച്" എന്നീ വാക്കുകൾക്ക് പകരം "കോറം നാല്" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. സി. പി. മുഹമ്മദ്: : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (4) ൽ " 2-ാം ഉപവകുപ്പിലെ (viii) -ാം ഇനത്തിൻ കീഴിൽ വരുന്ന" എന്ന വാക്കുകൾക്ക് പകരം " സമിതിയിലെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ(3) ൽ, "രണ്ടു മാസത്തിൽ" എന്നീ വാക്കുകൾക്കു പകരം "മൂന്നുമാസത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

135. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (4) ൽ " (viii) -ാം ഇനത്തിൽ കീഴിൽ വരുന്ന ഒരു ശാസ്ത്രജ്ഞൻ" എന്നീ വാക്കുകൾക്ക് പകരം " (ix) -ാം ഇനത്തിൽ കീഴിൽ വരുന്ന ഒരു പരിസ്ഥിതി പ്രവർത്തകൻ" എന്നീ വാക്കുകൾ ചേർക്കുക

സർ, രണ്ടു മാസത്തിലൊരിക്കൽ സമിതി ചേരണമെന്നാണ് പറഞ്ഞിരിക്കുന്നത്. സമിതിയുടെ ഘടന എടുത്തു നോക്കിയാൽ രണ്ടു മാസത്തിലൊരിക്കലെന്നു പറയുന്നത് ഒരിക്കലും പ്രായോഗികമല്ല. റവന്യൂ വകുപ്പുമന്ത്രിയെ കൂടാതെ റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ തുടങ്ങിയ ഉയർന്ന ഉദ്യോഗസ്ഥൻമാരാണ് ഇതിലുള്ളത്. രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരാൻ ഒരിക്കലും കഴിയുകയില്ല, എന്റെ ഭേദഗതി

അത് മൂന്നു മാസത്തിലൊരിക്കൽ എന്നാക്കണമെന്നാണ്. അതാണ് പ്രായോഗികമായിട്ടുള്ളത്.

ശ്രീ. കെ ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (4) താഴെ പറയുംപ്രകാരം മാറ്റുക

"(4) സംസ്ഥാന ഉന്നതതല സമിതി യോഗത്തിനും ക്വോറം അഞ്ച് ആയിരിക്കുന്നതാണ്."

സർ, കമ്മിറ്റിയിലെ അംഗങ്ങൾക്കെല്ലാം ഒരേ പ്രാധാന്യമാണ്, അതിന് ഓരോ പർപ്പസുമുണ്ട്. ഇവിടെ ക്വാറം ഫിക്സ് ചെയ്തതിൽ ക്വാറം 5 ആയിരിക്കണം, അതിൽ 8-ാം ഉപവകുപ്പ് പ്രകാരം ഒരാൾ ശാസ്ത്രജ്ഞ നായിരിക്കണം എന്നുള്ളത് 8-ാം ഉപവകുപ്പ് പ്രകാരമുള്ള രണ്ടുപേരിൽ ഒരാൾ വന്നില്ലെങ്കിൽ പിന്നെ കമ്മിറ്റി കൂടാൻ കഴിയാത്ത ഒരു സാഹച ര്യമുണ്ടാകും. അത് ശരിയല്ല. അതിനകത്ത് സംസ്ഥാന ഉന്നതതല സമിതി യോഗത്തിനുള്ള ക്വാറം 5 ആയിരിക്കുന്നതാണ് എന്ന് പറഞ്ഞ് ബാക്കിയുള്ള ഭാഗം ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : ഇന്നയിന്ന ആളുകൾ വേണ്ട, അഞ്ചു പേർ മതി എന്നാണോ?

ശ്രീ. കെ ശിവദാസൻ നായർ : അതെ.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 എ (5) ൽ " ശുപാർശ ചെയ്തിട്ടുള്ള യാതൊരു" എന്നീ വാക്കുകൾക്ക് പകരം "അംഗീകരിച്ച ഒരു" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 എ(5) താഴെ പറയും പ്രകാരം മാറ്റുക.

" (5) ജില്ലാ വികസന സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതിക്ക് സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകാത്ത പക്ഷം അതിന് ഭരണാനുമതി നൽകാൻ പാടുള്ളതല്ല."

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(5)-നുശേഷം 6-ാം ഉപവകുപ്പായി താഴെപറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

''(6) അപ്രകാരം ഭരണാനുമതി നൽകപ്പെട്ട പദ്ധതികൾക്ക് സർക്കാർ അനുവദിച്ച നിരക്കിലുള്ള അധികരിച്ച ലേലതുക അനുവദിക്കുന്നതിന് 2 ബി വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.''.

സർ, നദീതട സംരക്ഷണത്തിന് ഉപയോഗിക്കുന്ന ആർ.എം.എഫ്. ഫണ്ട് സംസ്ഥാന ഉന്നതതല സമിതിയാണ് അനുവദിക്കുന്നത്. ഭരണാനുമതി കിട്ടുമ്പോൾ മൂന്നുനാലു വർഷം കഴിയും. അപ്പോൾ ടെണ്ടർ എക്സസ്

വരും, അതുകൊണ്ടുതന്നെ ഒരിക്കലും അത് അനുവദിച്ചുകിട്ടുന്ന അവസ്ഥയില്ല. നിയമപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ലാന്റ് റവന്യൂ കമ്മീഷണറാണ്, അതുകൊണ്ട് ടെണ്ടർ എക്സസ് അനുവദിക്കാനുള്ള അധികാരവും ടി ഉദ്യോഗസ്ഥന് നൽകിയാൽ ആർ.എം.എഫ്. ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയും. ഈ ബില്ല് നിയമമായി വരുമ്പോൾ ഇതിനുവേണ്ടി സബോർഡിനേറ്റ് ലെജിസ്ലേഷൻ നടത്തുമ്പോൾ ഇത് അനുവദിക്കാൻ കഴിയുന്നതേയുള്ളൂ. അതുകൊണ്ടാണ് 2 ബി വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും എന്ന് ചേർക്കാൻ വേണ്ടി ആവശ്യപ്പെട്ടത്.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. വകുപ്പ് 2എ(6) നീക്കം ചെയ്യുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2എ(6)-ൽ, ''യുക്തമെന്നുതോന്നുന്ന'' എന്നീ വാക്കുകൾക്ക് പകരം ''യുക്തവും പ്രായോഗികവും എന്നുതോന്നുന്ന'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2എ(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) ജില്ല വിദഗ്ധസമിതി നിരസിച്ച പദ്ധതികളിൻമേൽ നിശ്ചയിക്കപ്പെട്ട സമയ നിബന്ധന പാലിച്ചുകൊണ്ട് സമർപ്പിക്കപ്പെട്ട അപ്പീലുകൾ പരിഗണിക്കുന്നതിന്, യുക്തമെന്നുതോന്നുന്ന പക്ഷം പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും സംസ്ഥാന ഉന്നതതല സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്."

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 എ (7) നു ശേഷം താഴെപ്പറയുന്നത് ചേർക്കുക.

" (8) കാലാവധി പൂർത്തിയാക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് പകരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ നിലവിലുള്ള അനൗദ്യോഗിക അംഗങ്ങൾക്ക് സമിതിയിൽ തുടരാവുന്നതാണ് " .

സർ, സംസ്ഥാന സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതും എന്നാണ് പറഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും പുനർനാമനിർദ്ദേശം ചെയ്യാൻ കാലതാമസമുണ്ടാകും. അങ്ങനെ കാലതാമസമുണ്ടാകുമ്പോൾ ഈ കമ്മിറ്റികൂടാൻ കഴിയാതെ വരും, തീരുമെടുക്കാൻ കഴിയാതെ വരും. അതുകൊണ്ട് അഡീഷണലായി ഒരു വകുപ്പുകൂടി ചേർക്കണം. "കാലാവധി

പൂർത്തിയാക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് പകരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ നിലവിലുള്ള അനൗദ്യോഗിക അംഗങ്ങൾക്ക് സമിതിയിൽ തുടരാവുന്നതാണ്" എന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചത്. അങ്ങനെയല്ലെങ്കിൽ സമിതി കൂടാൻ കഴിയാതെവരും. കഴിഞ്ഞ പ്രാവശ്യം തന്നെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാൻ സാധിക്കാതെ വന്നത് ഇതുകൊണ്ടാണ്. എന്റെ നിയോജകമണ്ഡലത്തിൽ 10 കോടി രൂപയുടെ നഷ്ടമാണ് ഇതിന്റെ പേരിലുണ്ടായത്. പ്രൊപ്പോസൽ കൊടുത്ത് അംഗീകരിച്ചത് സംസ്ഥാന സമിതി ഇല്ലാത്തിന്റെ പേരിൽ നഷ്ടപ്പെട്ടുപോയി. അതുകൊണ്ട് തുക ചെലവാക്കുന്നതിന് കാലതാമസമുണ്ടാകുന്നത് അവസാനിപ്പിക്കുന്നതിനുവേണ്ടി ഈ ഭേദഗതി അംഗീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 ബി (1) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുന: ക്രമീകരിക്കുകയും ചെയ്യുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 ബി (1) താഴെപ്പറയും പ്രകാരം മാറ്റുക.

" 2 ബി. <u>അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ:</u>–

(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പൊതു മേൽനോട്ടം വഹിക്കുന്നതിനുള്ള അധികാരപ്പെടുത്തിയ ഉദ്യോഗ സ്ഥൻ ലാന്റ് റവന്യു കമ്മീഷണൽ ആയിരിക്കുന്നതും ഈ ആവ ശ്യത്തിലേയ്ക്കായി അസിസ്റ്റന്റ് ലാൻഡ് റവന്യു കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ അദ്ദേഹത്തെ സഹായി ക്കേണ്ടതുമാണ്."

<u>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2ബി(1) താഴെപ്പറയും പ്രകാരം മാറ്റുക.

"ലാന്റ് റവന്യൂകമ്മീഷണർ ആ ആക്ടിലെ വ്യവസ്ഥകൾ നടപ്പി ലാക്കുന്നതിന്റെ പൊതുമേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്."

സർ, ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച പദവിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ, അതിന്റെ ആവശ്യമില്ല. ലാന്റ് റവന്യൂ കമ്മീഷണർ ആ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പൊതുമേൽനോട്ടം നിർവ്വഹി ക്കുന്ന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കണം.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

157. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2ബി(2)-ൽ, "ഈ ആക്ട് പ്രകാരം" എന്നീ വാക്കുകൾ നീക്കം ചെയ്യുകയും "പ്രവർത്തിക്കുന്ന" എന്ന വാക്കിനു പകരം "പ്രവർത്തിക്കേണ്ട" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

സർ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ ആക്ടിലെ 2 (എ) വകുപ്പിൽ നിർവ്വചിക്കുന്നുണ്ട്. 2 (ബി) വകുപ്പിൽ പ്രവർത്തനാധികാരം നൽകുകയും ചെയ്യുന്നുണ്ട്. വീണ്ടും ഈ ആക്ട് പ്രകാരം എന്ന് ആവർത്തിച്ച് പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ട് അത് ഒഴിവാക്കണം. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ട ഉദ്യോഗസ്ഥനെ ആക്ട് പ്രകാരം ചുമതലപ്പെടുത്തേണ്ടുതുള്ളതിനാൽ "പ്രവർത്തിക്കേണ്ട" എന്ന വാക്കായിരിക്കും ഉചിതം.

ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2ബി(2)-ൽ "പ്രവർത്തിക്കുന്ന" എന്ന വാക്കിനുശേഷം "പ്രത്യേക സംരക്ഷണ സേനയിലേതുൾപ്പെടെ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ശ്രീ. പി. എ. മാധവൻ, അങ്ങയുടെ ഭേദഗതി മൂവ് ചെയ്യാൻ കഴിയില്ല. എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ശ്രീ. പി. എ. മാധവൻ : ഇല്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി "കാലാവധി പൂർത്തിയാക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക്, അവർക്ക് പകരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ സമിതിയിൽ തുടരാവുന്നതാണ്." എന്ന നിലയിൽ ചില ഭേദഗതികളോടുകൂടി അംഗീകരിക്കാവുന്നതാണ്. അതുപോലെ ശ്രീ. പി. കെ. ബഷീർ കൊണ്ടുവന്ന 157-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ : സർ, സോയിൽ കൺസർവേഷന്റെയും അതുപോലെ മൈനിംഗ് & ജിയോളജി വകുപ്പിന്റെയും പ്രതിനിധിയില്ലാതെ എങ്ങനെയാണ് നിങ്ങൾ ഇത് കൊണ്ടുപോകുന്നത്. എന്നിട്ട് പരിസ്ഥിതി സംബന്ധിച്ച ഘോരഘോരം പറയുകയും ചെയ്യുക. ഈ രണ്ടു വകുപ്പിന്റെയും ആളുകളില്ലാതെ എങ്ങനെയാണ് കമ്മിറ്റിയുടെ രൂപീകരണം നടത്തുന്നത്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇതിനകത്ത് കമ്മിറ്റിയിലെ അംഗങ്ങൾ എന്നുള്ള നിലയിൽതന്നെ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ഉണ്ട്, അതുപോലെ ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയറുണ്ട്, ഈ ആളുകളൊക്കെ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് വേറൊരു മാറ്റത്തിന്റെ ആവശ്യം വരുന്നില്ല.

മി. സ്പീക്കർ: സർവ്വശ്രീ കെ. രാധാകൃഷ്ണൻ, സി. കൃഷ്ണൻ, കെ. എം. ഷാജി, പി. ശ്രീരാമകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, വി. എസ്.

സുനിൽകുമാർ, കെ. ബാലൻ, പി. ശ്രീരാമകൃഷ്ണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. 120-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 52

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ.പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

28. ശ്രീമതി കെ. കെ. ലതിക
29. ശ്രീ. മാത്യു റ്റി. തോമസ്
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. എസ്. രാജേന്ദ്രൻ
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. മുല്ലക്കര രത്നാകരൻ
38. പ്രൊഫ. സി. രവീന്ദ്രനാഥ്
39. ശ്രീ. സി. കെ. സദാശിവൻ
40. ശ്രീ. സാജു പോൾ
41. ശ്രീമതി കെ. എസ്. സലീഖ
42. ശ്രീ. എസ്. ശർമ്മ
43. ശ്രീ. വി. ശശി
44. ശ്രീ. ബി. സത്യൻ
45. ശ്രീ. വി. ശിവൻകുട്ടി
46. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
47. ശ്രീ. വി. എസ്. സുനിൽകുമാർ
48. ശ്രീ. കെ. സുരേഷ് കുറുപ്പ്
49. ശ്രീ. പി. തിലോത്തമൻ
50. ഡോ. ടി. എം. തോമസ് ഐസക്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ– 67

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. എ. പി. അനിൽകുമാർ
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. പി. മോഹനൻ
35. ശ്രീ. സി. മോയിൻകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ. എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. അടൂർ പ്രകാശ്

45. ശ്രീ. ടി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. രമേഷ് ചെന്നിത്തല
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. എൻ. ശക്തൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എം. ഷംസുദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. പി. ഉബൈദുള്ള
63. ശ്രീ. എം. ഉമ്മർ
64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
65. ശ്രീ. എം. എ. വാഹീദ്
66. ശ്രീ. എം. പി. വിൻസെന്റ്
67. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ : 52

പ്രതികൂലിക്കുന്നവർ : 67

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

<u>ശ്രീ. എ. കെ. ബാലൻ</u> സർ, ഞാൻ എന്റെ **125-ാം** നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 52

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ.പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീമതി കെ. കെ. ലതിക
29. ശ്രീ. മാത്യു റ്റി. തോമസ്
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ്കുമാർ

32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. എസ്. രാജേന്ദ്രൻ
36. ശ്രീ. ആർ. രാജേഷ്
219-ൽ വാഹനം എന്നതിന് ഒരു ഡെഫനിഷൻ കൊടുക്കുന്നുണ്ട്. ഭാരതപ്പുഴ ഉൾപ്പെടെയുള്ള പുഴകളിൽ മാൻപവർ ഉപയോഗിക്കാതെ ജെ.സി.ബി ഉപയോഗിച്ചാണ് മണലെടുക്കുന്നത്. അതുകൊണ്ട് ജെ.സി.ബി എന്ന വാക്കു കൂടി ഉൾപ്പെടുത്തണം.

മി. സ്പീക്കർ: ജെ.സി.ബി മാത്രമല്ലല്ലോ. യന്ത്രോപകരണങ്ങൾ എന്നാക്കണം.

ശ്രീ. എം. ഹംസ: സർ, അങ്ങനെ എന്തെങ്കിലും ഭേദഗതി മതി.

226-ൽ ശിക്ഷയെക്കുറിച്ചാണ് പറയുന്നത്. വാഹനവും മണലും കണ്ടുകെട്ടാം എന്നതാണ് ഉദ്യോഗസ്ഥന് കൊടുക്കുന്ന പരമാവധി അധികാരം. ഇതിനുപുറമെ ഒരു കുറ്റം ആവർത്തിക്കുകയാണെങ്കിൽ അത് നോൺ ബെയ്ലബിൾ ഒഫൻസാകണം. അതിനുശേഷവും കുറ്റം ആവർത്തിച്ചാൽ മൂന്ന് വർഷത്തിൽ കുറയാത്ത ശിക്ഷ നൽകണം എന്നൊരു clause കൂടി ഉൾപ്പെടുത്തിയാൽ അത് നോൺ ബെയ്ലബിളാകും. മണൽ മാഫിയകളെ പ്രോത്സാഹിപ്പിക്കുന്നതിന് അത് തടസമാകും.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23-ാം വകുപ്പിലെ വിശദീകരണത്തിൽ "യാനം" എന്ന വാക്കിനുശേഷം "സൈക്കിൾ ഉൾപ്പെടെയുള്ള ഇരുചക്ര, മുച്ചക്രവാഹനങ്ങൾ" എന്ന് ചേർക്കുകയും "എന്നിവ" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

221. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23-ാം വകുപ്പിലെ വിശദീകരണം താഴെപ്പറയുംപ്രകാരം മാറ്റുക.

"വിശദീകരണം:- ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി 'വാഹനം' എന്ന പദത്തിൽ നാടൻ വള്ളം, കെട്ടുവള്ളം, ചങ്ങാടം, കടത്തുവള്ളം, തോണികൾ, മറ്റേതെങ്കിലും തരത്തിൽ മണൽ കയറ്റുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള യാനം എന്നിവ കൂടി ഉൾപ്പെടുന്നതാണ്".

239. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23 എ(6) വകുപ്പിൽ ഇനം(6) നു ശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കുകയും നിലവിലുള്ള ഇനം 7 പുനരക്കം ചെയ്യുകയും ചെയ്യുക

"7 കണ്ടുകെട്ടിയ വാഹനങ്ങളുടെ ഉടമസ്ഥനോ, നിയന്ത്രണമുള്ള ആളോ ആയത് സംബന്ധിച്ച് 90 ദിവസങ്ങൾക്കുള്ളിൽ യാതൊരു അവകാശവാദവും ഉന്നയിക്കാതിരിക്കുകയോ, വിട്ടുകിട്ടാൻ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ബോധിപ്പിച്ച അപേക്ഷ തൃപ്തികരമല്ലെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുകയോ ചെയ്താൽ ആയത് പരസ്യമായി ലേലം ചെയ്ത് വിൽക്കേണ്ടതും, പ്രസ്തുത തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടക്കേണ്ടതുമാണ്."

വാഹനം എന്ന വിശദീകരണത്തിൽ അങ്ങയുടെ നിർദ്ദേശംപോലെ യന്ത്രോപകരണങ്ങൾ എന്നാക്കാവുന്നതാണ്. പുഴയിലുപയോഗിക്കുന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷനില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് നാടൻ വള്ളം, ചങ്ങാടം എന്നുള്ളതാണ്. പല സ്ഥലത്തും മറ്റുപലതും ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് വാഹനം എന്ന പദത്തിൽ നാടൻ വള്ളം, കെട്ടുവള്ളം, ചങ്ങാടം, കടത്തുവള്ളം, തോണികൾ, മറ്റേതെങ്കിലും തരത്തിലുള്ള യന്ത്രോപകരണങ്ങൾ എന്നാക്കി മാറ്റണം.

പിടിച്ചെടുക്കുന്ന മണൽ വിറ്റ് അത് റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ് എന്നതിൽ ഒരു വകുപ്പുകൂടി ഉൾപ്പെടുത്തണം. മണൽ വാരാൻ പോകുന്നവർ മാത്രമല്ല വാഹന ഉടമസ്ഥൻരാണ് യഥാർത്ഥ കുറ്റവാളികൾ. അവരാണ് ക്വട്ടേഷൻ സംഘത്തിലും മണൽ മാഫിയയിലും ഉൾപ്പെടുന്നവർ. 6-ാം ഉപവകുപ്പിനുശേഷം ഒരു പുതിയ വകുപ്പുകൂടി കൂട്ടിച്ചേർത്ത് കണ്ടുകെട്ടിയ വാഹനങ്ങളുടെ ഉടമസ്ഥനോ, നിയന്ത്രണമുള്ള ആളോ ആയത് സംബന്ധിച്ച് 90 ദിവസങ്ങൾക്കുള്ളിൽ യാതൊരു അവകാശവാദവും ഉന്നയിക്കാതിരിക്കുകയോ, വിട്ടുകിട്ടാൻ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ബോധിപ്പിച്ച അപേക്ഷ തൃപ്തികരമല്ലെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുകയോ ചെയ്താൽ ആയത് പരസ്യമായി ലേലം ചെയ്ത് വിൽക്കേണ്ടതും, പ്രസ്തുത തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടക്കേണ്ടതുമാണ്. മണൽ മാത്രമല്ല വാഹനം കണ്ടുകെട്ടുന്നത് 90 ദിവസത്തിനുള്ളിൽ അപേക്ഷിച്ചില്ലെങ്കിൽ ആ വാഹനവും വിറ്റ് അതിന്റെ തുക കൂടി റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ് എന്നുകൂടി ഉൾപ്പെടുത്തണം.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 10 പ്രകാരം ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 എ(1) വകുപ്പിൽ "ഓരോ റിപ്പോർട്ട്" എന്നീ വാക്കുകൾക്കുപകരം "റിപ്പോർട്ടുകൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. എ. മാധവൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23എ(1) വകുപ്പിൽ "പോലീസ് ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്കു ശേഷം "ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്യേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23എ(1) വകുപ്പിന്റെ അവസാന ഭാഗത്ത് താഴെ പറയുന്നത് ചേർക്കുക.

"കണ്ടുകെട്ടുന്ന വാഹനങ്ങൾ നിശ്ചിത വില കണക്കാക്കി താമസം വിനാ ബന്ധപ്പെട്ട വകുപ്പ് അധികാരികൾ ലേലം ചെയ്ത് വിൽക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്"

കണ്ടുകെട്ടുന്ന മണൽ കലവറയ്ക്ക് കൊടുക്കുകയും അത് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പക്ഷേ കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്യുമ്പോൾ എല്ലാ പോലീസ് സ്റ്റേഷനുകൾക്കുമുന്നിലും ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതുപോലെ ആയിരക്കണക്കിന് വാഹനങ്ങൾ തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു തീരുമാനവുമില്ലേ?

അതുകൊണ്ട് ഈ വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കാതെ ഒരു നിശ്ചിത തീയതിക്കുള്ളിൽ ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ ഭേദഗതി.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23എ(2) വകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക.

"23-ാം വകുപ്പ് പ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങൾ, ഉപകരണങ്ങൾ, പണി ആയുധങ്ങൾ മുതലായവ പിടിച്ചെടുത്ത ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേൽ ബോധ്യം വരുന്ന പക്ഷം സബ്ഡിവിഷണൽ മജിസ്ട്രേട്ട് കാലവിളംബം കൂടാതെ കണ്ടുകെട്ടേണ്ടതാണ്."

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228 ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ കൂടി ചേർക്കാനുദ്ദേശിക്കുന്ന 23എ(2)-ന്റെ ക്ലിപ്ത നിബന്ധനകൾ 23എ(1)-നുശേഷം ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231 ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23എ(4) വകുപ്പിൽ "ആളിനെയോ" എന്ന വാക്കിനു ശേഷം പകരം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

ഏതൊരാളയും കാര്യങ്ങൾ അറിയിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വാഹനങ്ങൾ കണ്ടുകെട്ടിക്കഴിഞ്ഞാൽ അതിന്റെ ഉടമസ്ഥനെ അറിയിക്കേണ്ട

താണ്. അത് വെറുതെ അറിയിക്കുക എന്ന് പറഞ്ഞാൽ പോര. രേഖാമൂലം അറിയിക്കണം എന്നു കൂടി ഉൾപ്പെടുത്തണം.

ശ്രീ. കെ.ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

232 ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന 23 എ(4)-ാം വകുപ്പിലെ ആദ്യ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

234 ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 എ(4) ലെ ഒന്നാം ക്ലിപ്ത നിബന്ധനയിലെ "മണൽ ഒഴികെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

236 ഖണ്ഡം 10 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23 എ(6)-ാം വകുപ്പിലെ "പൊതുമരാമത്ത് വകുപ്പ്" എന്ന വാക്കിനു പകരം "ഗവൺമെന്റ്" എന്ന വാക്ക് ചേർക്കുക.

242. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23ബി വകുപ്പിൽ "15 ദിവസത്തിനകം" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "30 ദിവസത്തിനകം" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ഒരു ആംഗിളിൽമാത്രം ഇതിനെ കണ്ടാൽ പോര. ഇതെല്ലാം ശരിയായിട്ടാണ് ഉദ്യോഗസ്ഥൻമാർ ചെയ്യുന്നതെന്ന് നമുക്ക് ഉറപ്പാക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇത് കളക്ടർക്കും കോടതിക്കും ശരിയാണോയെന്ന് പരിശോധിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കുന്നത്. ഏത് സാഹചര്യത്തിലാ

യാലും പിടിച്ചെടുക്കുന്ന മണൽ ഡിസ്പോസ് ചെയ്ത് അതിന്റെ പണം കേസ് ഏത് തരത്തിൽ വന്നാലും തിരിച്ചുകൊടുക്കേണ്ടതില്ല എന്ന രീതിയിലാണ് ഇതിൽ എഴുതിയിരിക്കുന്നത്. മണലിന്റെ കാര്യത്തിൽമാത്രം അത്തരത്തിലുള്ള തീരുമാനമെടുക്കുന്നത് ശരിയല്ല. അതിലും ശരിയായ രീതിയിലാവണം നിയമം പോകേണ്ടത്. അതുകൊണ്ടാണ് ഞാൻ ഇത്തരമൊരു ഭേദഗതി മൂവ് ചെയ്തത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗ

തി അവതരിപ്പിക്കുന്നു.

233 ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 എ(4) വകുപ്പിലെ ഒന്നാം ക്ലിപ്ത നിബന്ധനയിലെ "ആൾക്കോ" എന്ന വാക്കിനു ശേഷം "മണൽ ഒഴികെ" എന്നീ വാക്കുകൾ ചേർക്കുകയും "മണൽ ഒഴികെ കണ്ടു കെട്ടിയ വസ്തുക്കളുടെ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ എസ്. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിചേർക്കാനുദ്ദേശിക്കുന്ന 23 എ (4) ലെ രണ്ടാം ക്ലിപ്ത നിബന്ധനയിലെ "വില ഈടാക്കിക്കൊണ്ട്" എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

237. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 എ(6) വകുപ്പിലെ "കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "ഏറ്റവും അടുത്ത് ലഭ്യമായ " എന്നീ വാക്കുകൾ ചേർക്കുക.

241. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23ബി വകുപ്പിലെ "15 ദിവസത്തിനകം" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കു പകരം "നാല്പതു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

245. ഖണ്ഡം (10) പ്രകാരം ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 സി(1) വകുപ്പിലെ "30 ദിവസത്തിനകം" എന്നീ അക്കങ്ങൾക്കും വാക്കിനും പകരം "നാൽപ്പത് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കുക.

237. "കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "ഏറ്റവും അടുത്ത് ലഭ്യമായ കലവറ" എന്ന് ചേർക്കുന്നത് നന്നായിരിക്കും. കലവറ എവിടെയാണെന്ന സംശയമുണ്ടാകും കാരണം പല ജില്ലകളിലും കലവറ ഇല്ല.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23 എ(6) വകുപ്പ് താഴെ പറയുന്ന വിധത്തിൽ ഭേദഗതി

ചെയ്യുക. "(4)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ ലേലത്തിൽ വിൽക്കേണ്ടതും, അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്."

കണ്ടുകെട്ടിയ മണൽ ഒരു തുക നിശ്ചയിച്ച് നിർമ്മിതി കേന്ദ്രത്തിനും കലവറയ്ക്കും കൈമാറുന്നതിനുപകരം അത് അവിടെ വച്ചുതന്നെ ലേലത്തിൽ വിൽക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാകണം. നിർമ്മിതി കേന്ദ്രത്തിനും കലവറയ്ക്കും കൊടുത്ത് അതിൽ ഇടനിലക്കാരൻ വന്നാൽ അവർ വീണ്ടും വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുപകരം ആ സ്പോട്ടിൽത്തന്നെ മണൽ പിടിച്ചെടുത്ത ആളിന് ലേലം ചെയ്ത് കൊടുക്കാനുള്ള അധികാരം കൊടുക്കണം.

ശ്രീ. ബി. സത്യൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23 (ബി) വകുപ്പിൽ "റിവിഷൻ" എന്നവാക്കിന് പകരം "അപ്പീൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

243. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 ബി വകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ "15 ദിവസം വരെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 23 ബി വകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ "മാപ്പാക്കാവുന്നതും" എന്ന വാക്കിനു ശേഷം "500 രൂപ പിഴ ഈടാക്കിക്കൊണ്ട് വീണ്ടും പതിനഞ്ചു ദിവസത്തെ കാലതാമസം കൂടി മാപ്പാക്കാവുന്നതും" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ശ്രീ. സാജു പോൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം (10) പ്രകാരം പ്രധാന ആക്ടിൽ കൂട്ടി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 സി താഴെപ്പറയും പ്രകാരം മാറ്റുക.

"23 സി ലാന്റ് റവന്യൂ കമ്മീഷണർക്കുള്ള റിവിഷൻ അധികാരം :- കളക്ടറുടെ ഉത്തരവിൽ തൃപ്തരാകാത്ത ഒരാളുടെ അപേക്ഷയിൻമേലും സ്വമേധയാലും ലാന്റ് റവന്യൂ കമ്മീഷണർക്ക് റിവിഷൻ അധികാരമുണ്ടായിരിക്കുന്നതാണ്. ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് അന്തിമമായിരിക്കും"

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം (10) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 23 ഡി വകുപ്പിൽ "റിവിഷനിൽ ജില്ലാ കളക്ടറോ അഥവാ 23 സി വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപ്പീലിൽ ജില്ലാ കോടതിയോ, അതത് സംഗതിപോലെ, 23എ വകുപ്പ്

അഥവാ 23 ബി വകുപ്പ് പ്രകാരമുള്ള" എന്നതിനുപകരം "അപ്പീലിൻമേലോ, റിവിഷൻ അപേക്ഷയാലോ ബന്ധപ്പെട്ട അധികാരിക്കും" എന്ന് ചേർക്കുക.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം (10) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23(ഡി) വകുപ്പിൽ "തുകയോ" എന്ന വാക്കിനു പകരം "തുകയും അതിന് അന്നുവരേക്ക് കണക്കാക്കാവുന്ന പലിശയും ചേർത്ത്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 23ഡി വകുപ്പിൽ "നിയന്ത്രണമുള്ള ആൾക്കോ" എന്നീ വാക്കുകൾക്കു ശേഷം "പ്രസ്തുത ഉത്തരവ് ലഭിച്ച് പത്തു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23ഡി-യിൽ "തുക തിരിച്ച് നൽകുന്ന സംഗതിയിൽ"

എന്നീ വാക്കുകൾക്കു പകരം "അങ്ങനെ തിരിച്ചു നൽകുന്ന സംഗതിയിൽ തുക" എന്നീ വാക്കുകൾ ചേർക്കുക.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതിയും (പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളോ വിശദീകരണം നൽകാതിരിക്കുകയോ നൽകിയ വിശദീകരണം തൃപ്തികരമല്ലാതിരിക്കുകയോ ചെയ്യുകയും 23-ാം വകുപ്പുപ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടേണ്ടതാണെന്ന് സബ്ഡിവിഷൻ മജിസ്ട്രേട്ട് ബോദ്ധ്യപ്പെടുകയോ ചെയ്താൽ അദ്ദേഹം ഒരുത്തരവുമൂലം അത് കണ്ടുകെട്ടേണ്ടതും ആ വിവരം അവയുടെ ഉടമസ്ഥനേയോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളിനെയോ രേഖാമൂലം അറിയിക്കേണ്ടതാണ്) സ്വീകരിക്കുന്നു. മറ്റുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 219, 222, 226, 229, 230, 251 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 221, 239 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി.പി. മുഹമ്മദ് അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 232, 234, 236, 242 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 237, 241, 245 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**11 മുതൽ 14 വരെയുള്ള വകുപ്പുകൾ**

(ഭേദഗതി ഇല്ല.)

11 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

11 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

(ഭേദഗതി ഇല്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2013 -ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2010 ജൂൺ മുതൽ പ്രാബല്യത്തിലുള്ള ഓർഡിനൻസിന് നിയമപ്രാബല്യം കൊടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇത് എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസാണ്. അതിനുശേഷം പിന്നീട് ഹൈക്കോടതി വിധി വന്നപ്പോൾ എൽ.ഡി.എഫ്. പുറപ്പെടുവിച്ച ഓർഡിനൻസിനു പുറമേ മറ്റ് ചില വ്യവസ്ഥകൾ കൂട്ടിച്ചേർത്തുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. മണൽ വാരലും മണലുമായ ബന്ധപ്പെട്ട പ്രശ്നങ്ങളുമൊക്കെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ഒരു വലിയ മാഫിയ പ്രവർത്തനം നടക്കുന്ന സ്ഥിതിയിലേയ്ക്ക് വളർന്ന് വന്നിരിക്കുകയാണ്. പ്രാദേശികമായി മാഫിയാ സംഘങ്ങൾ രൂപം കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ പുനർചിന്തനം നടത്തേണ്ട

സമയം അതിക്രമിച്ചിരിക്കുകയാണ്. ഇങ്ങനെ സ്വകാര്യ വ്യക്തികൾക്ക് മണൽ വാരുന്നതിനും അത് വിതരണം ചെയ്യുന്നതിനുമുള്ള അവകാശം ഇനി കൊടുക്കേണ്ടതുണ്ടോ എന്നതിനെപ്പറ്റി ആലോചിക്കണം. ഇക്കഴിഞ്ഞ കുറച്ചു കാലത്തെ അനുഭവം മുൻനിർത്തിക്കൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്, മണലിന്റെ സംഭരണവും വിതരണവും പൊതുമേഖലയിൽ കൊണ്ടുവരണം. സംഭരണവും വിതരണവും പൊതുമേഖലയിൽ കൊണ്ടുവരാത്തിട ത്തോളംകാലം ഈ മാഫിയാപ്രവർത്തനം കേരളത്തിൽ ശക്തിപ്പെടാനാണ് സാദ്ധ്യത. തുറമുഖങ്ങളിൽ മണൽ വാരലും അതുമായി ബന്ധപ്പെട്ട് നടക്കുന്ന വലിയ അഴിമതിയും നടക്കുന്ന സ്ഥിതിയാണ് വന്നുചേർന്നിട്ടുള്ളത്. മണൽ വാരുന്ന കുറച്ച് ആളുകളും ഉദ്യോഗസ്ഥന്മാരും പ്രാദേശികമായ രാഷ്ട്രീയ പ്രവർത്തകന്മാരും ചേർന്ന് ഒരു ദൂഷിത വലയം തന്നെ നമ്മുടെ സംസ്ഥാനത്ത് തീർത്തിരിക്കുകയാണ്. ഇത് റവന്യൂ വകുപ്പിലും പോലീസ് വകുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ഉദ്യോഗസ്ഥന്മാർക്ക് വലിയ ചാകരയായി മാറിയിരിക്കുകയാണ്. വിദ്യാർത്ഥികളാണെങ്കിൽ രാത്രി കാലങ്ങളിൽ ഉറക്കമൊഴിഞ്ഞ് മണൽ വാരുകയും പകൽസമയം സ്കൂളിൽ പോയി ഉറങ്ങുകയും ചെയ്യുന്നു. ഇത്തരത്തിൽ കൊച്ചുകുട്ടികളെപ്പോലും മണൽവാരൽ സംഘം മാഫിയാപ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗി ക്കുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്ത് വളർന്ന് വന്നിരിക്കുന്നു. 4 മണിക്ക് ശേഷം മണൽവാരൽ പാടില്ലെന്ന് നിയമത്തിൽ സമയം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിർബാധം ഏതുസമയത്തും മണൽവാരൽ നടന്നുകൊണ്ടിരിക്കുക യാണ്. ഇതിൽ അംഗീകാരമുള്ള കടവ് ഏതാണ്, അംഗീകാരമില്ലാത്ത കടവ് ഏതാണെന്ന് ആർക്കും മനസ്സിലാകാത്ത സ്ഥിതിയാണുള്ളത്. അതു കൊണ്ടാണ് ഇത്തരത്തിലുള്ള സ്ഥിതി പുന:പരിശോധനയ്ക്ക് വിധേയമാക്ക

ണമെന്ന് പറയുന്നത്. മണലിന് വലിയ ക്ഷാമമാണ്. കെട്ടിട നിർമ്മാണത്തിന് മണൽ അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ കൃത്രിമ മണൽ ക്ഷാമമുണ്ടാക്കി വലിയതോതിൽ കൊള്ളയടിക്കുന്ന സ്ഥിതിയുണ്ട്. ഇത് തടഞ്ഞാൽ കെട്ടിടനിർമ്മാണം സമ്പൂർണ്ണമായി നിൽക്കും. നമ്മുടെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്ന സംഘങ്ങളാണ് ഇത്തരത്തിലുള്ള മാഫിയാ പ്രവർത്തനത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഇതുപോലെ സംസ്ഥാനത്ത് മണ്ണ് മാഫിയയും കരിങ്കല്ലും പാറയും പൊട്ടിക്കുന്ന മാഫിയയുമുണ്ട്. ഇതിന്റെയൊക്കെ ഫലമായി ഉരുൾപൊട്ടൽ ഉണ്ടാകുന്നു. ഇങ്ങനെ പ്രകൃതിയെത്തന്നെ കൊള്ളയടിക്കുന്ന സംഘങ്ങളാണ് വലിയ തോതിൽ സംസ്ഥാനത്ത് വളർന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലൊരു മാഫിയ തന്നെ രൂപം കൊണ്ടിരിക്കുന്നതായി ശ്രീ. വി.എം. സുധീരൻ നിരീക്ഷിച്ചു. അദ്ദേഹത്തിന്റേത് വളരെ ശരിയായിട്ടുള്ള നിരീക്ഷണമാണ്..........മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് പറഞ്ഞാലും ശ്രീ. വി.എം. സുധീരൻ പറഞ്ഞാലും അത് വസ്തുതയാണ്. ഞാനും അത് തന്നെയാണ് പറയുന്നത്. എൽ.ഡി.ഫ്.-ന്റെ കാലത്തായാലും യു.ഡി.എഫ്.-ന്റെ കാലത്തായാലും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിൽ ഒരു മാഫിയ വളർന്നുവന്നിട്ടുണ്ട്. എൽ.ഡി.എഫ്.-ന്റെ കാലത്തേയുണ്ട്. ഇപ്പോൾ യു.ഡി.എഫ്. വന്നപ്പോൾ ഉണ്ടായതല്ല. പ്രാദേശികമായി പരിശോധിച്ചാൽ, പ്രാദേശിക മാഫിയാ സംഘവുമുണ്ട്. ഇതിൽ എല്ലാ രാഷ്ട്രീയപാർട്ടിക്കാരും പ്രാദേശികമായി പങ്കാളികളാകുണ്ടെന്നതാണ് വസ്തുത. ഈ മാഫിയാസംഘം വളർന്ന് കളക്ടർമാർക്കുപോലും പ്രവർത്തിക്കാൻ സാധിക്കുന്നില്ല. കോഴിക്കോട് കളക്ടർക്കുണ്ടായ അനുഭവം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതല്ലേ. കളക്ടർ അവിടെ പോയ സന്ദർഭത്തിൽ അദ്ദേഹം ഒരു പോലീസിനെയും കൂട്ടിയില്ല. എന്തുകൊണ്ടാണ് പോലീസിനെ കൂട്ടാതിരു

ന്നത്. പോലീസിൽ തന്നെ അദ്ദേഹത്തിന് വിശ്വാസമില്ലായിരുന്നു. പോലീസിനെ കൂടെചേർത്താൽ വിവരം മണൽ മാഫിയയ്ക്ക് കിട്ടുമെന്നുള്ളതുകൊണ്ട് അദ്ദേഹം സ്വകാര്യവാഹനത്തിലാണ് പോയത്. അവിടെ ചെന്നപ്പോൾ കളക്ടറെ കാണുന്നില്ല. കളക്ടറെ മണൽ മാഫിയ  മണലിട്ട് മൂടി. നമ്മുടെ സംസ്ഥാനത്ത് ഒരു കളക്ടർക്ക് സംഭവിച്ചതാണ്. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഐ.പി.എസ്. കാരനായ ശ്രീ. ബഹ്റ, മണൽപിടിക്കാൻ പോയപ്പോൾ അദ്ദേഹത്തിന് അവിടെയെത്താൻ കഴിഞ്ഞില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ കാര്യം നേരത്തേയും ഇവിടെ പലരും പറഞ്ഞിരുന്നു. അപ്പോൾ ഞാൻ മിണ്ടാതിരുന്നതാണ്. ഇപ്പോൾ അങ്ങ് പറയുമ്പോൾ ഗൗരവമായെടുക്കാതിരിക്കാൻ കഴിയില്ല. കോഴിക്കോട് കളക്ടറെ ആക്രമിച്ച സംഭവത്തിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ശ്രീ. ബഹ്റയ്ക്കുണ്ടായ സംഭവത്തിന്റെ പേരിൽ പോലീസുകാർക്കെതിരെയും മറ്റു ചില നടപടികൾ എടുത്തിട്ടുണ്ട്. അതിൽ ഒരാൾ ഗുണ്ടാ ആക്ടനുസരിച്ച് അകത്തുമാണ്. ഇതൊക്കെയാണ് ഇക്കാലത്തുണ്ടായ കാര്യങ്ങൾ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:  ഗവൺമെന്റിനെ കുറ്റപ്പെടുത്താനല്ല ഞാൻ പറഞ്ഞത്. ഒരു കളക്ടർക്കും സിറ്റി പോലീസ് കമ്മീഷണർക്കും ഉണ്ടായിട്ടുള്ള അനുഭവമാണ്. ഇതിന്റെ അർത്ഥം മണൽ മാഫിയക്കാർക്ക് കളക്ടറെയും പോലീസ് കമ്മീഷണറെയും ഒരു പേടിയുമില്ലെന്നാണ്. ആരെ വേണമെങ്കിലും എന്തും ചെയ്യും. ഇത്തരത്തിലുള്ള അവസ്ഥയിലേയ്ക്ക് വന്നുവെന്നത് ഗൗരവമായി കാണണ്ടേ; അതുകൊണ്ടാണ് ഞാൻ പറയുന്നത് നമുക്ക് ഈ ഏർപ്പാട് നിറുത്തി പൊതു ഉടമയിൽ കൊണ്ടുവരണമെന്ന്. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ ഈ പരിപാടി നടത്തുന്നത്

നിറുത്തിയാൽ ആവശ്യക്കാർക്ക് മണൽ കൊടുക്കാൻ കഴിയും. ഇത് ഗൗരവമായി ആലോചിക്കണം. പുന:പരിശോധനയ്ക്ക് വേണ്ടിയാണിത് പറയുന്നത്. ഈ സിസ്റ്റം നിലനിൽക്കുന്നിടത്തോളം കാലം അഴിമതിക്ക് പഴുതുണ്ട്, ഇത്തരം സംഘങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം കിട്ടും. പുന:പരിശോധനയ്ക്ക് തീരുമാനിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. മണൽ ധാരാളം വാരിക്കഴിഞ്ഞാൽ നദികൾ ഉണ്ടാകാൻ പോകുന്നില്ല. നദികളിലെ മണൽ വാരിക്കഴിഞ്ഞാൽ പിന്നെ എവിടെനിന്നും മണൽ വാരും. കടലിലെ മണൽ വാരുന്നതും ഉപ്പ് മാറ്റി മണൽ ശുദ്ധീകരിച്ച് കൊടുക്കുന്നതും സംബന്ധിച്ചുള്ള പ്രക്രിയ കൂടി ആലോചിക്കണം. കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ എവിടെനിന്നാണ് കിട്ടാൻ പോകുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ടുവരുമ്പോൾ അവരെ തടഞ്ഞുനിറുത്തും.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുന്ന.... (ബഹളം).....

<u>മി. സ്പീക്കർ</u>: നോ. നോ.. ഇത് മൂന്നാം വായനയിലെ ..... പ്ലീസ്. ശ്രീ. റ്റി. എൻ. പ്രതാപൻ.. ... നോ.. അതിന് മറുപടി ഒന്നും പറയില്ല... ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങ് സംസാരിച്ചാൽ മതി.. ഇത് മൂന്നാം വായനയിലെ.. ഏതിനും ഒരു ചിട്ടയൊക്കെയില്ലേ. കയറൂരിവിട്ട കാളയൊന്നുമല്ല നിയമസഭ എന്നുപറയുന്നത്. പ്ലീസ്... ഏകപക്ഷീയമല്ല ഞാൻ പറഞ്ഞത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, അതുകൊണ്ട് ഈ നിയമനിർമ്മാണത്തിന് ഞാൻ എതിരല്ല ഈ ബിൽ പാസ്സാക്കേണ്ട ഒരു ബില്ലാണ്. പക്ഷേ, പാസ്സാക്കി നടപ്പിൽ വരുത്തുമ്പോൾ ഉണ്ടാകുന്ന പ്രശ്നമിതാണ്. ഇതിനകത്തൊരു പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, ഒരു സംരക്ഷണസേന. ഈ

സംരക്ഷണസേന എന്നത് നടപ്പിലാക്കണമെങ്കിൽ നിലവിലുള്ള പോലീസിനെ വച്ചുകൊണ്ട് എന്ത് സംരക്ഷണസേന ഉണ്ടാക്കാനാണ്; ആഭ്യന്തരവകുപ്പിന്റെ എത്രയാളെ റവന്യൂ ഡിപ്പാർട്ട്മെന്റിന് വിട്ടുകൊടുക്കാൻ സാധിക്കും? പോലീസിൽതന്നെ ആവശ്യത്തിന് ആളുകളില്ല. ആ സാഹചര്യത്തിൽ പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്യാതെ ഈ ഒരു സേന എന്നെഴുതിവച്ചതുകൊണ്ട് ഒന്നുമിവിടെ നടക്കാൻ പോകുന്നില്ല. അതുകൊണ്ട് ഇതിനാവശ്യമായിട്ടുള്ള പുതിയ പോലീസുകാരുടെ അഡീഷണൽ പോസ്റ്റ് ഉണ്ടാക്കണം. അഡീഷണൽ പോസ്റ്റ് കൊടുക്കാൻ ഈ നിയമത്തിൽ വകുപ്പില്ല. ഇതിന് പുതിയ ഒറ്റ പോസ്റ്റും കൊടുക്കുന്നില്ല. ഒരു പോസ്റ്റും അധികം കൊടുക്കുന്നില്ല. ഒരു നയാപൈസ അധികച്ചെലവില്ലെന്നാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത്. ധനകാര്യ വകുപ്പ് ഇതിനെതിരായതുകൊണ്ടായിരിക്കും. ഒരു പൈസയും തരാൻ പറ്റില്ലെന്ന് ധനകാര്യവകുപ്പ് നിലപാടെടുത്തു. എൽ.ഡി.എഫിന്റെയും കാലത്ത് അങ്ങനെയല്ലേ എന്നുപറഞ്ഞ് ന്യായീകരിച്ചതുകൊണ്ട് കാര്യമില്ല. അന്നത്തെ അതേ ധനകാര്യവകുപ്പാണ് ഇപ്പോഴത്തെയും ധനകാര്യ വകുപ്പ്. മന്ത്രി മാറിയിട്ടേയുള്ളൂ. ഡോ. ടി.എം. തോമസ് ഐസക് മാറി ശ്രീ. കെ. എം. മാണി ആ സ്ഥാനത്ത് ഇരുന്നു എന്നതിൽകവിഞ്ഞാൽ ഉദ്യോഗസ്ഥന്മാരൊക്കെ സെയിം ആണ്. അപ്പോൾ ഒരു നയാപൈസയും കൊടുക്കാൻ പാടില്ലായെന്ന് പറഞ്ഞാൽ എങ്ങനെയാണ് പുതിയ സേനയുണ്ടാക്കാൻ പോകുന്നത്? ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് തൽക്കാല അഡ്ജസ്റ്റ്മെന്റിൽ കുറച്ച് പോലീസുകാരെ വിട്ടുകൊടുക്കാം. അതിൽകൂടുതൽ എന്തുചെയ്യാൻ സാധിക്കും? അതുകൊണ്ട് ഇത് ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ പ്രത്യേക സേനയെന്ന് എഴുതിവച്ചതുകൊണ്ട് കാര്യമില്ല, അഡീഷണൽ പോസ്റ്റ് ക്രിയേറ്റ് ചെയ്ത് കൊടുക്കണം, ആയിരം

പോലീസുകാരെയെങ്കിലും ഇതിനുവേണ്ടി അധികം റിക്രൂട്ട് ചെയ്യണം. അല്ലാതെ ഈ മണൽ മാഫിയക്കാരെയൊന്നും പിടിക്കാൻ ഇന്നത്തെ നിലവിലുള്ള സംവിധാനംകൊണ്ട് സാധിക്കുകയില്ല. എനിക്കുണ്ടായ ഒരനുഭവം പറയാം. കഴിഞ്ഞ ഭരണകാലത്ത് ഞങ്ങൾ ഇതിൽ ശക്തമായ നടപടിയെടുത്തപ്പോൾ ഒരു പോലീസ് എസ്.പി. മണൽ കടത്തുന്ന കേസ്സിൽ പിടിക്കപ്പെട്ടു. ഇതാണ് നമ്മുടെ നാട്ടിലെ സംവിധാനം. ഇത്തരത്തിൽപ്പെട്ട ആളുകൾപോലും ഈ കടത്തിൽ പങ്കെടുക്കുന്ന കേരളത്തിൽ ഇത് തടയണമെങ്കിൽ ശക്തമായ സംവിധാനമില്ലെങ്കിൽ നിലവിലുള്ള ഇന്നത്തെ സംവിധാനം ഉപയോഗിച്ചുകൊണ്ട് തടയാൻ സാധിക്കില്ല. അതുകൊണ്ട് ഈ നടപടികളെ സംബന്ധിച്ച് ഒരു പുനഃപരിശോധനയ്ക്ക് ഗവൺമെന്റ് തയ്യാറാണം. അതുകൊണ്ട് നമുക്ക് ഇപ്പോൾ ഈ ബിൽ പാസ്സാക്കാം അതിന് എതിർപ്പില്ല. ഇത് നേരത്തെയുള്ള ഓർഡിനൻസ് ആണ്. നടപ്പിലാക്കട്ടെ, ഹൈക്കോടതിയുടെ നിർദ്ദേശംകൂടി കണക്കിലെടുത്തുകൊണ്ട് ഇത് ഫലപ്രദമായി നടപ്പിലാക്കണം. മണൽ മാഫിയാ സംഘത്തെ അമർച്ചചെയ്യണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ന് വളർന്നുവരുന്ന ഒരു മാഫിയയാണ് മണൽ മാഫിയ. ഈ മണൽ മാഫിയയെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഇന്ന് സംസ്ഥാന സർക്കാരുകളുടെയൊക്കെ പരിധിക്കപ്പുറത്തുതന്നെ വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ നിയമം പാസ്സാക്കാൻ മുന്നോട്ടുവന്ന ഗവൺമെന്റിനെയും മന്ത്രി ശ്രീ. അടൂർ പ്രകാശിനേയും ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ, നമ്മുടെ രാജ്യത്തെ നദികളുടെ സ്ഥിതിയെ

ന്താണ്? നദികളുടെ സംരക്ഷണം ഇന്ന് ദേശീയതലത്തിൽതന്നെ വളരെയേറെ പ്രധാനപ്പെട്ട ഒരു കാര്യമായി ഉയർന്നുവന്നിട്ടുണ്ട്. പ്രധാനമന്ത്രി ചെയർമാനായി നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റി എന്ന ഒരു അതോറിറ്റി തന്നെ കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തെ എല്ലാ നദികളെയും സംരക്ഷിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റുതന്നെ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. വിവിധ വിദേശരാജ്യങ്ങളുടെ സഹായംപോലും തേടിക്കൊണ്ട് രാജ്യത്തെ നദികളെ സംരക്ഷിക്കാനുള്ള വലിയ ബൃഹത്തായ ഒരു പദ്ധതിക്കാണ് കേന്ദ്രഗവൺമെന്റുകൾ രൂപംകൊടുത്തിട്ടുള്ളത്. കേരളം ഏറ്റവുംകൂടുതൽ നദികളുള്ള ഒരു സംസ്ഥാനമാണ്. പക്ഷെ ഇന്ന് നദികളെ സംബന്ധിച്ചിടത്തോളം ഓരോ നദിയും ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്. ഒരു നദി മരിച്ചാൽ ഒരു സംസ്കാരം നശിക്കും എന്നാണ് പറയുന്നത്. അതുകൊണ്ടുതന്നെ ഈ മണൽവാരൽതന്നെയാണ് നദിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു അപകടകരമായ വസ്തുതയായി മാറിയിട്ടുള്ളത്. നദികളിലെ പൊല്യൂഷൻ, അതോടൊപ്പംതന്നെ മണൽവാരൽ അനധികൃതമായി നദികൾ കൈയേറുക, ഇതെല്ലാം ഇന്ന് നിത്യസംഭവങ്ങളായി മാറുകയാണ്. പല നദികളുടെയും കൈവഴികൾ ഇല്ലാതാവുന്നു. പമ്പാനദിയുടെ കൈവഴിയായ വരട്ടയാർ ഇന്ന് മരിച്ചുകഴിഞ്ഞിരിക്കുന്നു. അതോടൊപ്പംതന്നെ പമ്പയാറും ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിലെ അമിതമായ മണൽവാരൽ നദികളുടെ ശരിയായ ഒഴുക്കിനേയും നദികളുടെ ദിശയേയുംതന്നെ മാറ്റിമറിക്കുന്നതായി നമുക്ക് കാണാൻ കഴിയും. നെതർലെന്റ് ഗവൺമെന്റും ഡച്ച് ഗവൺമെന്റും ഇൻഡ്യയിൽ പല നദികളുടെയും സംരക്ഷണത്തിനുവേണ്ടി ആവശ്യമായ ധനസഹായം നൽകിയിട്ടുള്ളത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഒരുഭാഗത്ത് നദീസംരക്ഷണത്തിനുവേണ്ടിയുള്ള

കേന്ദ്ര ഗവൺമെന്റിന്റെയും വിദേശ ഏജൻസികളുടെയും സഹായം ലഭ്യമാകുമ്പോൾ മനുഷ്യൻതന്നെ നദികളെ ഇല്ലാതാക്കുന്ന അതീവ ഗുരുതരമായ പ്രവർത്തനങ്ങൾ ചെയ്തുക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് കാണാൻ കഴിയുന്നത്. ഈ നിയമം മണൽ വാരുന്നതിനെ നിരോധിക്കുന്നതല്ല, അതിനെ നിയന്ത്രിക്കാൻ വേണ്ടിയിട്ടുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചത് വളരെ ശരിയാണ്. ഇതിനകത്ത് രാഷ്ട്രീയമൊന്നുമില്ല. നമ്മുടെ സംസ്ഥാനത്ത് വളരെ അപകടകരമായ നിലയിൽ മണൽ മാഫിയയും അതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ സംഘങ്ങളും വളർന്നുവരുന്നുവെന്നുള്ളത് ഒരു സത്യമാണ്. ക്രമസമാധാന പ്രശ്നമായിതന്നെ ഇത് വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവതരമായി നമ്മൾ പരിശോധിക്കേണ്ട ഒരു കാര്യം തന്നെയാണ്. ഈ പ്രൊവിഷൻസെല്ലാം ഞാൻ വായിച്ചുനോക്കി. ഇതിൽ മണൽ വാരുന്നതിനെ നിയന്ത്രിക്കുക മാത്രമാണ്. ഇന്നത്തെ സ്ഥിതിയെന്താണ്; മണലിന് വൻതോതിൽ വിലകൊടുക്കേണ്ടിവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മണൽ വരുന്നു, അതിന് വൻതോതിലുള്ള വില വാങ്ങുന്നു. രാത്രികാലങ്ങളിലും പകലും അനധികൃതമായി മണൽ വാരൽ കൂടുതൽ വ്യാപകമായി കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി നദികൾ നശിക്കുന്നുവെന്നുമാത്രമല്ല, വൻതോതിലുള്ള ക്രമസമാധാന പ്രശ്നമായി ഇത് മാറുന്നു, മാഫിയകൾ ശക്തിപ്പെടുകയാണ്. ഇതിനുള്ള പരിഹാരമാർഗ്ഗമെന്താണ്? മണലില്ലാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. കെട്ടിടങ്ങളുടെ നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഇവിടെയെല്ലാം മണൽ ആവശ്യമായ ഒരു വസ്തുതയാണ്. അപ്പോൾ മണലിന് എന്തുചെയ്യും; മറ്റ് പരിഷ്കൃത സമൂഹങ്ങളിലെന്താണ് ചെയ്യുന്നത്? വിദേശ രാജ്യങ്ങളിൽ പ്രധാനമായും ഗൾഫ് രാജ്യങ്ങളിലടക്കമുള്ള സ്ഥലങ്ങ

ളിൽ ഉൾക്കടലിൽനിന്ന് മണൽ വൻതോതിൽ കൊണ്ടുവന്ന് ആ മണലിലെ ഉപ്പുരസം കളഞ്ഞ് മണലായി ഉപയോഗിക്കുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതുകൊണ്ട് കടലിനോ മത്സ്യത്തിനോ മത്സ്യം പിടിക്കുന്ന ആളുകൾക്കോ ഒരു പ്രശ്നവും ഉണ്ടാകുന്നില്ല. പക്ഷെ കേരളത്തിൽ ഇതുപറഞ്ഞാലുടൻ ബഹളവും പ്രക്ഷോഭവും ഉണ്ടാകുകയാണ്. അതുകൊണ്ട് സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഒരു യോഗം വിളിക്കണം എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഒരു All Party Conference വിളിക്കണം. മണലിന്റെ അതീവ ഗുരുതരമായ ദൗർലഭ്യത്തെ കണക്കിലെടുത്തുകൊണ്ടും വളർന്നുവരുന്ന മണൽ മാഫിയ ഉയർത്തുന്ന ഭീഷണി കണക്കിലെടുത്തുകൊണ്ടും നമ്മുടെ രാജ്യത്തെ നദികൾ നശിക്കുന്നതിന്റെ ഗൗരവസ്വഭാവം കണക്കിലെടുത്തുകൊണ്ടും എല്ലാ രാഷ്ട്രീയ പാർട്ടികളും, നമ്മുടെ കടലിൽനിന്ന് മണൽ വാരുകയല്ലാതെ ഒരു മാർഗ്ഗവും നമ്മുടെ മുമ്പിലില്ല എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് All Party Meeting വിളിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു പൊതു അഭിപ്രായ സമന്വയം ഇക്കാര്യത്തിലുണ്ടാകണം. ഇതുകൊണ്ട് മത്സ്യബന്ധനത്തിന് തടസ്സമില്ല എന്നുള്ളത് പല രാജ്യങ്ങളിലുമുള്ള ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിച്ചാൽ മനസ്സിലാകുന്ന കാര്യമാണ്. ഇതെങ്ങാനും നമ്മൾ പറഞ്ഞുപോയാൽ മത്സ്യതൊഴിലാളികൾക്ക് എതിരാണെന്ന് പറയും. ഇതൊക്കെ വളരെ അനാവശ്യമായ, ബാലിശമായ അഭിപ്രായ പ്രകടനങ്ങൾ മാത്രമാണ്. ശാസ്ത്രീയമായി ഉൾക്കടലിൽനിന്ന് മണൽ വാരുന്നതുകൊണ്ട് ഒരു പ്രയാസവുമില്ല, പ്രശ്നവുമുണ്ടാകുന്നില്ല എന്ന് നിരവധി രാജ്യങ്ങളിൽ ശാസ്ത്രീയമായിതന്നെ തെളിയിക്ക

പ്പെട്ടിട്ടുള്ള കാര്യമാണ്. കേരളത്തിൽ അനാവശ്യമായ വിവാദങ്ങളുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെയുള്ള മണൽ നമുക്ക് ലഭ്യമാകാതെ പോകുന്നത്. വിദേശ രാജ്യങ്ങളിൽ മത്സ്യബന്ധനങ്ങൾ നടക്കുന്നുണ്ട്. അവിടെ മത്സ്യം പിടിച്ച് ജീവിക്കുന്ന ആളുകളുണ്ട്. പക്ഷെ അവർക്കാർക്കും അവരുടെ തൊഴിലിനോ, അവർക്കോ, മത്സ്യ സമ്പത്തിനോ യാതൊരു പ്രതിസന്ധിയും ഉണ്ടാകുന്നില്ല. അപ്പോൾ എന്തുകൊണ്ട് കേരളത്തിന്റെ ഉൾക്കടലിൽ നിന്ന് കേരളത്തിലേയ്ക്കാവശ്യമായ മണൽ ശേഖരിക്കാൻ കഴിയത്തക്ക നിലയിൽ നമുക്ക് ശ്രമിച്ചുകൂടാ; അതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും തമ്മിലുള്ള ഒരു സമന്വയം ഉണ്ടാക്കിക്കൊണ്ട് ഈ മണൽ ഇല്ലായ്മ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നുള്ളല്ലാതെ യാതൊരു മാർഗ്ഗവും നമ്മുടെ മുമ്പിലില്ല എന്നുള്ള വസ്തുത നമ്മൾ കണക്കിലെടുക്കേണ്ട ഒരു കാര്യംതന്നെയാണ്. നിയന്ത്രണമല്ല ഇവിടെ ആവശ്യം. നദികളിലെ മണൽ നിരോധിക്കുകയും കടലിൽ നിന്നാവശ്യമായ മണൽ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാക്കുകയും കൂടുതൽ മണലിന്റെ ലഭ്യത ഉണ്ടാകുകയും ചെയ്താൽ ഈ മാഫിയയുടെ പ്രവർത്തനങ്ങൾ നിലയ്ക്കും. വൻതോതിൽ വൻതുക കൊടുത്ത് മണൽ വാങ്ങേണ്ട സ്ഥിതിവിശേഷം ഒഴിവാകും, നമ്മുടെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന വികസനത്തിന് വളരെ ഗുണകരമായ നിലയിൽ അത് ഉപയോഗിക്കാൻ സാധിക്കും. അതുകൊണ്ട് ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ശ്രീ. അടൂർ പ്രകാശിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷെ, ഈ നിയമം കൊണ്ട് സംസ്ഥാനത്തിന് വലിയ ഗുണമുണ്ടാകുമെന്നുള്ള പ്രതീക്ഷ എനിക്കില്ല. നദികളിലെ മണൽവാരൽ നിരോധിക്കുകയും.... ഇപ്പോഴത്തെ സ്ഥിതിയെന്താണ്; പല പാലങ്ങളും താഴെപ്പോകുന്ന അവസ്ഥയാണ്. മണൽ വാരിക്കഴിഞ്ഞ് പാലത്തിന്റെ തൂണുകൾ മാത്രം നിൽക്കുന്നു.

എപ്പോൾ വേണമെങ്കിലും ഈ പാലങ്ങൾ തകർന്നുപോകാവുന്ന സ്ഥിതിയിലാണ്. അപ്പോൾ അടിയന്തരമായി സംസ്ഥാന ഗവൺമെന്റ് കടലിൽ നിന്നും മണൽവാരാനുള്ള കാര്യത്തെപ്പറ്റി ഗൗരവമായി ആലോചിക്കുകയും ഒരു All Party Meeting വിളിച്ചുകൂട്ടിക്കൊണ്ട് തെറ്റായ പ്രചരണങ്ങൾ നടക്കുന്നതിനെതിരെ ജനങ്ങളിലൊരു അവബോധം വളർത്തിയെടുത്തുകൊണ്ട് തെറ്റായ പ്രചരണങ്ങളെ ഇല്ലാതാക്കിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ മണൽ സുലഭമായി ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതല്ലാതെ നമ്മുടെ സംസ്ഥാനത്ത് മറ്റൊരു മാർഗ്ഗമില്ല എന്നുള്ളത് ചൂണ്ടിക്കാണിക്കുന്നു. ഞാൻ ഈ ബില്ലിനെ പൂർണ്ണമായി പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ സ്ഥിതിയിൽ കക്ഷിനേതാവ് എന്നുള്ള നിലയ്ക്ക് ഒരഭിപ്രായം പറയുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും കെ.പി.സി.സി. പ്രസിഡന്റും പറയുന്നതുപോലെ ഈ നിയമം വളരെ നല്ലതാണ്. പക്ഷേ, ഇത് ശാശ്വത പരിഹാരമാവുകയില്ല എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ശാശ്വത പരിഹാരം നമ്മുടെ മുമ്പിൽ തന്നെയുണ്ട്. ഈ നദികളിലൂടെ ഒഴുകിപ്പോകുന്ന മണലിന്റെ വൻനിക്ഷേപം കടലിലുണ്ട്. അത് ദൈവം തന്നതാണ്. കാരണം, ഇതൊക്കെ വളരെ നേരത്തെകൂട്ടി കണ്ട് എല്ലാം ആസൂത്രണം ചെയ്യാനുള്ള കഴിവ് ദൈവത്തിനുണ്ട്. ഇങ്ങനെയൊരു സ്ഥിതി വരില്ല. അതായത്, ഇങ്ങനെയൊരു ക്ഷാമം നാച്ചറലല്ല, വൻ നിക്ഷേപം കടലിലുണ്ട്. ഞാൻ ജിം-ന്റെ കെയറോഫിലൊന്നും പറയുന്നില്ല. കാലം കുറേ കഴിഞ്ഞപ്പോൾ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ ഒരു ധാരണയിലേയ്ക്ക് വരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും കെ.പി.സി.

സി. പ്രസിഡന്റും പറയുന്നതുപോലെ കടലിൽ നിന്ന് മണൽ എടുക്കുന്ന സംഗതി ആലോചിക്കാൻ ഉറപ്പായി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടണം. കരയിൽ നിന്ന് 30 കിലോമീറ്റർ അപ്പുറത്തുള്ള നദിയിലെ നല്ല ശുദ്ധമണലാണ് കടലിലുള്ളത്. ഇത് ലോകത്തിന്റെ തന്നെ പല ഭാഗങ്ങളിലുമുണ്ട്. ഇപ്പോൾ ബഹറിനിലുണ്ട്. അതിന് വലിയൊരു പ്രോസസ്സൊന്നുമില്ല. അത് കടലിൽ നിന്ന് പൈപ്പിലൂടെ എടുത്ത് കഴുകി വൃത്തിയാക്കിയാൽ മതി. അത് നദിയിൽ നിന്നുള്ള സാധാരണ മണൽ തന്നെയാണ്. ഈ പ്രോജക്ടാണ് ജിം-ലൂടെ കൊണ്ടുവന്നത്. അന്ന് സംഭവിച്ചതെന്താണെന്ന് വച്ചാൽ, തീരദേശ ബന്ദ് നടത്തി അത് ഇല്ലാതാക്കി. പൊളിറ്റിക്കൽ പാർട്ടീസ് അല്ല അന്ന് ബന്ദ് നടത്തിയത്. തീരദേശത്തുള്ള കുറേ ആളുകളാണ് ബന്ദ് നടത്തിയത്. ഇപ്പോഴെങ്കിലും ഇങ്ങനെയൊരു നിയമം വന്ന സ്ഥിതിക്ക് വളരെ നിഷ്പ്രയാസം നമുക്കത് ചെയ്യാൻ കഴിയും. അതിന്റെ ചുമതല വ്യവസായ വകുപ്പ് ഏൽക്കുന്നു. അത്തരമൊരു പ്രോജക്ട് കൊണ്ടുവരുന്നതിന് യാതൊരു പ്രശ്നവുമില്ല. ഇവിടെനിന്ന് വേണമെങ്കിൽ ജനപ്രതിനിധികളെ അവിടെ കൊണ്ടുപോയി കാണിക്കാൻ തയ്യാറാണ്. കാരണം, അത് വലിയൊരു പ്രോസസ്സല്ല. കടലിൽ നിന്ന് മണൽ പൈപ്പിലൂടെ കരയിൽ കൊണ്ടുവന്ന് കഴുകി വൃത്തിയാക്കി വിൽക്കുകയാണ്. അല്ലാതെ വേറൊന്നുമില്ല. അപ്പോൾ മത്സ്യകുഞ്ഞുങ്ങൾ ചത്തുപോകുമെന്നും മറ്റുമുള്ള പല പ്രശ്നങ്ങളുണ്ടാകുമെന്ന ദുഷ്പ്രചരണങ്ങൾ നടത്തിയാണ് ആ പ്രോജക്ട് ഇല്ലാതായത്. എൻ.ആർ.ഐ. ആണ് വാസ്തവത്തിൽ അന്ന് ആ പ്രോജക്ട് കൊണ്ടുവന്നത്. അൻപത് കോടി രൂപയുടെ ഒരു ബി.ഒ.ടി. പ്രോജക്ടായിരുന്നു അത്. ഇപ്പോഴും അതിനൊരു പ്രശ്നവുമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഒരു ആൾ പാർട്ടി

മീറ്റിംഗ് വിളിച്ച് അതിലെന്തെങ്കിലും കൺസെൻസസ് ഉണ്ടെങ്കിൽ തീർച്ചയായും അക്കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഏതായാലും വളരെ നല്ലൊരു നിർദ്ദേശമാണ് ഇവിടെ പറഞ്ഞത്. മണലിന്റെ ശേഖരണവും വിപണനവും സംബന്ധിച്ച് ഒരു സംവിധാനമുണ്ടാകണമെന്നുള്ള നിർദ്ദേശമാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുന്നോട്ടു വച്ചത്. റവന്യൂ വകുപ്പിന്റെ കീഴിൽ ഇപ്പോൾത്തന്നെ അത് പരിഗണനയിലുള്ള ഒരു വിഷയമാണ്. തീർച്ചയായും അങ്ങയുടെ നിർദ്ദേശം റവന്യൂവകുപ്പ് പരിഗണിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി.സ്പീക്കർ: 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

### (3) 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങേയ്ക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി സംസാരിക്കാവുന്നതാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ഒരുകാര്യമാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. 1959-ൽ മുദ്രപ്പത്രവുമായി ബന്ധപ്പെട്ട നിയമം വന്നതിനുശേഷം 17 തവണ ഇത് ഭേദഗതി ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടൊരു കാര്യമെന്താണെന്ന് വച്ചാൽ അന്ന് ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് ചില ഉപാധികൾ വച്ചിട്ടുണ്ട്. മാർക്കറ്റ്, മറ്റ് സ്ഥാപനങ്ങൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, എയർപോർട്ട് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളുമായി ബന്ധപ്പെട്ടാണ് ഭൂമിയുടെ വില നിശ്ചയിച്ചിരിക്കുന്നത്. 1959-നുശേഷം 2013-ൽ എത്തുമ്പോൾ ആ മാനദണ്ഡങ്ങൾ മാത്രം മതിയോ എന്നുള്ളത് ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. 1959-കാലത്തുനിന്ന് 2013-ലേയ്ക്ക് എത്തുമ്പോൾ ഭൂമിയുടെ പുറത്തുള്ള ബന്ധങ്ങളിൽ, ആ ഇടപാടുകളിൽ ഒരു മാഫിയ സ്വാധീനം വല്ലാതെ വന്നിട്ടുണ്ട്. എങ്ങനെ നമുക്ക് കൂടുതൽ സുതാര്യമായ, ശക്തമായ, നിയമപരമായ ഭൂബന്ധ ഇടപാടുകൾ നിർവ്വഹിക്കാമെന്നത് അന്നത്തെമാത്രം ഉപാധികളോടെ ഇന്നത്തെ വില നിശ്ചയിക്കുന്നത് ശരിയാണോയെന്നും...... ഇന്നത്തെ അപ്പീൽ അധികാരിയായി നിർദ്ദേശിച്ചിരിക്കുന്നത് കളക്ടറെയാണ്. ഒരു ഉദ്യോഗസ്ഥ സംവിധാനമാണ്. ഇത് അഴിമതി രഹിതമായും സുതാര്യമായും നടക്കുന്നതിന് ആ ഉദ്യോഗസ്ഥ സംവിധാനം മാത്രം മതിയാകുമോ എന്നുള്ളതാണ് എന്റെ ഒന്നാമത്തെ ആശങ്ക. രണ്ടാമതായി, ഈ ബില്ലുമായി ബന്ധപ്പെട്ട് എത്രത്തോളം വരുമെന്ന് അറിയില്ല., ഭൂമിയുടെ ന്യായവിലയ്ക്കപ്പുറം കേരളത്തിൽ

ഭൂമിയുടെ ഇടപാടുമായി ബന്ധപ്പെട്ട് നടക്കുന്നത് കേരളത്തിന്റെ ഭാവിക്കുവേണ്ടി നിലനിൽക്കേണ്ട കാവുകളും കുളങ്ങളും നിലങ്ങളും ഉൾപ്പെടുന്ന വളരെ പവിത്രമെന്ന് കരുതുന്നതും എന്നാൽ പണ്ടത്തെയും ഇപ്പോഴത്തെയും വിലനിലവാരമനുസരിച്ച്, മൂല്യമനുസരിച്ച് വില കുറഞ്ഞതുമായ ഭൂമിയാണ്. ഈ ഭൂകച്ചവടത്തിൽ നടക്കുന്ന ഏറ്റവും വലിയൊരു പ്രത്യേകത, ഭൂമി കച്ചവടം നടത്തി രജിസ്ട്രേഷൻ നടത്തുന്നതിനുമുമ്പ് നാലഞ്ച് എഗ്രിമെന്റുകൾ നടക്കും. 4000 രൂപ അഡ്വാൻസ് കൊടുത്ത് ഭൂമി വാങ്ങുന്നു, അത് പതിനായിരം രൂപയ്ക്ക് വേറൊരു എഗ്രിമെന്റിൽ വിൽക്കുന്നു. പിന്നീട് വേറൊരു എഗ്രിമെന്റിൽ ഇരുപതിനായിരം രൂപയ്ക്ക് വിൽക്കുന്നു. വീണ്ടും വേറൊരു എഗ്രിമെന്റിൽ അൻപതിനായിരം രൂപയ്ക്ക് വിൽക്കുന്നു. അവസാനം ഒരുലക്ഷം രൂപയ്ക്ക് വിൽക്കുമ്പോൾ യഥാർത്ഥ ഉടമയ്ക്ക് ലഭിക്കുന്നത് 5000 രൂപയും ഇതിന്റെ ഊഹക്കച്ചവടത്തിന്റെ പുറത്ത് അഞ്ചോ ആറോ എഗ്രിമെന്റ് കഴിഞ്ഞ് വിൽക്കപ്പെടുന്നത് ഒരു ലക്ഷം രൂപയുമാണ്. സത്യത്തിൽ ഭൂമിയുടെ മുകളിൽ നേരിട്ടുള്ള കച്ചവടത്തിനപ്പുറം ഈ ഊഹക്കച്ചവടത്തിന്റെ അഞ്ചാറ് കൈമാറ്റത്തിനിടയിൽ നടക്കുന്നത് വമ്പിച്ച തരത്തിലുള്ള ഒരു പണമിടപാടും ഒരു മാഫിയാബന്ധവുമാണ്. അത് കേരളത്തിൽ ഏറ്റവും കൂടുതൽ വിധേയമാകുന്ന ഭൂമി നമ്മുടെ വയലുകളാണ്. എട്ടര ലക്ഷം ഹെക്ടർ വയലിൽ നിന്ന് രണ്ടേകാൽ ലക്ഷം ഹെക്ടർ വയലുകളിലേയ്ക്ക് ഇപ്പോൾ എത്തിച്ചേരുമ്പോൾ അതിൽ അടുത്ത കാലത്ത് നടന്ന മൂന്നുനാലു ലക്ഷം ഹെക്ടറിന്റെ കച്ചവടമെങ്കിലും ഈ ഊഹക്കച്ചവടത്തിനുപുറത്ത് ഭാവി കേരളത്തെ സംരക്ഷിക്കാനുള്ള കുടിവെള്ളവും കേരളത്തിന്റെ കാലാവസ്ഥയേയും പ്രകൃതിയേയും സംരക്ഷിക്കുന്ന വയൽ കൈമാറ്റത്തിൽ വലിയൊരു

മാഫിയാ ബന്ധവും ഇടപാടും നടക്കുന്നുണ്ട്. അതുകൊണ്ട് ഇതിൽ എങ്ങനെ ഉൾപ്പെടുത്തുമെന്നുള്ളത് ആലോചിക്കേണ്ട കാര്യമാണ്. ഞാനൊരു നിയമ ജ്ഞനല്ലാത്തതുകൊണ്ട് അതിനെപ്പറ്റി അറിയില്ല. പക്ഷേ, പലതവണ എഗ്രി മെന്റ് എന്ന് പറയുന്ന സംവിധാനത്തെ എങ്ങനെ ഇല്ലാതാക്കാൻ സാധിക്കും. ഒരാൾ ഒരു വയൽ വാങ്ങി പിന്നീട് പല കച്ചവടം നടത്തി അവസാനം മാത്ര മാണ് അതിന്റെ രജിസ്ട്രേഷൻ നടക്കുന്നത്. അപ്പോൾ യഥാർത്ഥ ഉടമയും അവസാനം ആ ഭൂമി വാങ്ങുന്ന ആളും തമ്മിൽ യാതൊരുവിധ ബന്ധവുമില്ലാ ത്തമട്ടിലാണ് ഈ വയൽ കച്ചവടങ്ങൾ മിക്കവാറും നടക്കുന്നത്. ഇത് രജിസ്ട്രേഷൻ നടക്കുമ്പോൾ എങ്ങനെ അവസാനിപ്പിക്കാൻ സാധിക്കുമെന്നു ള്ളത് ഒരാലോചനാവിഷയമാകണം. രണ്ടാമത്തെ വിഷയം, വില

കുറച്ചുവച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതവസാനിപ്പിക്കാനാണ് ഈ നിയമം കൊണ്ടുവരുന്നത്. എന്നാൽ കേരളത്തിൽ വയലിന്റെ ഏറ്റവും വലിയ പ്രശ്നം, അത് ആറന്മുളയിലാണെങ്കിലും മറ്റ് ഏത് സ്ഥലങ്ങളിലാണെങ്കിലും അത് എവിടെ നടക്കുമ്പോഴും യഥാർത്ഥ വിലയേക്കാൾ ഒരുപാട് ഉയർന്ന വിലയ്ക്കാണ് ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നത്. ഭൂമിയുടെ വില ഒരുപാട് ഉയർന്ന് നിശ്ചയിക്കുകയെന്നുവച്ചാൽ അതിനർത്ഥം അതിലൊരു ക്രൈം ഉണ്ടെന്നാണ്. ആ ക്രൈം നടത്തുന്നത് ഈ ഭൂമിക്ക് പുറത്താണ്. ഭൂമിയുടെ യഥാർത്ഥ വില വയ്ക്കാതെ ഗവൺമെന്റിന് ലഭിക്കേണ്ട6 വരുമാനം കുറ യ്ക്കുന്നതൊരു കുറ്റമാണെങ്കിൽ ആ ഭൂമിയിൽ ഒരു ക്രൈം ഉണ്ടാക്കി ആ ഭൂമിയുടെ യഥാർത്ഥ വിലയെക്കാൾ എട്ടോ പത്തോ ഇരട്ടി വിലയ്ക്ക് പല കരാറുകളിലൂടെ കൈമാറി ആ ഭൂമിയെ കൈമാറ്റം ചെയ്യുന്നത് വലിയൊരു ക്രൈമാണ്. ഈ നിയമത്തിനകത്ത് ഇതെങ്ങനെ ഉൾക്കൊള്ളിച്ച് കേരള ത്തിലെ ഭൂമി കൈമാറ്റത്തിൽ സുതാര്യതയും ശാസ്ത്രീയതയും കൈവരിച്ച്,

ഇന്ന് ഇടനിലക്കാർ കൈക്കലാക്കുന്ന ഭൂമിയെ തരംമാറ്റുന്ന, ഭൂമിയുടെ ഉപയോഗത്തെ ഭൂ ഉപയോഗമെന്ന് 1959-ൽ നിർവ്വചിച്ചിട്ടുള്ള സംവിധാനത്തിൽ നിന്ന് 2013-ൽ എത്തുമ്പോൾ ഉണ്ടാകുന്ന ഭൂമിക്ക് പുറത്തുള്ള ക്രൈം എങ്ങനെ കുറയ്ക്കാമെന്നതിനെ സംബന്ധിച്ച്, നമ്മുടെ വയലുകളും സംരക്ഷിക്കപ്പെടേണ്ട സംവിധാനങ്ങളും എങ്ങനെ ഈ നിയമത്തെ ശക്തിപ്പെടുത്തിക്കൊണ്ട് സംരക്ഷിക്കാമെന്ന് കൂടി ആലോചിക്കണമെന്ന് മാത്രമാണ് എന്റെ അഭ്യർത്ഥന. അതിനുവേണ്ടിയാണ് ഞാൻ ഇത് മൂവ് ചെയ്യുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. സെൽവരാജ്, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന എന്റെ 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇന്ന് ഭൂമിയുടെ വില നിർണ്ണയിച്ച് ഉത്തരവുണ്ടെങ്കിലും പലയിടത്തും ഇത് പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. പലപ്പോഴും മിക്ക സ്ഥലങ്ങളിലും ആധാരം എഴുത്തുകാരോ ഏജന്റുമാരോ ആണ് ഭൂമിയുടെ വില നിർണ്ണയിക്കുന്നതും അതിനെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്നതും. അതുകൊണ്ട് ഇത് പരിശോധിക്കപ്പെടേണ്ട ഒരു വിഷയമാണ്. നമ്മുടെ നാട്ടിൽ വില നിശ്ചയിക്കുന്ന കാര്യത്തിൽ ഒരുപാട് അപാകതകൾ ഇന്ന് നിലനിൽക്കുകയാണ്. എല്ലാ പ്രദേശങ്ങളിലും ഒരുപോലെ വില നിശ്ചയിക്കാനാവാത്ത ഒരവസ്ഥയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പ്രധാന ജംഗ്ഷനുകളിലൊക്കെ ഉണ്ടാകുന്ന

വിലയല്ല പിന്നോക്കപ്രദേശങ്ങളിലുള്ളത് എന്നുള്ളതാണ് ഇതിന്റെ യാഥാർത്ഥ്യം. പക്ഷെ പിന്നോക്കപ്രദേശങ്ങളിലുള്ള സ്ഥലങ്ങളടക്കം ഒരേ വില നിശ്ചയിച്ചുകൊണ്ട് ഇടനിലക്കാരുടെ അല്ലെങ്കിൽ ആധാരമെഴുത്തുകാരുടെ സ്വാധീനത്തിനു വഴങ്ങിയാണ് ഇത്തരം കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇതിന്റെ വിലയെ സംബന്ധിച്ച് പരിശോധിക്കപ്പെടുന്നതിനും ഇതിലുണ്ടായ അപാകത പരിഹരിക്കപ്പെടുന്നതിനും ഒരു കാലതാമസം നിലനിൽക്കുന്നു എന്നുള്ളതും വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിക്കുവാൻ........അപ്പീൽ കൊടുക്കുന്നതിന് ഒരു മാസമാണ് ഇതിൽ നേരത്തെ നിർണ്ണയിച്ചിട്ടുള്ള കാലവധി. 2013-ലെ ബില്ലിൽ അപ്പീൽ കാലാവധി ഒരു മാസമെന്നത് ഒരു വർഷമാക്കി മാറ്റിയത് പൊതുജനങ്ങൾക്ക് വലിയൊരു ആശ്വാസകരമായ നടപടിയാണ്. വില നിശ്ചയിക്കുന്ന കാര്യത്തിലുണ്ടായ അപാകത പരിഹരിക്കുന്നതിന് കളക്ടർക്ക് അപ്പീൽ കൊടുക്കാൻ ഒരു വർഷത്തെ സാവകാശം കിട്ടുന്നത് പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമായി കരുതുകയാണ്. തീർച്ചയായും ഒരു വർഷം കാലാവധി എന്നുള്ളത് ഈ ബില്ലിന്റെ ഒരു പ്രത്യേകതയാണ്. ഈ ബിൽ അവതരിപ്പിച്ചത് പൊതുജനങ്ങൾക്ക് വലിയൊരു ആശ്വാസമായി മാറിയിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ഇത്രയും കാര്യങ്ങളാണ് എനിക്കിവിടെ പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, അങ്ങേയ്ക്ക് 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ ഇന്നും ഇതിനുമുമ്പുള്ള ദിവസങ്ങളിലും നിയമവുമായി പരാമർശിക്കപ്പെട്ടിട്ടുള്ള ഒട്ടനവധി വിഷയങ്ങളിൽ - തട്ടിപ്പ്, വെട്ടിപ്പ്, സർക്കാർ മുതൽ കൈക്കലാക്കുക എന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവരെയും മാഫിയകളേയും തിരിച്ചറിഞ്ഞുകൊണ്ട് അതില്ലാതാക്കുന്നത് എങ്ങനെയെന്നുള്ള കാര്യങ്ങളെക്കുറിച്ചാണ് എല്ലാവരും ചർച്ച ചെയ്യുന്നത്. അതിന് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ല എന്ന യാഥാർത്ഥ്യത്തിലേക്കാണ് ഈ ചർച്ച എത്തിച്ചേർന്നിട്ടുള്ളത് എന്നാണ് ഇവിടെ കാണാൻ സാധിച്ചത്. സർക്കാരിന് വളരെയേറെ വരുമാനമുണ്ടാക്കുവാൻ സാധ്യതകളുള്ള ഒരു വകുപ്പാണ് ഇത് എന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലും വ്യാജ മുദ്രപത്ര കുംഭകോണം എന്ന പേരിൽ 138 കേസുകൾ ഹാജരാക്കിയതായി കണ്ടെത്തിയെന്ന വാർത്തകൾ ഇതിനുമുമ്പും നമ്മുടെ വാർത്താവിനിമയരംഗത്ത് വന്നിട്ടുണ്ട്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്, സമൂഹത്തെ സഹായിക്കുവാൻ വേണ്ടിനിയമങ്ങൾ രൂപപ്പെടുത്തുന്നതും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമൊക്കെ സാമൂഹ്യ വ്യവസ്ഥിതിയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ആ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് പൊതുമുതൽ കൊണ്ടുപോകുന്നതായ രീതിയാണ് നാം കണ്ടുവരുന്നത്. അതിൽനിന്നും ഒരു പ്രത്യേക വ്യവസ്ഥ രൂപപ്പെടുത്താനാണ് നിയമങ്ങളും ഭേദഗതികളും വീണ്ടും കൊണ്ടുവരാൻ ഗവൺമെന്റ്

ശ്രമിക്കുന്നത്. പക്ഷെ ഇപ്പോഴും തൊഴിലുറപ്പ് പദ്ധതിയിലായാലും പഞ്ചായത്തുകൾ വഴി നടത്തുന്ന പദ്ധതിയിലായാലും, ഹോസ്റ്റലിൽ പച്ചക്കറി വാങ്ങിക്കൊടുക്കുന്ന കാര്യങ്ങളിലായാലും സ്കൂളുകളിൽ ഉച്ചക്കഞ്ഞി കൊടുക്കുന്ന സ്കൂൾ പദ്ധതിയായാലും, റേഷൻ കടകളിലെ പ്രശ്നമായാലും, റേഷൻ കാർഡിലെ പ്രശ്നമായാലും, എസ്.സി. വകുപ്പിലെ ലാൻഡ്ലെസ് സ്കീമിലെ സാമ്പത്തിക സഹായം നൽകുന്ന കാര്യത്തിലായാലും ഇതിലെല്ലാം തട്ടിപ്പ് നടത്താൻ സാധിക്കുന്ന ഒരു സാഹചര്യത്തിലേക്കാണ് ഈ വ്യവസ്ഥകളെല്ലാം ചെന്നെത്തുന്നത് എന്ന്  നമുക്ക് കാണാൻ സാധിക്കും. ഈ കാര്യങ്ങളിലൊക്കെ ഒരു കുറ്റമറ്റ പ്രവർത്തനം നടപ്പിലാക്കാൻ സാധിക്കുന്ന രീതിയിലേക്കാണ് പോകുന്നതെങ്കിലും അവ ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ് ആമുഖമായി പറയുവാൻ ആഗ്രഹിക്കുന്നത്. ഇത്തരത്തിലുള്ള വ്യാജ മുദ്രപത്രങ്ങൾ ഇപ്പോഴും ചില സ്ഥലങ്ങളിലെങ്കിലും നിലവിലുണ്ട് എന്ന്  നമുക്ക് കാണാൻ സാധിക്കും.  ഇപ്പോൾ ട്രഷറികളിൽ ചെലാൻ അടയ്ക്കുന്നു,  25 രൂപയ്ക്ക് മുകളിലുള്ളതിന് വ്യവസ്ഥയുണ്ട്. പൂർണ്ണമായും ചെലാൻ അടച്ചുകൊണ്ട്  രസീതുമായി ചെല്ലുന്ന ആളുകൾക്ക് വെണ്ടർ/ഡോക്യുമെന്ററി റൈറ്റർ അത്രയും തുകയ്ക്കുള്ള പത്രങ്ങൾ എഴുതിക്കൊടുക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ വളരെ കർക്കശമായി നടപ്പിലാക്കാൻ സാധിച്ചാൽ മുദ്രപത്രങ്ങളിൽ വരുന്ന തട്ടിപ്പും വെട്ടിപ്പും ഇല്ലാതാക്കുവാൻ സാധിക്കും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അത് പരിശോധിക്കുകയും അത്തരത്തിലുള്ള ഒരു മാറ്റം വരുത്തി ട്രഷറിയിലേക്ക് നേരിട്ട് പണം അടയ്ക്കാനും ആ രസീതുമായി  രജിസ്ട്രാർ ആഫീസിലേക്ക് പോകാനും സാധിച്ചാൽ ഇത് കുറ്റമറ്റതാക്കാനും വ്യാജമുദ്രപത്രങ്ങൾ ഇല്ലാതാക്കാനും

സാധിക്കും. അതുപോലെതന്നെ ആഫീസുകളിൽ പൈസ അടയ്ക്കുന്ന രീതി ഒഴിവാക്കുവാൻ ഇതുകൊണ്ട് സാധിക്കുമോ എന്ന് പരിശോധിക്കണമെന്നാണ് ഈ അവസരത്തിൽ അതുമായി ബന്ധപ്പെട്ട് പറയുവാൻ ആഗ്രഹിക്കുന്നത്. അതുപോലെതന്നെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യവും ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ടുവന്നിട്ടുള്ള കുറേയേറെ പ്രശ്നങ്ങളും ആധാരമെഴുത്തുകാരുടെ, ഇതുമായി ബന്ധപ്പെട്ടുവരുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും ഒക്കെത്തന്നെ കഴിഞ്ഞ ചർച്ചയിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ട് ഞാൻ അതിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. കുറേയധികം ആളുകൾക്ക് ഇതുമായി ബന്ധപ്പെട്ട കുറെയേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന വസ്തുത നമുക്ക് കാണാൻ സാധിക്കും. രജിസ്ട്രാർ ആഫീസിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ലാൻഡ് വാല്യൂ ഒന്നാണെങ്കിലും വാങ്ങിക്കുന്ന സ്വത്തുവിവരത്തിന്റെ അടിസ്ഥാനത്തിലല്ല അത് ഈടാക്കുന്നതെന്ന് നമുക്ക് യാദൃശ്ചികമായി കാണാൻ സാധിക്കുന്നതാണ്. അക്കാര്യങ്ങളിൽപ്പോലും നമുക്കൊരു വ്യക്തത ഉണ്ടാക്കുവാൻ ഇന്നുവരെയും സാധിക്കാത്ത ഒരു പ്രശ്നം നിലനിൽക്കുന്നു എന്നുള്ളതും യാഥാർത്ഥ്യമാണ്.

ഇപ്പോൾ ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് ആർ.ഡി.ഒ.യ്ക്കും സബ്കളക്ടർക്കും ചുമതല നൽകിയിട്ടുണ്ടെങ്കിലും, കമ്പ്യൂട്ടറൈസേഷൻ വന്നതിന് ശേഷവും ചില സ്ഥലങ്ങളിൽ അത് നിശ്ചയിച്ചിട്ടില്ല. അതുകൊണ്ടുതന്നെ രജിസ്ട്രേഷൻ നടക്കാതിരിക്കുന്ന സാഹചര്യങ്ങളുമുണ്ട്. അങ്ങനെ, രജിസ്ട്രേഷൻ വഴി സർക്കാരിന് ലഭിക്കുന്ന വരുമാനം ഇല്ലാതാകും. ഭൂമിയുടെ വില നിശ്ചയിക്കുന്നത് ഫലപ്രദമായി നടത്തുവാൻ സാധിക്കാതെ വരുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമീപനം നയപരമായിതന്നെ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ചില ഘട്ടങ്ങളിൽ,

പട്ടയം ഇല്ലാത്ത ഭൂമികൾ പോലും (1960-നോ അതിന് മുൻപോ പട്ടയമുള്ള തുപോലെ) ആധാരം ചെയ്ത് വിൽപ്പന നടത്തുന്നു എന്ന് പത്രമാധ്യമങ്ങളിലൂടെ വായിക്കുവാൻ ഇടയുണ്ടായി. വ്യാജമുദ്രപ്പത്രങ്ങൾ ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അങ്ങയുടെ ശ്രദ്ധയിലും വന്നിട്ടുണ്ടാകും. ചില കേസുകൾ വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളാണ് നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചത്. ഏത് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട നിയമം രൂപപ്പെട്ടാലും, മാഫിയ സംഘങ്ങൾ നമ്മുടെ സാമൂഹ്യ വ്യവസ്ഥയിൽ ഉയർന്നുവന്നിട്ടുണ്ടെന്നും അത് ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതുകൂടി പരിഗണിക്കാതെ നമ്മുടെ പ്രവർത്തനങ്ങൾ നിയമനിർമ്മാണത്തിൽ മാത്രം കേന്ദ്രീകരിക്കുന്നതുകൊണ്ട് വീണ്ടും അവർക്ക് സഹായകരമായ നിലയിലേയ്ക്കാണോ വരുന്നത് എന്ന കാര്യം സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് വ്യാജമുദ്രപത്രത്തിന്റെ കാര്യത്തിലായാലും സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിക്കുന്ന കാര്യത്തിലായാലും ഓൺലൈനിൽ ഇതിന്റെ പ്രക്രിയ രൂപപ്പെടുത്തി വരുന്ന കാര്യത്തിലായാലും ഭൂമിയുടെ വില നിശ്ചയിക്കുന്ന കാര്യത്തിലായാലും ഇത്തരത്തിൽ വരുന്ന പ്രശ്നങ്ങളിലെല്ലാംതന്നെ ഒരു ദീർഘ വീക്ഷണത്തോടുകൂടി ഇടപെട്ട് കർക്കശമായ നിലപാട് സ്വീകരിക്കുന്ന നയപരമായുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. നിയമവ്യവസ്ഥ കുറ്റമറ്റതാക്കണമെങ്കിൽ തീർച്ചയായും വളരെ വ്യക്തതയോടുകൂടിയുള്ള ഒരു നിലപാട് സ്വീകരിക്കുകയും തീരുമാനം ഉണ്ടാവുകയും ചെയ്യണം. ഈ 2 (ബി) ഭേദഗതി ഞാൻ അതിനായാണ് അവതരിപ്പിക്കുന്നത്. ഞാൻ ഇവിടെ പരാമർശിച്ച കാര്യങ്ങൾ

ഉൾക്കൊണ്ടുകൊണ്ട് തിരുത്തൽ വരുത്താൻ സാധിക്കണമെന്നാണ് ഈ അവസരത്തിൽ ആഗ്രഹിക്കുന്നത്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർമാർ വിവിധ വിഷയങ്ങൾ ഇവിടെ ഉന്നയിച്ചിരുന്നു. വളരെ സാമൂഹ്യ പ്രതിബദ്ധതയോടെയാണ് ഇങ്ങനെയൊരു മാറ്റം അമെന്റ്മെന്റിലൂടെ ഗവൺമെന്റ് മുന്നോട്ട് വയ്ക്കുന്നത്. അപ്പീലിന്റെ കാലാവധി 30 ദിവസമെന്നുള്ളത് ഒരു വർഷമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു വർഷത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാൻ സാധിക്കാത്ത വ്യക്തിക്ക് മതിയായ കാരണമുണ്ടെങ്കിൽ അതിന് ശേഷവും എന്റർടെയിൻ ചെയ്യാനുള്ള സാഹചര്യം കളക്ടർ ഒരുക്കിയിട്ടുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കുന്നതിന് പ്രതിബദ്ധതയോടെ കൊണ്ടുവന്നിരിക്കുന്ന അമെന്റ്മെന്റാണിത്. ഇന്നത്തെ ചർച്ചയിൽ വന്ന വിവിധ വിഷയങ്ങൾ കഴിഞ്ഞ സന്ദർഭങ്ങളിലും ചർച്ച ചെയ്തിരുന്നതാണ്. പ്രധാനമായും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ മോഡണൈസേഷൻ കൊണ്ടു വരുമ്പോൾ പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാമ്പ് വെണ്ടർമാർ, ആധാരം എഴുത്തുകാർ എന്നിവർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിച്ചത്. അവരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടു തന്നെ ആധുനികവത്ക്കരണം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ വകുപ്പ് ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. **1959**-ൽ നിർണ്ണയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ തന്നെയാണോ ഇപ്പോഴും ആവശ്യം എന്ന ഒരു സംശയം പല അംഗങ്ങളും

ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. ഭൂമിയുടെ ന്യായ വില നിശ്ചയിക്കുന്നതിനുവേണ്ടി വിവിധ കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കുന്നുണ്ട്. ഒന്ന്, വാണിജ്യപരമായ പ്രാധാന്യം, ജലവിതരണം, വൈദ്യുതി, ഗതാഗതം വാർത്താവിനിമയം എന്നിവയ്ക്കുള്ള സൗകര്യം, മാർക്കറ്റുകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സാമീപ്യം, സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ സ്വഭാവം - അതായത് പുരയിടമാണോ തരിശ്ശാണോ, നീർത്തടം, തോട്ടം, അതിന്റെ ഫലഭൂഷ്ടി, വിളകളുടെ സ്വഭാവം, ഉത്പാദന ശേഷി ഇവ. അന്ന് പ്രതിപാദിച്ചിരുന്ന വിഷയങ്ങളെല്ലാം തന്നെ ഇന്നും പ്രസക്തമായി നിലനിൽക്കുന്നു എന്നു തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇതിനനുസൃതമായിത്തന്നെയാണ് ഇപ്പോഴും ലാന്റിന്റെ വാല്യു നിശ്ചയിക്കുന്നത്. എഗ്രിമെന്റുകളുടെ പുറത്ത് എഗ്രിമെന്റുകൾ എഴുതി യഥാർത്ഥ ഉടമസ്ഥന് അവസാനം ഒന്നും കിട്ടാതെ പോകുന്ന ഒരു സാഹചര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. എന്തായാലും അക്കാര്യം ഗവൺമെന്റ് പരിശോധിക്കാം. അത്തരത്തിലുള്ള സാഹചര്യമുണ്ടെങ്കിൽ അതെങ്ങനെ മറികടക്കുമെന്ന കാര്യം ഗവൺമെന്റ് പരിശോധിച്ച് തീരുമാനം എടുക്കും.

സ്പീക്കർ: ശ്രീ. ആർ. സെൽവരാജ് അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. സെൽവരാജ്: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള മുദ്രപത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**2-ാം വകുപ്പ്**

Shri. M.A. Vaheed: Sir, I move the following amendment,

110.In section 28A (4) of the principal Act proposed to be amended by clause 2 (a) for the words “one year” substitute the words “sixteen months” .

Shri. C. P. Muhammed: Sir, I move the following amendment,

In section 28A(4) of the principal Act proposed to be amended by clause 2(a) for the words “one year” substitute the words “nineteen months”

Shri. K. Suresh Kurup: Sir, I move the following amendment,

115. In section 28A(4) of the principal Act proposed to be amended by clause 2 for the words “one year” substitute the words “two years” wherever it occurs.

സെക്ഷൻ 28A(4) പ്രകാരം സർക്കാർ ഫെയർ വാല്യു നിശ്ചയിച്ച് 30 ദിവസം എന്നതിന് പകരം ഒരു വർഷം എന്നത്, നാലുവർഷമെന്നെങ്കിലും ആക്കിയാലേ ഈ ആക്ട് പാസാക്കിയതിനുശേഷം ഒരു വർഷക്കാലത്തെ കാലയളവ് കിട്ടുകയുള്ളൂ. അല്ലെങ്കിൽ ആർക്കും പ്രയോജനമില്ലാത്തതാകും. പല സ്ഥലത്തും ഫെയർവാല്യു നിശ്ചയിച്ചിട്ടുണ്ട്. അതിനെപ്പറ്റി പരാതിപ്പെടാൻ പല ആളുകൾക്കും കഴിഞ്ഞിട്ടില്ല. ഒരു ജനാധിപത്യ ഗവൺമെന്റ് അനുഭാവ പൂർവ്വം കൊടുക്കുന്ന ഒരു സൗകര്യമെന്ന നിലയിൽ ഇത് ഉപയോഗപ്പെടു ത്താത്ത ആളുകൾക്ക് ഈ ആക്ട് പാസ്സായിക്കഴിഞ്ഞ് അടുത്ത ഒരു വർഷ ക്കാലത്തേയ്ക്ക് അതിന്റെ പ്രയോജനം കിട്ടണമെന്നുള്ളതുകൊണ്ടാണ് ഈ ഭേദഗതി മൂവ് ചെയ്യുന്നത്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭേദഗതി സ്വീകാര്യമല്ല. ആവശ്യമായ സമയപരിധി കൊടുത്തിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞ് മതിയായ കാരണമുണ്ടെങ്കിൽ കളക്ടർക്ക് അപ്പീലുകൾ സ്വീകരിക്കാനുള്ള സാഹചര്യം ഇപ്പോൾ തന്നെ അമെന്റ്മെന്റ് വഴി ഒരുക്കിയിട്ടുണ്ട്.

Shri. Joseph Vazhackan : Sir, I move the following amendment,

124. In the proviso to section 28A(4) proposed to be added in the principal Act by clause 2(b) for the words “one year” substitute the words “eighteen months.”

Shri. K. Achuthan : Sir, I move the following amendment,

126.In the proviso to section 28A(4) proposed to be added in the principal Act by clause 2(b) for the words “one year” substitute the words “twenty months.”

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ അച്ചുതൻ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

2-ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീചരിച്ചിരിക്കുന്നു.

2-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3-ാം വകുപ്പ്**

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

3-ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീചരിച്ചിരിക്കുന്നു.

3-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2013 ലെ മുദ്രപത്ര (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013 ലെ മുദ്രപത്ര (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

**(4) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ ബില്ലിനെപ്പറ്റി 13-ാം തീയതി അസംബ്ലിയിലും 14-ാം തീയതി സബ്ജക്ട് കമ്മിറ്റിയിലും വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. രണ്ട് മെമ്പർമാർ സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് ഡിസന്റ് നോട്ട്

തന്നിട്ടുണ്ട്. ജനറൽ ഡിസ്കഷൻ കഴിഞ്ഞിട്ട് മറുപടി ആവശ്യമുണ്ടെങ്കിൽ പറയാം. ഇത് വേഗത്തിൽ പാസ്സാക്കിയെടുക്കാവുന്ന ബില്ലാണ്. വലിയ അഭിപ്രായവ്യത്യാസങ്ങളൊന്നുമില്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങേയ്ക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി സംസാരിക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, വക്കീൽ ഗുമസ്തന്മാർ നീതിന്യായവ്യവസ്ഥയുടെ അവിഭാജ്യമായ ഒരു ഘടകമാണ്. അഭിഭാഷകർക്ക് കിട്ടുന്ന ഒരു പ്രാധാന്യവും പ്രസക്തിയും പാവപ്പെട്ട വക്കീൽ ഗുമസ്തന്മാർക്ക് കിട്ടുന്നില്ല, പണ്ടുതൊട്ടേ കിട്ടാറില്ല. പണ്ടുകാലം മുതൽക്കെ വക്കീൽ ഗുമസ്തന്മാർ നമ്മുടെ നാട്ടിൻപുറങ്ങളിലെ പ്രധാനപ്പെട്ട ആളുകളാണ്. കഴിഞ്ഞ ദിവസം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, മലയാളത്തിന്റെ ഏറ്റവും പ്രിയപ്പെട്ട കവി ഇടശ്ശേരി ഗോവിന്ദൻ നായർ അദ്ദേഹത്തിന്റെ ജീവിതാവസാനം വരെ വക്കീൽ ഗുമസ്തനായി ജോലി ചെയ്തിരുന്ന ആളാണ്. നമ്മുടെ നാട്ടിൽ ഒരുപാട് സ്ഥലത്ത് പല കാര്യങ്ങൾക്കും തീർപ്പുകല്പിക്കാനും മദ്ധ്യസ്ഥത വഹിക്കാനുമൊക്കെ വക്കീൽ ഗുമസ്തന്മാരെ ആശ്രയിച്ചിരുന്നൊരു കാലമുണ്ട്. പക്ഷേ വക്കീൽ ഗുമസ്തന്മാർക്ക് സ്ഥിരവും ക്ലിപ്തവുമായ ഒരു വരുമാനമില്ല. അത് വക്കീലന്മാർക്കും ഇല്ലെന്ന് തന്നെ പറയാം. പക്ഷേ മിക്ക വക്കീൽ ഗുമസ്തന്മാർക്കും ശമ്പളമില്ല. അവരെ എപ്പോൾ വേണമെങ്കിലും പറഞ്ഞുവിടാം. അതായത് യാതൊരു ജോലി സ്ഥിരതയുമില്ലാത്ത ഒരു ജോലിയാണ് വക്കീൽ ഗുമസ്തന്മാരുടേത്. ഏത് വക്കീലിന്റെ കൂടെയാണെങ്കിലും നാളെ മുതൽ വരണ്ട എന്നു പറഞ്ഞാൽ വക്കീൽ ഗുമസ്തന്മാർക്ക് പണിയില്ല. പിന്നെ മറ്റേതെങ്കിലും വക്കീലിന്റെകൂടെ ജോലി ചെയ്യുന്നതിനുവേണ്ടി അന്വേഷിച്ചു നടക്കേണ്ട ഗതികേടാണ്. അതേസമയം

നീതിന്യായ വ്യവസ്ഥയുമായി ഏറ്റവും പ്രധാനപ്പെട്ട പല കാര്യങ്ങളും ചെയ്യുന്ന ആളുകളും വക്കീൽ ഗുമസ്തന്മാരാണ്. കോടതിയിൽ കെട്ടിവയ്ക്കേണ്ട തുക, കക്ഷികൾ കൊടുക്കുന്ന പണം ഇതെല്ലാം എല്ലാവരും വക്കീൽ ഗുമസ്തനെയാണ് വിശ്വസിച്ചേൽപ്പിക്കുന്നത്. അതിലൊക്കെ എന്തെങ്കിലും തിരിമറി നടത്തിയാൽ വക്കീലിന്റെ ജീവിതം തീർന്നു എന്നു പറയാം. വക്കീൽ ഗുമസ്തന്മാരുടെ ജോലി ഏറ്റവും ഉത്തരവാദിത്വമുള്ള ഒന്നാണ്. അതേസമയം അവർക്ക് അവർ അർഹിക്കുന്ന ഒരു അംഗീകാരമോ ജോലി സ്ഥിരതയോ ഒന്നും കിട്ടുന്നില്ല എന്ന ദു:ഖകരമായ യാഥാർത്ഥ്യവും നമ്മുടെ മുമ്പിലുണ്ട്. അതിനെല്ലാം ഒരു പരിധിവരെ സംരക്ഷണം കിട്ടുന്ന ഒന്നാണ് ഈ ക്ഷേമനിധി. ആ ക്ഷേമനിധിയിലെ തുക വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു ഭേദഗതി ബില്ലാണിത്. ഈ തുക ഇനിയും വർദ്ധിപ്പിക്കുന്നതുകൊണ്ട് യാതൊരു തരത്തിലുള്ള കുഴപ്പവും വരാൻ പോകുന്നില്ല. അവരുടെ ജീവിത സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഈ ബിൽ എല്ലാ വിഭാഗവും സ്വാഗതം ചെയ്യേണ്ടതാണ് എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ എന്റെ ഡിസന്റ് നോട്ട് അവതരിപ്പിക്കുകയാണ്. 8 വർഷം സർവ്വീസുള്ള വക്കീൽ ഗുമസ്തന്മാർക്ക് 60 വയസ്സ് കഴിഞ്ഞാൽ 500 രൂപ വീതം പ്രതിമാസം നൽകുകയും 8 വർഷത്തിലധികമുള്ള വർഷങ്ങൾക്ക് ഒരു വർഷം 10 രൂപ എന്ന കണക്കിൽ പരമാവധി 600 രൂപ എന്ന നിരക്കിൽ ആശ്വാസധനം കൊടുക്കുന്നതും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന ഒരു നിയമമാണിത്. ഈ നിയമം തീർച്ചയായും വക്കീൽ ഗുമസ്തന്മാർ സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ഈ

ഫണ്ടിലേയ്ക്ക് പണമെത്തുന്ന വഴികൾ കൂടുതൽ ശക്തിപ്പെടുത്തേണ്ട ആവശ്യമുണ്ട് എന്നാണ് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇപ്പോൾ 12 രൂപയുടെ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്റ്റാമ്പാണ് ഒരു വക്കാലത്തിൽ ഒട്ടിക്കേണ്ടത്. ഈ സ്റ്റാമ്പിന്റെ പണം കക്ഷികളിൽ നിന്നും വാങ്ങാതെ വക്കീൽ ഗുമസ്തന്മാർക്ക് കിട്ടുന്ന റൈറ്റിംഗ് ഫീസിൽ നിന്നുതന്നെ വാങ്ങണമെന്നാണ് മിക്ക ഓഫീസുകളിലും നിഷ്കർഷിക്കുന്നത്. ഈ സ്റ്റാമ്പ് ഒട്ടിക്കുമ്പോൾ ഗുമസ്തന്മാർക്ക് കിട്ടുന്ന പരിമിതമായ തുകയിൽ നിന്ന് വീണ്ടും കുറവു വരികയാണ്. വരുംവർഷങ്ങളിൽ വക്കീൽ ഗുമസ്ത ന്മാരായി ചേരുന്ന ആളുകളുടെ എണ്ണം കൂടാൻ പോകുകയാണ്. സ്വാഭാവിക മായും ഈ ഫണ്ടിൽ നിന്നുള്ള ചെലവ് വർദ്ധിക്കാൻ പോകുകയാണ്. അതുകൊണ്ട് ഫണ്ടിന്റെ, ഈ വെൽഫയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ സാമ്പത്തിക സുസ്ഥിരതയ്ക്ക് കോട്ടംവരാൻ എല്ലാ സാധ്യതയുമുണ്ട്. അതിന്റെ ഭരണപരമായ ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ എല്ലാ ക്ഷേമപെൻഷനുകളുടേയും അവസ്ഥ ഇങ്ങനെയാണ്. ക്ഷേമ പദ്ധതികളുടെ ഭരണപരമായ ചെലവ് വർദ്ധിക്കുകയും ആനുകൂല്യം കിട്ടേണ്ടവരുടെ ആനുകൂല്യങ്ങൾ പരിമിതപ്പെടുകയും ചെയ്യുന്ന ഒരു ദുരവസ്ഥ എല്ലാ ക്ഷേമപദ്ധതികൾക്കുമുണ്ട്. ആ അപകടം ഈ ക്ഷേമ പ്രവർത്തനത്തിനുണ്ടാകാതെ എങ്ങനെ പരിരക്ഷിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. നിലനിൽക്കുന്ന ഫണ്ടിന്റെ സാമ്പത്തിക സുസ്ഥിരത ഇന്ന് ആശാവഹമായിട്ടുള്ള നിലയിലാണോ കാര്യ ങ്ങൾ നിൽക്കുന്നത് എന്ന് പരിശോധിക്കണം. ഫണ്ടിൽ നിന്ന് കൂടുതൽ ആനു കൂല്യങ്ങൾ കൊടുക്കുമ്പോൾ ഫണ്ടിലേയ്ക്ക് വരുമാനം കൂടുതലായി കിട്ട

ണം. കൂടുതൽ ആനുകൂല്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമത്തിലൂടെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സ്വാഭാവികമായും ഫണ്ടിലേയ്ക്ക് വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള വ്യവസ്ഥകൾകൂടി ഇല്ലെങ്കിൽ ആത്യന്തികമായി വക്കീൽ ഗുമസ്തന്മാർക്ക് ഇതിന്റെ പ്രയോജനം കിട്ടാതെ വരും. ഇവിടെ ഓരോ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോഴും മൂലനിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ നിയമസഭയിൽ നിയമം അവതരിപ്പിച്ച് പാസ്സാക്കേണ്ടി വരികയാണ്. ഓർഡിനൻസ് എന്നൊരു പോംവഴി ഉണ്ടെങ്കിൽപ്പോലും അതിനു പ്രായോഗികമായി ഒട്ടനവധി ബുദ്ധിമുട്ടുകളുണ്ട്. ഈ ഫണ്ടിലേയ്ക്കുള്ള പ്രധാനപ്പെട്ട വരുമാനം ഇവിടെ പറഞ്ഞതുപോലെ എല്ലാ വക്കാലത്തിലും അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് സ്റ്റാമ്പ്സ് ഒട്ടിക്കുന്നതാണെങ്കിൽ രണ്ടാമത് കിട്ടുന്ന ഒരു വരുമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നുള്ള വരുമാനമാണ്.

ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് സംസ്ഥാന സർക്കാരിനുകിട്ടുന്ന വിഹിതം 20 ശതമാനമെന്നത് 30 ശതമാനമാക്കി വർദ്ധിപ്പിക്കാനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ലീഗൽ ബെനിഫിറ്റ് ഫണ്ട് ഇന്ന് ഫലപ്രദമായി പിരിച്ചെടുക്കുവാൻ കഴിയുന്നുണ്ടോയെന്ന പ്രശ്നമുണ്ട്. ശ്രീ. ജോസ് തെറ്റയിൽ ചെയർമാനും ശ്രീ. കെ. ശിവദാസൻ നായർ ഉൾപ്പെടെയുള്ള ആളുകൾ അംഗങ്ങളുമായിരുന്ന നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി 2008-ൽ സഭയിൽവച്ച ഒരു റിപ്പോർട്ടിലെ പ്രസക്തമായ ഭാഗം വായിക്കുവാൻ അങ്ങ് എന്നെ അനുവദിക്കണം. ആ റിപ്പോർട്ടിലെ 17-ാം ഖണ്ഡികയിൽ പറയുന്നത്, ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിന് ഡ്യൂപ്ലിക്കേഷൻ വരുന്നതായി സമിതിക്ക് പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനമൊട്ടാകെയുള്ള പ്രശ്നമാണ്. ലീഗൽ ബെനിഫിറ്റ് ഫണ്ടിന് പ്രത്യേകമായൊരു സ്റ്റാമ്പില്ല. ലീഗൽ

ബെനിഫിറ്റ് ഫണ്ടിന്റെ സീൽ അടിച്ച കോർട്ട് ഫീ സ്റ്റാമ്പാണ് ട്രഷറി മുഖേന ഇപ്പോൾ വിതരണം ചെയ്തുവരുന്നത്. ട്രഷറി മുഖേനെ സാധാരണ കൊടുക്കുന്ന കോർട്ട് ഫീ സ്റ്റാമ്പിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ ഒരു സീൽ അടിച്ചുകഴിഞ്ഞാൽ അതാണ് ലീഗൽ ബെനിഫിറ്റ്സ് ഫണ്ടായി വരുന്നത്. നിലവിൽ 20 ശതമാനമാണ് അഡ്വക്കേറ്റ്സ് ക്ലാർക്ക് വെൽഫയർ ഫണ്ടി ലേയ്ക്ക് വരുന്നത്. അത് ഇപ്പോൾ 30 ശതമാനമായി മാത്രമേ വർദ്ധിപ്പിക്കു വാൻ കഴിയുന്നുള്ളൂ. ഇവിടെയുള്ള പ്രശ്നം, ഈ റിപ്പോർട്ടിലുള്ളത് ഞാൻ വായിക്കുകയാണ്- "ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ സീൽ കൃത്രിമമായി ഉണ്ടാക്കി കോർട്ട് ഫീ സ്റ്റാമ്പിന് മുകളിൽ അടിക്കുന്ന പ്രവണത നിലനിൽക്കു ന്നുണ്ട്. രണ്ടും തമ്മിൽ തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ളത് കണക്കിലെടുത്തു കൊണ്ട് ഫണ്ടിൽ ചോർച്ച വരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു". അഞ്ചുകൊല്ലം മുമ്പ് നിയമസഭ കമ്മിറ്റി പറഞ്ഞതാണ്. അഡ്വക്കേറ്റ്സ് ക്ലാർക്ക് വെൽഫയർ ഫണ്ട് അടക്കം വിഹിതം ചെന്നെത്തുന്ന ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ വൻതോതിൽ ചോർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരുപക്ഷേ ഖജനാവിലേയ്ക്ക് കിട്ടുന്നുണ്ടായി രിക്കാം. എന്നാൽ ഈ പദ്ധതിയിലേയ്ക്ക് അതുപയോഗിക്കുവാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷം ഇവിടെ സംജാതമായിരിക്കുയാണ്. മൂലനിയമ ത്തിലെ 20-ാം വകുപ്പിൽ അംഗങ്ങൾക്കും ആശ്രിതർക്കും ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ നിർണ്ണയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഇത് എഫക്ടീവായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഇതുവരെ കഴി ഞ്ഞിട്ടില്ല. വക്കീൽ ഗുമസ്തന്മാർക്ക് ഈ ഫണ്ടിൽ നിന്ന് ചികിത്സയ്ക്ക് സഹായം കൊടുക്കുന്ന പദ്ധതി ഫലപ്രദമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

അതുപോലെ മെഡിക്ലെയിം ഇൻഷ്വറൻസ് അപകടമരണങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുയാണ്. അത് മറ്റുതരത്തിലുള്ള മരണങ്ങൾക്കും മറ്റ് അപകടങ്ങൾക്കും കൂടി വിപുലപ്പെടുത്തി കൊടുക്കുന്ന തരത്തിൽ നിബന്ധനകൾ കൊണ്ടുവരാൻ കഴിയണം. എന്റെ ഡിസന്റ് നോട്ടിലെ പ്രധാനപ്പെട്ട കാര്യം കൂടുതൽ വെൽഫെയർ മെഷേഴ്സ് ഉണ്ടാകണമെന്നാണ്. സ്വന്തമായി വീടില്ലാത്ത വക്കീൽ ഗുമസ്തന്മാർക്ക് വീട് നിർമ്മിക്കുവാൻ ഈ തുകയിൽ നിന്ന് അഡ്വാൻസ് കൊടുക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഇന്നുള്ള ഒരു പ്രായോഗിക ബുദ്ധിമുട്ട്, ക്ഷേമനിധി കമ്മിറ്റിയുടെ ഓഫീസ് തിരുവന്തപുരത്താണ് പ്രവർത്തിക്കുന്നത്. സ്റ്റാമ്പ് വാങ്ങുന്നതുൾപ്പെടെയുള്ള പ്രധാനപ്പെട്ട കാര്യങ്ങൾക്കെല്ലാം കാസർഗോഡ് മുതലുള്ള വക്കീൽ ഗുമസ്തന്മാർ തിരുവനന്തപുരത്ത് എത്തിച്ചേരേണ്ട സ്ഥിതിയാണുള്ളത്. ക്ഷേമനിധി ബോർഡിന് മേഖലാ ഓഫീസ് വേണമെന്ന നിർദ്ദേശം ഉണ്ടായിരുന്നു. അത് തുടങ്ങിയിട്ടുണ്ടോയെന്ന് സൂക്ഷ്മമായി പറയുവാൻ കഴിയില്ല. മേഖലാ ഓഫീസുകൾ നിർബന്ധമായും അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഉണ്ടായില്ലായെങ്കിൽ നമുക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. 2008-ൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഈ വിഷയം പഠിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നത്, പ്രതിവർഷം 12 ലക്ഷം കേസുകളാണ് ഹൈക്കോടതിയിലും കീഴ്ക്കോടതിയിലുമായി ഫയൽ ചെയ്യപ്പെടുന്നത് എന്നാണ്. അതേസമയം വിവിധ ട്രിബ്യൂണലുകൾ, താലൂക്ക് ഓഫീസുകൾ, വിവിധ അതോറിറ്റികൾ അവിടെയൊക്കെയായി അഞ്ചുലക്ഷം കേസുകൾ ഉണ്ടാവുകയാണ്. അങ്ങനെ ഏതാണ്ട് 34 ലക്ഷം വക്കാലത്തുകളാണ് ഒരു വർഷം സംസ്ഥാനത്ത് ഫയൽ ചെയ്യപ്പെടുന്നത്. ആ 34 ലക്ഷം വക്കാലത്തുകൾക്ക് 12 രൂപ വീതം വക്കീൽ ഗുമസ്തരുടെ ക്ഷേമനിധി സ്റ്റാമ്പ്

ഒട്ടിച്ചാൽ നാലുകോടി രൂപയാണ് വരുമാനം കിട്ടുന്നത്. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് 20 ശതമാനമെന്നത് 30 ശതമാനമാക്കി വർദ്ധിപ്പിച്ചാൽ എന്ത് വരുമാനം ഈ ഫണ്ടിലേയ്ക്ക് കിട്ടുമെന്ന് നിർണ്ണയിക്കാൻ ഇതുവരെ കഴി ഞ്ഞിട്ടില്ല. ഇപ്പോൾ എത്ര രൂപ കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞാൽ എന്റെ അറിവിലേയ്ക്ക് സഹായകമായിരി ക്കും 6000 അംഗങ്ങളാണ് ക്ഷേമനിധിയിൽ 1200 രൂപവച്ച് അടയ്ക്കുന്നത്. അങ്ങനെ എല്ലാ അംഗങ്ങളും 1200 രൂപവച്ച് അടച്ചാൽ എഴുപത്തിരണ്ട് ലക്ഷം രൂപയാണ് ഫണ്ടിലേയ്ക്ക് ലഭിക്കുന്നത്. ഈ വരുമാന സ്രോതസ്സുകളെല്ലാം കൂടി കൂട്ടിയാൽപ്പോലും പ്രതിവർഷം 5.5 കോടി രൂപ മാത്രമേ ഈ ഫണ്ടി ലേയ്ക്ക് വരുമാനമായി കിട്ടുന്നുള്ളൂ. ഇതുവളരെ പരിമിതമാണെന്ന അഭി പ്രായം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുക യാണ്. ഇത് എങ്ങനെ വർദ്ധിപ്പിക്കുവാൻ സാധിക്കും? ഇനി എന്തെങ്കിലും പുതിയ സ്രോതസ്സ് കണ്ടുപിടിക്കുവാൻ സാധിക്കുമോയെന്ന് ചോദിച്ചാൽ, സ്വാഭാവികമായും ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ വന്ന ചർച്ചയുടെ ഭാഗ മായി അഡ്വക്കേറ്റ്സിന്റെ ഷെയർ കൂടി ഈ ഫണ്ടിലേയ്ക്ക് കൊണ്ടുവരുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കു വാനുള്ളത്. അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് വളരെ രൂക്ഷമായി അനുഭവപ്പെടുന്നുണ്ടെന്ന പരാതിയുണ്ട്. അത് പരിഹരിക്കുവാൻ നടപടിയുണ്ടാകണം. അഭിഭാഷക ക്ഷേമനിധികളുടെ സ്റ്റാമ്പുകൾക്ക് അതാത് ബാർ അസ്സോസിയേഷനുകളിൽ കമ്മീഷനുണ്ട്. ഈ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പുകൾക്കുള്ള കമ്മിഷൻ പോലെ അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിന്റെ സ്റ്റാമ്പ് വിൽപ്പനയ്ക്കും എന്തെങ്കിലും കമ്മീഷൻ സംവിധാനം ഏർപ്പെടുത്തി അതാത് സ്ഥലത്തുള്ള അഡ്വക്കേറ്റ്സ്

സംഘടനകൾക്ക് അവിടെ പ്രവർത്തിക്കുന്നതിന് സൗകര്യം ഒരുക്കിക്കൊടുക്കുവാൻ കഴിയുമോയെന്നത് പരിശോധിക്കണം. അതുപോലെ അഡ്വക്കേറ്റ്സ് ഓഫീസുകളിൽ ഇപ്പോൾ രജിസ്റ്റേഡ് ക്ലർക്കുമാർ മാത്രമല്ല കമ്പ്യൂട്ടർ ഓപ്പറേറ്റർമാരും ടൈപ്പിസ്റ്റുകളുമുണ്ട്. അവർക്ക് ഒരു പരിരക്ഷയും ഒരു നിയമംമൂലവും ലഭിക്കുന്നില്ല. ഏതെങ്കിലും തരത്തിൽ അവർക്കുകൂടി പരിരക്ഷ കൊടുക്കുവാൻ കഴിയുമോയെന്നുകൂടി പരിശോധിക്കുവാൻ കഴിയണം. നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യത വലിയ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങൾക്ക് കോടതികൾ മുഖേനെ നീതി നടപ്പിലാക്കി കിട്ടുമെന്ന് പഴയകാലത്തുണ്ടായിരുന്ന വിശ്വാസം കുറഞ്ഞിരിക്കുകയാണ്. അതിന് പ്രധാന കാരണം കേസ്സുകൾ കെട്ടികിടക്കുന്നതുകൊണ്ടാണ്. കേസ്സുകൾ വളരെവേഗം തീർപ്പുകൽപ്പിക്കാൻ തക്കവിധം വളരെ ഫലപ്രദമായ വേഗതയോടുകൂടിയ നീതിന്യായ സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉറപ്പാക്കുവാൻ കഴിയണം. കേസ്സുകളുടെ എണ്ണം കുറയുന്നതിന്റെ പ്രധാന കാരണം, കേസ്സുകൊടുത്താൽ കോടതി മുഖേന നീതികിട്ടാൻ കഴിയുമെന്ന ജനങ്ങളുടെ വിശ്വാസത്തിന് വലിയ ഭംഗം ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. അതുകൊണ്ടുതന്നെ അഡ്വക്കേറ്റുമാർ പലരും കേസ്സുകൾ കുറയുന്നതനുസരിച്ച് ആധാരം എഴുത്ത് പോലുള്ള മറ്റ് നടപടികളിലേയ്ക്ക് പോകുന്നത് വലിയ ആപൽക്കരമായ സ്ഥിതി വിശേഷം ഇവിടെ ഉണ്ടാക്കുകയാണ്. അതുകൊണ്ട് നീതിന്യായ വ്യവസ്ഥകളിൽ ജനൾക്കുള്ള വിശ്വാസം വീണ്ടെടുക്കുവാൻ, കോടതികളിൽ നിയമനടപടികളിലൂടെ നീതി ഉറപ്പാക്കികിട്ടുമെന്നും തങ്ങളുടെ അവകാശം സംരക്ഷിച്ചുകിട്ടുമെന്നുമുള്ള വിശ്വാസം ജനങ്ങളിൽ അങ്കുരിപ്പിക്കുവാൻ സത്വര നടപടികൾ ഉണ്ടാകണമെന്ന അഭിപ്രായം കൂടി ഞാൻ രേഖപ്പെടുത്തുകയാണ്.

ഈ നിയമനിർമ്മാണ പ്രക്രിയയിൽ വളരെ സൂക്ഷ്മതയോടുകൂടി നാം നീങ്ങേണ്ടിയിരിക്കുന്നു. നിയമനിർമ്മാണ പ്രക്രിയയുടെ വിവിധഘട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള കാര്യങ്ങളിൽ മാത്രമേ ഏർപ്പെടുവാൻ പാടുള്ളൂ. നിയമ നിർമ്മാണത്തിലെ മൂന്നാംവായന സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, ആ നിയമം നടപ്പിലാകുമ്പോൾ സമൂഹത്തിൽ/നാട്ടിലുണ്ടാകുന്ന ഇംപ്ലിക്കേ ഷൻസ് എന്നതിൽ പരിമിതപ്പെടുത്തി വേണമായിരുന്നു ചർച്ച. കഴിഞ്ഞ നിയമ ത്തിലെ ചർച്ച, പുതിയ ആശയങ്ങൾ, നയപരമായ പ്രശ്നങ്ങൾ തുടങ്ങിയവ യൊക്കെ ചർച്ച ചെയ്യുന്ന മൂന്നാം വായനയായിരുന്നു മണൽവാരലുമായി ബന്ധപ്പെട്ട് ഇവിടെ ഉണ്ടായത്. വളരെ സൂക്ഷ്മതയോടുകൂടി നിയമനർമ്മാണം ഉണ്ടാകണം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി മുന്നോട്ട് വച്ചിരിക്കുന്ന ഈ നിർദ്ദേശങ്ങളിൽ പലതും സ്വീകാര്യമാണ്. പക്ഷേ അഭിഭാഷക ഗുമസ്തന്മാരുടെ സേവന വ്യവസ്ഥകൾ കൂടുതൽ പരിരക്ഷിക്കു ന്നതിന്, അവർക്ക് കൂടുതൽ സംരക്ഷണം ഏർപ്പെടുത്തുന്നതിന് കൂടുതൽ വ്യ വസ്ഥ കൂടി ആവശ്യമായിരിക്കുന്നുവെന്ന എന്റെ അഭിപ്രായം ഞാൻ രേഖപ്പെ ടുത്തുകയാണ്.

മി. സ്പീക്കർ: ശ്രീ. എം. എ. വാഹിദ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി മൂവ് ചെയ്ത് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. എ. വാഹിദ്: സർ, 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി ബിൽ ചർച്ച ചെയ്യുമ്പോൾ അവരുടെ ജീവിത സാഹചര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സിൽ

കാണണമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കെ. എം. മാണി സാറും വക്കീലായിരുന്നതാണ്, അങ്ങേയ്ക്കും ഗുമസ്തന്മാർ ഉണ്ടായിരുന്നതുമാണ്. അതിനാൽ അവരുടെ ജീവിത സാഹചര്യംകൂടി ഈ ബിൽ പൈലറ്റ് ചെയ്യുമ്പോൾ ഓർമ്മിക്കുന്നത് നല്ലതാണെന്നാണ് ഒരു വക്കീലായ എന്റെ അഭിപ്രായം. വക്കീലിനും കക്ഷികൾക്കുമിടയിലുള്ള ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ് ഗുമസ്തൻ. ഗുമസ്തന് ജോലി സ്ഥിരതയും നിശ്ചിത സമയപരിധിയും നിശ്ചിത വരുമാനവുമില്ല, കിട്ടിയാൽ കിട്ടി ഇല്ലെങ്കിൽ ഇല്ല. 'ഉള്ളപ്പോൾ ഉണ്ണി ഇല്ലാത്തപ്പോൾ പട്ടിണി' എന്നുള്ള സ്ഥിതിയാണ്.

മി. സ്പീക്കർ: വക്കീലന്മാർ ഗുമസ്തന്മാർക്കൊന്നും കൊടുക്കാറില്ലേ?

ശ്രീ. എം. എ. വാഹിദ്: ഞങ്ങൾക്കും ഒന്നും കിട്ടാറില്ല. ശ്രീ. കെ. എം. മാണി സാറിനെപ്പോലുള്ളവർക്ക് മാത്രമേ ശമ്പളം കൊടുത്ത് ഗുമസ്തന്മാരെ വയ്ക്കുവാൻ സാധിക്കൂ. ഞങ്ങളെപ്പോലുള്ളവർക്കൊന്നും ശമ്പളം കൊടുത്ത് ഗുമസ്തന്മാരെ വയ്ക്കുവാൻ സാധിക്കില്ല. അങ്ങനെ വളരെ മോശമായ സാഹചര്യത്തിൽ ജീവിതം തള്ളിനീക്കുന്ന ഗുമസ്തന്മാർക്ക് ഒരു അത്താണിയായിട്ടാണ് ഈ ബിൽ കാണുന്നത്. അതുകൊണ്ടുതന്നെ കാതലായ മാറ്റം ഈ നിയമത്തിൽ അത്യാവശ്യമാണ്. ആയതിന് 3-ാം വകുപ്പുകൂടി യഥാർത്ഥത്തിൽ ഭേദഗതി ചെയ്യേണ്ടതായിരുന്നു. 3-ാം വകുപ്പ് പ്രകാരം നല്ലൊരു തുക സർക്കാരിന്റെ കോൺട്രിബ്യൂഷനായി നീക്കിവയ്ക്കേണ്ടത് അത്യാവശ്യമായിരുന്നു. അതുപോലെതന്നെ 4-ാം വകുപ്പിൽ, പുതിയ അംഗങ്ങൾക്കുകൂടി ഈ വെൽഫെയർ ഫണ്ട് കമ്മിറ്റിയിൽ വരത്തക്ക രീതിയിൽ രണ്ടു പ്രാവശ്യമായി നിജപ്പെടുത്തേണ്ടതും, ഒരാളിന് രണ്ട് പ്രാവശ്യത്തിൽക്കൂടുതൽ മെമ്പറായിരിക്കുവാൻ അവകാശം കൊടുക്കുവാൻ പാടില്ലാത്തതുമായിരുന്നു.

കൂടാതെ സെക്ഷൻ 14-ൽ, രണ്ടുരൂപയുടെയും, പിന്നീട് ആറുരൂപയുടെയും സ്റ്റാമ്പ് ഒട്ടിക്കേണ്ട സാഹചര്യം വന്നപ്പോൾ നമ്മുടെ ഗുമസ്തന്മാർക്ക് കിട്ടി കൊണ്ടിരുന്ന കമ്മീഷൻ പോലും ഇപ്പോൾ കിട്ടുന്നില്ല. വാർഷിക വരിസംഖ്യ 1200 രൂപയായി നിശ്ചയിച്ച് ഉയർത്തിയിട്ടും സ്റ്റാമ്പിന് 6 രൂപയിൽ നിന്ന് 12 രൂപയായി വർദ്ധിപ്പിച്ചപ്പോൾ ഒരാനുകൂല്യങ്ങളും അവർക്ക് കിട്ടുന്നില്ല. അതുകൊണ്ട് അവരുടെ ക്ഷേമനിധി സംഖ്യ 5 ലക്ഷമായി ഉയർത്തി പെൻഷൻ തുക 2000 രൂപയാക്കണമെന്നുള്ള നിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്. അതുപോലെ 2003 - ലെ ആക്ട് നിലവിൽ വന്നപ്പോൾ പ്രായാധിക്യം വന്ന ധാരാളം ആളുകളുണ്ടായിരുന്നതിനാൽ 5 വർഷം അംഗമായതിനുശേഷം മാത്രമേ വിരമിക്കാവൂ എന്നാണ്. എന്നാൽ ഡെത്ത് ക്ലെയിം 30,000 രൂപയായി നിശ്ചയിച്ചിരുന്നു. 2009-ൽ 5 വർഷം കഴിഞ്ഞിട്ടും 2009-നുശേഷം അംഗമായിരിക്കവെ മരണപ്പെട്ടുപോയവർക്ക് സർവ്വീസ് കണക്കാക്കാതെ മുഴുവൻ ക്ഷേമനിധി തുകയും ഡെത്ത് ക്ലെയിമായി അനുവദിക്കാൻ ഈ നിയമത്തിൽ മാറ്റമുണ്ടാകണം. 17-ാമത്തെ വകുപ്പ് പീനൽ ക്ലാസാണ്. അതിൽ പറയുന്നത് അംഗങ്ങളുടെ വിഹിതം അടയ്ക്കാതിരുന്നാൽ 12 ശതമാനം പലിശ ഈടാക്കണമെന്നാണ്. അത് പ്രയാസമാണ്. അത് 6 ശതമാനമായി കുറയ്ക്കണമെന്ന നിർദ്ദേശംകൂടി ഞാൻ വയ്ക്കുകയാണ്. മെഡിക്ലെയിമിന്റെ കാര്യത്തിൽ കാര്യമായ മാറ്റം വരുത്തണം. 1,00,000 രൂപയെങ്കിലും അവർക്ക് കിട്ടത്തക്ക രീതിയിലുള്ള

മാറ്റം വരുത്തണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി.റ്റി.എ. റഹീം: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 2 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കോടതികളുടെ നടത്തിപ്പിൽ ഏറ്റവുമധികം സഹായകരമാകുന്ന ഒരു തൊഴിലാളി വിഭാഗമാണ് വക്കീൽ ഗുമസ്തൻമാർ. സാധാരണഗതിയിൽ വക്കീലൻമാർക്ക് 4 സ്റ്റേജുണ്ടെന്നാണ് പറയുന്നത്. ആദ്യം വക്കീൽ എൻറോൾ ചെയ്യുമ്പോൾ കേസുമുണ്ടാവുകയില്ല, ഫീസുമുണ്ടാവുകയില്ല. രണ്ടാമത് കേസുണ്ടാകുന്ന ഒരു സ്ഥിതിവരും, അപ്പോൾ ഫീസില്ലാത്ത സ്ഥിതിയാണ് ഉണ്ടാവുക. മൂന്നാമത്തെ സ്റ്റേജിൽ കേസുമുണ്ടാകും, ഫീസുമുണ്ടാകും. കുറേക്കൂടി സീനിയറാകുമ്പോൾ കേസുണ്ടാവുകയില്ല, പക്ഷേ ഫീസുണ്ടാകും. ഈ നാല് സ്റ്റേജ് വരുമ്പോഴും വക്കീൽ ഗുമസ്തൻമാരുടെ സഹായം ഈ പ്രൊഫഷൻ കൊണ്ടുപോകാൻ അത്യന്താപേക്ഷിതമാണെന്നുമാത്രമല്ല, പ്രത്യേകിച്ച് ജൂനിയർ വക്കീലൻമാരെ സംബന്ധിച്ചിടത്തോളം വക്കീൽ ഗുമസ്തൻമാരില്ലാതെ മുമ്പോട്ടുപോകാൻ സാധിക്കാത്ത ഒരു സ്ഥിതിയാണുള്ളതെന്ന് നമുക്കറിയാം. ആ വിഭാഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടി മതിയായ വ്യവസ്ഥകളൊന്നും ഈ നിയമത്തിലുണ്ടെന്ന് തോന്നുന്നില്ല. 60 വയസ്സിനുശേഷം വളരെ ചെറിയൊരു സംഖ്യമാത്രം ലഭിക്കുന്ന ഒരു സാഹചര്യമാണുള്ളത്. വക്കീൽ ഗുമസ്തൻമാരുടെ ബുദ്ധിയാണ് പലപ്പോഴും കേസ് നടത്തിപ്പിന്

സഹായകമാകുന്നതെന്ന് എല്ലാവരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ നീതിന്യായ വ്യവസ്ഥ നിലവിലുള്ള സാഹചര്യത്തിൽ ഒരു വിശ്വാസമില്ലാത്ത രൂപത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. വക്കീൽ ഗുമസ്തൻമാരുടെ വിശ്വാസ്യതയും വക്കീലൻമാരുടെ വിശ്വാസ്യതയും നിയമം നടപ്പിലാക്കുന്നവരുടെ വിശ്വാസ്യതയുമൊക്കെ ഇന്ന് ചോദ്യം ചെയ്യപ്പെടുന്ന ഒരു സാഹചര്യത്തിലാണ്. മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ അതിലെ വെള്ളം മുഴുവനും അളന്നുനോക്കിയിട്ടാണ് അതിന് താഴെയുള്ള ഡാമിൽ താങ്ങുമെന്ന് കോടതിയിൽ അഫിഡവിറ്റ് കൊടുത്തതെന്നുള്ളതും നമ്മുടെ നാട്ടിൽ തന്നെയാണ്. ഒരു വക്കീൽ ഗുമസ്തന്റെ ഉപദേശമെങ്കിലും തേടിയിരുന്നെങ്കിൽ ഷുക്കൂർ വധക്കേസിൽ ഇത്രയും വലിയ മാനക്കേട് ഉണ്ടാകുമായിരുന്നില്ല. ഒരു ചെറുപ്പക്കാരനെ വധിച്ചതുമായി ബന്ധപ്പെട്ട കേസ് മുഴുവൻ കുളമാക്കി. ഒരു വക്കീൽ ഗുമസ്തന്റെ ഉപദേശമെങ്കിലും കിട്ടിയിരുന്നുവെങ്കിൽ അങ്ങനെ ഉണ്ടാകുമായിരുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ സെക്ഷൻ 118 അനുസരിച്ച് ഒരാളെ കേസിൽ ഉൾപ്പെടുത്തുന്ന അവസരത്തിൽ നല്ല ശ്രദ്ധ വേണ്ടതാണ്. ബഹുമാനപ്പെട്ട ഇ.പി. ജയരാജൻ, ഒരു വധശ്രമവുമായി ബന്ധപ്പെട്ട് ജീവച്ഛവമായി. അദ്ദേഹത്തിന് ഭക്ഷണം കഴിക്കുവാൻപോലും സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുപോലെ നിയമസഭയിലെ നമ്മുടെ സുഹൃത്ത് റ്റി. വി. രാജേഷ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളെയും ഉന്നതനേതാക്കൻമാരെയുമൊക്കെ ജയിലിൽ അയയ്ക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ഒരു കേസാണ് ഷുക്കൂർ വധത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഈ വെളിപ്പെടുത്തൽ മാത്രമല്ല കോടതിയിലെ കാര്യങ്ങളിലേയ്ക്കൊന്നും

ഞാൻ കടക്കുന്നില്ല. പക്ഷേ പൊതുജന പ്രവർത്തകരേയും ജനപ്രതിനിധികളെയുമൊക്കെ കള്ളക്കേസിൽ കുടുക്കുകയെന്നുള്ളത് ഏറ്റവുമധികം അപലപിക്കപ്പെടേണ്ട ഒരു കാര്യമാണെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. ശ്രീ. ഇ.പി. ജയരാജൻ, ശ്രീ. റ്റി.വി. രാജേഷ് എന്നിവരുൾപ്പെടെയുള്ള ആളുകൾ ഒരു അക്രമസംഭവുമായി ബന്ധപ്പെട്ട് ***** ***** **** *** ***[9]

മി. സ്പീക്കർ: ശ്രീ. റഹീം.............. എന്തിനാ ഈ atmosphere കളയുന്നത്. .............ബഹളം............

ശ്രീ. പി.റ്റി.എ. റഹീം: ഞാൻ കേസിലേയ്ക്ക് കടക്കുകയല്ല. ഒരു കേസിന്റെ നടത്തിപ്പിനെപ്പറ്റി പറഞ്ഞതാണ്. ..........ബഹളം............ ഞാൻ കോടതി നടപടികളിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാൻ അതിനെ സംബന്ധിച്ചല്ല പറയുന്നത്. ഇതിൽ ഗവൺമെന്റിന്റെ ഒരു വീക്ഷണത്തെ സംബന്ധിച്ചുമാത്രമേ ഞാൻ പറയുന്നുള്ളൂ. .........ബഹളം.......... നിങ്ങളുടെ മനസ്സിലുള്ളത് എനിക്ക് പറയുവാൻ കഴിയില്ല. ഈ കേസുണ്ടായ അവസരത്തിൽ തന്നെ ഞാൻ ഈ അഭിപ്രായക്കാരനാണ്. കാരണം, 118 സെക്ഷനിലും ഇത് നിൽക്കില്ല. നിങ്ങൾ ഈ കേസുണ്ടാക്കിയത് ഒരു ബൈ ഇലക്ഷൻ നടക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയെ ഒരു വസ്തുതാന്വേഷണ സംഘമായി അയച്ചിട്ട് ആവശ്യമായ മേമ്പൊടി ചേർത്തുകൊണ്ടാണ് നിങ്ങൾ ഇതുണ്ടാക്കിയത്. എഫ്.ഐ.ആർ.-ൽ അങ്ങനെയൊരു ഗൂഢാലോചന നടന്നിരുന്നതായി പറയുന്നില്ല. 6 മണിക്കൂറിനുശേഷം വിചാരണ നടത്തിയിട്ടാണ് ശിക്ഷിച്ചതെന്ന് പറയുന്ന

[9] ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.

ആളുകൾ മനസ്സിലാക്കേണ്ട ഒരു കാര്യം, അങ്ങനെ ഒരു കേസുണ്ടാക്കിയിട്ട് ഷുക്കൂറിന്റെ കേസ് ആകെ കുളമാക്കി എന്നുള്ളതാണ്. ഒരു ചെറുപ്പക്കാരനെ വധിച്ച ഒരു കേസ്...................

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്നുരാവിലെ Rule 52 (7)-ന്റെ ചർച്ചാവേളയിൽ അങ്ങ് റൂൾ കൊടുത്തതാണ്. 'The motion shall not deal with a matter which is under adjudication by a court.........' അത് വീണ്ടും ആവർത്തിച്ചത് ശരിയാണോ? അത് രേഖയിലുണ്ടാകാൻ പാടില്ല. ..........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്............. പ്ലീസ്.............ശ്രീ. റഹീം..........കഴിഞ്ഞ ദിവസം അങ്ങാണ് ഒരു വിഷയമുണ്ടാക്കി ഇവിടെ എക്സ്പഞ്ച് ചെയ്യേണ്ടിവന്നത്. അങ്ങ് വിഷയത്തിലേയ്ക്ക് വരൂ. ശ്രീ. കെ.സി. ജോസഫിന്റെ പോയിന്റ് ഓഫ് ഓർഡർ ശരിയാണ്. അത്തരം കാര്യങ്ങളൊന്നും രേഖയിൽ വരില്ല.

ശ്രീ. പി.റ്റി.എ. റഹീം: സർ, ഞാനൊരു കാര്യം ചേദിക്കട്ടെ. ഈ രണ്ട് സാക്ഷികളെ മാപ്പുസാക്ഷിയാക്കാനെങ്കിലുമുള്ള ബുദ്ധി കാണിക്കണ്ടേ.

മി. സ്പീക്കർ: യെസ്........പ്ലീസ്............. പ്ലീസ്.... (ബഹളം)....ഇത് രാവിലെ പറഞ്ഞതാണ്. വിചാരണയുമായി ബന്ധപ്പെട്ട കേസ്....നോ.....നോ....അതുമായി ബന്ധപ്പെട്ടതൊന്നും ഇവിടെ പരാമർശിക്കാൻ പാടില്ല. അതൊന്നും രേഖയിലുണ്ടാകില്ല.

<u>ശ്രീ. പി.റ്റി.എ. റഹീം</u>: സർ, വക്കീൽ ഗുമസ്തൻമാരുടെ വിവരം പോലുമില്ലാത്ത കുറെ ആളുകളാണ് ഈ കേസ് എടുക്കുന്നതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: സർ, ബഹുമാന്യനായ സുരേഷ് കുറുപ്പ് വക്കീൽ ക്ലാർക്കുമാരുടെ ബുദ്ധിമുട്ടുകളും അവർക്ക് അഭിഭാഷകർക്കൊപ്പം പ്രസക്തിയില്ലെന്ന് പറഞ്ഞതും ശരിയാണ്. അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ക്ഷേമം ഉറപ്പുവരുത്താനുമാണ് ഇൻഡ്യയിൽ ആദ്യമായി, 2003-ൽ കേരളത്തിൽ ഇങ്ങനെ ഒരു മോഡൽ ബിൽ കൊണ്ടുവന്നത്. ഇപ്പോൾ ഗുമസ്തന്മാർക്ക് റിട്ടയർമെന്റ് ബെനിഫിറ്റായി 2 ലക്ഷം രൂപയും പുറമെ പെൻഷനുമാണ് നൽകുന്നത്. **ആൻസിലറി ബെനിഫിറ്റ്** കുറേയുണ്ട്. കൂടുതൽ ബെനിഫിറ്റ് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയുണ്ടായി. ഡിസന്റിംഗ് നോട്ടിൽ ഒരു വാക്കാണെങ്കിലും കൂടുതൽ വെൽഫയർ കൊടുക്കുന്നില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അതൊന്നും ഓപ്പൺ ചെയ്യാത്തതാണ്. അതുകൊണ്ട് അതൊന്നും സ്വീകാര്യമല്ല. അഡീഷണൽ കോർട്ട് ഫീയുടെ മുഴുവൻ പ്രൊസീജുവേഴ്സും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ വരും. സ്റ്റാമ്പ് ഒട്ടിക്കുന്ന വക്കാലത്തിൽ ആ സ്റ്റാമ്പിന്റെ ഒന്നുപകുതി വരുമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് വരും. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും 20 ശതമാനമാണ് ഗുമസ്തന്മാരുടെ ക്ഷേമനിധിയിലേയ്ക്ക് പറഞ്ഞിരുന്നത്. അതിപ്പോൾ വർദ്ധിപ്പിച്ച് 30 ശതമാനമാക്കുകയാണ്. അതുപോലെതന്നെ ഒട്ടിക്കേണ്ട സ്റ്റാമ്പിന്റെ വില 12 രൂപയാക്കി ഉയർത്തുകയാണ്. അതുകൂടെ വരുമ്പോൾ ന്യായമായ ഒരു തുക വരും. വലിയ തുക എന്നുപറയുന്നത് പ്രായോഗികമല്ല. ഒന്നുമില്ലാതിരുന്ന അവസ്ഥയിൽ നിന്ന് വളരെ ബെറ്ററായ ഒരവസ്ഥ

യിലേയ്ക്ക് അവരെ പ്രതിഷ്ഠിക്കുന്നു എന്നുള്ളതാണ് ഈ നിയമത്തിന്റെ പ്രത്യേകത. ഇക്കാര്യത്തിൽ ആശങ്കകളൊന്നും വേണ്ട. ഇത് എല്ലാവർക്കും സ്വീകാര്യമായ ഒരു ബില്ലാണ്. എല്ലാവരും ചേർന്ന് പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. എം.എ. വാഹീദ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം.എ. വാഹീദ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.റ്റി.എ. റഹീം അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി.റ്റി.എ. റഹീം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. പി.റ്റി.എ. റഹീം അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

## 2-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(1)-ൽ "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ച് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(1)-ൽ "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾക്ക് പകരം "ഇരുപത് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 2 പ്രകാരം "പന്ത്രണ്ട് രൂപ മൂല്യമുള്ള" സ്റ്റാമ്പ് എന്നുള്ളതിനു പകരം "ഇരുപത് രൂപ മൂല്യ"മുള്ളതെങ്കിലുമാക്കിയാൽ കുറച്ചുകൂടി ഫണ്ട് നല്ലതായിവരാൻ സഹായിക്കും.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(1)-ൽ "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള"

എന്നീ വാക്കുകൾക്ക് പകരം "അൻപത് രൂപയുടെ മൂല്യമുളള" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സ്റ്റാമ്പ് വാല്യു ഇനിയും കൂട്ടിയാൽ ക്ലാർക്കുമാർക്ക് ബുദ്ധിമുട്ടാകും. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3-ാം വകുപ്പ്

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ഖണ്ഡം 3 (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ "ആയിരത്തി ഇരുന്നൂറ് രൂപ " എന്നീ വാക്കുകൾക്ക് പകരം "അറുന്നൂറ് രൂപ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ "ജൂൺ 30-ാം തീയതിയിലോ " എന്നീ വാക്കുകൾക്ക് പകരം "സെപ്റ്റംബർ 30-ാം തീയതിയിലോ " എന്നീ വാക്കുകൾ ചേർക്കുക

.

ഇതിൽ ഒരംഗത്തിന് മുഴുവനായി പൈസ അടയ്ക്കണമെങ്കിൽ ജൂൺ 30-ാം തീയതി അല്ലെങ്കിൽ അതിനുമുമ്പോ അല്ലെങ്കിൽ 3 തുല്യ ഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികളിലോ നൽകാം. മേൽപ്പറഞ്ഞ പ്രകാരം മൊത്തമായോ ഗഡുക്കളായോ നിശ്ചിത സമയത്തിനകം വരിസംഖ്യ അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന അംഗങ്ങൾ അപ്രകാരം വീഴ്ച വരുത്തിയ കുടിശ്ശിക തുക പന്ത്രണ്ട് ശതമാനം പലിശ സഹിതം ഡിസംബർ 31-ാം തീയതിയിലോ അതിനുമുമ്പായോ അടയ്ക്കേണ്ടതാണ്. മൊത്തമായി തുക അടയ്ക്കുന്ന ഒരാൾ ജൂൺ 30-ാം തീയതിക്ക് മുമ്പ് അടച്ചില്ലെങ്കിൽ പിന്നെ അടയ്ക്കുന്നതിന് അയാൾ പലിശ കൊടുക്കണമെന്ന് പറയുന്നത് ശരിയായ കാര്യമല്ല. അതുകൊണ്ട് ജൂൺ 30-ാം തീയതിയിലോ എന്ന വാക്കുകൾക്കുപകരം ഒന്നിച്ചടയ്ക്കുന്നത് സെപ്റ്റംബർ 30-ാം തീയതി എന്നാക്കണം. അപ്പോൾ പലിശ കൊടുക്കേണ്ടിവരില്ല. അതായത് പണം ഒന്നിച്ച് അടയ്ക്കുന്ന ആളും പലിശ കൊടുക്കണമെന്ന് പറയുന്നതിനകത്ത് അപാകതയുണ്ട്. അത് മാറ്റണം.

122. ഖണ്ഡം 3 (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)- ന്റെ ക്ലിപ്തനിബന്ധനയിൽ " ഡിസം

ബർ 31-ാം തീയതിയിലോ" എന്നീ വാക്കുകൾക്കുപകരം " അടുത്ത വർഷം മാർച്ച് 31-ാം തീയതിയിലോ" എന്നീ വാക്കുകൾ ചേർക്കുക.

"ഡിസംബർ 31-ാം തീയതി" എന്നത് "അടുത്ത വർഷം മാർച്ച് 31-ാം തീയതി" എന്നാക്കണം. എങ്കിലേ അടുത്ത ഫിനാൻഷ്യൽ ഇയറിലെങ്കിലും അത് ചെയ്യാൻ സാധിക്കുകയുള്ളൂ.

127. ഖണ്ഡം 3 (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (6) ൽ "ഡിസംബർ 31-ാം തീയതിക്ക് മുൻപ്" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "അടുത്ത വർഷം മാർച്ച് 31-ാം തീയതിക്ക് മുൻപ്" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

<u>ശ്രീ. എം. ഹംസ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ "മൂന്ന് തുല്യഗഡുക്കളായി " എന്നീ വാക്കുകൾക്കുപകരം "പന്ത്രണ്ട് തുല്യഗഡുക്കളായി " എന്നീ വാക്കുകൾ ചേർക്കുക.

117. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ " ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം " മാർച്ച് 31 നകം" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

125. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5 എ)-ൽ "കുടിശ്ശിക" എന്ന വാക്കിനുശേഷം " 2014

ഏപ്രിൽ 30-നകം അടച്ചു തീർക്കേതാണ്" എന്നീ വാക്കുകൾ ചേർത്ത് ശേഷിക്കുന്നവ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ "മൂന്നു തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31" എന്നീ വാക്കുകൾക്കുപകരം "നാലു തുല്യഗഡുക്കളായി മാർച്ച് 31, ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ "മൂന്നു തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികളിലോ" എന്നീ വാക്കുകൾക്കുപകരം "ബാക്കി തുക ഡിസംബർ 31-നോ" എന്നീ വാക്കുകൾ ചേർക്കുക.

"മൂന്ന് തുല്യഗഡുക്കളായി" അടയ്ക്കണമെന്നുള്ളത് മാറ്റിയിട്ട് "ബാക്കി തുക ഡിസംബർ 31-ാം തീയതി" എന്നാക്കുകയെന്നുള്ളതാണ്. തുല്യഗഡുക്കളാക്കുകയെന്നുള്ളത് പൈസയുള്ളപ്പോൾ അടയ്ക്കാൻ സാധിക്കും. അതുകൊണ്ട് ചെറിയ ഭേദഗതിയുള്ളത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 3 (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)-ൽ "മൂന്നു തുല്യഗഡുക്കളായി" എന്നീ വാക്കുകൾക്ക് ശേഷം " അതാത് വർഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5) താഴെപ്പറയും പ്രകാരം മാറ്റുക.

" (5) ഓരോ അംഗവും ഫണ്ടിലേയ്ക്ക് വാർഷിക വരിസംഖ്യയായി ആയിരത്തി ഇരുന്നൂറ് രൂപ നൽകേണ്ടതും ആയത് മൂന്ന് തുല്യഗഡുക്കളായോ അല്ലാതെയോ മൊത്തമായോ നൽകാവുന്നതുമാണ്"

ശ്രീ. എ.എം. ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ഖണ്ഡം 3 (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5) ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5) ന്റെ ക്ലിപ്ത നിബന്ധനയിൽ "പന്ത്രണ്ട് ശതമാനം പലിശ" എന്നീ വാക്കുകൾക്ക് പകരം "ആറ് ശതമാനം പലിശ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5) ന്റെ ക്ലിപ്തനിബന്ധനയിൽ "പന്ത്രണ്ടു ശതമാനം" എന്നീ വാക്കുകൾക്ക് പകരം "പത്തു ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5)- ന്റെ ക്ലിപ്ത നിബന്ധനയിൽ " ഡിസംബർ 31-ാം തീയതിയിലോ അതിനു മുൻപായോ" എന്നീ വാക്കുകൾക്കുപകരം " സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5) താഴെപ്പറയും പ്രകാരം മാറ്റുക.

" (5) ഓരോ അംഗവും ഫണ്ടിലേയ്ക്ക് വാർഷികവരിസംഖ്യയായി ആയിരം രൂപ നൽകേണ്ടതും, ആയത് മൊത്തമായി നൽകുന്നപക്ഷം എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനു മുൻപോ നൽകേണ്ടതും, അല്ലാത്തപക്ഷം നാലു തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, മാർച്ച് 31 എന്നീ തീയതികളിലോ അതിനു മുൻപോ നൽകേണ്ടതുമാണ്."

വാർഷിക വരിസംഖ്യ 400 രൂപയിൽ നിന്ന് ഒറ്റയടിക്ക് 1200 രൂപയാക്കുകയാണ്. അത് 1000 രൂപയാക്കി നിജപ്പെടുത്തി നാല് ഗഡുക്കളാക്കുക എന്നു

ളളതാണ്. വക്കീലന്മാരുടെ വാർഷിക വരിസംഖ്യയും ഇതിനകത്ത് ചേർക്കേണ്ടതായിരുന്നു. പക്ഷേ അവർ ഇതിനകത്തുനിന്ന് ഒഴിവാകുന്നു എന്നുളളത് ഗുരുതരമായ പ്രശ്നമാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 3 (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17 (5 എ)-യുടെ ക്ലിപ്ത നിബന്ധനയിൽ "ആറ് എണ്ണം വരെ ആകാവുന്ന തുല്യ ഗഡുക്കളായി" എന്നീ വാക്കുകൾ ഒഴിവാക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ.ജോസഫ് വാഴക്കൻ പറയുന്നത് 1200 രൂപയാക്കി കുറയ്ക്കണമെന്നാണ്. അങ്ങനെ കുറയ്ക്കുമ്പോൾ വക്കീൽ ക്ലാർക്കുമാർക്ക് കിട്ടുന്ന എൻറ്റൈറ്റിൽമെന്റ് കുറഞ്ഞുപോകും. അതുകൊണ്ട് അത് സ്വീകാര്യമല്ല. 111 മുതൽ 127 വരെയുളള ഭേദഗതികൾ മിക്കവാറും സമാനമായ ഭേദഗതികളാണ്. ഇവർക്ക് തുക അടയ്ക്കാനായി ആദ്യം 2011 ഡിസംബർ 31 വരെ സമയം കൊടുത്തിരുന്നു. പക്ഷേ പലർക്കും അപ്പോൾ അടയ്ക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഗവൺമെന്റ് തന്നെ 6 ഗഡുക്കളായി 2012 സെപ്റ്റംബർ 31-നകം അടയ്ക്കാൻ വീണ്ടും നീട്ടിക്കൊടുത്തു. ആ കാലവധിക്കകം മിക്കവാറും അടച്ചുകഴിഞ്ഞു. അതുകൊണ്ട് 111 മുതൽ 127 വരെയുളള ഭേദഗതികൾക്ക് ഇപ്പോൾ യാതൊരു പ്രസക്തിയുമില്ല, അവ സ്വീകാര്യമല്ല.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 112, 122, 127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 113, 117, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ.എം. ആരിഫ് അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**4-ാം വകുപ്പ്**

(ഭേദഗതിയില്ല 0

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**5-ാം വകുപ്പ്**

(ഭേദഗതിയില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 6-ാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 27 - ൽ "മുപ്പതു ശതമാനം" എന്നീ വാക്കുകൾക്ക് പകരം "മുപ്പത്തിരണ്ട് ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 27 - ൽ "മുപ്പതു ശതമാനം" എന്നീ വാക്കുകൾക്ക് പകരം "നാൽപ്പത് ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 27 - ൽ "മുപ്പതു ശതമാനം" എന്നീ വാക്കുകൾക്ക് പകരം "അൻപത് ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>7-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

106. ഖണ്ഡം 1(2) ൽ "3-ാം വകുപ്പ് 2004 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ" എന്നീ വാക്കുകൾക്ക് പകരം "3-ാം വകുപ്പ് 2010 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് 2004 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്"

2004 മുതൽ ഈ ഓർഡിനൻസ് നിലവിലുണ്ട്. ഓരോ വകുപ്പ് ഓരോ കൊല്ലവും ഇംപ്ലിമെന്റ് ചെയ്യുന്ന ഒരസാധാരണമായ നിയമമാണിത്. അതുകൊണ്ട് 2004 ഏപ്രിൽ 1 മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുമെന്ന ഭേദഗതിയാണ് മൂവ് ചെയ്യുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബില്ലിലെ വിവിധ വകുപ്പുകൾ വ്യത്യസ്ത തീയതികളിലാണ് നടപ്പിലാക്കേണ്ടത്. അതുകൊണ്ട് ബില്ലിലെ ക്ലാസ് (1) സബ് ക്ലാസ് (2) -ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഈ അമെന്റ്മെന്റുകൾ സ്വീകാര്യമല്ല.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ......................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു

## അറിയിപ്പ്

മി. സ്പീക്കർ: യുനിസെഫ്-ന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചൊരു വർക്ക്ഷോപ്പ് നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഫെബ്രുവരി മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 06.51-ന് പിരിഞ്ഞു)

********